നമ്പർ - കെ.എസ്.എ(എ.ജി.യു)എ 1 - 251/18 തിയതി :

കേരള കാർഷിക സർവ്വകലാശാലയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1971-ലെ കേരള കാർഷിക സർവ്വകലാശാലാ നിയമം, വകുപ്പ് 47(2), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ ഡി.സാങ്കി, ജോയിന്റ് ഡയറക്ടർ	01.04.2016 മുതൽ 07.07.2016 വരെ
	ശ്രീ മധുസൂദനൻ.പി.എൻ., ജോയിന്റ് ഡയറക്ടർ	07.07.2016 മുതൽ 17.05.2017 വരെ
	ശ്രീ വർഗീസ്. കെ.ഡി., ജോയിന്റ് ഡയറക്ടർ	17.05.2017 മുതൽ 30.09.2017 വരെ
	ശ്രീ ഡേവിഡ്.കെ.ജോൺ, ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്	01.10.2017 മുതൽ 16.12.2017 വരെ
	ശ്രീമതി സോഫി.എ., ജോയിന്റ് ഡയറക്ടർ	16.12.2017 മുതൽ തുടരുന്നു
ഓഡിറ്റ് നടത്തിയ കാലയളവ്	01.06.2017 മുതൽ 28.02.2018 വരെ	

സർവ്വകലാശാല ഉദ്യോഗസ്ഥർ

വൈസ് ചാൻസിലർ	ഡോ.പി.രാജേന്ദ്രൻ	01.04.2016 മുതൽ 31.03.2017 വരെ
രജിസ്ട്രാർ	ഡോ.പി.വി.ബാലചന്ദ്രൻ	01.04.2016 മുതൽ 01.06.2016 FN വരെ
	ഡോ.കെ.അരവിന്ദാക്ഷൻ	01.06.2016 AN മുതൽ 30.09.2016 FN വരെ
	ഡോ.ലീനാകുമാരി.എസ്	30.09.2016 AN മുതൽ 31.03.2017 വരെ
കംപ്ട്രോളർ	ഡോ.ജോയ് മാത്യു, പ്രൊഫസർ	01.04.2016 മുതൽ 31.05.2016 വരെ
	ശ്രീ ടി.എസ്.മജീദ്, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഗവ.സെക്രട്ടേറിയേറ്റ്	01.06.2016 മുതൽ 31.03.2017 വരെ

ആമുഖം

കേരള കാർഷിക സർവ്വകലാശാലക്ക് വേണ്ടി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന 39-ാംമത് ഓഡിറ്റ് റിപ്പോർട്ടാണിത്. നാല് ഭാഗങ്ങളായുള്ള ഈ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ ധനകാര്യവും ധനവിനിയോഗവും ആയതിൻമേലുള്ള പൊതുപരാമർശങ്ങളുമാണ് ഭാഗം 1 -ൽ പ്രതിപാദിച്ചിരിക്കുന്നത്. സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഭാഗം 2 -ലും ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഭാഗം 3 -ലും ചേർത്തിരിക്കുന്നു. ഓഡിറ്റ് പ്രത്യവലോകനമായ ഭാഗം 4 -ൽ സർവ്വകലാശാലക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ, സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ എന്നിവയാണ് ചേർത്തിരിക്കുന്നത്.

LEFT BLANK

സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

ജനറൽ കൗൺസിൽ

എക്സിക്യൂട്ടീവ് കമ്മിറ്റി

അക്കാദമിക് കൗൺസിൽ

ഫാക്കൽറ്റികൾ

ഓരോ ഫാക്കൽറ്റിക്കുമുള്ള ബോർഡ് ഓഫ് സ്റ്റഡീസ്

സ്റ്റാറ്റ്യൂട്ട് പ്രകാരം നിശ്ചയിക്കുന്ന മറ്റു ബോഡികൾ

LEFT BLANK

സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ

കേരളത്തിലെ കാർഷികമേഖലയിലെ ഗവേഷണത്തിനും വിദ്യാഭ്യാസത്തിനും, അതുവഴിയുള്ള കാർഷികരംഗത്തെ സമഗ്ര പുരോഗതിയ്ക്കും ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാല 1971 ൽ സ്ഥാപിതമായി. കോളേജുകൾ, ഗവേഷണ കേന്ദ്രങ്ങൾ, മറ്റു വിവിധ സ്ഥാപനങ്ങൾ എന്നിവയായി 94 കേന്ദ്രങ്ങൾ സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധം 12 ആയി ചേർക്കുന്നു.)

സർവ്വകലാശാല

കോളേജുകൾ

എഞ്ചിനീയറിംഗ് വിഭാഗങ്ങൾ

കൃഷി വിജ്ഞാന കേന്ദ്രങ്ങൾ

കാർഷിക ഗവേഷണ കേന്ദ്രങ്ങൾ

കാർഷിക വിജ്ഞാന വ്യാപന വിഭാഗങ്ങൾ

ഭരണ നിർവ്വഹണ വിഭാഗങ്ങൾ

ട്രെയിനിംഗ് കേന്ദ്രങ്ങൾ

പ്രത്യേക പ്രൊജക്ടുകൾ

മറ്റു സ്ഥാപനങ്ങൾ

LEFT BLANK

ഭാഗം 1

പൊതു അവലോകനം

1-1) ധനകാര്യവും ധനവിനിയോഗവും

വികേന്ദ്രീകൃതമായ സാമ്പത്തിക ക്രമമാണ് സർവ്വകലാശാലയ്ക്കുള്ളത്. സർവ്വകലാശാലയ്ക്ക് ലഭ്യമാകുന്ന എല്ലാ വിധ ഫണ്ടുകളും കംപ്ട്രോളറുടെ അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഇങ്ങനെ ലഭ്യമാകുന്ന ഫണ്ടുകൾ സർവ്വകലാശാലയ്ക്ക് കീഴിലുള്ള 94 കേന്ദ്രങ്ങൾക്ക് ബജറ്റ് അലോക്കേഷൻ പ്രകാരം കൈമാറുന്നു. പദ്ധതികളുടെ നേരിട്ടുള്ള പ്രവർത്തനം, ഫണ്ടുകളുടെ വിനിയോഗം എന്നിവ നടക്കുന്നത് ഈ കേന്ദ്രങ്ങളിലാണ്. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച മാസാന്ത്യ, വർഷാന്ത്യ കണക്കുകൾ സർവ്വകലാശാല കംപ്ട്രോളർക്ക് അയക്കുകയും ചെയ്യുന്നു.

1-1-1) ബജറ്റ്

സർവ്വകലാശാലയ്ക്ക് സ്വന്തമായി ഒരു ബജറ്റ് മാന്വൽ നിലവിലില്ല. സർവ്വകലാശാല നിയമം 1971, സ്റ്റാറ്റ്യൂട്ട്, കേരള ബജറ്റ് മാന്വൽ എന്നിവയെ അടിസ്ഥാനമാക്കിയാണ് സർവ്വകലാശാല ബജറ്റ് തയ്യാറാക്കുന്നത്. 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 27-03-2017 തീയതിയിലെ 128-ാം മത് ജനറൽ കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് എസ്റ്റിമേറ്റ്, പരിഷ്കരിച്ച എസ്റ്റിമേറ്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് എസ്റ്റിമേറ്റ്	546,63,52,100	546,63,52,100
പരിഷ്കരിച്ച എസ്റ്റിമേറ്റ്	615,13,39,039	563,45,65,900
വാർഷിക കണക്ക്	429,78,75,282	447,93,73,424

1-1-2) വാർഷിക കണക്ക്

കേരള കാർഷിക സർവ്വകലാശാല നിയമം സെക്ഷൻ 47, സ്റ്റാറ്റ്യൂട്ട് SRO No – 815 / 79 എന്നിവ പ്രകാരമാണ് സർവ്വകലാശാല വാർഷിക കണക്ക് തയ്യാറാക്കുന്നത്.

വാർഷിക കണക്ക് സർവകലാശാല അംഗീകരിച്ച തീയതി	വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിക്കേണ്ട സമയപരിധി	വാർഷിക കണക്ക് ഓഡിറ്റിന് ലഭിച്ച തീയതി
29-09-2017	31.07.17	3.10.17

വാർഷികകണക്ക് സംക്ഷിപ്തം 2016-17

മുന്നിരിപ്പ്	149,90,00,139
വരവ്	415,43,42,823
ലോൺ & സസ്പെൻസ്	14,35,32,459
ആകെ	**579,68,75,421**
ചെലവ്	417,42,37,424
ലോൺ & സസ്പെൻസ്	30,51,36,000
ആകെ	**447,93,73,424**
നീക്കിയിപ്പ്	131,75,01,998

വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു

1-1-3) വിവിധ ധനസഹായങ്ങളും വിനിയോഗവും

കേരള സർക്കാരിൽ നിന്നുള്ള പദ്ധതി/ പദ്ധതിയേതര ധനസഹായങ്ങൾ, ഐ.സി.എ.ആർ ധനസഹായങ്ങൾ, കേന്ദ്ര – സംസ്ഥാന സർക്കാരിനു കീഴിലുള്ള വിവിധ ഏജൻസികൾ നൽകുന്ന ഫണ്ടുകൾ, ആഭ്യന്തര വരുമാനം എന്നിവയാണ് സർവ്വകലാശാലയുടെ പ്രധാന വരവുകൾ.

ഫണ്ടിംഗ് ഏജൻസി	ധനസഹായം	വിനിയോഗം
സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ധനസഹായം	281,91,00,000	306,19,89,571
സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം	42,24,50,000	20,77,35,224
ഐ സി എ ആർ ധനസഹായം (100%)	10,72,80,400	22,44,68,878
ഐ സി എ ആർ കോ- ഓർഡിനേറ്റഡ് പ്രജക്ടുകൾ	9,35,62,900	18,23,61,304
മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം	15,82,41,300	13,32,41,017
സംസ്ഥാന സർക്കാരിൽ നിന്നുള്ള പ്രത്യേക പദ്ധതി ധനസഹായം (ജി.ഒ.കെ)	ലഭിച്ചിട്ടില്ല	14,73,58,076

ഫണ്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം 2,3,4,5,6 ആയി ചേർക്കുന്നു.

1-1-4) ആഭ്യന്തര വരുമാനം

സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ ഫാമുകളിൽ നിന്നും വസ്തുവകകളിൽ നിന്നുമുള്ള വരുമാനം, വിൽപ്പന വഴിയുള്ള വരുമാനം, ഫീസ്, വാടക, മുതലായവയാണ്

പ്രധാന വരുമാന സ്രോതസ്സുകൾ. റിവോൾവിംഗ് ഫണ്ടുകളിൽ നിന്നുള്ള വരവും സർവ്വകലാശാല വരവിനത്തിന്റെ പ്രധാന ഭാഗമാണ്.

ഇനം	വരവ്
ആഭ്യന്തര വരവ്	25,56,79,373
റിവോൾവിംഗ് ഫണ്ടുകളിൽ നിന്നുള്ള വരവ്	29,80,28,850

1-1-5) ഇയർ മാർക്ക്ഡ് ഫണ്ടുകൾ

വിവിധ സെക്ഷനുകളിൽ നിന്നുള്ള രജിസ്റ്ററുകൾ പരിശോധിച്ച് ജി.പി.എഫ്, എഫ്.ബി.എസ്, ഡബ്ല്യു.എഫ്.എസ്, ഡബ്ല്യു.പി.എഫ്, ഡബ്ല്യു.എഫ്.ബി.എസ്, ഡബ്ല്യു.ഡബ്ല്യു.എഫ്.എസ് എന്നിവയുടെ വാർഷിക കണക്കുകളുടെ സംക്ഷിപ്തവും ജി.പി.എഫ്, ഡബ്ല്യു.പി.എഫ്, എന്നിവയിലേക്ക് സർവ്വകലാശാലാ പൊതുഫണ്ടിൽ നിന്നും നൽകേണ്ട കുടിശ്ശികയുടെ വിവരവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഫ്.ബി.എസ്, ഡബ്ല്യു.എഫ്.എസ്, ഡബ്ല്യു.പി.എഫ്, ഡബ്ല്യു.എഫ്.ബി.എസ് എന്നിവയുടെ സ്ഥിരനിക്ഷേപങ്ങളുടെ വിവരം അനുബന്ധം 7 ആയി ചേർത്തിട്ടുണ്ട്

ജി.പി.എഫ് ഫണ്ടിന്റെ സംക്ഷിപ്തം 2016-17

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	4,19,758	ഫണ്ട്	28,18,00,000	ക്ലോഷർ	20,16,05,490	SB അക്കൗണ്ട്	31,97,491
ട്രഷറി അക്കൗണ്ട്	61,36,350	ഡി.ഡി, ചെക്ക്	1,30,58,765	NRA	8,27,40,011	ട്രഷറി അക്കൗണ്ട്	66,27,258

		പലിശ, SB അക്കൗണ്ട്	10,23,689	TA	87,59,220	സ്ഥിരനിക്ഷേപം	
		പലിശ, ട്രഷറി അക്കൗണ്ട്	4,90,908				
	6556108		29,63,73,362		29,31,04,721	ആകെ നീക്കിയിരിപ്പ്	98,24,749

ജി.പി.എഫ്.ഫണ്ടുകളുടെ വത്യാസം

വർഷം	മുന്നിരിപ്പ്	സബ്സ്ക്രിപ്ഷൻ, റീഫണ്ട്, കൂടിശ്ശിക, പലിശ	മൊത്തം	പിൻവലിക്കൽ	നീക്കിയിരിപ്പ്	ഫണ്ട് കൈമാറിയത്	ബാങ്കിൽ യഥാർത്ഥ നീക്കിയിരിപ്പ്	ഫണ്ടുകളുടെ കുറവ്
2016-17	107,13,39,687	20,85,32,506	127,98,72,193	29,31,04,721	98,67,67,472	28,18,00,000	98,24,749	97,69,42,723

ഡബ്ല്യു.പി.എഫ് ഫണ്ടിന്റെ സംക്ഷിപ്തം

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	7,32,263	ഫണ്ട്	3,22,38,332	ക്ലോഷർ	2,28,98,281	SB അക്കൗണ്ട്	23,90,958

ട്രഷറി അക്കൗണ്ട്	1,09,63,453	പലിശ, SB അക്കൗണ്ട്	1,68,723	TA,ചെക്ക് ബുക്ക് ഫീ (₹115)	78,50,079	ട്രഷറി അക്കൗണ്ട്	1,44,83,640
സ്ഥിര നിക്ഷേപം	3,55,05,000	പലിശ, ട്രഷറി അക്കൗണ്ട്	35,20,187	സ്ഥിര നിക്ഷേപം പിൻവലിക്കൽ	30,00,000	സ്ഥിര നിക്ഷേപം	3,25,05,000
	4,72,00,716		3,59,27,242		3,37,48,360		4,93,79,598

2B ഡബ്ല്യു.പി.എഫ്.ഫണ്ടുകളുടെ വത്യാസം

വർഷം	മുന്നിരിപ്പ്	സബ്സ്ക്രിപ്ഷൻ, റീഫണ്ട്, കൂടിശ്ശിക	പലിശ	മൊത്തം	പിൻവലിക്കൽ	നീക്കിയിരിപ്പ്	ഫണ്ട് കൈമാറിയത്	ബാങ്കിൽ യഥാർത്ഥ നീക്കിയിരിപ്പ്	ഫണ്ടുകളുടെ കുറവ്
2016-17	8,40,14,834	1,90,94,069	43,87,879	10,74,96,782	3,07,48,360	7,67,48,422	3,24,07,055	4,93,79,598	2,73,68,824

എഫ്.ബി.എസ് ഫണ്ടിന്റെ സംക്ഷിപ്തം

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	6,69,890.92	ഫണ്ട്	7,56,000	ക്ലോഷർ	18,11,416	SB അക്കൗണ്ട്	6,90,275.92

ട്രഷറി അക്കൗണ്ട്		സബ്സ്ക്രിപ്ഷൻ	1,94,034	പുതിയ സ്ഥിര നിക്ഷേപം	9,00,000	ട്രഷറി അക്കൗണ്ട്	15,23,035
സ്ഥിര നിക്ഷേപം	3,13,50,000	പുതിയ സ്ഥിര നിക്ഷേപം	9,00,000			സ്ഥിര നിക്ഷേപം	3,22,50,000
		പലിശ SB അക്കൗണ്ട്	37,526				
		പലിശ, ട്രഷറി അക്കൗണ്ട്	32,67,276				
	3,20,19,890.92		51,54,836		27,11,416		3,44,63,310.92

ഡബ്ല്യു.എഫ്. എസ് ഫണ്ടിന്റെ സംക്ഷിപ്തം

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	6,49,432	ഫണ്ട്	11,80,000	ക്ലോഷർ	8,33,960	SB അക്കൗണ്ട്	8,52,003
ട്രഷറി അക്കൗ		സബ് സ്ക്രിപ്ഷൻ	96,499	സ്ഥിര നിക്ഷേ	7,00,000	ട്രഷറി അക്കൗ	3,93,027

ണ്ട്				പം		ണ്ട്	
സ്ഥിര നിക്ഷേപം	79,00,000	പുതിയ സ്ഥിര നിക്ഷേപം	7,00,000			സ്ഥിര നിക്ഷേപം	86,00,000
		പലിശ SB അക്കൗണ്ട്	37,198				
		സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ	8,15,861				
	85,49,432		28,29,558		15,33,960		98,45,030

ഡബ്ല്യു. ഡബ്ല്യു.എഫ് .എസ് ഫണ്ടിന്റെ സംക്ഷിപ്തം

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	6,72,162	ഫണ്ട്	6,00,000	പേയ്മെന്റ്സ്	1,54,364	SB അക്കൗണ്ട്	11,71,372
		അഡ്മിഷൻ ഫീ	8,500			ട്രഷറി അക്കൗണ്ട്	
		SB അക്കൗണ്ട് പലിശ	45,074			സ്ഥിര നിക്ഷേപം	
	6,72,162		6,53,574		1,54,364		11,71,372

ഡബ്ല്യു. എഫ്.ബി.എസ് ഫണ്ടിന്റെ സംക്ഷിപ്തം

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	88,674	ഫണ്ട്	1,90,000	ക്ലോഷർ	3,43,650	SB അക്കൗണ്ട്	29,711
സ്ഥിര നിക്ഷേപം	20,00,000	SB അക്കൗണ്ട് പലിശ	4,687			സ്ഥിര നിക്ഷേപം	20,00,000
		സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ	90,000	.			
	20,88,674		2,84,687		3,43,650		20,29,711

1-1-6) വിനിയോഗ സാക്ഷ്യപത്രങ്ങൾ

2017-18 വർഷത്തിൽ പുറപ്പെടുവിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളുടെ എണ്ണം	തുക
117	41,27,88,259

വിശദാംശങ്ങൾ അനുബന്ധം 8 ആയി ചേർത്തിട്ടുണ്ട്.

1-1-7) എന്റോവ്മെന്റുകൾ

എന്റോവ്മെന്റ് സ്ഥിര നിക്ഷേപങ്ങളുടെ ആകെ തുക 22,90,381/- രൂപയാണ്. വിശദാംശങ്ങൾ അനുബന്ധം 9 ആയി ചേർത്തിട്ടുണ്ട്.

1-1-8) ഫൗണ്ടേഷൻ ഫണ്ട്

കേരള കാർഷിക സർവ്വകലാശാല നിയമം 1971, സെക്ഷൻ 45(2) പ്രകാരം സർവ്വകലാശാല ഫൗണ്ടേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2016-17 വാർഷികകണക്ക് പ്രകാരം 29 സ്ഥിര നിക്ഷേപങ്ങളിലായി 1,50,57,594/- രൂപ ഈ ഇനത്തിൽ നീക്കിയിരിപ്പായി നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 11 ആയി ചേർത്തിട്ടുണ്ട്.

1-2) ധനകാര്യവും ധനവിനിയോഗവും - പൊതുപരാമർശങ്ങൾ

സർവ്വകലാശാലയ്ക്ക് സ്വന്തമായി 'ഫിനാൻഷ്യൽ ആന്റ് അക്കൗണ്ട് റൂൾസ്' നിലവിലില്ല. അതുകൊണ്ട് തന്നെ സർവ്വകലാശാലയുടെ നിയമ – സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ, സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം എന്നിവ അനുവർത്തിച്ചാണ് വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടത് (കാർഷിക സർവ്വകലാശാല ആക്ട് 1971, സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ജി.ഒ.(എം.എസ്.)നം.257/79/എ.ഡി. തീയതി.23-06-1979). ഫണ്ട് ട്രാൻസ്ഫറുകൾ, ഡെപ്പോസിറ്റ് വർക്കുകൾ (ഡി.പി.പി.) എന്നിവ വാർഷിക കണക്കുകളിലേക്ക് ഉൾപ്പെടുത്തുമ്പോൾ അപാകതകൾ സംഭവിക്കുന്നുണ്ട്. ക്രെഡിറ്റ് സെയിൽ വഴി സർവ്വകലാശാലയ്ക്ക് ലഭിക്കുവാനുള്ള ഭീമമായ തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല. വികേന്ദ്രീകൃതമായ ഒരു സാമ്പത്തിക ക്രമം നിലനിൽക്കുന്നതിനാലും മേൽ സൂചിപ്പിച്ച സങ്കീർണ്ണമായ പ്രവർത്തന മേഖലകൾ നിലനിൽക്കുന്നതിനാലും സിംഗിൾ എൻട്രി (ക്യാഷ് ബേയ്സ്ഡ്) അക്കൗണ്ടിങ്ങ് രീതി അവലംബിച്ചുകൊണ്ട് തയ്യാറാക്കുന്ന വാർഷിക കണക്കുകൾ അപൂർണ്ണമാണ്. സർവ്വകലാശാല നാളിതുവരെയായും അക്രൂവൽ രീതിയിൽ വാർഷിക കണക്ക് തയ്യാറാക്കുന്നില്ല. അതുകൊണ്ട് തന്നെ വാർഷിക കണക്ക് സമഗ്രമല്ല.

1-2-1) വാർഷിക കണക്ക്

1-2-1-1) വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല

കേരള കാർഷിക സർവകലാശാലയുടെ 2016-17 ലെ വാർഷിക ധനകാര്യപത്രിക 03.10.2017-നാണ് ഓഡിറ്റിനായി സമർപ്പിച്ചത്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ

(ജൂലൈ 31 നകം) ഓഡിറ്റിനായി വാർഷികകണക്ക് സമർപ്പിക്കണം എന്ന സമയപരിധി പാലിച്ചിട്ടില്ല.

1-2-1-2) ഓഫീസ് നീക്കിയിരിപ്പ് – തെറ്റായി രേഖപ്പെടുത്തി

2016-17 വാർഷികകണക്ക് പ്രകാരം സർവ്വകലാശാലയുടെ നീക്കിയിരിപ്പ് 131,75,01,998/- രൂപയാണ്. ഇത് സർവ്വകലാശാല ആസ്ഥാനത്തും (100), സർവ്വകലാശാലയ്ക്ക് കീഴിലുള്ള 94 കേന്ദ്രങ്ങളിലുമുള്ള അക്കൗണ്ടുകളിൽ 2016-17 സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന നീക്കിയിരിപ്പിന്റെ ആകെ തുകയാണ്. ഇത്തരത്തിലുള്ള 50 അക്കൗണ്ടുകൾ മാത്രം പരിശോധിച്ചപ്പോൾ വാർഷികകണക്കിന്റെ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അതാത് കേന്ദ്രങ്ങളുടെ നീക്കിയിരിപ്പ് തുക, സർവ്വകലാശാല കേന്ദ്രങ്ങളിലെ ബുക്ക് ഓഫ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകയേക്കാൾ 37.94 കോടി രൂപ അധികമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റീക്കൺസിലിയേഷൻ, ബാങ്ക് നീക്കിയിരിപ്പ് തുകകളിലും ഈ വ്യത്യാസം നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഓഫീസ് നീക്കിയിരിപ്പ് തുക വ്യത്യാസം

	സർവ്വകലാശാല സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം	അതാത് സെക്ഷനുകൾ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ/ ബുക്ക് ഓഫ് അക്കൗണ്ട്സ്/ ബാങ്ക് സ്റ്റേറ്റുകൾ പ്രകാരം	വ്യത്യാസം
ഓഫീസ് നീക്കിയിരിപ്പ്	66,18,93,256	28,24,88,483	(+)37,94,04,773
അൺ ക്യാഷ്ഡ് ചെക്കുകൾ	1,21,74,095	5,55,67,521	(-)4,33,93,426
ലേറ്റ് ക്രഡിറ്റ്	37,37,78,107	3,50,41,946	(+)33,87,36,161

ബാങ്ക് നീക്കിയിരിപ്പ്	31,55,68,413	30,78,09,061	(-)77,59,351

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം ഓഫീസ് നീക്കിയിരിപ്പ് ഇനത്തിൽ 37,94,04,773/- രൂപ, അൺ ക്യാഷ്ഡ് ചെക്കിനത്തിൽ 4,33,93,426/- രൂപ, ലേറ്റ് ക്രെഡിറ്റ് ഇനത്തിൽ 33,87,36,161/- രൂപ, ബാങ്ക് നീക്കിയിരിപ്പ് ഇനത്തിൽ 77,59,351/- രൂപ എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 50 അക്കൗണ്ടുകൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസങ്ങളാണ് ഇത്. സർവ്വകലാശാലയിൽ 93 ഡ്രോയിങ് & ഡിസ്ബേഴ്സിങ് ഓഫീസർമാർക്ക് കീഴിലായി 500 എണ്ണത്തിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. ഈ ഒരു സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിൽ മാത്രമായി ഇത്രയും വ്യത്യാസം നിലനിൽക്കുന്നു. ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-1-3) നീക്കിയിരിപ്പുകൾ മൈനസ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു

സർവ്വകലാശാലയുടെ വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ നീക്കിയിരിപ്പ് തുകയുടെ (ഓഫീസ് ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്, ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്) ഷെഡ്യൂളുകളിൽ മൈനസ് ബാലൻസായി നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്റ്റേഷൻ നം	അക്കൗണ്ട് നം	ഓഫീസ് നീക്കിയിരിപ്പ്	ബാങ്ക് നീക്കിയിരിപ്പ്
1	യൂണിവേഴ്സിറ്റി സെൻട്രൽ	CA A/C - 57069685721	(-)4288	(-)4288
2	ജി പി എഫ്	57006546359		(-)1,32,00,000
3	ഡബ്ല്യു എഫ് എസ്	57006548153		(-)50,000
4	എഫ് ബി എസ്	67015527080		(-)63,000

5	ഇ എ പി	SB A/C - 10584374023		(-)71,39,322
6	സി & ബി കോളേജ്	SB A/C - 57006549940		(-)2,39,714
7	ഐ എഫ് എസ് ആർ എസ്, കരമന	SB A/C - 57000967815		(-)4,33,373
8	എൻ എ ആർ പി എസ് ആർ, വെള്ളായണി	67094473378	(-)1,23,176	
		FD 67326787477	(-)4,71,878	
		FD 67326787807	(-)4,36,726	
		FD 67326788562	(-)7,72,137	
9	ഒ ആർ എ ആർ എസ്, കായംകുളം	SB A/C- 57025676852	(-)5,355	
10	അഗ്രി. ഓർണിത്തോളജി	67112251906		(-)1,81,475
11	Nematodes സി ഒ എ, വെള്ളായണി	SB A/C - 67146253674		(-)2,24,31,764
12	ഇ ടി സി, മഞ്ചേശ്വരം	57052124514	(-)6,957	
13	ആറ്റിക്ക്, മണ്ണുത്തി	SB A/C 57036554933		(-)1,07,83,450

മേൽ സൂചിപ്പിച്ച തുകകൾ തെറ്റായാണ് വാർഷികകണക്കുകളിലും, ഷെഡ്യൂളുകളിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള അപാകതകൾ മൂലം വാർഷികകണക്കിലെ നീക്കിയിരിപ്പ് തുകയിൽ വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

1-2-1-4) വിവിധ കേന്ദ്രങ്ങളിലെ വാർഷിക കണക്കുകളിലെ അപാകതകൾ

സർവ്വകലാശാലക്ക് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്രങ്ങളുടെ വാർഷിക കണക്കുകളിൽ അപാകതകൾ നിലനിൽക്കുന്നുണ്ട്. ഇത് ചൂവടെചേർത്ത വിധം ഈ റിപ്പോർട്ടിൽ വിവിധ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്.

ക്രമ നമ്പർ	കേന്ദ്രത്തിന്റെ പേര്	ഖണ്ഡിക നം
1	അഗ്രിക്കൾച്ചറൽ റിസേർച്ച് സ്റ്റേഷൻ, മണ്ണുത്തി	3-1-4
2	എഞ്ചിനീയറിംഗ് ഡിവിഷൻ, തവന്നൂർ	3-4-1
3	ഡയറക്ടേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, വെള്ളാനിക്കര	3-6-5
4	യൂണിവേഴ്സിറ്റി ലൈബ്രറി, വെള്ളാനിക്കര	3-7-2
5	കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ	3-8-2
6	AICRP ഓൺ വീഡ് കൺട്രോൾ, വെള്ളാനിക്കര	3-9-2
7	സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി	3-10-1
8	ആരോമാറ്റിക്ക് & മെഡിസിനൽ പ്ലാന്റ്സ്, ഓടക്കാലി	3-11-1
9	കോളേജ് ഓഫ് കോ - ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റ്, വെള്ളാനിക്കര	3-12-4
10	ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര	3-15-5
11	അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ, മണ്ണുത്തി	3-17-1
12	കാലാവസ്ഥ വ്യതിയാന പഠന ഗവേഷണ അക്കാഡമി, വെള്ളാനിക്കര	3-19-4
13	AINP ഓൺ മെഡിസിനൽ & ആരോമാറ്റിക്ക് പ്ലാന്റ്സ്, വെള്ളാനിക്കര	3-20-1

14	കമ്പോസ്റ്റ് എൻറിച്ച്മെന്റ് യൂണിറ്റ്, വെള്ളാനിക്കര	3-21-1
15	കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്ര	3-23-4
16	സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി & മോളിക്കുലാർ ബയോളജി, വെള്ളാനിക്കര	3-26-1
17	ഫ്ലോറിക്കൾച്ചർ ഇംപ്രൂവ്മെന്റ് പ്രൊജക്ട്, വെള്ളാനിക്കര	3-28-2
18	പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം	3-29-1
19	സീഡ് ടെക്നോളജി യൂണിറ്റ്, വെള്ളാനിക്കര	3-30-1
20	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി	3-32-1
21	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്	3-33-1
22	എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളാനിക്കര	3-47-1
23	സബ് സെന്റർ ഓഫ് RARS(NR), മഞ്ചേശ്വരം	3-52-1
24	കെ എ യു പ്രസ്സ്, മണ്ണുത്തി	3-54-4
25	ഇൻഫർമേഷൻ കം സെയിൽസ് സെന്റർ, കോഴിക്കോട്	3-61-2

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-1-5) സർവ്വകലാശാല വാർഷിക കണക്കും, കേന്ദ്രങ്ങളിൽ തയ്യാറാക്കുന്ന കണക്കും സമാന രീതിയിലല്ല

സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ കേന്ദ്രങ്ങളുടെയും വരവുചെലവ് കണക്കുകളുടെ ആകെ തുകയാണ് സർവ്വകലാശാലയുടെ വാർഷിക കണക്ക്. എന്നാൽ രണ്ട് തലത്തിലുള്ള കണക്കുകളും സമാനരീതിയിലല്ല തയ്യാറാക്കുന്നത്. ഇത് പരിശോധിക്കേണ്ടതും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

1-2-2) ധനസഹായവും വിനിയോഗവും

സർവ്വകലാശാലയുടെ ധനസഹായവും വിനിയോഗവും സംബന്ധിച്ച പൊതുപരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1-2-2-1) സർവ്വകലാശാല ഫണ്ട് - മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ ഫണ്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

2016-17 സാമ്പത്തിക വർഷത്തിലെ സർവ്വകലാശാല കണക്കുകൾ പ്രകാരം **മുന്നിരിപ്പ് തുക 149,90,00,139/- രൂപയും വർഷാന്ത്യ നീക്കിയിരിപ്പ് 131,75,01,998/- രൂപയുമാണ്. ടി തുകകളുടെ ഫണ്ട് തിരിച്ചുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.** ഇത് പരിശോധിച്ച് ഫണ്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

1-2-2-2) ഐ.സി.എ.ആർ പ്രൊജക്ടുകളുടെ നടത്തിപ്പ്- 20,59,86,882/-രൂപ വകമാറ്റി ചെലവാക്കി

വാർഷിക കണക്ക് പ്രകാരം **ഐ.സി.എ.ആർ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 20,59,86,882/-രൂപ സർവ്വകലാശാല വകമാറ്റി ചെലവാക്കിയിട്ടുണ്ട്**. എന്നാൽ ഫണ്ട് തിരിച്ചുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇത്രയും തുക ഏത് ഫണ്ടിൽ നിന്നാണ് വകമാറ്റി ചെലവഴിച്ചതെന്ന് വ്യക്തമല്ല.

1

ഫണ്ടിംഗ് ഏജൻസി	ധനസഹായം	വിനിയോഗം	വ്യത്യാസം
ഐ സി എ ആർ ധനസഹായം (100%)	10,72,80,400	22,44,68,878	11,71,88,478
ഐ സി എ ആർ കോ- ഓർഡിനേറ്റഡ് പ്രജക്ടുകൾ	9,35,62,900	18,23,61,304	8,87,98,404
ആകെ	200843300	406830182	205986882

1-2-2-3) ഐ.സി.എ.ആർ 100%, ഐ.സി.എ.ആർ. കോ-ഓർഡിനേറ്റ് പ്രോജക്ട് (75%) എന്നീ ഫണ്ടിനങ്ങളുടെ വരവിനത്തിൽ 7,61,91,080/- രൂപ കുറവ്

എ) ഐ.സി.എ.ആർ. 100% ഫണ്ടിന്റെ 2016-17 വർഷത്തെ ആകെ വരവ് 10,72,80,400/- രൂപയാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഐ.സി.എ.ആർ. ഗ്രാന്റ് __ രജിസ്റ്റർ XII (ഫിനാൻസ് സെക്ഷൻ) പ്രകാരവും, ടി പ്രൊജക്ടുകൾക്കായി സർവ്വകലാശാല തന്നെ നല്കികിയിട്ടുള്ള വിവിധ വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരവും ഈ ഇനത്തിൽ 16,40,87,231/- രൂപ ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം 5,68,06,831/-.രൂപ.

ബി) ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രോജക്ട് (75%) കളുടെ വാർഷിക കണക്കു പ്രകാരമുള്ള ആകെ വരവ് തുക 9,35,62,900/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച രജിസ്റ്റർ പ്രകാരവും, വിനിയോഗ സാക്ഷ്യപത്ര പ്രകാരവും 11,29,47,149/- രൂപ സർവ്വകലാശാലക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം 1,93,84,249/- രൂപ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിന്റെ പേര്	വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയ വരവ്	രജിസ്റ്റർ പ്രകാരം സർവ്വകലാശാലക്ക് ലഭിച്ച രേഖപ്പെടുത്തിയ വരവ്	വ്യത്യാസം
ഐ.സി.എ. ആർ. 100%	10,72,80,400/-	16,40,87,231/-	5,68,06,831/-
ഐ.സി.എ .ആർ കോ-ഓർ ഡിനേറ്റ് പ്രോജക്ട് 75%	9,35,62,900	11,29,47,149	1,93,84,249
ആകെ			7,61,91,080

മേൽ കണക്ക് പ്രകാരം 7,61,91,080/- രൂപ വാർഷികകണക്കിൽ ഈ ഫണ്ടിനങ്ങളുടെ ശീർഷകത്തിലായി രേഖപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച കുറവ് വന്ന

തുക 'സസ്പെൻസ്' (8888) എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും സർവ്വകലാശാല വാർഷിക കണക്കിൽ ടി ഫണ്ട് 'സസ്പെൻസ്' എന്ന ശീർഷകത്തിൽ കിടക്കുന്നത് ഗൗരവമേറിയ വിഷയമാണ്. ഇത് സൂചിപ്പിക്കുന്നത് സർവ്വകലാശാല അക്കൗണ്ടിങ്ങ് സമ്പ്രദായത്തിന്റെ പോരായ്മകളും, ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലായ്മയുമാണ്.

1-2-2-4) തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ട് (8888)

2016-17 സാമ്പത്തിക വർഷാവസാനം 10,35,24,100/- രൂപ സസ്പെൻസ് ഫണ്ട് എന്ന ശീർഷകത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നു. 2016 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിലായിട്ടാണ് മേൽ സൂചിപ്പിച്ച ധനസഹായങ്ങളിൽ ഏറെയും ലഭിച്ചിരിക്കുന്നത്. ***വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഫണ്ടിങ്ങ് ഏജൻസികൾ നൽകിയ ധനസഹായം ഇത്രയും കാലം സസ്പെൻസ് ഹെഡിലായി തിരിച്ചറിയാതെ നിലനിർത്തുന്നതും, ആവശ്യമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ കിടക്കുന്നതും ഗുരുതരമായവീഴ്ചയാണ്.***

1-2-2-5) പദ്ധതി ധനസഹായം- വിനിയോഗം തൃപ്തികരമല്ല

2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി ധനസഹായത്തിൽ നിന്നും 49% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്

ഫണ്ടിംഗ് ഏജൻസി	ധനസഹായം	വിനിയോഗം
സംസ്ഥാന സർക്കാരിൽ നിന്നുളള പദ്ധതി ധനസഹായം	42,24,50,000	20,77,35,224

1-2-3) ആഭ്യന്തര വരവ്

സർവ്വകലാശാലയുടെ ആഭ്യന്തര വരവ് സംബന്ധിച്ച പൊതു പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1-2-3-1) ആഭ്യന്തര വരവ് -10.96 കോടി രൂപ സർവ്വകലാശാലാ അക്കൗണ്ടിലേക്ക് (A/C NO.67347312827) കൈമാറിയിട്ടില്ല

2016-17 വാർഷിക കണക്ക് പ്രകാരം സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം 25,56,79,373/- രൂപയാണ്. എന്നാൽ ടി തുകയിൽ നിന്നും 14,60,10,457/- രൂപ മാത്രമാണ് സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനത്തിന്റെ അക്കൗണ്ടിലേക്ക് (A/c.No.67347312827) നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിലായി അക്കൗണ്ട് ചെയ്യപ്പെട്ട 25,56,79,373/- രൂപയിൽ 10,96,68,916/- രൂപ ടി അക്കൗണ്ടിലേക്ക് (A/c.No.67347312827) ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

ആകെ ആഭ്യന്തര വരവ്	25,56,79,373/-
സർവ്വകലാശാല ആഭ്യന്തര വരുമാന അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട തുക	14,60,10,457/-
വ്യത്യാസം	10,96,68,916/-

2016-17 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയുടെ **വിവിധ കേന്ദ്രങ്ങളിലെ ആഭ്യന്തരവരുമാന ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കപ്പെടുന്ന തുകകൾ അതാത് ആഴ്ചതന്നെ ഒരു മിനിമം ബാലൻസ് മാത്രം ബാക്കി നിർത്തി "Autosweep" ആയി സർവ്വകലാശാല സെന്ററിലുള്ള ആഭ്യന്തരവരുമാനത്തിന്റെ അക്കൗണ്ടിലേക്ക് (A/c.No.67347312827) മാറ്റപ്പെടുന്നുണ്ട്. ഈ ഒരു സാഹചര്യം നിലനിൽക്കെ 10.96 കോടി രൂപ സെൻട്രൽ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.** ഇത് പരിശോധിച്ച് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-3-2) റിവോൾവിംഗ് ഫണ്ടുകൾ - വരവുകൾ കൃത്യമായി കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല.

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലായി ഐ.സി.എ.ആർ റിവോൾവിംഗ് ഫണ്ട്, ഒ.ഇ.എ.പി. റിവോൾവിംഗ് ഫണ്ട്, കെ.എ.യു. റിവോൾവിംഗ് ഫണ്ട് എന്നിങ്ങനെ മൂന്നു തരത്തിലുള്ള റിവോൾവിംഗ് ഫണ്ടുകളാണ് പ്രവർത്തിക്കുന്നത്. 2016-17 വാർഷിക കണക്ക് പ്രകാരം സർവ്വകലാശാലയുടെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 54% വും ഇതിൽ നിന്നുള്ള വരവാണ്. എന്നാൽ വിവിധ കേന്ദ്രങ്ങളിൽ ലഭിക്കുന്ന വരവുകൾ കൃത്യമായി കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല. റിവോൾവിങ്ങ് ഫണ്ടിന്റെ

പ്രവർത്തന മാർഗ്ഗരേഖ പ്രകാരം(ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവ് നമ്പർ R2/65600/11 തീയ്യതി 22-11-2012) റിവോൾവിങ്ങ് ഫണ്ട് ഇനത്തിൽ അതത് കേന്ദ്രങ്ങളിൽ ലഭിക്കുന്ന വരവ് തുകകൾ പ്രതിമാസം കംപ്ട്രോളർ അക്കൗണ്ടിലേക്ക് ഒടുക്കുവാൻ (Corpus amount ഒഴികെ) നിർദ്ദേശിക്കുന്നു. എന്നാൽ ഇത് കൃത്യമായി നടക്കുന്നില്ല. **2016-17 വാർഷിക കണക്ക് പ്രകാരം മൊത്തം റിവോൾവിംഗ് ഫണ്ട് വരവിന്റെ 49% മാത്രമാണ് കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടുള്ളത്. ഇത് പരിശോധിക്കേണ്ടതാണ്.**

റിവോൾവിംഗ് ഫണ്ട് - അതാത് കേന്ദ്രങ്ങളിൽ ലഭിച്ച വരവ്	29,80,28,850
കംപ്ട്രോളർ അക്കൗണ്ടിലേക്ക് ഒടുക്കുവന്ന തുക	14,60,65,891
വ്യത്യാസം	15,19,62,959

1-2-3-3) സ്ഥിര നിക്ഷേപങ്ങൾ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കാത്തതിനാൽ പലിശ ഇനത്തിൽ നഷ്ടം

2016-17 വാർഷിക കണക്ക് പ്രകാരം 98 സ്ഥിര നിക്ഷേപങ്ങളിലായി 12,11,48,998/- രൂപ നീക്കിയിരിപ്പായി നിലവിലുണ്ട്. എന്നാൽ ഇതിൽ ഏറിയ പങ്കും നിക്ഷേപിക്കപ്പെട്ടിരിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലാണ്. എന്നാൽ സ്ഥിര നിക്ഷേപങ്ങൾക്ക് സംസ്ഥാന ട്രഷറി അക്കൗണ്ടിൽ ലഭ്യമാകുന്ന പലിശ നിരക്കിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും പലിശ ലഭ്യമാവുന്നത്. ഇതുമായി ബന്ധപ്പെട്ട് ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് 3/17 മുതൽ 4/17 വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷേപിച്ച സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എഫ്.ഡി നമ്പർ	തുക	കാലവധി	പലിശ നിരക്ക്	ബാങ്ക്
67396004904	50,00,000	18.3.17 മുതൽ	6.9	എസ്.ബി.ഐ

		18.3.18		
67396016772	50,00,000	18.3.17 മുതൽ 18.3.18	6.9	എസ്.ബി.ഐ
67396886124	50,00,000	18.3.17 മുതൽ 18.3.18	6.9	എസ്.ബി.ഐ
67396883825	50,00,000	18.3.17 മുതൽ 18.3.18	6.9	എസ്.ബി.ഐ
67397903354	75,00,000	18.3.17 മുതൽ 18.3.18	6.9	എസ്.ബി.ഐ
ആകെ	2,75,00,000			

ഈ കാലയളവിൽ സംസ്ഥാന ട്രഷറി അക്കൗണ്ടിൽ ലഭ്യമാകുന്ന പലിശ നിരക്ക് 8.50% ആണ്. (ജി.ഒ.പി നമ്പർ 25/2017/ഫിൻ. തീയതി 21.02.2017). ആയതിനാൽ പലിശ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

തുക	എസ്.ബി.ഐ പലിശ(6.9)	ട്രഷറി അക്കൗണ്ട് പലിശ(8.5)	നഷ്ടം
2,75,00,000	18,97,500	23,37,500	4,40,400

കേവലം അഞ്ച് സ്ഥിര നിക്ഷേപങ്ങളിൽ മാത്രമായി പലിശ ഇനത്തിൽ 4,40,400/- രൂപ നഷ്ടം സംഭവിച്ചുവെങ്കിൽ മൊത്തം സ്ഥിര നിക്ഷേപങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ സർവ്വകലാശാലയ്ക്ക് ഈ ഇനത്തിൽ പ്രതിവർഷം ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ സർവ്വകലാശാലക്ക് കീഴിലുള്ള എല്ലാ സ്ഥിര നിക്ഷേപങ്ങളും പരിശോധിച്ച് സർക്കാർ ട്രഷറിയിലല്ലാത്ത നിക്ഷേപങ്ങൾ ആയതിലേക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-4) ഇയർ മാർക്ക്ഡ് ഫണ്ടുകൾ

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും വാർഷിക കണക്കിനോടൊപ്പം ഇയർമാർക്ക്ഡ് ഫണ്ടുകളായ ജനറൽ പ്രോവിഡന്റ് ഫണ്ട്(ജി.പി.എഫ്), വെൽഫെയർഫണ്ട് സ്കീം (ഡബ്ല്യു.എഫ്.എസ്), ഫാമിലി ബെനിഫിറ്റ് സ്കീം (എഫ്.ബി.എസ്),വർക്കേഴ്സ് പ്രോവിഡന്റ് ഫണ്ട് (ഡബ്ല്യു.പി.എഫ്), വർക്കേഴ്സ് വെൽഫെയർഫണ്ട് സ്കീം (ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്), വർക്കേഴ്സ് ഫാമിലി ബെനിഫിറ്റ് സ്കീം (ഡബ്ല്യു.എഫ്.ബി.എസ്), ലോൺസ് & അഡ്വാൻസസ്, പെൻഷൻ ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പടുത്തിയിട്ടില്ല. ഇയർമാർക്ക്ഡ് ഫണ്ടുകൾ ഉൾപ്പെടെ എല്ലാവിഭാഗം ഫണ്ടുകളുടെ വിവരങ്ങളും വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2-4-1) ലോൺ &സസ്പെൻസ് വിശദാംശങ്ങൾ നൽകേണ്ടതാണ്.

2016-17 വാർഷിക കണക്കിൽ സർവ്വകലാശാലയുടെ ആകെ വരവു ചെലവുകൾക്ക് ശേഷം ലോൺ & സസ്പെൻസ് ഇനത്തിൽ 14,35,32,459/-രൂപ വരവായും 30,51,36,000/-രൂപ ചെലവായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഷെഡ്യൂളുകൾ പരിശോധിക്കുവാനായി നൽകാൻ ആവശ്യപ്പെട്ടെങ്കിലും ലോൺ & സസ്പെൻസ് വരവിന്റെ വിശദാംശങ്ങൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളു. ചെലവ് ഭാഗത്തിന്റെ ഷെഡ്യൂൾ സർവ്വകലാശാലയിൽ ലഭ്യമല്ല. ഈ ഇനത്തിൽ വരവിന്റെ ഇരട്ടി ചെലവ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ ആയത് പരിശോധിക്കുവാനുള്ള ഷെഡ്യൂളുകൾ ലഭ്യമല്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

രണ്ടുതരത്തിലുള്ള സസ്പെൻസ് തുകകളാണ് സർവ്വകലാശാലയിലുള്ളത്. ജി.പി.എഫ്, ഡബ്ല്യു.പി.എഫ് പോലുള്ള സർവ്വകലാശാലക്കുള്ളിൽ തന്നെ പിടിക്കപ്പെടുന്ന തുകകളും ഇൻകം ടാക്സ്, എൽ.ഐ.സി പോലെ സർവ്വകലാശാലക്ക് വെളിയിൽ ഒടുക്കേണ്ട തുകകളും. വാർഷിക കണക്കിന്റെ വരവു ഭാഗത്ത് കംപ്ട്രോളർക്ക് കൈമാറേണ്ട ലോൺ & സസ്പെൻസ് ഇനത്തിൽ ജീവനക്കാരിൽ നിന്നും പിടിച്ച തുകകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. **എന്നാൽ ചെലവ് ഭാഗത്ത് വരവിന്റെ ഇരട്ടിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച രണ്ടിനത്തിലും (സർവ്വകലാശാലയ്ക്ക് ഉള്ളിൽ പിടിക്കുന്ന സസ്പെൻസ് തുകകൾ, സർവ്വകലാശാലയ്ക്ക് വെളിയിൽ ഒടുക്കേണ്ട സസ്പെൻസ് തുകകൾ) വരുന്ന ലോൺ & സസ്പെൻസ് തുകകളാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ ക്രമകേടുകൾക്കുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്.** ആയതിനാൽ ഇത് സർവ്വകലാശാല പരിശോധിക്കേണ്ടതാണ്.

1-2-4-2) ജി.പി.എഫ്, ഡബ്ല്യു.പി.എഫ് അക്കൗണ്ടുകളിലായി 100,43,11,547/-രൂപ കുറവ്

2016-17 വർഷത്തെ ജി.പി.എഫ്, ഡബ്ല്യു.പി.എഫ് കണക്കുകൾ പ്രകാരം ഈ അക്കൗണ്ടുകളിൽ 100,43,11,547/-രൂപ കുറവാണ്.

ഇനം	കുറവ് തുക
ജി.പി.എഫ്	97,69,42,723
ഡബ്ല്യു.പി.എഫ്	2,73,68,824

LEFT BLANK

ഭാഗം-2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1) ക്രെഡിറ്റ് സെയിൽ - 67,40,147/- രൂപ സർവ്വകലാശാലക്ക് ലഭ്യമായിട്ടില്ല.

കേരള കാർഷിക സർവ്വകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവയുടെ വിപണനത്തിന്റെ ഭാഗമായി സർക്കാരിന്റ വിവിധ വകുപ്പുകൾക്കും, സർവ്വകലാശാലയിലെ വിവിധ കേന്ദ്രങ്ങൾ പരസ്പരവും ഇൻവോയ്സുകൾ (ക്രെഡിറ്റ് സെയിൽ) പ്രകാരമുള്ള വിൽപ്പനകൾ കാലങ്ങളായി നടക്കുന്നുണ്ട്. എന്നാൽ ഇതിന് നിയതമായ നടപടിക്രമങ്ങളോ, ചട്ടങ്ങളോ സർവ്വകലാശാലയിൽ നിലവില്ല. ഈ നടപടികളിലെ ക്രമരാഹിത്യത്തെക്കുറിച്ച് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 2-2) പരാമർശിച്ചിട്ടും സർവ്വകലാശാല നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ പ്രസ്തുത ഖണ്ഡികയിൽ 1,18,82,016/- രൂപ ക്രെഡിറ്റ് സെയിൽ ഇനത്തിൽ സർവ്വകലാശാലക്ക് ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരുന്നു. ഇതിൽ തീർപ്പാക്കിയതും ശേഷിക്കുന്നതുമായ തുകകളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

2016-17 വർഷത്തെ വിൽപ്പനയിൽ 67,40,147/- രൂപയാണ് ഈ ഇനത്തിൽ സർവ്വകലാശാലക്ക് ലഭിക്കുവാനുള്ളത്. പ്രതിവർഷം ഭീമമായ തുകകളാണ് ഇത്തരത്തിൽ സർവ്വകലാശാലക്ക് ലഭിക്കുവാനുള്ളത്. എന്നാൽ ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്ത ടി തുകകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തീർപ്പാക്കാത്ത ഇൻവോയ്സുകളുടെ (2016-17) വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	കേന്ദ്രത്തിന്റെ പേര്	ലഭിക്കാനുള്ള തുക
1	പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര	47,000
2	കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ	19,100

3	കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം	3,66,396
4	ഡിപ്പാർട്ട്മെന്റ് ഓഫ് ഒലേറിക്കൾച്ചർ, വെള്ളാനിക്കര	49,120
5	റീജിയണൽ അഗ്രിക്കൾച്ചറൽ റിസേർച്ച് സ്റ്റേഷൻ, പീലിക്കോട്	5,03,996
6	അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ	30,945
7	കാർഷിക വിജ്ഞാന കേന്ദ്രം, വയനാട്	27,21,939
8	മെക്കാനിക്കൽ സബ്ബ് ഡിവിഷൻ, വെള്ളാനിക്കര	44,035
9	ഡിപ്പാർട്ട്മെന്റ് ഓഫ് മൈക്രോബയോളജി, വെള്ളാനിക്കര	2,04,787
10	കാർഷിക കോളേജ്, പടന്നക്കാട്	3,20,225
11	കെ എ യു പ്രസ്സ്, മണ്ണുത്തി	11,65,810
12	ആരോമാറ്റിക് ആന്റ് മെഡിസിനൽ പ്ളാന്റ്,ഓടക്കാലി	18,406
13	കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് & ടെക്നോളജി, തവന്നൂർ	43,595
14	വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ	18,025
15	ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊസ്സസിംഗ് ടെക്നോളജി, വെള്ളാനിക്കര	35,815
16	കോക്കനട്ട് മിഷൻ, പടന്നക്കാട്	6,68,990
17	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,	4,81,963

	അമ്പലവയൽ	
	ആകെ	67,40,147

വിശദാംശങ്ങൾ അനുബന്ധം 10 ആയി ചേർക്കുന്നു.

2-2) കെ എ യു എസ്റ്റേറ്റ്, വെള്ളാനിക്കര

2-2-1) റബർ മരങ്ങൾ പുനർലേലം ചെയ്തിട്ടില്ല

കെ.എ.യു റബർ എസ്റ്റേറ്റിലെ 11,518 റബർ മരങ്ങൾ പുനർലേലം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

ക്രമ നം	ബ്ലോക്ക്	പ്ലോട്ടിന്റെ പേര്	ടാപ്പിംഗിനുള്ള മരങ്ങളുടെ എണ്ണം	ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ	ലേല തുക
1	എ	സുഹാസിനി	2900	14.2.14 മുതൽ 14.02.16 വരെ രണ്ട് വർഷത്തേയ്ക്ക്	25,61,455
2	ബി	പഞ്ചവടി I	5600		55,00,000
3	ഡബ്ലു 2 എ	പ്രിയദർശിനി	2541		33,00,000
4	-	പഞ്ചവടി II	477	നാളിതുവരെ ലേലം ചെയ്തിട്ടില്ല	-

ആയത് പുനർലേലം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2-2) കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

1) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എസ്റ്റേറ്റിലെ ഗ്രൂപ്പ് 4 (കൊക്കോ ഫാം ഏരിയ) സ്ലോട്ടർ ടാപ്പിംഗിന് 20.07.16 മുതൽ രണ്ട് വർഷത്തേക്ക് എടുത്തിട്ടുള്ള ശ്രീ.അബ്ദുൾ ജഗ്ഫർ, ഫാത്തിമ മൻസിൽ, കണ്ടയം, പത്തനാപുരം, കൊല്ലം 3- ാംഗഡുവായ

4,71,178/- രൂപ ഇനിയും അടക്കുവാൻ ബാക്കിയുണ്ട്. 25.07.2017 ന് അടവാക്കേണ്ട തുക 22.01.18 (22.12.17 തീയതിയിലെ കെ.എസ്.എ (എ ജി യു) എ1 – 966/17(601) നമ്പർ ഓഡിറ്റ് നോട്ടിന് 22.01.18 ന് നൽകിയ മറുപടി പ്രകാരം) വരെ അടവാക്കിയിട്ടില്ല.

2) ഗ്രൂപ്പ് III യിൽ ഉള്ള റബ്ബർ മരങ്ങൾ രണ്ട് വർഷത്തേക്ക് റഗുലർ ടാപ്പിങ്ങ് നടത്തുന്നതിനായി ശ്രീ.തോമസ് ജോർജ്ജ് മൈലാറ്റൂർ ഹൌസ്, പന്നിയാർകുട്ടി, പൊൻമുടി ഇടുക്കി, എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3 -ാം ഗഡുവായ 2,93,062/- (ആകെ ലേല തുക 11,83,325/-) രൂപ അടവാക്കിയിട്ടില്ല. മൂന്നാം ഗഡു അടവാക്കേണ്ട തിയ്യതി 20.05.17 ആയിരുന്നുവെങ്കിലും 22.01.18 (22.12.17 തീയതിയിലെ കെ.എസ്.എ (എ ജി യു) എ1 – 966/17(601) നമ്പർ ഓഡിറ്റ് നോട്ടിന് 22.01.18 ന് നൽകിയ മറുപടി പ്രകാരം) വരെ തുക അടവാക്കിയിട്ടില്ല.

മേൽ തുകകൾ അടക്കുവാൻ വീഴ്ച വരുത്തിയതിന് 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

2-3) നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില

2-3-1) രസീതുകളുടെ ഉപയോഗത്തിൽ കണ്ട അപാകതകൾ

ഓഡിറ്റ് കാലയളവിലെ രസീതുകളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ക്രമ നം.	രസീത് ബുക്ക് നം.	രസീത് നം. തിയതി	തുക	അപാകത
1	63553	11/ 31.8.17	1,875	Cancelled എന്ന് original, duplicate ഇവ രണ്ടിലും രേഖപ്പെടുത്തിയിട്ടില്ല
2	63234	61/ 21.7.17	2,000	Original മാത്രം Cancelled ചെയ്തിരിക്കുന്നു. duplicate ക്യാൻസൽ ചെയ്തിട്ടില്ല.
3	63552	85/ 26.8.17	620	"
4	63554	41/ 23.9.17	3,125	"
5	63555	40/ 4.10.17	600	"

6	63557	66/ 20.10.17	180	"
7	63804	3/ 23.10.17	250	"
8	63552	91/ 29.8.17	6,705	ക്യാൻസൽ ചെയ്തതിന് കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

മേൽ സൂചിപ്പിച്ച രസീതികൾ ക്യാൻസൽ ചെയ്തതിന് കാരണം രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2-4) AINP ഓൺ അഗ്രിക്കൾച്ചറൽ ഓർണിത്തോളജി, സി ഒ എച്ച്, വെള്ളാനിക്കര

2-4-1) സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ

1) വിൽപ്പനയ്ക്കായി എത്തിക്കുന്ന തേനിന്റെ സ്റ്റോക്ക് രജിസ്റ്റർ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) സ്റ്റോക്ക് രജിസ്റ്ററിൽ തേൻ ഇല്ലാതിരുന്ന ദിവസങ്ങളിലും 16 മുതൽ 22 കുപ്പി തേൻ വിൽപ്പന നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു

ക്രമ നം	തീയതി	രസീതി നം	സ്റ്റോക്ക്(കുപ്പി)	വിൽപ്പന(കുപ്പി)
1	28.10.15	34/60208	11	16
2	28.10.16	10/62268	ഇല്ല	22
3	23.06.17	61/63168	1	4

3) 28.06.2017 ന് ഭൗതീക പരിശോധന നടത്തിയപ്പോൾ 28 കുപ്പി തേനാണ് കാണാൻ സാധിച്ചത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടി ദിവസത്തെ സ്റ്റോക്ക് 35 കുപ്പിയാണ്.

4) തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് വാങ്ങിക്കുന്ന തേൻ ബോട്ടിലുകൾ, ക്യാപ്പുകൾ, സ്റ്റിക്കറുകൾ എന്നിവ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തേൻ കുപ്പികളിൽ പതിപ്പിക്കുന്ന ലേബലിൽ ബാച്ച് നമ്പർ, സീരിയൽ നമ്പർ, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5) തേനിന്റെ സ്റ്റോക്കിൽ നിന്ന് റിഫ്ലക്ടീവ് റിബൺ വിറ്റതിന്റെ എണ്ണവും കുറച്ച്

എഴുതിയിട്ടുണ്ട്.

2-4-2) രസീത് ബുക്ക് നഷ്ടപ്പെട്ടു – സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടില്ല

19.10.16 ൽ CCA4/8078/13 പ്രകാരം ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നൽകിയ 62667 നമ്പറിലുള്ള രസീത് ബുക്ക് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 4/30.06.17, 13/05.07.17 മറുപടി). ഇത് സംബന്ധിച്ചുള്ള അപാകതകൾ വിശദമായി ചൂണ്ടികാണിച്ചുകൊണ്ട് 27.09.17 ലെ കെ.എസ്.എ(എ.ജി.യു) ആർ1 – 940/17 നമ്പർ പ്രകാരം സർവ്വകലാശാല രജിസ്ട്രാർ, കംപ് ട്രോളർ എന്നിവർക്ക് പ്രത്യേക കത്ത് നൽകിയിട്ടുണ്ട്. ഗുരുതരമായ ഈ വിഷയത്തിൽ പരിശോധന നടത്തി അനന്തര നടപടികൾ സ്വീകരിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടും സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച മറ്റു അപാകതകൾ ചുവടെച്ചേർക്കുന്നു.

1) രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ടി കേന്ദ്രത്തിലേക്ക് കൈമാറിയ രസീത് ബുക്കുകളുടെ കൃത്യത അറിയാൻ സാധിക്കുന്നില്ല.

2) പ്രതിദിന വരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ (ആർ.ഡി.ആർ) ഓഫീസിൽ സൂക്ഷിക്കുന്നില്ല. ഓരോ ദിവസത്തെ വരവും, ആയതിന്റെ ഒടുക്കു വിശദാംശങ്ങളും എവിടെയും രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ ഓരോ ദിവസത്തെയും വരവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അത് പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

3) രസീത് ബുക്ക്, പണം എന്നിവ കൈകാര്യം ചെയ്യാൻ ഒരാളെ പ്രത്യേകമായി നിയോഗിച്ചിട്ടില്ല. ഒരു ദിവസം തന്നെ ഒന്നിലധികം വ്യക്തികൾ രസീത് ബുക്ക് കൈകാര്യം ചെയ്തതായി കാണുന്നു.

4) തേൻ വിൽപ്പനയിലൂടെ ലഭിച്ച തുക രണ്ടുമാസത്തിലധികം കൈവശം വച്ച ശേഷം ബാങ്കിൽ ഒടുക്കിയതായി കാണുന്നു. (ഉദാഹരണം 01.04.17, 06.04.17 എന്നീ തീയതികളിലെ വരവ് 1000/- രൂപ (രസീതി നമ്പർ 49/ 63168 – 750/- രൂപ, രസീതി നമ്പർ 50/ 63168 – 250/- രൂപ) ബാങ്കിൽ അടവാക്കിയിരിക്കുന്നത് 23.06.17 ലെ ചലാൻ നമ്പർ 2002412 പ്രകാരമാണ്.)

5) രസീതിലെ തിയ്യതി തിരുത്തുകയും തുക ബാങ്കിലടക്കാതെ കൈവശം വച്ചിരിക്കുന്നതായും കാണുന്നു (ഉദാഹരണം രസീതി ബുക്ക് നമ്പർ 63168 ലെ രസീതി നമ്പർ 50, 51, 52, 53 എന്നിവയിൽ തേൻ വിറ്റ തീയതികളായ 27.03.17, 06.04.17, 26.04.17, 26.04.17 എന്നിവ തിരുത്തി 23.06.17 എന്നാക്കി മാറ്റി, ഇവയിലെ തുകയായ 2,000/- രൂപയും 23.06.17 ൽ രസീത് ചെയ്യപ്പെട്ട 26,750/- രൂപയും (107 ബോട്ടിൽ തേൻ) ഉൾപ്പെടെ 23.06.17 ലാണ് അടവാക്കിയിരിക്കുന്നത്.). ഇത്തരത്തിൽ 28,750/-രൂപ രണ്ടുമാസത്തോളം കൈവശം വച്ചിട്ടുണ്ട്.

6) നമ്പർ 60209, 62268 എന്നീ രസീത് ബുക്കുകളിൽ തേനിന്റെ അളവ്, തുക എന്നിവ തിരുത്തി 3,150/- രൂപയുടെ പണാപഹരണം നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീതി			രസീതി പ്രകാരം തേൻ വിറ്റതിന്റെ വിശദാംശം		തുക ബാങ്കിൽ അടവാക്കിയത്തിന്റെ വിശദാംശം (രൂപയിൽ)		
	നം.	തീയതി	തുക	ബോട്ടിൽ (എണ്ണം)	ആകെ തുക (@250 രൂപ/ ബോട്ടിൽ)	അടവാക്കേണ്ടിയിരുന്നത്	അടവാക്കിയത്	വ്യത്യാസം*
1	90/ 60209	05.07.16	2000	8	2,000	2,000	750	1,250
2	46/ 62268	29.12.16	250	1	250	250	150	100
3	48/	29.12.16	1000	4	1,000	1,000	100	900

	62268							
4	51/ 62268	29.12.16	250	1	250	250	150	100
5	52/ 62268	29.12.16	500	2	500	500	150	350
6	57/ 62268	29.12.16	250	1	250	250	150	100
7	58/ 62268	29.12.16	500	2	500	500	150	350
ആകെ വ്യത്യാസം					4,750	4,750	1,600	3,150

* വ്യത്യാസത്തിനുള്ള കാരണം യഥാർത്ഥ തുക രസീതിയിൽ തിരുത്തി അടച്ച തുകയായി മാറ്റിയതിനാൽ.

7) രസീത് നൽകാതെ തേൻ വിൽപ്പന നടത്തുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്.വിൽപ്പന നടത്തുന്ന വിവരങ്ങൾ വെള്ള പേപ്പറിൽ എഴുതി ഒന്നോ രണ്ടോ മാസങ്ങൾക്ക് ശേഷമാണ് രസീത് ചെയ്യുന്നത്. [ഉദാ : 01.04.17, 06.04.17 എന്നീ തീയതികളിലെ വരവ് 1,000/- രൂപ (രസീതി നം 49/63168 750 രൂപ, 50/63168 – 250/- രൂപ) ബാങ്കിൽ അടവാക്കിയിരിക്കുന്നത് 23.06.17 ലെ ചലാൻ നം – 2002412 പ്രകാരമാണ്.]

8) രസീത് ബുക്ക് പരിശോധിച്ചതിൽ രണ്ടുമാസത്തിലധികം വിൽപ്പന കാണിക്കാതെ ഒറ്റ ദിവസം 107 കുപ്പി തേൻ വിറ്റതായി കാണുന്നു.

[ഉദാ: രസീതി ബുക്ക് നം – 63168 ലെ 50, 51, 52, 53 എന്നിവയിൽ തേൻ വിറ്റ തീയതികളായ 27.03.17, 06.04.17, 26.04.17, 26.04.17 എന്നിവ തിരുത്തി 23.06.17 എന്നാക്കി മാറ്റി, ഇവയിലെ തുകയായ 2,000/- രൂപയും 23.06.17 ൽ രസീത് ചെയ്യപ്പെട്ട 26,750/- രൂപയും (107 കുപ്പി തേൻ) ഉൾപ്പെടെ 23.06.17 ലാണ് അടവാക്കിയിരിക്കുന്നത്.]

ഇതു പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ക്രമപ്പെടുത്താൻ 5 തവണകളായി 125 കുപ്പി സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തേനിന്റെ സ്റ്റോക്ക് കൃത്യമായി പരിപാലിക്കാത്തതിനാൽ

രസീത് നൽകാതെ തേൻ വിൽപ്പന നടത്തിയതിന്റെ എണ്ണം/തുക പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2-4-3) തേൻ ഉൽപാദനം - അപാകതകൾ

1) സർവ്വകലാശാലാ ക്യാമ്പസിനുള്ളിലായി 5 കോളനികളും (തേനീച്ച കൂട്) ഇടുക്കിയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിലായി 19 കോളനികളുമാണ് തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. (ഓഡിറ്റ് അന്വേഷണം നമ്പർ 11/06-07-17 മറുപടി) ഇതിൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയിലുള്ള തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ടി വ്യക്തിയുമായി കരാർ വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ല.

2) മേൽ സൂചിപ്പിച്ച കോളനികളിൽ നിന്നും തേൻ ശേഖരിക്കുന്നതിന്റെ വിവരങ്ങൾ, പ്രസ്തുത കോളനികളിൽ നിന്നും ലഭ്യമായ തേനിന്റെ അളവ്, ഇതുമായി ബന്ധപ്പെട്ട ജോലിവിവരങ്ങൾ, ടി കേന്ദ്രത്തിലേക്ക് തേൻ എത്തിച്ചതിന്റെ വിശദാംശങ്ങൾ, കേന്ദ്രത്തിലേക്ക് എത്തിച്ച അസംസ്കൃത തേനിന്റെ അളവ്, അതിൽനിന്നും ലഭ്യമായ വിൽപ്പനയോഗ്യമായ തേനിന്റെ അളവ് തുടങ്ങിയ പ്രാഥമിക വിവരങ്ങൾ ലഭ്യമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടില്ല.

3) തേനിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ ടി കേന്ദ്രത്തിൽ നടത്തുന്നില്ല. (Moisture content Test മാത്രമാണ് നടത്തുന്നത്).

2-5) കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്ര

2-5-1) നാളികേര ലേലം – അപാകതകൾ

കശുമാവ് ഗവേഷണ കേന്ദ്രത്തിലെ തെങ്ങുകളിൽ നിന്നും 2015 ഡിസംബറിൽ വിളവെടുത്ത 8300 തേങ്ങകൾ 08.01.16-ന് ലേലം ചെയ്യുകയും 8/- രൂപ അടിസ്ഥാന വിലയിൽ ലേലം ആരംഭിക്കുകയും ചെയ്തു. 15 പേരാണ് ലേലത്തിൽ പങ്കെടുത്തിരുന്നത്. ലേലത്തിൽ പങ്കെടുത്തവർ വില ഉയർത്താൻ താൽപ്പര്യം കാണിച്ചില്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലേലം ഉപേക്ഷിക്കുകയും പിന്നീട് കെ.എ.യു. സെൻട്രൽ നഴ്സറിക്ക് വെട്ടിത്തുക്കം രീതിയിൽ (split & dewatered) 2650 കിലോ, കിലോക്ക് 16.45 രൂപ നിരക്കിൽ നൽകുകയും 13.04.16-ലെ 100159802 രസീതി പ്രകാരം 43,593/- രൂപ ലഭിക്കുകയും ചെയ്തു. ഒരു തേങ്ങക്ക് 5.25 രൂപ നിരക്കിലാണ് ലഭിച്ചിരിക്കുന്നത്. അടിസ്ഥാന വില 4/- രൂപയാക്കണമെന്ന് ലേലത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടതായി ഓഡിറ്റ് ഒബ്ജക്ഷനുള്ള മറുപടിയിൽ പറഞ്ഞെങ്കിലും ഇക്കാര്യം ഫയലിൽ

രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാനവിലയിൽ മാറ്റം വരുത്തി പുനർലേലം നടത്താൻ ശ്രമിച്ചിട്ടില്ല. തേങ്ങയ്ക്ക് മെച്ചപ്പെട്ട വില ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. (ഫയൽ നമ്പർ - CRM 762/2015).

2-6) ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊസസ്സിംഗ് ടെക്നോളജി, വെള്ളാനിക്കര

2-6-1) ക്വാളിറ്റി കൺട്രോൾ ലാബ് – പരിശോധന ഫീസുകൾ ഈടാക്കുന്നതിലെ അപാകതകൾ

സർവ്വകലാശാലയുടെ 26.04.14 ലെ ഉത്തരവ് നം.ആർ.8/63788/12 പ്രകാരം ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കരയിലും കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ & എഞ്ചിനിയറിംഗ് ടെക്നോളജി, തവനൂരിലും "Establishment of Centre of Excellence in Post Harvest Technology and Allied Scheme" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പഴങ്ങളുടെയും പ്രോസസ്സ് ചെയ്ത ഹോർട്ടികൾച്ചർ ഉൽപന്നങ്ങളുടെയും വിവിധ ക്വാളിറ്റി പരാമീറ്ററുകൾ അളക്കുന്നതിന് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഇനങ്ങൾക്കുള്ള ഫീസുകൾ പരിശോധനയ്ക്ക് ശേഷം ഇൻവോയ്സ് പ്രകാരമാണ് സ്വീകരിക്കുന്നത്. ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ, പരിശോധന കഴിഞ്ഞ ചില സാമ്പിളുകളുടെ തുക ഇനിയും ലഭിച്ചിട്ടില്ല. ആയതിനാൽ പരിശോധന ഫീസുകൾ രശീതി (ടി.ആർ.5) മുഖേന മുൻകൂറായി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

2-7-1) വരവ് ഒടുക്കിയിട്ടില്ല

(1) 29.01.17 തീയതിയിലെ താഴെ പറയുന്ന രശീതി പ്രകാരമുള്ള വരവ് ഒടുക്കിയിട്ടില്ല.

ക്രമ നം.	രശീതി		റിമാർക്ക്സ്
	നമ്പർ	തുക	
1	5/61825	1,000	EMD for Open Space poopoli 2017
2	6/61825	5,000	Rent for Open Space poopoli 2017

3	7/61825	1,000	EMD for Open Space poopoli 2017
4	8/61825	5,000	Rent for Open Space poopoli 2017
5	9/61825	4,000	Rent for Open Space poopoli 2017
6	10/61825	2,000	EMD for stall no.40 poopoli 2017
7	11/61825	2,500	Advance rent for stall no.40 poopoli 2017
8	12/61825	1,000	EMD for Open Space poopoli 2017
9	13/61825	5,000	Rent for Open Space poopoli 2017
ആകെ		**26,500/-**	

അക്കൗണ്ട് ചെയ്യാത്ത മേൽ തുകകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(2) USAIM day end report (ഒരു ദിവസത്തെ കമ്പ്യൂട്ടർ രസീതികളുടെ മൊത്തം തുക) ൽ നിന്നും മാന്വൽ രസീതിയിലേക്ക് ചേർക്കുകയും, ആയത് ആർ ഡി ആറിൽ ചേർത്ത് ബാങ്കിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. 3.3.17 ലെ USAIM day end report പ്രകാരം 67,935/- രൂപ വരവുണ്ട്. എന്നാൽ ഈ തുക രശീതിയിൽ (രശീതി നം.74/61824, തീയതി 3.3.17) വെട്ടിതിരുത്തി 43,432/- എന്നാക്കി ആർ.ഡി.ആറിൽ രേഖപ്പെടുത്തി അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നു. ഇതുമൂലം 24,503/- രൂപ വരവിൽ (അക്കൗണ്ടിൽ) കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം അക്കൗണ്ടിൽ കുറവ് വന്നിട്ടുള്ള 24,503/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2-7-2) രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഇതുമൂലം സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള രശീതി ബുക്കുകളുടെ ബുക്ക് നമ്പർ/എണ്ണം, ഉപയോഗിച്ച രശീതി ബുക്കുകളുടെ ബുക്ക് നമ്പർ/എണ്ണം, ബാക്കിയുള്ള രശീതി ബുക്കുകളുടെ

ബുക്ക് നമ്പർ/എണ്ണം എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

2-7-3) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്തിട്ടുള്ള രശീതികളുടെ ഒറിജിനലിലും കാർബൺ കോപ്പിയിലും (ഗുണഭോക്താക്കൾക്ക് നൽകുന്നത്) ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതുമൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുള്ള കാരണം എന്താണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷനും, ഓഡിറ്റ് നോട്ടിനും മറുപടി ലഭ്യമായിട്ടില്ല. ക്യാൻസൽ ചെയ്ത രസീതികൾ ഇപ്രകാരം സൂക്ഷിക്കാത്ത സംവിധാനത്തിൽ സാമ്പത്തിക ക്രമക്കേടുകൾക്കുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത് ഗുരുതരമായ വീഴ്ചയാണ്. വ്യാപകമായ രീതിയിൽ വിൽപ്പനകൾ നടക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ഇത് സർവ്വകലാശാല തലത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

2-7-4) പ്രോസ്സസ്സിങ്ങ് ലാബ്, സമൃദ്ധി വെജ് മാർക്കറ്റ് എന്നിവിടങ്ങളിലെ ഉൽപ്പന്നങ്ങളുടെ വിപണനം - ഗുണഭോക്താക്കൾക്ക് രശീതി നൽകുന്നില്ല.

പ്രോസ്സസ്സിങ്ങ് ലാബ്, സമൃദ്ധി വെജ് മാർക്കറ്റ് എന്നിവിടങ്ങളിലെ വിൽപ്പന കൗണ്ടറുകളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രശീത് നൽകാതെ ഒരു ദിവസത്തെ മൊത്തം ഉൽപ്പന്നങ്ങളുടെ വിറ്റ് വരവാണ് രശീതി ചെയ്യപ്പെടുന്നത്. ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രസീത് നൽകാത്തതു മൂലം ഓരോ ഗുണഭോക്താക്കൾക്കും നൽകുന്ന ഉൽപ്പന്നം, അളവ്, നിരക്ക് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഈ അപാകത 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും ഇപ്പോഴും ഈ അപാകത തുടരുന്നത് ശരിയായ നടപടിയല്ല. ഇത്തരം തെറ്റായ പ്രവണതകൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്കുള്ള സാധ്യത നിലനിർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ സർവ്വകലാശാല തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8) കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി, തവന്നൂർ

2-8-1) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - ഒറിജിനൽ, കാർബൺ കോപ്പി എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്തിട്ടുള്ള രശീതികളുടെ ഒറിജിനലിലും കാർബൺ കോപ്പിയിലും ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതുമൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുള്ള കാരണം എന്താണെന്ന് വ്യക്തമല്ല. ആയതിനാൽ ക്യാൻസൽ ചെയ്യുന്ന രശീതികളുടെ ഒറിജിനൽ, കാർബൺ കോപ്പി എന്നിവയിൽ ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2-9) കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ

2-9-1) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - ഡ്യൂപ്ലിക്കേറ്റ് രശീതി സൂക്ഷിക്കുന്നില്ല

2016-17 വർഷം ക്യാൻസൽ ചെയ്ത രശീതികളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ ഒറിജിനൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രശീതി (ഗ്രണഭോക്താക്കൾക്ക് നൽകുന്നത്) സൂക്ഷിക്കുന്നില്ല. ഗ്രണഭോക്താക്കൾക്ക് നൽകുന്ന ഡ്യൂപ്ലിക്കേറ്റ് രശീതി, ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി, സൂക്ഷിക്കാത്തതു മൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുണ്ടായ സാഹചര്യത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഭാവിയിൽ കമ്പ്യൂട്ടർ രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ, ആയതിന്റെ ഒറിജിനലിലും, ഡ്യൂപ്ലിക്കേറ്റിലും ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി, ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി, പ്രത്യേകം ഫയലായി സൂക്ഷിക്കേണ്ടതാണ്.

LEFT BLANK

ഭാഗം - 3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1) കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി

3-1-1) ഇലക്ട്രിസിറ്റി കണക്ഷൻ - പ്രവൃത്തി ആരംഭിച്ചിട്ടില്ല

കേന്ദ്രത്തിലെ തേക്കിൻകുണ്ട് പ്ലോട്ടിലേക്ക് പുതിയ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിലേക്ക് ബിൽനമ്പർ 11/2-17 (ചെക്ക്നമ്പർ 052114/03-02-17)പ്രകാരം അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മണ്ണുത്തിക്ക് 1,13,490/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയും വെറ്ററിനറി സർവ്വകലാശാലയും തമ്മിൽ അതിർത്തിതർക്കം നിലനിൽക്കുന്ന പ്രദേശത്തിലൂടെയാണ് ഇലക്ട്രിസിറ്റി ലൈൻ കടന്നുപോകേണ്ടത്. ആയതിനാൽ ഈ സ്ഥലത്ത് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിൽ തർക്കം നിലനിൽക്കുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാത്തതെന്ന് ഓഡിറ്റ് റിക്വിസിഷന് മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയം സർവ്വകലാശാല തലത്തിൽ പരിഹരിച്ച് മേൽ പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 1,13,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-1-2) ഒരു ലക്ഷം രൂപയിൽ കവിഞ്ഞുള്ള വാങ്ങലുകളിൽ / നിർമ്മാണ പ്രവൃത്തികളിൽ ടെണ്ടറിന് പകരം ക്വട്ടേഷൻ ക്ഷണിച്ചു

പൊതുമരാമത്ത് ചട്ടം 8 പ്രകാരം 1,00,000/- രൂപയിൽ കവിഞ്ഞുവരുന്ന നിർമ്മാണപ്രവൃത്തികളും, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 1,00,000/- രൂപയിൽ കവിഞ്ഞുവരുന്ന വാങ്ങലുകളും ടെണ്ടർ മുഖേനയാണ് ചെയ്യേണ്ടത്. എന്നാൽ താഴെ പറയുന്ന വാങ്ങലുകളിൽ/നിർമ്മാണ പ്രവൃത്തികളിൽ ടെൻഡറിന് പകരം ക്വട്ടേഷനാണ് ക്ഷണിച്ചിരിക്കുന്നത്.

ക്രമ നമ്പർ	ബിൽ നമ്പർ/ചെക്ക് നമ്പർ	ഇനം	തുക
1	40/6-16/760166/18.06.16	ചുറ്റുമതിൽ പുനരുദ്ധാരണം	1,37,487/-
2	60/10-16/640460/26.10.16	ചുറ്റുമതിൽ പുനരുദ്ധാരണം	1,03,615/-
3	32/11-16/640483/11.11.16	തൊഴിലാളികൾക്കുള്ള വെയ്റ്റിംഗ് ഷെഡ് നിർമ്മാണം	1,76,270/-
4	57/9-16/8625508/30.09.16	പി.വി.സി വാട്ടർ ടാങ്ക് വാങ്ങിയത്	1,16,000/-

ഇത്തരം വാങ്ങലുകളിൽ/നിർമ്മാണ പ്രവൃത്തികളിൽ നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

3-1-3) ഫണ്ട് വകമാറ്റി ചെലവഴിച്ചു

'2251' എന്ന ശീർഷകത്തിൽ പ്രവർത്തിക്കുന്ന സീഡ്&നേഴ്സറി പ്രോഗ്രാം എന്ന കേരള സർക്കാർ പദ്ധതി ധനസഹായത്തിൽ നിന്നും മറ്റ് പ്രോജക്ടുകളുടെ ആവശ്യത്തിലേക്ക് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ ,ചെക്ക് നമ്പർ	വിശദാംശങ്ങൾ	പ്രൊജക്ടിന്റെ പേര്	തുക
1	31-5/16, 760134/ 11-5-16	പോളിനേഷൻ ചെയ്യുന്നതിന് തെങ്ങുകയറ്റ തൊഴിലാളിക്ക് കൂലി നൽകിയത്	'ലാർജ് സ്കെയിൽ പ്രൊഡക്ഷൻ ഓഫ് ഹൈബ്രിഡ് കോക്കനട്ട് സീഡ് ലിംഗ്സ് '--9358	2,26,800/-

2	17-1/16, 962723/ 6-1-17	ടിഷ്യുകൾച്ചർ ലാബ് ടെയിനികൾക്ക് ഹോണറേറിയം നൽകിയത്.	ടിഷ്യുകൾച്ചർലാബ്--റിവോൾവിംഗ് ഫണ്ട്---6362	29,700/-
3	26-2/16, 052122/ 6-2-17	ടിഷ്യുകൾച്ചർ ലാബ് ടെയിനികൾക്ക് ഹോണറേറിയം നൽകിയത്.	ടിഷ്യുകൾച്ചർലാബ്--റിവോൾവിംഗ് ഫണ്ട്---6362	34,625/-
	ആകെ			**2,91,125/-**

വകമാറ്റി ചെലവഴിച്ചിട്ടുള്ള 2,91,125/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-1-4) വാർഷിക കണക്ക് - അപാകതകൾ

1) പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2016-17 വർഷത്തെ ആകെ പിൻവലിച്ച തുക 6,29,75,555/- രൂപയാണ്. എന്നാൽ UFAST ൽ തന്നെ തയ്യാറാക്കിയിട്ടുള്ള Annual Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 9,97,83,491.20/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary	വ്യത്യാസം
6,29,75,555	9,97,83,491.20	3,68,07,936.20

UFAST പ്രകാരം തയ്യാറാക്കിയിട്ടുള്ള ടി സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന പിൻവലിച്ച തുകയിലുള്ള വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

2) റീകൺസിലിയേഷൻ - ബാങ്ക് നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

2016-17 വർഷത്തെ UFAST വാർഷിക കണക്ക് പ്രകാരം ആർ.എഫ് അക്കൗണ്ടായ നമ്പർ 57036603256 ന്റെ ബാങ്ക് നീക്കിയിരിപ്പ് തുക 30,52,639.4

എന്നാണ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ അക്കൗണ്ട് പാസ്സ് ബുക്ക് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് തുക 42,61,695.45/- രൂപയാണ്. വ്യത്യാസം 12,09,056/- രൂപ. വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3-1-5) പൈപ്പ് ലൈൻ സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

31.03.2017 ലെ സി.ബി.വി. നം. 239/3-17 (ചെക്ക് നം. 366725/31.03.2017) പ്രകാരം കെ.എ.യു. പ്രസ്സിലെ കുഴൽ കിണറിൽ നിന്നും എ.ആർ.എസിലെ ജി.എൽ.ടാങ്കിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി 12,00,000/- രൂപ ഡി.പി.പി. യ്ക്ക് കൈമാറിയിട്ടുണ്ട് (ശീർഷകം 9550-921). എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-1-6) നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും വിവിധ പദ്ധതികളിലെ ജീവനക്കാർക്ക് വേതനം അനുവദിച്ചു

'0034-142 കാഷ്വൽ/താൽക്കാലിക തൊഴിലാളികൾക്കുള്ള വേതനം' എന്ന നോൺ - പ്ലാൻ ശീർഷകത്തിൽ നിന്നും വിവിധ പദ്ധതികളിലെ സ്കിൽഡ് അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ്, ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റിക്യൂട്ടീവ് എന്നിവർക്ക് വേതനം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	തസ്തിക	പേര്	സി.ബി.വി. നമ്പർ, തീയതി, തുക	വേതനത്തിന് അർഹമായ മാസം
1	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റിക്യൂട്ടീവ്	1. ധന്യ. പി.എസ്. 2. ഷിമി. ടി.കെ.	15/9-16, 5.9.16, 20400	8/2016
2	Plan Project	ടെക്നിക്കൽ സ്കിൽഡ്	ജെൻസി	16/9-16, 5.9.16,	8/2016

	On going research project " Breeding for rice varieties and standa rdization of manag ment practices under KAU"	അസിസ്റ്റന്റ്	ജോയ്	9000	
3	Plan 15-16 Kole Land Productivity research center at Muriyad (Centre of excelle nce on Rice)	റിസർച്ച് അസിസ്റ്റന്റ്	സുധീഷ് .വി.കെ.	17/9-16, 5.9.16, 12995	8/2016
4	Exaccum Project	ടെക്നിക്കൽ സ്കിൽഡ് അസിസ്റ്റന്റ്	ഡിൻസി. ടി.എ.	21/9-16, 6.9.16, 13000	8/2016
5	Annual Plan 2013-14 Project " Pest and disease surveilla nce and manag ment in Kole Lands"	Crop Security Intelligence Wing Officer	കോൺട്രാക്ട് സ്റ്റാഫ്	46/9-16, 9.9.16, 38932	6/2016
6	Plan Project	ടെക്നിക്കൽ	ജെൻസി	15/11-16,	10/2016

	On going research project " Breeding for rice varieties and standa rdization of managment practices under KAU"	സ്കിൽഡ് അസിസ്റ്റന്റ്	ജോയ്	3.11.16, 9000	
7	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1. ധന്യ.പി .എസ്. 2. ഷിമി .ടി.കെ.	17/11-16, 3.11.16, 18400	10/2016
8	KAU Project "Up gradation of tissue culture facilities for large scale production of quality planting materials"	സ്കിൽഡ് വർക്കർ	1.അഞ്ജു റോസ് സണ്ണി. 2.ഫൗസിയ .കെ.എ.	23/11-16, 5.11.16, 13050	10/2016
9	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	ഷിമി.ടി.കെ.	14/1-17, 6.1.17, 10,800	12/2016
10	Exaccum Project	സ്കിൽഡ് അസിസ്റ്റന്റ്	ഡിൻസി. ടി.എ.	15/3-17, 4.3.17, 11,500	1/2017
11	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.സ്മിത.	22/3-17, 7.3.17, 11,200	2/2017

			സി.എം.		
12	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.ധന്യ. പി.എസ്.	37/8-16, 16.8.16, 18,000	7/2016
13	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.ധന്യ. പി.എസ്.	16/10-16, 4.10.16, 15,200	9/2016
ആകെ				**2,01,477**	

ഇങ്ങനെ വിവിധ പദ്ധതികളിലുൾപ്പെട്ട ജീവനക്കാർക്ക് '0034-142' എന്ന നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും വേതനം അനുവദിച്ചത് ഫണ്ടിന്റെ വകമാറ്റിയുള്ള ചെലവാണ്. ആയതിന് കംപ്ട്രോളറുടെ അനുമതി ലഭിച്ചിട്ടില്ല. കംപ്ട്രോളറുടെ അനുമതിയില്ലാതെ '0034-142' എന്ന നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും മേൽ പദ്ധതികളിലുൾപ്പെട്ട ജീവനക്കാർക്ക് വേതനമായി അനുവദിച്ച 2,01,477/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2) കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം

3-2-1) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ തുക ചെലവഴിച്ചത്

ഹോർട്ടിക്കൾച്ചർ സമഗ്രവികസനം ലക്ഷ്യമിടുന്ന പദ്ധതിയിൽ 2016-17 വർഷത്തിലെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ 2,69,690/- രൂപ താഴെ പറയും വിധം ചെലവഴിച്ചിട്ടുണ്ട്.

1)

ഇനം	തുക
വിവിധ കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ്	90381
സ്കിൽഡ് അസിസ്റ്റന്റിന്റെ ശമ്പളം	117892
യാത്രാബത്ത	21563
ഓഫീസ് ടെലിഫോൺ ചാർജ്ജ്	3880
ഹാർഡ് ഡിസ്ക്, കാടിഡ്ജ്	3985
ഇന്ധന ചെലവ്	21656
ആകെ	**2,59,357**

2)

റോക്ക് ഫോസ്ഫേറ്റ്,കാർബിസീനിയം,രാജ്ഫോസ് തുടങ്ങിയവക്കും വീഡ് കട്ടിങ്ങ്,ട്രാക്ടർ ചാർജ്ജ് ഇനത്തിലും ചെലവായ തുക	10,333
ആകെ 1+2	**2,59,357+10,333=2,69,690**

എന്നാൽ പദ്ധതിയുടെ 2016-17 വാർഷിക പുരോഗതി റിപ്പോർട്ട് താഴെ പറയും വിധമാണ് തയ്യാറാക്കിയിരിക്കുന്നത്. (ഫയൽ നം. സി.എ./655/13 എൻ.എച്ച്.എം.)

3)

ഇനം	ഉൽപ്പാദനം		യൂണിറ്റ് കോസ്റ്റ്	വരുന്ന ചിലവ്
	ലക്ഷ്യം	പൂർത്തീകരിച്ചത്		
പന്നിയൂർ 1 കുരുമുളക് തൈകൾ (എണ്ണം)	25000	23690	6	1,42,140
ഇഞ്ചി വിത്ത് (ടൺ)	1	0.250	30,000	7,500

മഞ്ഞൾ വിത്ത് (ടൺ)	2	0.50	25000	12,500
മുളക് വിത്ത് (കിലോ)	10	-	-	-
ടമരിന്റ് ഗാർസീനിയ ഗ്രാഫ്റ്റ് (എണ്ണം)	3000	3000	20	60,000
കുറുവപ്പെട്ട,കറിവേപ്പില തൈകൾ (എണ്ണം)	10000	9510	5	47,550
ആകെ				**2,69,690**

വാർഷിക കണക്കിൽ ടി പ്രൊജക്ട് ശീർഷകത്തിൽ മേൽ സൂചിപ്പിച്ച തരത്തിലുള്ള ചെലവുകളല്ല ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ ക്രമ നമ്പർ 2 ൽ ഉൾപ്പെട്ട 10,333/- രൂപ മാത്രമാണ് കാർഷികോത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നിരിക്കെ വാർഷിക പുരോഗതി റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തമില്ലാത്തതാണ്.

3-2-2) പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സിബിവിനം - 33/01-17
ചെക്ക് നം. 964511 തിയതി 30.01.17
തുക – 3,00,000/- രൂപ

അഗ്രോ ടൂറിസം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള കുളങ്ങൾക്ക് ചുറ്റും നടപ്പാത ഒരുക്കുന്നതിനും വ്യൂ പോയിന്റിന്റെ നിർമ്മാണത്തിനുമായി കെ എ യു എഞ്ചിനീയറിംഗ് ഡിവിഷൻ തവനൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മുൻവർഷങ്ങളിൽ 11,78,900/- രൂപ നൽകിയിട്ടുണ്ട്. 2016-17 ൽ മേൽ പ്രകാരം 3,00,000/- രൂപ നൽകുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകകളുടെ വിനിയോഗ / പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-2-3) മൂല്യവർദ്ധിത നികുതി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

സ്റ്റേഷനിലെ വാറ്റ് അക്കൗണ്ട് (അക്കൗണ്ട് നം.67102733388, എസ്.ബി.ഐ., മഞ്ചേരി) പ്രകാരം 25.02.2010 മുതൽ 31.08.2017 വരെയുള്ള ആകെ നീക്കിയിരിപ്പ് 1,21,656/- രൂപയാണ്. മേൽ കാലയളവിൽ വിവിധ ഇനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള മൂല്യവർദ്ധിത നികുതികളുടെ തുകയാണ് വാറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത്. എന്നാൽ ഈടാക്കിയ മൂല്യവർദ്ധിത നികുതി ഇനത്തിലെ തുകകൾ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-2-4) സർവ്വീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ വന്ന് പ്രൊജക്ട് വർക്കുകൾ ചെയ്യുന്ന മറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും പ്രൊജക്ട് ഫീസ്, സർവ്വീസ് ടാക്സ് എന്നിവ ഈടാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രശീതി			ഈടാക്കിയ		വിദ്യാർത്ഥിയുടെ പേര്	റിമാർക്ക്സ്
	നമ്പർ	തീയതി	തുക	പ്രൊജക്ട് ഫീസ്	സർവ്വീസ് ടാക്സ് (14%)		
1	99/60090	26.4.16	6270	5500	770	കൈറുനീസ. പി.പി	ആദ്യ മാസം
2	20/61492	28.5.16	6270	5500	770	സൈനബ് സാലിഹ്. ടി.പി	ആദ്യ മാസം
3	31/61492	11.8.16	16530	5500	770	ഷറീഫ. ടി.കെ	ആദ്യ മാസം
				4500	630		രണ്ടാം മാസം

				4500	630		മൂന്നാം മാസം
	ആകെ സർവ്വീസ് ടാക്സ്				**3,570**		

മേൽ പ്രകാരം 2016-17 ൽ ഈടാക്കിയ സർവ്വീസ് ടാക്സ് പൊതു വരുമാന അക്കൗണ്ടിൽ (നം. 57069410223) നിക്ഷേപിക്കുകയും ആയത് ഓട്ടോമാസീപ്പ് വഴി കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് മാറുകയുമാണ് ചെയ്യുന്നത്. എന്നാൽ ഈടാക്കിയ സർവ്വീസ് ടാക്സ് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-3) പ്ലാന്റ് പ്രൊപ്പഗേഷൻ & നേഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര

3-3-1) റിവോൾവിംഗ് ഫണ്ട് - വെറ്ററിനറി യൂണിറ്റ് പ്രവർത്തനം - വരവിൽ കൂടുതൽ ചെലവ്

കേന്ദ്രത്തിലെ റിവോൾവിംഗ് ഫണ്ടിൽ പ്രവർത്തിക്കുന്ന വെറ്ററിനറി യൂണിറ്റിന്റെ 2016-17 വർഷത്തെ വരവ് ചെലവ് പരിശോധിച്ചപ്പോൾ വരവിൽ കൂടുതൽ ചെലവ് വരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വരവ്

ക്രമ നമ്പർ	ഇനം	വിൽപ്പന വരവ്
1	ആടുകളുടെ വിൽപ്പന ഇനത്തിൽ വരവ്	4,33,550
2	പാൽ വിൽപ്പന ഇനത്തിൽ വരവ്	1,81,807
3	മുയൽ വിൽപ്പന ഇനത്തിൽ വരവ്	18,200

4	കാലിവളം (ചാണകം, മറ്റുള്ളവ)	1,51,475
	ആകെ	**7,85,032**

ചെലവ്

ക്രമ നമ്പർ	ഇനം	ചെലവ്
1	ഉദയം സ്വയം സഹായസംഘം	3,90,272
2	ധനം സ്വയം സഹായസംഘം	3,94,267
3	ശ്രീ. രവീന്ദ്രന് നൽകിയ വേതനം	1,46,000
4	ശ്രീമതി ലളിതാമ്മക്ക് (ഫാം അസിസ്റ്റന്റ്) വെറ്റിനറി മരുന്നുകൾ, അനുബന്ധചെലവുകൾക്ക് മുൻകൂറായി നൽകിയത്	1,28,360
	ആകെ	**10,58,899**

വരവിൽ കൂടുതൽ ചെലവ് - 2,73,867/- രൂപ

വെറ്ററിനറി ഫാം അസിസ്റ്റന്റിന് ശമ്പളം ഇനത്തിൽ നൽകിയിരിക്കുന്ന ചെലവുകൾ, ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവക്ക് പുറമേയാണ് ഈ വ്യത്യാസം. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷന് മറുപടിയായി ഈ പ്രവർത്തനം സമ്മിശ്രകൃഷിയുടെ ഡെമോൺസ്ട്രേഷൻ യൂണിറ്റായാണ് പ്രവർത്തിക്കുന്നതെന്നും, വരും വർഷങ്ങളിൽ നഷ്ടം നികത്താമെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് ആവിഷ്കരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3-2) സേവനപുസ്തകം പരിശോധന

ശ്രീ. അനൂപ് കെ സി. യ്ക്ക് 01.06.2014 ൽ ഫാം മാനേജർ ഗ്രേഡ് II തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 01.06.2014 ൽ 18,740 – 33,680 രൂപ ശമ്പളനിരക്കിൽ 18,740/- രൂപ അടിസ്ഥാന ശമ്പളം നിർണ്ണയിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് 01.11.2014 ന് കെ.എസ്.ആർ. റൂൾ 28A(b) പ്രകാരം 19,740/- രൂപ ശമ്പളം നിർണ്ണയിച്ചു നൽകിയിരുന്നു. എന്നാൽ 01.07.2014 ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് 01.07.2014 ൽ 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 36,600/- രൂപയായി ശമ്പളം നിർണ്ണയിച്ചുനൽകിയതിനു ശേഷം ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 44 പ്രകാരം 01.11.2014 ന് 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 39,500/- രൂപയായി ശമ്പളം പുനർനിർണയിച്ച് നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ആദ്ദേഹത്തിന് ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 44 പ്രകാരം 01.11.2014 ന് 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 38,500/- രൂപ ശമ്പളത്തിനുമാത്രമേ അർഹതയുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊമോഷൻ ലഭിച്ച ശമ്പളനിരക്കിൽ (35700 - 75600) വാങ്ങിക്കൊണ്ടിരുന്ന ശമ്പളം 36,600/- രൂപ.

കൂട്ടുക – ഒരു ഇൻക്രിമെന്റ് - 900/- രൂപ

37,500/- രൂപ

5700 - 75600 രൂപ ശമ്പളനിരക്കിൽ അടുത്ത സ്റ്റേജ് 38,500/- രൂപ

01.11.2014 ൽ 35700 - 75600 രൂപ ശമ്പളനിരക്കിൽ നിർണ്ണയിക്കാവുന്ന ശമ്പളം 38,500/- രൂപ

മേൽ സൂചിപ്പിച്ച രീതിയിൽ ശമ്പളം നിർണ്ണയിച്ച് തുടർന്നുള്ള ശമ്പളം പുനർക്രമീകരിക്കേണ്ടതും കൂടുതൽ നൽകിയ ശമ്പളാനുകൂല്യങ്ങൾ തിരികെ ഈടാക്കേണ്ടതുമാണ്.

3-4) എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ

3-4-1) വാർഷിക കണക്കിലെ അപാകതകൾ

18.04.17 മുതൽ 13.10.17 വരെയുള്ള തിയ്യതികളിലെ രശീതികൾ (രശീത് ബുക്ക് നം. 49678 ക്രമ നം.66 മുതൽ 74 വരെ) പരിശോധിച്ചതിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തതായി കാണുന്നു. മേൽ രശീതുകൾ പ്രകാരം 493/- രൂപ വരവുണ്ടെങ്കിലും

ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. രശീത് പ്രകാരമുള്ള തുക അടവാക്കുന്ന അക്കൗണ്ട് (നം.57052693309, എസ്.ബി.ഐ.,കൂറ്റിപ്പുറം) പ്രകാരമുള്ള നീക്കിയിരിപ്പ് 1000/- രൂപയും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-4-2) തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് – രശീതി ലഭ്യമായിട്ടില്ല

തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കി മുഴുവൻ തുകയും ഡിമാന്റ് ഡ്രാഫ്റ്റുകളായി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്, എങ്കിലും തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല. ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4-3) കരാറിൽ ഏർപ്പെടുന്നതിന് കാലതാമസം

താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ പെയ്മെന്റ് നടത്തിയ തിയതികളിൽ മാത്രമാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. അളവുപുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2015 ൽ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്, കമ്മീഷൻ തിയതി	എസ്റ്റിമേറ്റ് തുക	കരാർ നം, തിയതി	അളവു പുസ്തകം, മെഷർമെന്റ് തിയതി	പെയ്മെന്റ് തിയതി
1	Const ruction of drying yard for seed, RARS അമ്പലവയൽ, 26.03.15	1,70,000	30/16-17, 31.03.17	4427, 09.06.15	31.03.17
2	Const ruction of	80,000	29/16-17,	4984,	31.03.17

	cafeteria and sales counter, RARS അമ്പല വയൽ, 26.03.15		31.03.17	09.06.15	
3	Const ruction of pooppoli gate, RARS അമ്പല വയൽ, 26.03.15	2,50,000	31/16-17, 31.03.17	5347, 09.06.15	31.03.17

മറ്റു അപാകതകൾ:

1. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ നൽകിയതിനാൽ ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടമായി.
2. സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്ന ഫോമിൽ കരാറുകാരൻ ഒപ്പ് വെച്ച് സൈറ്റ് ഏറ്റെടുത്തതായി കാണുന്നില്ല.
3. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-4-4) പ്രവൃത്തി പൂർത്തിയാക്കിയിട്ടും തുക ലഭ്യമായില്ല

പ്രവൃത്തിയുടെ പേര് - Improvement to existing road and related works at COA, Padannakkad

T.S.No. - 2/2016-17 dt.06.04.16

Agt.No. -4/2016-17 dt.08.05.16

10,00,000/- രൂപ എസ്റ്റിമേറ്റുള്ള മേൽ പ്രവൃത്തിക്കു വേണ്ടി ആകെ ചെലവായ 9,32,306.00/- രൂപ (ആയതിൽ 9,04,490.00 രൂപ ചെക്ക് നം.324053/ 31.12.16 പ്രകാരം കരാറുകാരന് നല്കിയിട്ടുണ്ട്) പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജ് ഡീനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3-5) കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ

3-5-1) എഫ്.എൽ.ഡി. ഓൺ ഹൈഡ്രോപോണിക് ഫോഡർ ഫോർ ഡയറി കാറ്റിൽ - കാലിത്തീറ്റ വാങ്ങിയതിലെ അപാകതകൾ

സി.ബി.വി. നമ്പർ - 203/ 03/16-17

ചെക്ക് നമ്പർ - 664361 തീയതി. 31.03.07

തുക – 48,375/- രൂപ

മരിയ കാറ്റിൽ ഫീഡ് എന്ന സ്ഥാപനത്തിൽ നിന്നും കാലിത്തീറ്റ വാങ്ങാൻ മേൽപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെപറയുന്നു.

1. മരിയ കാറ്റിൽ ഫീഡ്സിന്റെ ബില്ലിൽ വാങ്ങിയ ഇനം "Maize bran" എന്നും തുക അനുവദിക്കുന്ന KVK/10/16 തീയതി 31.03.17 നടപടിക്രമത്തിൽ Maize seed എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
2. സ്റ്റോക്ക് എൻട്രി വരുത്തിയിരിക്കുന്ന OFT/ FLD സ്റ്റോക്ക് രജിസ്റ്റർ പേജ് 51 ൽ വാങ്ങിയ ഇനം രേഖപ്പെടുത്തിയിട്ടില്ല.
3. സ്റ്റോക്കിലെടുത്ത കാലിത്തീറ്റ ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3-6) ഡയറക്ടേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, വെള്ളാനിക്കര

3-6-1) ഡെപ്പോസിറ്റ് പ്രവൃത്തി - ഡെപ്പോസിറ്റ് തുകയേക്കാൾ അധികം തുക ചെലവഴിച്ചു.

പ്രവൃത്തിയുടെ പേര് :- Construction of Advanced Work for Horticultural Research with Lab facilities at RARS, Ambalavayal

ഫയൽ നം. – A4/2104/15

അളവു പുസ്തകം – 5165, 5919

എഗ്രിമെന്റ് നം. – 57/15-16 dt. 29.10.15

എസ്റ്റിമേറ്റ് തുക – 1,50,00,000/- രൂപ (ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ 15,00,000/- രൂപ ഉൾപ്പെടെ)

സാങ്കേതികാനുമതി നം.- 66/15-16

കരാറുകാരൻ – ശ്രീ.മനേഷ്.കെ.

2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം കരാറിലേർപ്പെട്ട പ്രവൃത്തിക്ക് നാല് പാർട്ട് ബില്ലുകളിലായി മൊത്തം 1,01,34,686/- രൂപ ചെലവഴിച്ചു. നാളിതു വരെ ഫൈനൽ ബിൽ തയ്യാറാക്കുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 15,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആർ.എ.ആർ.എസ്.അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും 95,50,000/- രൂപയാണ് ഡെപ്പോസിറ്റായി ലഭിച്ചിട്ടുളളത്. ഡെപ്പോസിറ്റ് ഹെഡ്ഡിൽ നിന്നും അധികമായി ചെലവഴിച്ച തുക അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 29.10.15 ന് കരാറിലേർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 15 മാസമാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

3-6-2) CPWD നിർവ്വഹണം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നൂറ് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തി 2012-13 മുതൽ 2017-18 വരെ ICAR ൽ നിന്നും 21,53,45,000/- രൂപ ലഭിക്കുകയും ടി തുക CPWD ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് . CPWD യെ ഏൽപ്പിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി	ബജറ്റ് പ്രകാരം വകയിരുത്തിയ തുക (ലക്ഷം)	ഫണ്ടിങ്ങ് ഏജൻസി	എസ്റ്റിമേറ്റ് തുക (ലക്ഷം)
1	Construction of Academic Block College of Forestry at KAU	550	ICAR	640.24
2	Research &Academic Mngt	1,500	,,	1274.75

3	Construction of students aminities, indoor stadium,pavilion, swimming pool,&placement cell at KAU	1,000	,,	917.12
4	Construction of a building for visiting scientist Home at KAU	200	,,	
5	Constructing PG &Research scholar Hostel at KAU	200	,,	
6	Construction of UG Hostel ay KAU	200	,,	ക്രമ നം. 4 മുതൽ 8 വരെയുള്ള പ്രോജക്ടുകളുടെ ആകെ എസ്റ്റിമേറ്റ് തുക 737.65
7	Construction of UG Mens Hostel at KAU	200	,,	

ഏഴ് പ്രവൃത്തികൾക്കായി ഐ.സി.എ.ആറിൽ നിന്ന് അനുവദിച്ച 21,53,45,000/- രൂപയും സ്റ്റേറ്റ് പ്ലാൻ ഫണ്ട് 1,52,00,000 രൂപയും സി.പി.ഡബ്ലിയു -വിന് കൈമാറിയിട്ടുണ്ട്. ഐ.സി.എ.ആറിൽ നിന്ന് രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പ്രൊപ്പോസൽ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തിട്ടില്ലെന്നും ക്രമ നം 3 പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നും ഓഡിറ്റ് എൻകയറി നം.11,13

എന്നിവക്ക് മറുപടി ലഭിച്ചിട്ടുണ്ട്. നാളിതു വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരങ്ങളും പൂർത്തീകരണ സാക്ഷ്യപത്രങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3-6-3) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

എ) കൺസ്ട്രക്ഷൻ ഓഫ് ടെയ്ലീസ് ഹോസ്റ്റൽ കം ഗസ്റ്റ് ഹൗസ് , കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി
ഫയൽ നം. – A4/2246/12
എം.ബുക്ക് നം. – 5364
കോൺട്രാക്ടർ –ശ്രീ കെ.വി. അബ്ദുള്ള

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് നം.38/13-14 തിയതി 03.08.13 പ്രകാരം 21 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് വേണ്ടി ഇലക്ട്രിഫിക്കേഷൻ ഒഴികെ 2,00,00,000/- രൂപ വകയിരുത്തിയിരുന്നു. നാളിതു വരെ 89,52,019/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. തേർഡ് & പാർട്ട് ബിൽ പ്രകാരം അതു വരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ അളവെടുത്തിട്ടുള്ളത് 16.03.2017 ൽ മാത്രമാണ്. എന്നാൽ എഗ്രിമെന്റ് പ്രകാരമുള്ള 21 മാസത്തെ കാലാവധി 06.02.2016 ൽ അവസാനിച്ചിട്ടുള്ളതാണ്. സമയപരിധി ദീർഘിപ്പിക്കുന്നതിന് കോൺട്രാക്ടർ ശ്രീ. കെ. വി. അബ്ദുള്ള അപേക്ഷിച്ചെങ്കിലും നാളിതു വരെ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ല. പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ തുകയും കുറവ് ചെയ്തതായി കാണുന്നില്ല. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പുനരാരംഭിക്കുന്നതിന് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കോൺട്രാക്ടർക്ക് കത്ത് നൽകിയെങ്കിലും പ്രവൃത്തി പുനരാരംഭിച്ചതിന്റെ വിവരം ലഭ്യമല്ല. കാരപറമ്പ് വിജയ ബാങ്കിന്റെ ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ആരംഭിച്ചതെങ്കിലും ബാങ്ക് ഗ്യാരന്റിയുടെ കാലാവധി 10.10.2017 ൽ അവസാനിക്കുന്നതാണ്. ബാങ്ക് ഗ്യാരന്റി കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഗ്യാരന്റി പിരീഡ് എക്സ്റ്റന്റ് ചെയ്യുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ദേശീയ തേൻ ഗുണ നിർണ്ണയ ലാബ്
ഫയൽ നം - A4/1190/15
എം.ബുക്ക് നം – 5383

കോൺട്രാക്ടർ – ശ്രീ കെ.വി. അബ്ദുള്ള
എഗ്രിമെന്റ് നം. 43/15-16 തീയതി 05.10.15

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം 05.01.17 ൽ (16 മാസത്തിനുള്ളിൽ) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ഇലക്ട്രിഫിക്കേഷൻ ഒഴികെ 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും First & part bill പ്രകാരം 12,19,943/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തിയ 5888, 5893 നമ്പർ എം.ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിക്കുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 19.07.17 ലെ A4/1190/15 നമ്പർ ഡിപിപിയുടെ കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിന് ലഭിച്ച 28.07.17 ലെ മറുപടിയിൽ 07.08.17 ന് മുൻപ് പ്രവൃത്തി പുനരാരംഭിക്കാമെന്നും ജൂൺ 2018 ന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കാമെന്നും പറഞ്ഞിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ മേൽ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. എന്നിട്ടും ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ലെ ഖണ്ഡിക 2112-1 പ്രകാരം കരാർ ഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക തിരികെ ഈടാക്കേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റീടെന്റർ ക്ഷണിക്കേണ്ടതുമാണ്.

3-6-4) കെട്ടിട നികുതി അടവാക്കലുമായി ബന്ധപ്പെട്ട് നിരീക്ഷിക്കപ്പെട്ട അപാകതകൾ

സർവ്വകലാശാലയിലെ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ എ 6- 265/17 നമ്പർ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ നിരീക്ഷിക്കപ്പെട്ടു.

(എ) 2015-16 സാമ്പത്തിക വർഷത്തെ നികുതി 68,165/- രൂപ 5.10.16 തീയതിയിലെ 325242 നമ്പർ ചെക്കു പ്രകാരം അടവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തുക കുറവ് ചെയ്ത ശേഷം 2015-16 വർഷത്തെ നികുതി കുടിശ്ശിക 1,89,411/- രൂപയും 2016-17 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2,37,247/- രൂപയും കൂടി മൊത്തം 4,26,658/- രൂപ അടവാക്കേണ്ടതാണെന്ന് മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെതായി 25.1.17 തീയതിയിലെ എ 4-8622/15 നമ്പർ കത്ത് ലഭിച്ചു കാണുന്നുണ്ട്.

(സി) 17.3.17 തിയതിയിലെ 766400 നമ്പർ ചെക്ക് മുഖേന 1,26,706/- രൂപ (431/16-17 നമ്പർ വൗച്ചർ), 2016-17 സാമ്പത്തിക വർഷത്തെ നികുതി ഒടുക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 11602500281 മുതൽ 11602500287 വരെയും 11602500290 മുതൽ 11602500391 വരെയും നമ്പർ രശീതികളുടെ ആകെ തുക 1,25,049/- രൂപ മാത്രമാണ്. അതായത് 1,657/- രൂപ (126706 – 125049) കുറവാണ് വരവുവെച്ചുകാണുന്നത്. രസീതികളിൽ പ്രസ്തുത തുക 2015-16 സാമ്പത്തിക വർഷത്തെ നികുതിയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക ആയി ഡിമാന്റ് ചെയ്ത തുക (1,89,417/- രൂപ) അടവാക്കിയിട്ടില്ല. 2016-17 ലെ ഡിമാന്റ് (2,37,247/- രൂപ) തുകയും അടവാക്കിയ തുക (1,26,706/- രൂപ)യും രസീതികൾ പ്രകാരം വരവുവെച്ച തുക (1,25,049/- രൂപ)യും വ്യത്യാസപ്പെട്ടിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തേക്കുവേണ്ടി അടവാക്കിയ പ്രസ്തുത തുക, ഗ്രാമപഞ്ചായത്തിന്റെ രസീതികൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കാണ് വരവുവെച്ചിരിക്കുന്നത്.

ഈ വിഷയത്തിൽ 19.8.17 തിയതിയിൽ ഡി.പി.പി ക്കു നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഫിനാൻഷ്യൽ അസിസ്റ്റന്റ് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ എ 6- 265/17 (ii) തിയതി 22.08.17) ഈ അപാകതകൾ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായിപ്പറയുന്നു. 22.08.17 തീയതിയിൽ എ 6- 265/17 (i) നമ്പറായി മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഡി.പി.പി അയച്ച കത്തിന്റെ പകർപ്പും ഫിനാൻഷ്യൽ അസിസ്റ്റന്റ് ലഭ്യമാക്കിയിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ചില കെട്ടിടങ്ങളെ ഒഴിവാക്കിയിരിക്കുന്നതെന്ന വിശദീകരണമാണ് പ്രസ്തുത കത്തിലുള്ളത്. പരാമർശിത വിധി ന്യായത്തെക്കുറിച്ചാരാഞ്ഞപ്പോൾ, ഡോക്ടർ ജസ്റ്റിസ് ടി. കൊച്ചുതൊമ്മൻ O P No: 1854/78-D നമ്പർ വ്യവഹാരത്തിൽ 1980 ഒക്കേടോബർ 30ാം തിയതി പുറപ്പെടുവിച്ച ഉത്തരവാണ് ലഭ്യമായത്. 1960 ലെ Kerala Panchayat Act ലെ സെക്ഷൻ 72 പ്രകാരം കെട്ടിടനികുതിയിൽ നിന്നും ചില കെട്ടിടങ്ങളെ ഒഴിവാക്കിയിരുന്നു. ഇത്തരം കെട്ടിടങ്ങളുടെ പട്ടികയിലെ (d) ഇനം ആയി " Buildings used for educational purposes including hostels" എന്ന് ചേർത്തിട്ടുള്ളതിന്റെയും 27.5.1977 തിയതിയിലെ 15469/C1/77/LA & SWD നമ്പർ സർക്കാർ സർക്കുലറിന്റെയും അടിസ്ഥാനത്തിലാണ് ബഹു. കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് അനുസരിക്കുവാൻ സർവ്വകലാശാലയും പഞ്ചായത്തും ബാധ്യസ്ഥരുമാണ്.

എന്നാൽ 1994 ൽ കേരള നിയമസഭ, കേരള പഞ്ചായത്ത് രാജ് നിയമം പാസാക്കിയപ്പോൾ 1960 ലെ നിയമം കാലഹരണപ്പെട്ടു. നിലവിലുള്ള നിയമങ്ങളെയും

ചട്ടങ്ങളെയും വ്യാഖ്യാനിക്കുകയെന്ന ദൗത്യമാണ് ബഹു. നീതിന്യായ കോടതികളിൽ നിക്ഷിപ്തമായിട്ടുള്ളത്. 1994 ൽ നിലവിൽ വന്ന നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കുമാണ് തുടർന്ന് പ്രാബല്യമുള്ളത്. 2011 ൽ വീണ്ടും കെട്ടിട നികുതി ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം നികുതി ഒടുക്കുവാൻ കെട്ടിട ഉടമകൾ ബാധ്യസ്ഥരാണ്.

ചില കെട്ടിടങ്ങളെ വസ്തു നികുതി കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കുവാൻ ഡി.പി.പി നൽകിയ അപേക്ഷ 7.10.2017 ൽ ചേർന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗം പരിശോധിക്കുകയും 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203, 207 വകുപ്പുകൾ പ്രകാരം ഡി.പി.പി യുടെ ആവശ്യങ്ങൾ നിരസിക്കുകയുമുണ്ടായി. കൂടിശ്ശിക അടവാക്കിയില്ലെങ്കിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് 3.11.2017 തിയതിയിലെ എ 4/7107/17 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(1) 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം നികുതി വിധേയമായ കെട്ടിടങ്ങളുടെ പട്ടിക.

(2) പ്രസ്തുത പട്ടികയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതി 2015-16 സാമ്പത്തിക വർഷത്തിൽ അടവാക്കി എന്നതിന്റെ വിശദാംശങ്ങൾ.

(3) പ്രസ്തുത പട്ടികയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതി 2016-17 സാമ്പത്തിക വർഷത്തിൽ അടവാക്കി എന്നതിന്റെ വിശദാംശങ്ങൾ.

(4) ചട്ടപ്രകാരം നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കാവുന്ന കെട്ടിടങ്ങളുടെ പട്ടിക.

(5) മേൽ ഖണ്ഡിക (d) യിൽ പരാമർശിച്ചതു പ്രകാരം നികുതി രസീതിയിൽ വർഷം, തുക എന്നിവ വ്യത്യാസപ്പെട്ടു കാണുന്നതിനുള്ള വിശദീകരണം.

(6) വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറിയ ഏതെങ്കിലും കെട്ടിടത്തിന്റെ നികുതി, കേരള കാർഷിക സർവ്വകലാശാലയുടെ മേൽ ചുമത്തിയിട്ടുണ്ടോയെന്ന വിവരം.

മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ 2011 ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നികുതി വിധേയമായ കെട്ടിടങ്ങളുടെ നികുതി യഥാക്രമം അടവാക്കിയില്ലെങ്കിൽ പിഴ പലിശ സഹിതം അടവാക്കേണ്ടതായി വരുന്നതും ആയത് സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. നികുതി അടവാക്കിയശേഷം അപ്പീൽ നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ

നിക്ഷേപത്തിൽ കിഴിവ് അനുവദിക്കുന്നുവെങ്കിൽ, കൂടുതലായി അടവാക്കിയ തുക തുടർവർഷങ്ങളിലേയ്ക്ക് ക്രമീകരിക്കാവുന്നതുമാണ്.

3-6-5) വാർഷിക കണക്കിലെ അപാകതകൾ

1) UFAST ൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്ക് (Annual Bank transaction summary, 2016-17), ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നം.	Closing balance as per bank book (UFAST)	Closing balance as per bank pass book	വ്യത്യാസം	റിമാർക്സ്
FD.No. 67127379065	1,03,14,941	0.00	-1,03,14,941	FD രജിസ്റ്റർ പ്രകാരം ഈ FD 21/03/2012 ൽ പിൻവലിച്ചിട്ടുള്ളതായി കാണുന്നു.
67224069880 (Sales Tax)	27,79,216	0.00	-27,79,216	അക്കൗണ്ടിൽ ഇത്രയും തുക അവശേഷിയ്ക്കുന്നില്ല.

2) Annual bank & cash account summary 2016-17 പ്രകാരം, ക്യാഷ് ഇനത്തിൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ.നം.	ഇനം	നീക്കിയിരുപ്പ്
1	Cash in Chest	4,339.91
2	Establishment	27,165

എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈ തുകകൾ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നില്ല.മേൽ സൂചിപ്പിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം പരിശോധിയ്ക്കേണ്ടതും വാർഷിക കണക്കിലെ ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

3-6-6) ലേല പരസ്യം -സ്ഥാപനത്തിന് ധനനഷ്ടം

വൗച്ചർ നം. സി.ബി.വി. 73/6-16

ചെക്ക് നം. 325199/ 28.6.16

ഫയൽ നം. എ 5/156/16

2016-17 സാമ്പത്തിക വർഷത്തിൽ, 5 വാഹനങ്ങളുടെ ലേല പരസ്യത്തിനായി 44,695/- രൂപ ടോംയാസ് അഡ്വർടൈസിങ്ങ് സർവ്വീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ വാഹനങ്ങളുടെ അസ്സസ്ഡ് വാല്യു കേവലം 45,250/- രൂപയാണെന്നിരിക്കെ 44,695/- രൂപ ചെലവഴിച്ച് പരസ്യം നല്കിയത് അനുചിതമാണ് . മാത്രമല്ല ടി വാഹനങ്ങൾ നാളിതുവരെ ആരും ലേലം കൊണ്ടിട്ടില്ല. ആയതിനാൽ പരസ്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച തുക സ്ഥാപനത്തിന് സംഭവിച്ച നഷ്ടമായി കണക്കാക്കുന്നു. സ്ഥാപനത്തിന് ധനനഷ്ടം സംഭവിക്കാതെ പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7) യൂണിവേഴ്സിറ്റി ലൈബ്രറി, വെള്ളാനിക്കര

3-7-1) വിവിധ വാങ്ങലുകൾ - സ്റ്റോർ പർച്ചേസ് മാന്വൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2016-17 വർഷം കമ്പ്യൂട്ടറുകൾ, സെർവർ, സ്കാനർ മുതലായ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. വാങ്ങിയ ഇനങ്ങൾ, വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

സി.ബി.വി. നമ്പർ, തിയതി	ചെക്ക് നംപർ	തുക	വാങ്ങിയ ഇനങ്ങൾ
38/3/16-17, 31.3.17	082591	7,65,000	സെർവർ - 1 സ്കാനർ - 1 ലാപ്ടോപ് -1 മോണിറ്റർ - 4 ഡെസ്ക്ടോപ് 12
18/3/16-17, 31.3.17	082606	2,25,932	LED TV, CCTV Camera

1) ടെണ്ടർ ക്ഷണിച്ചിട്ടില്ല – പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക്, ടെണ്ടർ നടപടികളും അഞ്ച് ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികളും പാലിക്കേണ്ടതാണ്. (സ.ഉ.(MS)13/2015/ITD, തിയതി.12.5.15) എന്നാൽ ഇപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടില്ല. 6,00,000/- രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയത്.

2) പത്രപരസ്യം നൽകിയിട്ടില്ല - കൂടുതൽ പ്രചാരമുള്ള ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പത്രപരസ്യം നിശ്ചിത ദിവസത്തിന് മുമ്പ് നൽകി മത്സരസ്വഭാവത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിനും പത്രപരസ്യം നൽകിയിട്ടില്ല.

3) ടെണ്ടർ ഫോറ വിലയിൽ സ്ഥാപനത്തിന് നഷ്ടം - ഒരു ലക്ഷമോ അതിൽ കൂടുതലോ തുകയ്ക്കുള്ള വാങ്ങലുകൾക്ക് നിശ്ചിത ഫോർമാറ്റിലുള്ള ടെണ്ടർ ഫോറങ്ങൾ സർക്കാർ നിർദ്ദേശിക്കുന്ന വിലയ്ക്ക് വിതരണം ചെയ്യണം. ഫോറത്തിന്റെ വിലയും നിശ്ചിതനിരക്കിലുള്ള മൂല്യവർദ്ധിതനികുതിയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടെണ്ടർ ക്ഷണിക്കാത്തതിനാൽ ഈയിനത്തിൽ ലഭ്യമാകുമായിരുന്ന തുക നഷ്ടമായതായി കാണുന്നു.

സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമായി നടത്തിയ വാങ്ങലുകൾ ക്രമവിരുദ്ധമാണ്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

3-7-2) വാർഷിക കണക്ക് - അപാകതകൾ

1) ക്ലോസിംഗ് ബാലൻസ് പൊരുത്തപ്പെടുന്നില്ല.

എ) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ, താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്കിലെയും UFAST ലെയും ക്ലോസിംഗ് ബാലൻസ് വ്യത്യസ്തമാണ്.

അക്കൗണ്ട് നമ്പർ	ക്ലോസിംഗ് ബാലൻസ്		വ്യത്യാസം
	ബാങ്ക്	യുഫാസ്റ്റ്	
57006542967	6034091.50	5947674	86417.50
57006550740	1000	223079	222079

ക്ലോസിംഗ് ബാലൻസുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

ബി) ആന്വൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറി പ്രകാരം നീക്കിയിരിപ്പ് 4,83,096/- രൂപയാണ്. എന്നാൽ ആന്വൽ റസീപ്റ്റ് & പെയ്മെന്റ് സമ്മറി പ്രകാരം നീക്കിയിരിപ്പ് 5,54,018/- രൂപയാണ്. വ്യത്യാസം 70,922/- രൂപ. ഓഫീസ് അക്കൗണ്ട് നീക്കിയിരിപ്പുകൾ തമ്മിലുള്ള ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2) 67225567502(ഇ എ പി), 67225567502(എൻ ഐ പി) എന്നീ അക്കൗണ്ടുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ പണമിടപാടുകൾ നടത്തിയതായി കാണുന്നില്ല. മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് UFAST ൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

3-8) കരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ

3-8-1) കുളത്തിന്റെ നവീകരണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല

കേന്ദ്രത്തിലെ ജല ദൗർലഭ്യത്തിന്റെ പരിഹാരത്തിനായി നിലവിലുള്ള കുളത്തിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതി ധനസഹായത്തിൽ നിന്നും 18,00,000/- രൂപയും, ICAR ധനസഹായത്തിൽ നിന്നും 5,00,000/- രുപയും ഡി.പി.പി യ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	നൽകിയ തുക
2009-10	5,00,000/-
2012-13	7,00,000/-
2013-14	6,00,000/-
2015-16	5,00,000/-
ആകെ	**23,00,000/**

ഇത്രയും തുക കൈമാറി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ആയത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8-2) വാർഷിക കണക്ക് - മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം

2016-17 വാർഷിക കണക്കിൽ ' cash 'ഇനത്തിൽ 42,309/- രൂപ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈ ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3-9) AICRP ഓൺ വീഡ് കൺട്രോൾ, സി ഒ എച്ച്, വെള്ളാനിക്കര

3-9-1) പ്രൊമോഷൻ - ശമ്പള പുനർ നിർണ്ണയത്തിലെ അപാകത

ശ്രീ.കെ.ഐ.നൗഷാദ് , സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ന് 01.12.2016-ന് അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായി പ്രൊമോഷൻ ലഭിച്ചതിന്റെ ശമ്പള നിർണ്ണയം നടത്തിയത് താഴെ പറയും പ്രകാരമാണ്.

കെ.എസ്.ആർ. പാർട്ട് 1 റൂൾ 37 (എ) പ്രകാരം,

പ്രൊമോഷൻ തീയതി - 01.12.2016

01.12.2016 ലെ ശമ്പളം - 33,900/- രൂപ

നോ. ഇൻക്രിമെന്റ് - 900/- രൂപ

34,800/- രൂപ

ഹയർ സ്റ്റേജിലെ അടുത്ത ഘട്ടം - 35,700/- രൂപ

അടുത്ത ഇൻക്രിമെന്റ് - 29.12.2016 ൽ 36,600/- രൂപ

(നോർമൽ ഇൻക്രിമെന്റ് തീയതിയിൽ)

ശമ്പള നിർണ്ണയത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1. ശമ്പള നിർണ്ണയം നടത്തിയിരിക്കുന്നത് കെ.എസ്.ആർ. റൂൾ 37 (എ) പ്രകാരമാണ്. ടിയാന് ഇത് അനുവദനീയമല്ല. റൂൾ 28 (എ) പ്രകാരമാണ് ഫിക്സേഷൻ നടത്തേണ്ടത്.

2. ശ്രീ.കെ.ഐ.നൗഷാദ് 10.10.2006 മുതൽ 06.11.2016 വരെ LWA (under appendix 12 A) ആയിരുന്നു. അവസാന ഇൻക്രിമെന്റ് തീയതി. 01.12.2005. 07.11.2016-ൽ തിരികെ ജോലിയിൽ പ്രവേശിച്ച ശേഷം 2009, 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള ഫിക്സേഷൻ നടത്തിയിട്ടുണ്ട്. 2014 ശമ്പള പരിഷ്കരണ ഉത്തരവ് അനക്സ്ചർ II 17 പ്രകാരം 01.07.2014-ൽ LWA-യിൽ തുടരുന്ന ഉദ്യോഗസ്ഥൻ തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ മാത്രമേ റിവൈസ്ഡ് സ്കെയിലിൽ ഫിക്സേഷന് അർഹതയുള്ളൂ. ഇതിൻ പ്രകാരം 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള ഫിക്സേഷൻ 07.11.2016-ന് നടത്തേണ്ടതാണ്.

3. 01.12.2016-ലെ ശമ്പളം പ്രൊമോഷന് ശേഷം 35,700/- ആയി പുനർ നിർണ്ണയിച്ചു. അടുത്ത ഇൻക്രിമെന്റ് 29.12.2016-ൽ നൽകി ശമ്പളം 36,600/- ആയി പുനർ നിർണ്ണയിച്ചു. കെ.എസ്.ആർ പാർട്ട് 1, റൂൾ 33(എ) അനുസരിച്ച് ടിയാന്റെ നോർമൽ ഇൻക്രിമെന്റ് തീയതി.01.11.2017 ൽ ആണ്.

പ്രൊമോഷൻ ഫിക്സേഷൻ 28 എ പ്രകാരം താഴെ കൊടുക്കുന്നു.

പ്രമോഷൻ തീയതി - 01.12.2016

01.12.2016 ലെ ശമ്പളം - 33,900/- രൂപ

നോ. ഇൻക്രിമെന്റ് - 900/- രൂപ

34,800/- രൂപ

ഹയർ സ്റ്റേജിലെ അടുത്ത ഘട്ടം - 35,700/- രൂപ

01.12.2016 ലെ ശമ്പളം - 35,700/- രൂപ
അടുത്ത ഇൻക്രിമെന്റ് - 01.11.2017 ൽ (ശൂന്യവേതനാവധിയെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം തികയുന്ന ദിവസം)

As per Rule 33(A) KSR PART I (റീ ഫിക്സേഷൻ അനുവദനീയമല്ല)
അടുത്ത ഇൻക്രിമെന്റ് തീയതി - 01.11.2017
01.11.2017 ൽ ശമ്പളം - 36,600/- രൂപ

ശരിയായ രീതിയിൽ ഫിക്സേഷൻ നടത്തി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി, 29.12.2016 മുതൽ അധികം വാങ്ങിയ തുക തിരികെ അടയ്ക്കേണ്ടതാണ്.

3-9-2) വാർഷിക കണക്ക് - നീക്കിയിരിപ്പ് തുക വ്യത്യാസം

2016-17 സാമ്പത്തികവർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, SB A/C – 57006543030 എന്ന അക്കൗണ്ടിന്റെ UFAST ലെയും (2,00,302/- രൂപ), ബാങ്ക് പാസ്ബുക്കിലെയും (5,07,900.94/- രൂപ) ക്ലോസിങ്ങ് ബാലൻസ് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

3-10) സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി

3-10-1) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട് – വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കണ്ടക്ടഡ് ടൂർ എന്ന റിവോൾവിംഗ് ഫണ്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഒല്ലൂക്കര ബ്രാഞ്ചിൽ 9.10.15 മുതൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം 67733897209O). ഈ അക്കൗണ്ടിൽ 31.03.2017 ന് 1,05,080/- രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ 2016-17 വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് വാർഷികകണക്കിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-10-2) മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

തീർപ്പാക്കാത്ത മുൻകൂറുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം	ശീർഷകം	സി ബി നം	തിയതി	തുക (രൂപയിൽ)
1	9092	229/15-16	14.01.16	1,06,540
2		203/16-17	21.11.16	5,833
3		204/16-17	16.1.17	1,04,167
4		228/16-17	3.2.17	1,27,500

മുൻകൂറുകൾ തീർപ്പാക്കി അറിയിക്കേണ്ടതാണ്.

3-11) അരോമാറ്റിക്ക് & മെഡിസിനൽ പ്ലാന്റ്സ്, ഓടക്കാലി

3-11-1) വാർഷിക കണക്കിലെ വ്യത്യാസം

2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, ആന്വൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറി പ്രകാരം ഓഫീസ് ബുക്ക് ക്ലോസിങ്ങ് ബാലൻസ് 16,84,300/- രൂപയും ആന്വൽ റസീപ്റ്റ്സ് & പേമെന്റ്സ് സമ്മറി പ്രകാരം 22,07,771/- രൂപയുമാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

3-12) കോളേജ് ഓഫ് കോ - ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റ്, വെള്ളാനിക്കര

3-12-1) ഡി.പി.പി.ക്ക് വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഡി.പി.പി.ക്ക് വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സി.ബി.വി. നമ്പർ	ചെലവിനം	തുക
1	111/3-17 തീ.31.03.17 ചെക്ക് നമ്പർ 147959	140 KVA ജനറേറ്ററും 30 KVA UPS-ഉം സ്ഥാപിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി ഫീ ഉൾപ്പെടെയുള്ള തുക	19,00,000/-
2	116/3-17 തീ.31.03.17 ചെക്ക് നമ്പർ 147963	ഫർണിച്ചർ, കുക്കിംഗ് യുടെൻസിൽ ഇവ വാങ്ങുന്നതിന് (മെൻസ് ഹോസ്റ്റലിനു വേണ്ടി) നൽകിയ തുക	5,86,340/-
		ആകെ	24,86,340/-

മേൽ പറയും വിധം ഡി.പി.പി.ക്ക് തുക നൽകിയെങ്കിലും ജനറേറ്റർ, യു.പി.എസ്. എന്നിവ സ്ഥാപിക്കുകയോ ഫർണിച്ചർ വാങ്ങിക്കുകയോ ചെയ്തിട്ടില്ല. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-12-2) അഗ്രികൾച്ചറൽ ലാബ് നിർമ്മാണം – ആരംഭിച്ചിട്ടില്ല

സി.ബി.വി. നമ്പർ - 88/3-17, തീയതി. 31.03.17
ചെക്ക് നമ്പർ 10393/31.03.17, തുക – 4,68,360/- രൂപ

മേൽ പ്രകാരം, 4,68,360/- രൂപ അഗ്രികൾച്ചറൽ ലാബോറട്ടറി സ്ഥാപിച്ച ഇനത്തിൽ ഡവലപ്പ്മെന്റ് ഗ്രാന്റിന്റെ (5200) ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനം നാളിതുവരെയായി ആരംഭിക്കുകയോ, തുക കൈമാറുകയോ ചെയ്തിട്ടില്ല. ഇത് നിലവിൽ പണമാക്കാത്ത ചെക്കായി തുടരുകയാണ്. കോളേജിലെ അഗ്രിക്കൾച്ചറൽ കോഴ്സുകളുടെ സിലബസ് പരിഷ്കരണം പൂർത്തിയാകാത്തതിനാലാണ് ഈ പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തതെന്ന് ഓഡിറ്റ് റിക്വിസിഷന് (3/10.8.17) മറുപടി നൽകിയിട്ടുണ്ട്. ഒരു നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭപ്രവൃത്തികൾ പോലും (വിശദമായ എസ്റ്റിമേറ്റ്, ആക്ഷൻ പ്ലാൻ) തയ്യാറാക്കാതെ ഇത്തരത്തിൽ തുകകൾ ചെലവായി കാണിക്കുന്നത് ക്രമവിരുദ്ധമാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-12-3) വാർഷിക കണക്ക് – നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

1) 2016-17 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സ് പരിശോധനയിൽ താഴെ പറയുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ്		വ്യത്യാസം
	UFAST	Bank Scroll	
67064958790 MBA RF A/c	11,96,641	11,97,641	1,000
57006542854	78,24,267.49	77,19,032.49	1,05,235

CA A/c			
57006549940 SB A/c	-2,39,714	1,000	-2,38,714

2) UFAST Annual bank & cash Account സംക്ഷിപ്തം പ്രകാരം 3,89,390/- രൂപ ക്യാഷ് ഇനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ ഈ തുക നീക്കിരിപ്പായി നിലനിൽക്കുന്നുമില്ല. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

3-13) കാർഷിക കോളേജ്, പടന്നക്കാട്

3-13-1) പൊതുമരാമത്ത് പ്രവൃത്തികൾ – അപാകതകൾ

2012-ലെ പൊതുമരാമത്ത് മാന്വൽ പ്രകാരം വിശദമായ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതിന് ശേഷം മാത്രമാണ് പ്രവൃത്തി ഏല്പിക്കേണ്ടത്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചുകൊടുക്കുകയും, പ്രവൃത്തിയുടെ പൂർത്തീകരണം, മോണിറ്ററിങ്ങ് എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വഴി നിരീക്ഷിക്കുകയും ചെയ്യുന്നതായി കാണുന്നില്ല. വിശദവിവരം താഴെച്ചേർക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഉദ്ദേശ്യം	കരാറുകാരൻ	സി.ബി.വി. നമ്പർ	തുക
1	2047	ഗസ്റ്റ് ഹൗസിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം.	--------	100/11-16 107/11-16	65,340/- 12,300/-
2	2047	ഗസ്റ്റ് ഹൗസിലേക്കുള്ള ഗെയ്റ്റ് നിർമ്മാണം	യൂണിവേഴ്സൽ എഞ്ചിനീയറിംഗ് വർക്ക്സ്	0034/12-16 0035/12-16	14,936/- 14,900/-

3	2047	ഗസ്റ്റ് ഹൗസിനുമുൻപിലെ ചുറ്റുമതിൽ നിർമ്മാണം.	പി.വിജയൻ	0131/12-16 0053/12-16	15,000/- 14,760/-
4	5200	ലേഡീസ് ഹോസ്റ്റലിലെ തകർന്ന ചുറ്റുമതിൽ പുനർ നിർമ്മാണം.	റാഫി. സി.എ.	0100/12-16	1,05,000/-
5	5200	ലേഡീസ് ഹോസ്റ്റലിലെ തകർന്ന ചുറ്റുമതിൽ പുനർ നിർമ്മാണം.	ശ്രീരാജ് കെ. കെ.പദ്മനാഭൻ നരസിംഹ ട്രേഡേഴ്സ്	0051/02-17 0030/02-17 0032/02-17	63,650/- 43,550/- 21,400/-

പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-13-2) പ്ലാവ് ഗ്രാഫ്റ്റ് - സ്റ്റോക്കിൽ കുറവ്

ബിൽ നമ്പർ 79/08-16 (ചെക്ക് നമ്പർ 118868/16-8-16) പ്രകാരം ഇൻസ്പക്ഷണൽ ഫാം വെള്ളായണിയിൽ നിന്നും 1000 പ്ലാവ് ഗ്രാഫ്റ്റ് തൈകൾ 25.05.2016 ൽ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഓഫ് റിവോൾവിംഗ് ഫണ്ട് വാള്യം 8 പേജ് നമ്പർ 117 ൽ 04.06.2016 ന് ഇത് സ്റ്റോക്കിലെടുത്തിട്ടുമുണ്ട്. ഈ സ്റ്റോക്കിൽ നിന്നും 07.06.2016 ന് ടി ഗ്രാഫ്റ്റ് തൈകൾ സ്റ്റോക്ക് രജിസ്റ്റർ ഓഫ് റിവോൾവിംഗ് ഫണ്ട് വാള്യം 13 പേജ് നമ്പർ 101 ലേക്ക് നൽകിയതായി രേഖപ്പെടുത്തി ഇത്രയും സ്റ്റോക്ക് കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഓഫ് റിവോൾവിംഗ് ഫണ്ട് വാള്യം 13 പേജ് നമ്പർ 101 ൽ 07.06.2016 ന് ഇത്രയും ഗ്രാഫ്റ്റ് തൈകൾ സ്റ്റോക്കിൽ വന്നിട്ടില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് റിക്വസിഷനുള്ള (3/9.11.2017) മറുപടിയിൽ 11.02.2016 മുതൽ ആയത് ഫാമിലൂടെ വിൽപ്പന നടത്തിയതായി അറിയിച്ചിട്ടുണ്ട്. 25.05.2016 ന് ഇൻസ്പക്ഷണൽ ഫാം വെള്ളായണിയിൽ നിന്നും വാങ്ങിയ പ്ലാവ് ഗ്രാഫ്റ്റ് തൈകൾ 11.02.2016 മുതൽ ഫാമിലൂടെ വിൽപ്പന

നടത്തിയെന്ന് പറയുന്നത് യുക്തി ഭദ്രമല്ല. തൃപ്തികരമായ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 71,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-13-3) കുമ്മായത്തിന്റെ (Lime stone powder) സ്റ്റോക്കിൽ കുറവ്

ബിൽ നമ്പർ 64/06-16 പ്രകാരം (ചെക്ക് നമ്പർ 104026/15.06.16) നീലേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 16000 കി.ഗ്രാം (16 എം.ടി) കുമ്മായം വാങ്ങിയിട്ടുണ്ട്. ഇത് S.R.F VOL-VIII പേജ് നമ്പർ 229 ൽ 19.02.2016 ന് സ്റ്റോക്കിലെടുക്കുകയും 31/3, 28/5, 30/5, 31/5, 2/6, 4/6, 6/6, 7/6, 9/6, 23/6, 24/6, 25/6, 5/7 തീയ്യതികളിൽ തെങ്ങുകൾക്ക് ഇടാനായി ഡി.എം.എസ് രജിസ്റ്റർ പ്രകാരം നൽകിയതായി കാണിച്ച് മുഴുവൻ സ്റ്റോക്കും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഡി.എം.എസ് രജിസ്റ്റർ വാള്യം 32, 33 പ്രകാരം 500 കി.ഗ്രാം കുമ്മായം വീതം മാത്രമാണ് മേൽ സൂചിപ്പിച്ച ദിവസങ്ങളിൽ നൽകിയിരിക്കുന്നത്. അതായത് 6500 കി.ഗ്രാം കുമ്മായം (500 x 13 = 6500) മാത്രമേ നൽകികാണുന്നുള്ളു. 9500 കി.ഗ്രാം കുമ്മായം ഇനിയും സ്റ്റോക്കിൽ ബാക്കി കാണേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ പ്രകാരം 05.07.2016 ൽ ടി സ്റ്റോക്കിൽ നീക്കിയിരിപ്പ് അവശേഷിക്കുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് റിക്വിസിഷന് (9/09.11.2017) നൽകിയ മറുപടിയിൽ 8/2016 ന് അയർ നിർമ്മാണത്തിന് 2.5 ടൺ ഉപയോഗിച്ചെന്നും വിവിധവിളകളിലായി 28/6, 12/7, 13/7, 14/7, 27/7, 8/8, 13/8, 27/8, 31/8, 1/9, 2/9, 6/9, 7/9 എന്നീ തീയതികളിൽ നൽകിയെന്നും അറിയിച്ചിട്ടുണ്ട് (ആയത് ഓഡിറ്റിന് ശേഷം ടി രജിസ്റ്ററിൽ എഴുതി ചേർത്തിട്ടുള്ളതാണ്). മേൽ സൂചിപ്പിച്ച സ്റ്റോക്ക് രജിസ്റ്ററിലെ മേൽ പേജ് നമ്പർ പ്രകാരം 05.07.2016 ലേക്ക് സ്റ്റോക്കിൽ കുമ്മായം ബാക്കിയില്ല. അതുകൊണ്ട് തന്നെ അതിന് ശേഷമുള്ള ദിവസങ്ങളിൽ കുമ്മായം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് പറയുന്നത് യുക്തിരഹിതമാണ്. കൂടാതെ ഓഡിറ്റ് സമയത്ത് തന്നെ പരിശോധിച്ച ഡി.എം.എസ്. രജിസ്റ്ററിലെ 12/7, 13/7, 14/7, 27/7 എന്നീ ദിവസങ്ങളിലെ പേജുകളിൽ കുമ്മായം നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് നോട്ടിന് നൽകിയ മറുപടിയിലും ഇത് ഉപയോഗിച്ചു എന്നു തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ സ്റ്റോക്കിൽ കുറവായി കാണുന്ന 9500 കി.ഗ്രാം കുമ്മായത്തിന്റെ വിലയായ 47,500/- രൂപ (9500x5/1k.g) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-13-4) കവുങ്ങിൻ തൈകൾ (ശ്രീമംഗള)- സ്റ്റോക്കിൽ കുറവ്.

റിവോൾവിംഗ് ഫണ്ട് സീഡ് നേഴ്സറി നിരീക്ഷണ രജിസ്റ്റർ പേജ് നമ്പർ 31 പ്രകാരം 20.06.2016 ന് 5000 കവുങ്ങിൻ തൈകൾ (ശ്രീമംഗള) സ്റ്റോക്ക് രജിസ്റ്റർ ഓഫ്

റിവോൾവിംഗ് ഫണ്ട് വാല്യം 8 പേജ് നമ്പർ 291 ലേക്ക് കൈമാറിയിട്ടുണ്ട്. 01.08.2016 ൽ ഇത്രയും തൈകൾ വ്യക്തമാകാത്ത വിധത്തിൽ കുറവ് ചെയ്തിട്ടുണ്ട്. ഈ തൈകൾ വിൽപ്പന നടത്തിയതായും കാണുന്നില്ല. ഇത് സംബന്ധിച്ച് ലഭിച്ച ഓഡിറ്റ് റിക്വസിഷനുള്ള (4/9.11.2016) മറുപടിയിൽ 5000 തൈകൾ വിൽപ്പന നടത്താതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ 291 ൽ ഈ കവുങ്ങിൻ തൈകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നുവെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ 11.11.2017 ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട് (ആയതിന്റെ കോപ്പി ഓഡിറ്റിന് നൽകിയിട്ടുണ്ട്). എന്നാൽ ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് നോട്ടിന് മറുപടിയായി കവുങ്ങിൻ തൈകൾ 31.01.17 മുതൽ 04.07.17 വരെയുള്ള ദിവസങ്ങളിൽ വിൽപ്പന നടത്തിയതായാണ് അറിയിച്ചിട്ടുള്ളത്.

1,25,000/- രൂപ (5000*25) സ്റ്റോക്ക് മൂല്യം വരുന്ന ഈ വിഷയത്തിൻമേൽ ഓഡിറ്റിന് ലഭ്യമായ മറുപടി സ്വീകാര്യയോഗ്യമല്ല. പരസ്പര വിരുദ്ധമായ ഈ രണ്ട് മറുപടികൾ സൂചിപ്പിക്കുന്നത് ഫാം സ്റ്റോക്ക്, വിൽപ്പന എന്നിവയിലുള്ള ഗുരുതരമായ പോരായ്മകളാണ്. ഈ വിഷയത്തിൽ സർവ്വകലാശാല തലത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

3-13-5) ഗ്രോബാഗ് വാങ്ങൽ – സ്റ്റോക്കിലെ അപാകതകൾ

ബിൽ നമ്പർ 89/2-17 പ്രകാരം (ചെക്ക് നമ്പർ 147603/28.02.17) 16,000 ഗ്രോബാഗുകൾ, 2,10,000/- രൂപ ചെലവഴിച്ചു നീലേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്കുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

R.F VOL.10 പേജ് നമ്പർ 19 പ്രകാരം 23.01.2017 ന് ഈ ഗ്രോബാഗുകൾ സ്റ്റോക്കിലെടുക്കുകയും അത്രയും എണ്ണം അന്നുതന്നെ transfer/sale എന്ന് കാണിച്ച് കുറവ് ചെയ്തിട്ടുമുണ്ട്. എന്നാൽ ആയത് ഉപയോഗിച്ചതിന്റെയോ വിൽപ്പന നടത്തിയതിന്റെയോ രേഖപ്പെടുത്തലുകൾ അനുബന്ധരജിസ്റ്ററുകളില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് റിക്വസിഷനുള്ള (8/9.11.2017) മറുപടിയിൽ 11250 ഗ്രോബാഗുകൾ 20.10.2017 ന് തൃക്കരിപ്പൂർ കൃഷിഭവന് നൽകിയെന്നും ബാക്കി 2750 എണ്ണം ഫാമിലൂടെ വിൽപ്പന നടത്തിയെന്നും അറിയിച്ചിട്ടുണ്ട്. 20.10.2017 ന് വിൽപ്പന നടത്തിയ സ്റ്റോക്ക് 23.01.2017 ന് തന്നെ transfer/sale എന്ന് കാണിച്ച് കുറവ് ചെയ്തിരിക്കുന്നത് യുക്തിഭദ്രമല്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-14) ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര

3-14-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1) അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 35,00,000/- രൂപ ഡി.പി.പി., യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	വൗച്ചർ നം.	ചെക്ക് നം./തീയ്യതി	തുക
1.	74-7/16	280278/23.7.16	20,00,000/-
2.	62-8/16	280293/26.8.16 37185/31.317	10,00,000/-
3.	235-3/17		5,00,000/-
ആകെ			**35,00,000/-**

2) താഴെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം ഡി.പി.പിക്ക് വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി തുകകൾ കൈമാറിയിട്ടുണ്ട്.

ക്രമ നം.	സി. ബി.വി.നം.	ശീർഷകം	തുക	പ്രവൃത്തിയുടെ വിവരം
1	352/16	9804	6,00,000	Work shop building for wood science Dept.
2	428/16	9804	2,00,000	CDB project for wood science Dept.
3	470/17	5200	2,59,164	
4	650/17	5200	75,000	Waste pit for hostel

5	734/17	9326	5,00,000	Sheet roofing for new block

3) സി.ബി.വി.നം. 303/3-17 ചെക്ക് നം. 399658 (ഹെഡ്ഡ് 6621) തി. 31.03.17 പ്രകാരം പൈപ്പും മറ്റു അനുബന്ധ വസ്തുക്കളും സ്ഥാപിക്കുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (PRF. ARTC/04/16-17 dt. 29.03.17) 165190/- രൂപ കെ.എ.യു. അഗ്രികൾച്ചറൽ എഞ്ചിനീയറിങ്ങ് റിസർച്ച് ആന്റ് ടെയ്നിങ്ങ് സെന്ററിന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-14-2) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചു

1) ഐ.സി.എ.ആർ ഡവലപ്മെന്റ് ഗ്രാന്റിന്റെ 859 ഹെഡ്ഡിലെ ചെലവുകൾ പരിശോധിച്ചതിൽ, F.no.(edn) /12 (21)/12 EP&D dated 28/07/16 പ്രകാരം 1,00,000/- രൂപ ബെസ്റ്റ് ടീച്ചർ, ഗസ്റ്റ് ലക്ച്ചറർ, ഫാക്കൽറ്റി അവാർഡ് എന്നിവക്ക് വേണ്ടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ ഹെഡ്ഡിൽ വാങ്ങലുകൾ, ടി.എ അഡ്വാൻസ് എന്നിവയുടെ ചെലവുകൾ ബുക്ക് ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സി.ബി.വി.നം.	തുക/ചെക്ക് നം. തി.	വിശദവിവരം	ഉദ്ദേശ്യം
49/3-17	25,000/- 206148/07.03.17	ഡോ.എ.വി. സന്തോഷിന് അഡ്വാൻസ് നൽകിയത്	To attend accreditation board meeting of ICFRE on 13.03.17 at Dehradun
119/3-17	39,300/- 226870/27.03.17	കെ.എ.യു. പ്രസ്സ് മാനേജർക്ക് നൽകിയത്	2015-16 ലെ COF വെളളാനിക്കരയുടെ റിപ്പോർട്ട് അടിക്കുന്നതിന്
150/3-17	14,856/- 310686/31.03.17	ചെയർസോൺ എറണാംകുളം എന്ന സ്ഥാപനത്തിന് നൽകിയത്	അക്കാദമിക് സെൽ ക്ലാസ്സിലേക്ക് ഓഫീസ് ടേബിൾ വാങ്ങിയത്

227/3-17	2,363/- 371197/03.03.17	മെസ്സേഴ്സ് കമ്പ്യൂട്ടർ ഗാലറി,തൃശ്ശൂരിന് നൽകിയത്	കമ്പയൂട്ടർ ലാബിലെ റിമോട്ട് കൺട്രോൾ സിസ്റ്റം സർവ്വീസ് ചാർജ്ജ്
116/3-17	13,239/- 226867/22.03.17	M/S.sportex city centre thrissur -ന് നൽകിയത്	സ്പോർട്സ് ഐറ്റം വാങ്ങിയത്
250/3-17	5,242/- 371195/31.03.17	സ്റ്റെല്ലാർ ഡിജി ടെക് എന്ന സ്ഥാപനത്തിന് നൽകിയത്	സിൽവി കൾച്ചർ ഫോട്ടോകോപ്പിയർ റിപ്പയർ

2)സാലറി ഹെഡ്ഡ് 121 ൽ വാങ്ങലുകളുടെ ചെലവുകൾ, ടി.എ അഡ്വാൻസ് എന്നിവ ബുക്ക് ചെയ്തിരിക്കുന്നു.

സി. ബി.വി.നം.	തുക/ചെക്ക് നം. തി.	വിശദവിവരം	ഉദ്ദേശ്യം
116/3-17	35,474/- 226867/22.03.17	M/S.sportex city centre thrissur -ന് നൽകിയത്	സ്പോർട്സ് ഐറ്റം വാങ്ങിയത്
66/3-17	49,256/- 226834/08.03.17	ചെയർ സോൺ എറണാംകുളത്തിന് നൽകിയത്	സ്റ്റുഡന്റ്സ് ഡസ്ക് വാങ്ങിയത്
75/3-17	15,000/- 111112/17.02.17	ഡോ.എസ്. ഗോപകുമാറിന് TA അഡ്വാൻസ് നൽകിയത്	GI Registry of India ,chennai on 28.02.17

ഐ.സി.എ.ആർ. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവുകൾ ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

3-15) ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര

3-15-1) ജൂനിയർ, സീനിയർ ഫെലോഷിപ്പ് തുകകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന ജൂനിയർ, സീനിയർ ഫെലോഷിപ്പ് തുകകൾ ഓരോരുത്തരും കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ബാങ്ക് വഴിയാണ് തുക നൽകിയതെങ്കിൽ ഓരോ അക്കൗണ്ടിലും ക്രെഡിറ്റ് ചെയ്ത എന്ന് ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

ക്രമ നം.	CBV നം, തിയതി	തുക	ചെലവ് വിശദാംശങ്ങൾ
1	100/11-16, 7.11.16	18,000/-	SRF PhD student
2	103/11-16, 7.11.16	5,04,000/-	JF Msc 42 students
3	104/11-16, 7.11.16	30,000/-	JRF 2 students
4	105/11-16, 7.11.16	1,80,000/-	SF 10 PhD student
5	123/12-16, 15.12.16	7,08,000/-	JRF 59 Msc students
6	160/1-17, 27.1.17	12,000/-	JRF 1 student
7	242/3-17, 31.3.17	3,72,000/-	JF 31 Msc students
8	243/3-17, 31.3.17	4,56,000/-	JF 38 Msc students
9	264/3-17, 31.3.17	1,98,000/-	SF 11 PhD students

10	265/3-17, 31.3.17	2,04,000/-	SF 10 PhD students &JF 2 Msc students
11	122/12-16, 15.12.16	7,32,942/-	RAWE Stipend 63 students
12	257/3-17, 31.3.17	10,09,121/-	RAWE Stipend 63 students

തുകയുടെ വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതു വരെ 44,24,063/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-15-2) ഓണം അഡ്വാൻസ് നല്കിയത് തിരികെ ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര് - AICRP on STCR
ശീർഷകം 206-3-6676-120

മേൽ പ്രോജക്ടിൽ CBV No. 38-9/16 /8.9.16 പ്രകാരം ലാബ് അസിസ്റ്റന്റ് ഗ്രേഡ് -3 (സെല.ഗ്രേഡ്), ശ്രീ കെ.എ.വിനോദിന് ഓണം അഡ്വാൻസ് ഇനത്തിൽ 15000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ആയത് ഓഡിറ്റ് കാലയളവ് വരെ തിരികെ ഈടാക്കിയിട്ടില്ല . തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3-15-3) മുൻകൂറുകൾ തീർപ്പാക്കിയിട്ടില്ല

താഴെ പറയുന്ന മുൻകൂറുകൾ തീർപ്പാക്കിയിട്ടില്ല.

ക്രമ നം.	സി.ബി.വി. നം.	തിയതി	ശീർഷകം	പാർട്ടി	തുക
1	595/16-17	5-12-16	2208	ഡോ. കെ.അജിത്ത് കുമാർ	2,03,000/-
2	598/16-17	3-12-16	9090	ഡോ.സൈനാമോൾ കുര്യൻ	5,000/-
3	626/16-17	9-12-16	2014	ഡോ .ജെസി.കെ.തോമസ്	10,000/-

4	922/16-17	20-2-17	2014	ഡോ.ജിജി ജോസഫ്	20,000/-
5	998/16-17	8-3-17	5200	അസിസ്റ്റന്റ് മെറ്റീരിയോളജിസ്റ്റ് ,പൂണെ	2,370/-
6	1179/16-17	31-03-17	2208	ഡോ.ജിജു.പി.അലക്സ്	25,000/-
7	1255/16-17	31-03-17	2208	ഡോ.സുരേഷ് കുമാർ.പി.കെ	57,000/-
8	1340/16-17	31-03-17	2208	ഡോ.സുരേഷ് കുമാർ.പി.കെ ഡോ.രശ്മി വിജയരാഘവൻ ഡോ.മിനി ശങ്കർ ഡോ.സജി ഗോമസ്	10,000/- 10,000/- 10,000/- 10,000/-
9	1370/16-17	31-03-17	2014	ഡോ.ബെസ്റ്റി ബാസ്റ്റിൻ	6,500/-
10	61/17-18	24-5-17	2208	ഡോ.ജിജു.പി.അലക്സ്	1,50,000/-
11	101/17-18	14-6-17	9550	ഡോ.മിനി റോയ്	10,000/-

മുൻക്കൂറുകൾ തീർപ്പാക്കി അറിയിക്കേണ്ടതാണ്.

3-15-4) വിവിധ പ്രോജക്ടുകൾ - യാത്രാബത്ത നല്കിയത് ആകെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല

2016-17 വർഷത്തിൽ പൂർത്തിയാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ യാത്രാബത്ത നല്കിയത് ആകെ ചെലവിൽ ഉൾപ്പെടുത്തി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	ശീർഷകം	വൗച്ചർ നം./തീയ്യതി	ചെക്ക് നം./തീയ്യതി	തുക
Development of Technologies including alternatives for banned pesticides for the management of pests and diseases of of major crops in kerala.	9090	135-3/17/27.3.17	310662/27.3.17	8,250/-
KSCSTE-Standardisation and Documentation of Traditional foods on Indigenous Food sources	8072	143-3/17/27.3.17	310662/27.3.17	750/-
,,	,,	,,	,,	250/-
KSCSTE-Value addition and diversification of matured coconut water	8231	131-3/17/27.3.17	,,	2,750/-
KSCSTE-Process optimization and popularization of fruit based products using fruit pulp concentrator	8011	138-3/17/27.3.17	,,	250/-

മേൽ ചെലവുകൾ ആകെ ചെലവിൽ ഉൾപ്പെടുത്തുകയും വാർഷിക കണക്ക് പുന:പരിശോധിക്കേണ്ടതുമാണ്.

3-15-5) വാർഷിക കണക്ക് - അപാകതകൾ

1. UFAST ൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്ക് (Annual Bank transaction summary 2016-17), ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നം.	Closing balance as per bank book (UFAST)	Closing balance as per Actual bank pass book	വ്യത്യാസം	റിമാർക്സ്
67219141415 (EAP എക്കൗണ്ട്)	1,57,77,958	1,56,03,458	-1,74,500	
NSS എക്കൗണ്ട്	0.00	78,000	78,000	
67158906563	77,333	0.00	-77,333	
67251319874	3,02,573	3,68,076	65,503	
FD-006728 9020510	15,00,000	0.00	-15,00,000	ഈ FD 22/09/ 2014 ന് പിൻവലിച്ചിട്ടുള്ളതായി കാണുന്നു.
FD-671988 14041	9,56,038	11,71,598	2,15,560	

2. Annual bank & cash account summary 2016-17 പ്രകാരം, ക്യാഷ് ഇനത്തിൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

ക്രമ.നം.	ഇനം	നീക്കിയിരുപ്പ്.
1	Cash Book MAIN	64,50,187.88
2	EAP Cash Book	34,850
3	Station cash Book	7,53,414

എന്നാൽ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഉള്ളതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3-15-6) ചെലവ് തുക UFAST ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെപ്പറയുന്ന വൗച്ചർ പ്രകാരമുള്ള ചെലവുകൾ UFAST ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	സി.ബി.വി.നം., തിയതി	തുക	ശീർഷകം
1	134/3-17, 27.3.17	3,000	9017
2	168/3-17, 30.3.17	10,000	9515 (9028)
3	164/3-17, 24.3.17	27,934	2014
4	220/3-17, 31.3.17	38,507	"
5	211/3-17, 30.3.17	4,248	"
6	205/3-17, 30.3.17	5,763	"
7	203/3-17, 30.3.17	153	"
8	204/3-17, 30.3.17	74	"

9	206/3-17, 30.3.17	116	"
10	208/3-17, 30.3.17	100	"
11	218/3-17, 31.3.17	1,500	"
12	221/3-17, 31.3.17	54	"
13	219/3-17, 31.3.17	25,000	"
14	159/3-17, 24.3.17	900	"
15	142/1-17, 17.1.17	620	"
16	124/7-16, 21.7.16	nil	"
17	123/7-16, 21.7.16	nil	"
18	122/7-16, 21.7.16	nil	"
19	139/6-16, 13.6.16	nil	"
20	141/6-16, 13.6.16	nil	"
21	140/6-16, 13.6.16	nil	"
22	142/6-16, 13.6.16	nil	"
23	158/6-16, 17.6.16	nil	"
24	147/11-16, 11.11.16	nil	"
25	117/11-16, 7.11.16	nil	"

സ്ഥാപനത്തിന്റെ വാർഷികകണക്കിൽ മേൽപ്പറഞ്ഞ ചെലവുകൾ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-16) വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ

3-16-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെ പറയും വിധം തുക പൊതുമരാമത്ത് പ്രവൃത്തിക്കായി ഫിസിക്കൽ പ്ലാന്റ് ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം	തുക	ശീർഷകം	റിമാർക്സ്
179/3-17	1,44,414	9550	ഓഫീസ് കെട്ടിടം നവീകരണം

ആയതിന്റെ വിനിയോഗ വിവരങ്ങളും, പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

3-17) അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ, മണ്ണുത്തി

3-17-1) വാർഷിക കണക്കുകളിലെ അപാകതകൾ

UFAST ആനുവൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറി 2016-17 പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ താഴെ പറയും വിധം വ്യത്യാസമുണ്ട്.

അക്കൗണ്ട് നം.	ഓഫീസ് ബുക്ക് നീക്കിയിരിപ്പ് UFAST പ്രകാരം	ബാങ്ക് ബുക്ക് നീക്കിയിരുപ്പ് UFAST പ്രകാരം	ബാങ്ക് പാസ്സ് പ്രകാരമുള്ള നീക്കിയിരിപ്പ്
57036554933	9,11,254.13	(-)1,07,83,449	16,00,406.13
57036603314	28,88,694	43,24,614	23,89,862

UFAST പ്രകാരം ക്യാഷ് അക്കൗണ്ട് സ്റ്റേഷൻ നീക്കിയിരിപ്പ് 1,36,984/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 67,206/- രൂപയാണ്. വിശദീകരണം ലഭ്യമാക്കേണ്ടതും കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

3-17-2) 2014 ശമ്പള പരിഷ്കരണം – അലവൻസുകൾ അധിക നിരക്കിൽ അനുവദിച്ചത്

G.O.(P) നം.10/2016 തിയതി. 21.1.2016 ലെ നിർദ്ദേശമനുസരിച്ച് 2/2016 മാസം മുതൽ പരിഷ്കരിച്ച നിരക്കിലുള്ള അലവൻസുകൾക്ക് അർഹതയുണ്ട്. എന്നാൽ ATIC ജീവനക്കാർക്ക് 7/2014 മുതൽ പരിഷ്കരിച്ച നിരക്കിലുള്ള അലവൻസുകൾ കണക്കാക്കി മൊത്തം കുടിശ്ശികയുടെ നാലിലൊന്നു ഭാഗം 5/2017 ലെ ശമ്പള ബില്ലിനൊപ്പം അഡ്ജസ്റ്റ് ചെയ്ത് GPF ൽ വരവ് വെച്ചിട്ടുണ്ട്. HRA, CCA ഇനത്തിൽ അധികമായി അനുവദിച്ച തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി കംപ്ട്രോളറുടെ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. തുടർന്നു വരുന്ന തവണകളിലെ കുടിശ്ശിക ക്രെഡിറ്റ് ചെയ്യുമ്പോൾ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

3-17-3) മെഡിക്കൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല

എൽ.ഡി.വി ഡ്രൈവർ ശ്രീ.കെ.വി.അജിത്ത് കുമാറിന് സി.ബി.വി.നം. 22-12/16-17, തീയതി 30.12.16 പ്രകാരം 2,00,000/- രൂപ മെഡിക്കൽ അഡ്വാൻസായി നൽകിയതിൽ ചെലവാകാത്ത തുക 13,538/- രൂപ യൂണിവേഴ്സിറ്റിയിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ 1,86,462 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-17-4) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന തുകകളുടെ വിനിയോഗ വിവരങ്ങളും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	ശീർഷകം	തുക	സി. ബി.വി.നം.	തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ആവശ്യം
1	2121	8,50,000/-	23-1/16-17 25.1.17	ഡയറക്ടർ,ഫിസിക്കൽ പ്ലാന്റ് 63 KVA ജനറേറ്റർ വാങ്ങൽ, സ്ഥാപിക്കൽ
2	2069	10,000/-	22-7/16-17 18.7.16	ഡയറക്ടർ, ഫിസിക്കൽ പ്ലാന്റ് ATIC-CTI കൾവർട്ട് അധികച്ചെലവ്

3-17-5) ഇൻവോയ്സ് സെറ്റിൽമെന്റിന് പണം നൽകിയതിന് രസീതി ലഭ്യമാക്കിയിട്ടില്ല

ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് പണം നൽകിയതിന് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രസീതി ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	RFB നമ്പർ	സ്ഥാപനം	ചെക്ക് നമ്പർ	തുക
1	01/16-17	COH വെള്ളാനിക്കര	990648/13.04.16	6,891
2	02/16-17	IF വെള്ളാനിക്കര	990649/13.04.16	31,188
3	20/16-17	COA, വെള്ളായണി	964858/12.05.16	3,520
4	19/16-17	NARP(SR)	964857/12.05.16	3,278
5	16/16-17	KCAET തവന്നൂർ	964778/26.04.1	18,288

			6	
6	13/16-17	PRS പന്നിയൂർ	964775/26.04.16	17,480
7	12/16-17	IF വെള്ളാനിക്കര	990663/23.04.16	12,282
8	24/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	274481/19.05.16	29,412
9	26/16-17	AICRP onBCCP,COH, വെള്ളാനിക്കര	274483/19.05.16	3,562
10	27/16-17	Plant Pathology വകുപ്പ്,COH, വെള്ളാനിക്കര	274484/19.05.16	24,767
11	32/16-17	AMPRS ഓടക്കാലി	964896/24.05.16	1,817
12	29/16-17	PRS പന്നിയൂർ	964893/24.05.16	2,668
13	35/16-17	RARS പീലിക്കോട്	964899/24.05.16	13,133
14	36/16-17	Coconut Mission പീലിക്കോട്	969502/13.06.16	3,41,087
15	38/16-17	Plantation Crops&Spices വകുപ്പ്, COH,വെള്ളാനിക്കര	274507/15.06.16	6,583

16	40/16-17	PlantPathology വകുപ്പ്, COH,വെള്ളാനിക്കര	274509/15.06.16	13,799
17	39/16-17	COF,RF ,വെള്ളാനിക്കര	274508/15.06.16	17,940
18	41/16-17	Seed ProjectCOH, വെള്ളാനിക്കര	274510/15.06.16	5,520
19	45/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	274514/18.06.16	41,382
20	55/16-17	COF,RF ,വെള്ളാനിക്കര	274543/18.07.16	16,560
21	63/16-17	RARS പീലിക്കോട്	969888/26.07.16	33,811
22	64/16-17	COA പടന്നക്കാട്	969691/26.07.16	1,13,160
23	65/16-17	AMPRS ഓടക്കാലി	969687/26.07.16	18,952
24	66/16-17	KCAET തവന്നൂർ	969688/26.07.16	38,000
25	67/16-17	PRS പന്നിയൂർ	969689/26.07.16	1,966
26	68/16-17	NARP(SR)	969690/26.07.16	40,945
27	71/16-17	CPBMB	274555/28.07.16	10,350

28	72/16-17	COF,RF ,വെള്ളാനിക്കര	274556/28.07.16	23,667
29	79/16-17	AICRP onBCCP,COH, വെള്ളാനിക്കര	274563/28.07.16	5,575
30	80/16-17	Agronomy,COH, വെള്ളാനിക്കര	274564/28.07.16	26,363
31	82/16-17	Plantation Crops&Spices വകുപ്പ്, COH,വെള്ളാനിക്കര	274566/28.07.16	1,573
32	83/16-17	Plant Pathology വകുപ്പ്, COH,വെള്ളാനിക്കര	274567/28.07.16	14,963
33	86/16-17	CPBMB	622840/22.08.16	49,910
34	94/16-17	CCRP,വെള്ളാനിക്കര	622848/22.08.16	4,140
35	95/16-17	Plant Pathology വകുപ്പ്, COH,വെള്ളാനിക്കര	622849/22.08.16	2,636
36	99/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	622853/22.08.16	23,142
37	100/16-17	KVK അമ്പലവയൽ	969912/05.09.16	27,600
38	105/16-17	COA പടന്നക്കാട്	478019/29.09.16	1,22,788

39	106/16-17	RARS പീലിക്കോട്	478016/29.09.16	7,23,591
40	107/16-17	COA പടന്നക്കാട്	478017/29.09.16	1,71,450
41	109/16-17	Agri.Microbiology	622883/27.09.16	11,333
42	110/16-17	COF,RF ,വെള്ളാനിക്കര	622884/27.09.16	37,681
43	111/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	622885/27.09.16	39,777
44	116/16-17	Plant Pathology വകുപ്പ്,COH, വെള്ളാനിക്കര	622890/27.09.16	7,082
45	118/16-17	CCRP,വെള്ളാനിക്കര	622892/27.09.16	4,462
46	124/16-17	CPBMB	622897/27.09.16	15,847
47	123/16-17	KVK അമ്പലവയൽ	478018/29.09.16	14,969
48	126/16-17	ARS മണ്ണുത്തി	622919/28.10.16	88,514
49	128/16-17	AICRP onBCCP,COH, വെള്ളാനിക്കര	622921/28.10.16	29,212
50	129/16-17	Plantation Crops&Spices വകുപ്പ്,	622922/28.1016	2,912

		COH,വെള്ളാനിക്കര		
51	130/16-17	COF,RF ,വെള്ളാനിക്കര	622923/28.10.16	9,200
52	135/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	622928/28.10.16	10,070
53	136/16-17	Pomology	622929/28.10.16	61,410
54	142/16-17	COA പടന്നക്കാട്	478190/08.11.16	54,050
55	150/16-17	RARS പട്ടാമ്പി	478187/8.11.16	1,44,095
56	152/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	743845/19.11.16	50,987
57	156/16-17	AICRP onBCCP	743849/19.11.16	71,249
58	157/16-17	CPBMB	743850/19.11.16	35,848
59	163/16-17	Agronomy,COH	743856/19.11.16	3,420
60	164/16-17	Plantation Crops&Spices വകുപ്പ്, COH,വെള്ളാനിക്കര	743857/19.11.16	4,614
61	170/16-17	KVK കണ്ണൂർ	478071/30.11.16	19,950
62	172/16-17	KVK അമ്പലവയൽ	478073/30.11.16	88,633
63	178/16-17	ARS Mannuthy	743878/2012.16	2,26,154
64	183/16-17	Processing	743883/20.12.16	66,643

		teh.വകുപ്പ്,COH, വെള്ളാനിക്കര		
65	192/16-17	AICRP onBCCP	743892/20.12.16	8,550
66	213/16-17	,,	743926/25.01.17	31,187
67	217/16-17	Agronomy,COH	743930/25.01.17	29,735
68	223/16-17	Plantation Crops&Spices വകുപ്പ്, COH,വെള്ളാനിക്കര	179953/20.02.17	5,520
69	224/16-17	Agronomy,COH	179954/20.02.17	4,845
70	227/16-17	CPBMB	179957/20.02.17	23,000
71	234/16-17	Agri.Microbiology, COH	129978/17.03.17	7,481
72	235/16-17	Processing teh.വകുപ്പ്,COH, വെള്ളാനിക്കര	129979/17.03.17	17,936
73	237/16-17	AICRP onBCCP	129981/17.03.17	35,267
74	238/16-17	PPNMU	129982/17.03.17	21,518
75	240/16-17	Soil Science,COH	129984/17.03.17	24,510
76	241/16-17	Plantation Crops&Spices വകുപ്പ്, COH,വെള്ളാനിക്കര	129985/17.03.17	5,391
77	243/16-17	Agronomy,COH	129987/17.03.17	9,861

78	251/16-17	KCAET, Thavanur	478704/21.03.17	85,500
79	252/16-17	RARS ,Pilikode	478705/21.03.17	4,750
80	254/16-17	PRS Panniyur	478685/21.03.17	19,950

രസീതുകൾ ബന്ധപ്പെട്ട സ്റ്റേഷനുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

3-18) കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി,തവനൂർ

3-18-1) റ്റി എ ബില്ലുകൾ - സമയ പരിധി പാലിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(b) (ii) പ്രകാരം റ്റി എ ബില്ലുകൾ, റ്റി എ due ആയ തിയതി മുതൽ ഒരു വർഷത്തിനുള്ളിൽ claim സമർപ്പിക്കേണ്ടതും, റ്റി എ due ആയ തിയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ payment നടത്തേണ്ടതും ആണ്. എന്നാൽ താഴെപ്പറയുന്ന ബില്ലുകൾ payment നടത്തിയതിൽ ഈ സമയപരിധി ലംഘിച്ചതായി കാണുന്നു.

ക്രമ നമ്പർ	CBV No, date	തുക	യാത്ര ചെയ്ത മാസം	യാത്ര ചെയ്ത വ്യക്തി
1	74/12-16, 21.12.16	1,894	2/2014	ശ്രീമതി പ്രിയ.ജി.നായർ, അസി.പ്രൊഫസർ
2	75/12-16, 21.12.16	250	07/2011	ഡോ.എം.ശിവസ്വാമി. ഡീൻ.
3	76/12-16, 21.12.16	1,250	06/2011	ഡോ.എം.ശിവസ്വാമി.

				ഡീൻ.
4	77/12-16, 24.6.16	1,895	01/2011	ഡോ.എം.ശിവസ്വാമി. ഡീൻ.
5	78/12-16, 21.12.16	1,782.50	12/2010	ശ്രീമതി പ്രിയ.ജി.നായർ, അസി.പ്രൊഫസർ
6	91/12-16, 30.12.16	1,873	04/2012	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
7	90/12-16, 30.12.16	125	03/2012	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
8	92/12-16, 30.12.2106	125	08/2012	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
9	93/12-16 30.12.2016	125	02/2013	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
10	94/12-16, 30.12.2016	1,250	05/2013	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
11	95/12-16, 30.12.16	125	10/2012	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
12	97/12-16, 30.12.2016	2,596	02/2014	ഡോ.സത്യൻ കെ.കെ. അസോ.പ്രൊഫസർ
13	96/12-16, 24.6.16	2,290	10/2013&11/	ശ്രീ ഹാരിസ്.കെ

			2013	റഫറൻസ് അസിസ്റ്റന്റ്

ഇപ്രകാരം കാലഹരണപ്പെട്ട റ്റി എ ബില്ലുകൾ മാറുന്നതിന് പ്രത്യേക അനുമതി ആവശ്യമായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-18-2) ക്വാർട്ടേഴ്സിൽ കൂട്ടായ താമസ വ്യവസ്ഥയിൽ താമസിയ്ക്കുന്ന ജീവനക്കാരിൽ നിന്നും വീട്ടുവാടകബത്ത ഈടാക്കുന്നില്ല

ക്വാർട്ടേഴ്സിൽ കൂട്ടായ താമസ വ്യവസ്ഥയിൽ താമസിയ്ക്കുന്ന സ്ഥിരം ജീവനക്കാരിൽ നിന്ന് വാടക ഈടാക്കേണ്ടതില്ല എന്നും വെള്ളക്കരം 50/- രൂപ മാത്രം ഈടാക്കിയാൽ മതിയെന്നും അവർക്ക് വീട്ടുവാടകബത്തയ്ക്ക് അർഹതയുണ്ടാകില്ല എന്നും DPP യുടെ 14/12/2015 ലെ എ.6/402/2001 പരിപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെ.വി.കെ VI ക്വാർട്ടേഴ്സിൽ കൂട്ടായ താമസ വ്യവസ്ഥയിൽ താമസിയ്ക്കുന്ന ലാബ് അസിസ്റ്റന്റ് ശ്രീ.എം.വി.രാധാകൃഷ്ണനിൽ നിന്നും 2016-17 വർഷത്തിലെ ശമ്പളാനുകൂല്യങ്ങളിൽ നിന്ന് വാടകയായി 200/- രൂപാ ഈടാക്കുന്നുണ്ട്. എന്നാൽ വീട്ടുവാടകബത്ത കുറവു ചെയ്യുന്നതായി കാണുന്നില്ല. ആയതിനാൽ ശ്രീ.എം.വി.രാധാകൃഷ്ണനിൽ നിന്നും ഈടാക്കേണ്ട വീട്ടുവാടകബത്ത ഈടാക്കേണ്ടതും കൂടുതൽ ഈടാക്കിയ വാടക ക്രമീകരിയ്ക്കേണ്ടതുമാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം.	സി. ബി.വി.നം./ തിയതി.	ചെക്ക് നം.	വീട് വാടക ബത്ത (HRA)	ഈടാക്കിയ തുക (വാടക)	തിരികെ ഈടാക്കേണ്ട തുക
1	01/04-16 04/04/2016	192468	1500	150	1,350
2	26/5-16 03/05/2016	231906	1500	150	1,350
3	68/5-16 (SEL)	231925	1500	---	1,500

	25/05/2016				
4	7/06-16 01/06/2016	299186	1500	150	1,350
5	02/07-16 04/07/2106	299235	1500	150	1,350
6	03/08-16 01/08/2016	299270	1500	150	1,350
7	05/09-16 01/09/2016	397624	1500	150	1,350
8	18/10-16 01/10/2016	397674	1500	150	1,350
9	24/11-16 01/11/2016	500721	1500	150	1,350
10	22/12-16 01/12/2016	500761	1500	150	1,350
11	02/01-17 03/01/2017	500784	1500	150	1,350
12	03/02-17 01/02/2017	548414	1500	150	1,350
13	29/03-17	688614	1500	150	1,350

	02/03/2017				
ആകെ തിരികെ ഈടാക്കേണ്ട തുക					17,700

മേൽ സൂചിപ്പിച്ച തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-18-3) ഇ-ഗ്രാന്റ്സ് അക്കൗണ്ടിലെ ബാലൻസ് തുക

ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നം.30844171892, SBI പൊന്നാനി) 31-3-2017 ൽ 4,89,076.50/- രൂപ നീക്കിയിരിപ്പ് ഉണ്ട്. വിദ്യാർത്ഥികളുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ലഭിക്കുന്ന തുകയായതിനാലും അവർക്ക് വിതരണം ചെയ്യേണ്ടതിനാലും ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ടാകുവാൻ പാടുള്ളതല്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

3-18-4) ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുള്ള വാങ്ങലുകൾ

സി.ബി.വി.നം. 22/8-16, തീയതി 4.8.16, തുക 3,99,789/- രൂപ

ഡിഎച്ച്എം പ്രോജക്ടിന്റെ ഭാഗമായി പി ബ്ലോക്കിലെ രണ്ടാമത്തെ കുളത്തിന് ലൈനിംഗിനായുള്ള ഷീറ്റ് വിരിക്കുന്നതിന് മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം 3,99,789/- രൂപ ചെലവുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങലുകൾ നടത്തിയതിനാൽ ടെണ്ടർ ഫോമിന്റെ വില ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ട്. ആയതിനാൽ ഇപ്രകാരമുള്ള വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-18-5) പ്രൊമോഷൻ- ഉത്തരവ് തിയതിയ്ക്ക് ഒരു വർഷം മുമ്പുള്ള ശമ്പളകൂടിശ്ചികകൾ അനുവദിച്ചു

കെ.എസ്.ആർ (പാർട്ട് 1) റൂൾ 23 സി, 23 ഡി എന്നിവ പ്രകാരം (സർക്കാർ ഉത്തരവ്.(പി)നം.629/2010/ഫിൻ തി. 25.11.2017 പ്രകാരം കൂട്ടിചേർത്തത്) ഡ്യൂട്ടിയിൽ മാറ്റം വരാത്ത തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾക്ക് ഉത്തരവ് തിയതി മുതൽ പുറകിലേയ്ക്ക് ഒരു വർഷം വരെ മാത്രമെ ശമ്പളകൂടിശ്ചിക അനുവദിയ്ക്കാവൂ. എന്നാൽ താഴെ സൂചിപ്പിച്ച സ്ഥാനക്കയറ്റങ്ങൾക്ക് പ്രൊമോഷൻ തിയതി മുതൽ ശമ്പളകൂടിശ്ചിക അനുവദിച്ചതായി കാണുന്നു.

എ) യൂണിവേഴ്സിറ്റി ഉത്തരവ് നം.GA/B1/13008/11 തി.25.10.2014 പ്രകാരം ഫാം ഓഫീസർ(സെ.ഗ്രേ) തസ്തികയിൽ നിന്നും ഫാം മാനേജർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച ശ്രീ.അലിക്കുട്ടി, ശ്രീ അബൂബക്കർ എന്നിവർക്ക് പ്രൊമോഷൻ തിയതി മുതൽ ശമ്പളകൂടിശ്ചിക അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സി.ബി.വി. നം., തിയതി	ചെക്ക് നം./ തിയതി	ജീവനക്കാരുടെ പേര്	കൂടിശ്ചിക കാലയളവ്	തുക
1	130/6-16, 29.06.2016	29927/29.06.2016	ശ്രീ.അബൂബക്കർ ടി.പി.	01.04.2011 മുതൽ 25.10.2013 വരെ	57,475
2	131/6-16, 29.06.2016	29927/29.06.2016	ശ്രീ.അലിക്കുട്ടി. സി.പി.	01.07.2012 മുതൽ 25.10.2013 വരെ	25,635

ബി) യൂണിവേഴ്സിറ്റി ഉത്തരവ് നം.GA/B1/13007/11 തി.07.11.2014 പ്രകാരം ഫാം അസി. (വെറ്റി) (സെ.ഗ്രേ) തസ്തികയിൽ നിന്നും ഫാം സൂപ്പർവൈസർ (വെറ്റി) ഗ്രേഡ് II തസ്തികയിലേയ്ക്ക് 01.05.2011 മുതൽ പ്രൊമോഷൻ ലഭിച്ച ശ്രീമതി.ലക്ഷ്മി.എൻ.ടി യ്ക്ക് പ്രൊമോഷൻ തിയതി മുതൽ ശമ്പളകൂടിശ്ചിക അനുവദിച്ചുനൽകിയിട്ടുണ്ട്. ശമ്പളനിർണ്ണയം നടത്തിയ 17.12.2014 ലെ A2/6474/14 നമ്പർ ഉത്തരവിൽ 07.11.2013 മുതൽ മാത്രമേ

ശമ്പളകുടിശ്ശിക അനുവദിയ്ക്കാവൂ എന്ന് പ്രത്യേകം സൂചിപ്പിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സി.ബി.വി. നം., തിയതി	ചെക്ക് നം. / തിയതി	അനുവദിച്ച കുടിശ്ശിക	അനുവദിയ്ക്കാവുന്ന കുടിശ്ശിക	കൂടുതൽ അനുവദിച്ച തുക
1	03/9-16, 01.09.2016	397623 / 01.09.2016	1,14,130 (40,382+73,748) (01.05.2011 മുതൽ 30.11.2014 വരെ)	44,159 (07.11.2013 മുതൽ 30.11.2014 വരെ)	69,971

ഇപ്രകാരം ശമ്പളകുടിശ്ശിക അനുവദിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും കൂടുതൽ നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കേണ്ടതുമാണ്.

3-18-6) കൈപ്പറ്റ് രശീതി, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

ശീർഷകം -5200 -ഡെവലപ്മെന്റ് ഗ്രാന്റ്

മേൽ ശീർഷകത്തിലെ താഴെ ചേർത്തിരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട കൈപ്പറ്റ് രശീതി, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് .

ക്രമ നം.	സി.ബി.വി. നം./തീയതി	ചെക്ക് നം./തീയതി	തുക	റിമാർക്സ്
1.	21-2/17 / 6.2.17	671897/6.2.17	7,95,000/-	മെൻസ് ഹോസ്റ്റൽ റിനോവേഷന് ഡി.പി.പി, വെള്ളാനിക്കരയ്ക്ക് നല്കിയത്
2.	32-1/17 / 10.1.17	397789/10.1.17	4,75,000/-	എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ

3-19) കാലാവസ്ഥ വ്യതിയാന പഠന, ഗവേഷണ അക്കാഡമി, വെള്ളാനിക്കര

3-19-1) ഇ - ഗ്രാന്റ്സ് അക്കൗണ്ട് - നീക്കിയിരിപ്പ് അവശേഷിക്കുന്നു

അക്കാദമിയിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (എസ്.സി./എസ്.ടി. ഇ-ഗ്രാന്റ്സ്) തുക കൈകാര്യം ചെയ്യുന്നതിനായി എസ്.ബി. – 33151970255 എന്ന സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 2016-17 സാമ്പത്തിക വർഷത്തിൽ 13,89,043/- രൂപ വരവ് വന്നിട്ടുണ്ട്. ഈ തുകയിൽ ഫീസ് ഇനത്തിലുള്ള തുക സർവ്വകലാശാല അക്കൗണ്ടിൽ അടവാക്കിയും, സ്കോളർഷിപ്പ് തുക അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തും സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക അവശേഷിക്കാതെ സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ മേൽ അക്കൗണ്ടിൽ 70,632.50/- രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാന്റ് തുക മുഴുവനായും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-19-2) പി.ഡി. അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല

ഗ്രാജ്വേറ്റ് & പോസ്റ്റ്ഗ്രാജ്വേറ്റ് വിദ്യാർത്ഥികളിൽ നിന്ന് സ്പെഷ്യൽ ഫീ ഇനത്തിൽ 8 തരം ഫീസുകൾ വാങ്ങുന്നുണ്ട്. ഈ തുക പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ഒരു വർഷം ഈടാക്കുന്ന തുക അതാത് വർഷത്തെ ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കേണ്ടതുമാണ്. 25.07.2012-ലെ രജിസ്ട്രാറുടെ നടപടിക്രമം നമ്പർ Acad/B2/38920/2011 അനുസരിച്ച് ഓരോ കോളേജിലെയും ഡീൻ / അസോസിയേറ്റ് ഡീൻ എന്നിവരുടെ പേരിൽ ഉള്ള പി.ഡി. അക്കൗണ്ടിലേക്ക് സ്പെഷ്യൽ ഫീ അടക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഈ അക്കാദമിയിൽ സ്പെഷ്യൽ ഫീസുകൾ റിവോൾവിങ്ങ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവു ചെയ്തു വരുന്നു. സ്പെഷ്യൽ ഫീ ഇനത്തിൽ വാങ്ങുന്ന തുകകൾ പി.ഡി. അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റേണ്ടതാണ്.

3-19-3) നോൺ – പ്ലാൻ ഹെഡിൽ ചെലവുകൾ ബുക്ക് ചെയ്തിരിക്കുന്നു

2016-17 സാമ്പത്തിക വർഷത്തെ ഏസറിലെ പേയ്മെന്റ് സമ്മറി പരിശോധിച്ചതിൽ 1/17 മുതൽ ശമ്പള ഇനത്തിലെ ചെലവുകൾ (110, 120, 130, 910 എന്നീ ഹെഡുകൾ) നോൺപ്ലാൻ 001 - അക്കാഡമിക് പ്രോഗ്രാം എന്ന മെയിൻ ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു. (ചെലവ് - 17,25,338/- രൂപ). സെൽഫ് ഫിനാൻസിങ്ങ് രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് കംപ്ട്രോളറുടെ അക്കൗണ്ടിൽ നിന്നും തുകകൾ ഒന്നും നൽകിവരുന്നില്ല. സ്പെഷ്യൽ ഓഫീസർ, സൈന്റിഫിക് ഓഫീസർ എന്നിവരുടെ ശമ്പളം ഉൾപ്പെടെ നോൺ – പ്ലാൻ വിഭാഗത്തിൽ നിന്ന് നൽകുന്നതായാണ് പേയ്മെന്റ് സമ്മറിയിൽ കാണിച്ചിരിക്കുന്നത്. എന്നാൽ, ആർ.എഫ്. മോഡ് അക്കൗണ്ട് നമ്പർ 6977 ൽ നിന്ന് കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് (വിദ്യാർത്ഥികളുടെ ഫീസിനത്തിൽ ലഭിക്കുന്ന) തുക കൈമാറി ഈ തുക തന്നെ കറന്റ് അക്കൗണ്ടായ 7052 ലേക്ക് റിലീസ് ചെയ്യുകയാണ് ചെയ്യുന്നത്. ആയതിനാൽ നോൺ – പ്ലാൻ ഹെഡിൽ ചെലവ് ബുക്ക് ചെയ്യുന്നത് ക്രമവിരുദ്ധമാണ്. ആയത് ഇതിന്റെ തന്നെ ശീർഷകമായ 6154 ൽ ബുക്ക് ചെയ്യേണ്ടതാണ്.

3-19-4) വാർഷിക കണക്ക് - ക്ലോസിങ്ങ് ബാലൻസ് പൊരുത്തപ്പെടുന്നില്ല

2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ UFAST ലെ ആനുവൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറിയിലെ ഓഫീസ് ബുക്ക് പ്രകാരമുള്ള ആകെ ക്ലോസിങ്ങ് ബാലൻസും റസീപ്റ്റ് & പേയ്മെന്റ് സമ്മറിയിലെ ക്ലോസിങ്ങ് ബാലൻസും തമ്മിൽ വ്യത്യാസം കാണുന്നു.

	ബാങ്ക് ട്രാൻസാക്ഷൻ സമ്മറി	റസീപ്റ്റ് & പെയ്മെന്റ് സമ്മറി	വ്യത്യാസം
ക്യാഷ് ബാലൻസ്	1,10,01,198.75	1,12,23,259.75	2,22,061

നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യത്യാസം പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

3-20) AINP ഓൺ മെഡിസിനൽ & അരോമാറ്റിക്ക് പ്ലാന്റ്സ്, വെള്ളാനിക്കര

3-20-1) UFAST – Annual Bank Transaction Summary - കാലികമാക്കിയിട്ടില്ല

വാർഷിക കണക്കുമായി ബന്ധപ്പെട്ട UFAST – Annual Bank Transaction സംക്ഷിപ്തം കാലികമാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് കാലികമാക്കി അറിയിക്കേണ്ടതാണ്.

3-21) കമ്പോസ്റ്റ് എൻറിച്ച്മെന്റ് യൂണിറ്റ്, വെള്ളാനിക്കര

3-21-1) വാർഷിക കണക്കിലെ അപാകത

2016-17 വർഷത്തെ വാർഷിക കണക്ക് ഓഡിറ്റിന് ഹാജരാക്കിയതിൽ UFAST ൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്ക് (Annual Bank transaction summary 2016-17), ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ വ്യത്യാസമുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നം.	Closing balance as per bank book (UFAST)	Closing balance as per Actual bank pass book	വ്യത്യാസം
21690 (വെള്ളാനിക്കര സർവ്വീസ് കോ. ബാങ്ക്)	5,51,117	5,46,697	4,420
21936 (വെള്ളാനിക്കര സർവ്വീസ് കോ. ബാങ്ക്)	1,89,512	1,89,442	70

മേൽ വ്യത്യാസം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി അറിയിക്കേണ്ടതാണ്.

3-22) ബയോളജിക്കൽ കൺട്രോൾ ഓഫ് ക്രോപ്പ് പെസ്റ്റ്, വെള്ളാനിക്കര

3-22-1) ഏൺഡ് ലീവ് സറണ്ടർ ചെയ്തപ്പോൾ സ്പെഷ്യൽ അലവൻസുകൾ അനുവദിച്ചു

സി.ബി.വി. നം. 1/ 9-16 പ്രകാരം എൽ.ഡി.വി. ഡ്രൈവർ സീ.ഗ്രേ. (22,200 – 48,000) ശ്രീ.പ്രദീപ്.എം.ജി.യ്ക്ക് 2016-17 വർഷത്തെ ഏൺഡ് ലീവ് സറണ്ടർ നൽകിയിരിക്കുന്നു. കെ.എ.യു. ഡ്രൈവേഴ്സിന് അനുവദിച്ചിട്ടുള്ള സ്പെഷ്യൽ പേ 150/- രൂപ ഏൺഡ് ലീവ് സറണ്ടർ ചെയ്യുമ്പോൾ നൽകിയതായി കാണുന്നു. ജി.ഒ.(പി)932/86 (114) ഫിൻ. തീയതി. 22.12.06 പ്രകാരം കെ.എസ്.ആർ. പാർട്ട് 1 അപ്പന്റിക്സ് IV ക്ലാസ് 1 (ബി) പ്രകാരം ഡ്രൈവർമാർക്ക് നൽകി വരുന്ന സ്പെഷ്യൽ പേ ഏൺഡ് ലീവ് സറണ്ടർ ചെയ്യുമ്പോൾ നൽകുവാൻ പാടുള്ളതല്ല.

മേൽ രൂക കെ.എ.യു. ലെ ഡ്രൈവർ തസ്തികയിലുള്ളവർക്ക് നൽകി വരുന്നുണ്ടെങ്കിൽ മേലധികാരികൾ ആയത് വരും വർഷങ്ങളിൽ ഏൺഡ് ലീവ് സറണ്ടർ രൂകയിൽ നിന്ന് ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

3-22-2) യൂണിഫോം അലവൻസ് – നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സി.ബി.വി. നം. 10/9-16 പ്രകാരം എൽ.ഡി.വി. ഡ്രൈവർ ശ്രീ.പ്രദീപ്.എം.ജി.യ്ക്ക് 2,400/- രൂപ യൂണിഫോം അലവൻസ് അനുവദിച്ചിരിക്കുന്നു. എന്നാൽ യൂണിഫോം വാങ്ങിയ ബിൽ വൗച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. അലവൻസ് കൈപ്പറ്റുന്ന വ്യക്തി നിർബന്ധമായും ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കേണ്ടതാണ്. GO(P) no. 7/16/fin, dated 20.1.16 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3-23) കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

3-23-1) F.D അക്കൗണ്ട് UFAST ൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ട് നം. 67336224398 ആയി എസ്.ബി.ടി ഒല്ലൂക്കരയിൽ ഉള്ള എഫ്.ഡി 2016-2017 വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

കാലയളവ്	പലിശ	തുക	നിക്ഷേപിച്ച തിയതി	മെച്യൂരിറ്റി തിയതി
ഒരു വർഷം	6.75%	6,38,220	11.9.2016	11.9.2017

എഫ്.ഡി തുക 6,38,220/- രൂപ, 2015-16 വർഷത്തെ പലിശ 26,233/- രൂപ, 2016-17 വർഷത്തെ പലിശ 21,497/- രൂപ എന്നിവ UFAST ൽ ഉൾപ്പെടുത്തേണ്ടതാണ്.

3-23-2) ടൈബൽ സബ് പ്ലാൻ – 14,000/- രൂപ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല

ടൈബൽ സബ് പ്ലാൻ സ്കീമിന്റെ ഭാഗമായി ഏരിയ എക്സ്പാൻഷൻ നടത്തുന്നതിന് ആർ.എഫിൽ നിന്നും 350 കുരുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങിയ ഇനത്തിൽ സി.ബി.വി.നം. 19/3/16-17 പ്രകാരം 14,000/- രൂപ (ചെക്ക് നം. 864684/8.3.17) ടി.എസ്.പി അക്കൗണ്ട് നം. 0471 ൽ നിന്നും റിവോൾവിംഗ് ഫണ്ട് അക്കൗണ്ട് നം. 1793 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ടി പ്രൊജക്ടിന്റെ ചെലവ് പത്രികയിലോ വാർഷിക കണക്കിലോ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അറിയിക്കേണ്ടതാണ്.

3-23-3) പമ്പ് സെറ്റ് സ്ഥാപിക്കുവാൻ തുക നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി 9550 – കെ.എ.യു. - സ്റ്റേറ്റ് പ്ലാൻ പ്രോജക്ട് 2013-14

Statewise funding ongoing projects and micro infrastructure support during 2013-14

സി.ബി.വി. നമ്പർ - 76/ 3-16-17 – 40,300/- രൂപ

സി.ബി.വി. നമ്പർ - 77/3-16-17 – 1,24,700/- രൂപ

ആകെ 1,65,000/- രൂപ

ചെക്ക് നമ്പർ - 867421, തീയതി. 31.03.2017

കുരുമാവ് ഗവേഷണ കേന്ദ്രത്തിൽ പുതിയതായി കുഴിച്ച കുഴൽകിണറിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് മേൽപ്രകാരം തുക

നൽകിയെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3-23-4) റിവോൾവിംഗ് ഫണ്ടിന്റെ വരവ് - വാർഷികകണക്കിൽ വ്യത്യാസം

ആന്വൽ റിപ്പോർട്ട് (11.4.2017 ലെ CRM 449/16) പ്രകാരം വരവ് 36,55,192/- രൂപയാണ്. എന്നാൽ വാർഷികകണക്ക് പ്രകാരം വരവ് 38,15,572/- രൂപയാണ്. വ്യത്യാസം 1,60,380/- രൂപ.

കാഷ്യൂ ഗ്രാഫ്റ്റ് ആകെ ഉത്പാദനം	97162 എണ്ണം
വിൽപ്പന രസീത് പ്രകാരം (97162 എണ്ണം*40 രൂപ)	38,86,480/- രൂപ
ആന്വൽ സ്റ്റേറ്റ്മെന്റ് പ്രകാരം	29,27,544/- രൂപ
വ്യത്യാസം	9,58,936/- രൂപ

മേൽ സൂചിപ്പിച്ച വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3-23-5) തുക കൈമാറി - "സീലർ കം ഹീലർ " ലഭ്യമായില്ല

സി.ബി.വി. നം.10 -9/16 -17 പ്രകാരം എ.ഐ.സി.ആർ.പി. (ശീർഷകം 6631) ലേക്ക് "സീലർ കം ഹീലർ " വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം . (ഇല്ല) തിയതി 11.8.16 പ്രകാരം 4,100/- രൂപ (ചെക്ക് നം. 869247/7.9.16) ICAR Unit -IIHR, Banglore ന് ഡിമാൻഡ് ഡ്രാഫ്റ്റ് ആയി അയച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് ലഭ്യമായിട്ടില്ല. ആയതിനാൽ 4,100/- രൂപയുടെ ചെലവ് തടസ്സപ്പെട്ടുന്നു.

3-24) ഏലം ഗവേഷണ കേന്ദ്രം,പാമ്പാടുംപാറ

3-24-1) കരാറുകാരിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്കീമുകളുമായി ബന്ധപ്പെട്ട കരാർ ജോലിക്കാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്കീമിന്റെ പേര്	സി.ബി.വി. നം. & തിയതി	പാർട്ടി	തുക	ഈടാക്കേണ്ട ആദായ നികുതി.
1	9336-സ്ട്രെങ്തെനിങ്ങ് ഓഫ് എക്സിസ്റ്റിങ് പോണ്ട്സ് ഇൻ ദി സ്റ്റേഷൻ	178/3-17 & 31-3-17	ചക്കാലയിൽ എർത്ത് മൂവേർസ്	1,39,560	1,396
2	9550-കെ എ യു സ്റ്റേറ്റ് പ്ലാൻ പ്രൊജക്ട്-സ്റ്റേഷൻവൈസ് ഫണ്ടിങ് ഓൺ ഗോയിങ് റിസേർച്ച് പ്രൊജക്ട്സ് &മൈനർ ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട്	42/2-17 22-2-17	മധുസൂദനൻ പിള്ള	36,260	363
3	9338-നെറ്റ് വർക്ക് സെന്റർ പ്ലാന്റിങ് മെറ്റീരിയൽ പ്രൊഡക്ഷൻ	27/1-17 4-1-17	മധുസൂദനൻ പിള്ള	33,152	331
4	9338-നെറ്റ് വർക്ക് സെന്റർ പ്ലാന്റിങ് മെറ്റീരിയൽ പ്രൊഡക്ഷൻ	36/12-16	മധുസൂദനൻ പിള്ള	34,965	350

	ആകെ				2,440

ആദായ നികുതി നിയമം സെക്ഷൻ 194(c) പ്രകാരം കോൺട്രാക്ട്, വാടക, പലിശ, കമ്മീഷൻ എന്നി ഇനങ്ങളിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. പാൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

3-24-2) ഓട്ടോമാറ്റിക്ക് ലിക്വിഡ് ബോട്ടിലിംഗ് യൂണിറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

ബയോകൺട്രോൾ ലാബിന്റെ പ്രവർത്തനങ്ങൾക്കായി ബിൽ നമ്പർ 163, 164/3-2017 (ചെക്ക് നമ്പർ 580831/31.3.2017) പ്രകാരം 3,95,813/- രൂപ ചെലവഴിച്ചുകൊണ്ട് ഓട്ടോമാറ്റിക്ക് ലിക്വിഡ് ബോട്ടിലിംഗ് യൂണിറ്റ് ഈ കേന്ദ്രത്തിലേക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ഇത് അടിയന്തിരമായി ഇൻസ്റ്റാൾ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-24-3) സേവനപുസ്തകം പരിശോധന – രതീഷ്.എസ്, എൽ.ഡി.വി. ഡ്രൈവർ (സീനിയർ ഗ്രേഡ്)

ശ്രീ. രതീഷ്.എസ് ന്, എൽ.ഡി.വി ഡ്രൈവർ (സീനിയർ ഗ്രേഡ്) തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 03.06.2013 ൽ 11620 – 20240 രൂപ ശമ്പളനിരക്കിൽ 11,620/-രൂപ അടിസ്ഥാന ശമ്പളം നിർണ്ണയിച്ചനൽകിയിട്ടുണ്ട്. 01.04.2014 ന് അടുത്ത ഇൻക്രിമെന്റ് തീയതിയിലെ ശമ്പളം 11,920/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. പ്രൊമോഷന് ശേഷം 01.06.2014 ന് മാത്രമേ അടുത്ത ഇൻക്രിമെന്റ് തീയതിയിലെ ശമ്പളം 11,920/-രൂപ അനുവദിക്കാവൂ. തുടർന്ന് 01.07.2014 ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ചുള്ള ശമ്പളനിർണ്ണയത്തിന് ശേഷം പ്രീ റിവൈസ്ഡ് ശമ്പളനിരക്കിലെ ഇൻക്രിമെന്റ് തീയ്യതിയായ 01.06.2015 ന് മാത്രമേ അടുത്ത ഇൻക്രിമെന്റ് അനുവദിക്കാവൂ. എന്നാൽ 01.04.2015 ന് പുതുക്കിയ ശമ്പളനിരക്കിൽ ഇൻക്രിമെന്റ് നൽകിയിട്ടുണ്ട്. ഇത് 01.06.2015 ലേയ്ക്ക് പുന:ക്രമീകരിക്കേണ്ടതും കൂടുതൽ നൽകിയ ശമ്പളാനുകൂല്യങ്ങൾ തിരികെ ഈടാക്കേണ്ടതുമാണ്.

3-25) കെ എ യു എസ്റ്റേറ്റ്, വെള്ളാനിക്കര

3-25-1) കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല

താഴെ വിവരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട കൈപ്പറ്റ് രശീതികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	വൗച്ചർ നം./തീ.	തുക/ചെക്ക് നം.	ചെലവു വിവരം
1.	5-10/16/10.12.16	500/- 734718/10.12.16	യാത്രാ ബത്ത-ശശീന്ദ്രനാഥൻ. പി.എസ്, ഡ്രൈവർ
2.	3-11/16/1.11.16	16,600/- 734729/1.11.16	1. 9000/--ശശീന്ദ്രനാഥൻ. പി.എസ്, ഡ്രൈവർ-വേജസ് 2. 7600/-സിനി.പി.പി, കംപ്യൂട്ടർ അസിസ്റ്റന്റ്-വേജസ്
3.	5-11/16/1.11.16	600/- 734729/1.11.16	യാത്രാ ബത്ത-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
4.	4-12/16/3.12.16	9,900/- 977929/3.12.16	വേജസ്-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
5.	5-12/16/2.12.16	800/- 977728/2.12.16	യാത്രാ ബത്ത-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
6.	4-1/17/3.1.17	12,150/-	വേജസ്-

		977743/3.1.17	ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
7	5-1/17/4.1.17	1,400/- 977744/4.1.17	യാത്രാ ബത്ത-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
8	3-2/17/1.2.17	15,400/- 977754/1.2.17	വേജസ് -സിനി പി.പി,കംപ്യൂട്ടർ അസിസ്റ്റന്റ്-
9	4-2/17/1.2.17	13,650/- 977755/1.2.17	വേജസ്-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ
10	12-2/17/20.2.17	600/- 977763/20.2.17	യാത്രാ ബത്ത-ശശീന്ദ്രനാഥൻ.പി.എസ്, ഡ്രൈവർ

3-25-2) വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധികം തുക അടവാക്കുന്നു

എസ്റ്റേറ്റ് ഓഫീസ് ബിൽഡിങ്ങിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 2016-17 സാമ്പത്തിക വർഷം (കൺസ്യൂമർ നമ്പർ 57) 1,19,172/- രൂപ അടവാക്കിയിട്ടുണ്ട്. വ്യാവസായിക താരീഫിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കിയതിനാലാണ് ഇത്രയും തുക ഒടുക്കേണ്ടിവന്നത്. ഇതേ ബിൽഡിങ്ങിൽ തന്നെ മുൻ വർഷങ്ങളിൽ എസ്റ്റേറ്റ് ഫാക്ടറി പ്രവർത്തിച്ചതുകൊണ്ടാണ് വ്യാവസായിക താരീഫ് അടിസ്ഥാനത്തിൽ കറന്റ് ചാർജ്ജ് അടവാക്കിയിരുന്നത്. എന്നാൽ 19.11.2002 മുതൽ എസ്റ്റേറ്റ് ഫാക്ടറിയിലെ മെഷീനുകൾ പ്രവർത്തനരഹിതമായതിനാൽ ഫാക്ടറി നിർത്തലാക്കിയിട്ടുള്ളതാണ്. എന്നാൽ 2002 നവമ്പർ മുതൽ നാളിതു വരെ പ്രവർത്തിക്കാത്ത ഫാക്ടറിയുടെ വൈദ്യുതി ചാർജ്ജ് കൂടി വ്യാവസായിക താരീഫിൽ

ഉൾപ്പെടുത്തി പ്രതിമാസം അടച്ചുവരുന്നുണ്ട്. തൻവർഷം താഴെ ചേർക്കും പ്രകാരം തുക (1,19,172/-രൂപ) ചെലവഴിച്ചിട്ടുണ്ട്.

സിബിവി നം.	തിയ്യതി	തുക
10/4/16-17	11.04.16	7,100
11/5/16-17	10.05.16	7,100
12/6/16-17	09.06.16	7,921
13/7/16-17	19.07.16	12,161
16/08/16-17	12.08.16	13,187
09/10/16-17	05.10.16	9,373
14/10/16-17	21.10.16	12,734
12/11/16-17	08.11.16	11,197
14/12/16-17	13.12.16	8,494
11/1/16-17	11.01.17	27,322
09/03/16-17	06.03.17	2,583
ആകെ		**1,19,172**

ഈ ഇനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് പ്രതിമാസം ഒടുക്കിക്കൊണ്ടിരിക്കുന്ന അധികചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-26) സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി & മോളിക്കുലാർ ബയോളജി, വെള്ളാനിക്കര

3-26-1) വാർഷിക കണക്കുകളിലെ അപാകതകൾ

1) Annual receipt & payments summary 2015-16 പ്രകാരം നീക്കിയിരിപ്പ് 16,68,217/- രൂപയും auunal receipts & payments summary 2016-17 പ്രകാരം മുന്നിരിപ്പ് 83,79,96,962.71/- രൂപയും, annual bank & cash account summary 2016-17 പ്രകാരം മുന്നിരിപ്പ് 16,68,217/- രൂപയുമാണ്. മേൽ സൂചിപ്പിച്ച മുന്നിരിപ്പ് / നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) annual bank & cash account summary 2016-17 പ്രകാരം നീക്കിയിരിപ്പ് 13,39,794.25/- രൂപയും annual bank transaction summary 2016-17 പ്രകാരം നീക്കിയിരിപ്പ് 12,40,148.25/- രൂപയും annual receipts & payments summary 2016-17 പ്രകാരം നീക്കിയിരിപ്പ് 71,94,59,783.41/- രൂപയുമാണ്. മേൽ സൂചിപ്പിച്ച നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാർഷികകണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

3-26-2) വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക

സി. ബി. വി. നം. 73/1/2016-17 പ്രകാരം 4 ലക്ഷം രൂപ (ചെക്ക് നം 942391 തീയതി 18/1/17) കെ എ യു പ്രധാന ക്യാമ്പസിലെ HT കണക്ഷന്റെ (കോഡ് 135675000364) ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ കംപ്ട്രോളർക്ക് നൽകിയിട്ടുണ്ട്. 17.4.15 ലെ രജിസ്ട്രാറുടെ GA/B2/25444/14 നമ്പർ നടപടിക്രമമനുസരിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ ഐ.ടി.ബി.ടി കോംപ്ലക്സ് 4 ലക്ഷം രൂപയും, സെന്റർ ഫോർ ഇ-ലേർണിംഗ് 1.5 ലക്ഷം രൂപയും കംപ്ട്രോളർക്ക് നൽകണമെന്നും, ബാക്കി തുക കംപ്ട്രോളർ അടവാക്കും എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 25.09.17 ലെ ഡി പി പി യുടെ നം എ 6/4637/17(iv) കത്ത് പ്രകാരം 15.09.17 വരെയുള്ള കുടിശ്ശിക 16,03,438/- രൂപ അടവാക്കണമെന്നാണ് അറിയിച്ചിരിക്കുന്നത്. കംപ്ട്രോളർക്കു കൈമാറിയ 4 ലക്ഷം രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കംപ്ട്രോളർക്കു കൈമാറിയ 4 ലക്ഷം രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യാത്തതിന് കാരണം വിശദമാക്കേണ്ടതും, ഉപഭോഗത്തിന് അനുസൃതമായ വൈദ്യുതി ചാർജ് മാത്രം അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-26-3) കുഴൽകിണർ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സി ബി വി നം 12/03/16-17 പ്രകാരം 1,00,000/- രൂപ സി പി ബി എം ബിയുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടിൽ കുഴൽ കിണർ കുഴിക്കുന്നതിനും, ടോയ്ലറ്റ് നിർമ്മിക്കുന്നതിനും ഡി പി പിയ്ക്ക് കൈമാറിയിട്ടുണ്ട് (9338 – സീഡ് & നഴ്സറി പ്രോഗ്രാം, ചെക്ക് നം - 131292 തിയതി 03.03.17). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-27) സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി & ഇൻസ്ട്രുമെന്റേഷൻ, വെള്ളാനിക്കര

3-27-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.സി.ബി.വി 34/16-17, തീയതി 31.3.17 പ്രകാരം 1,00,000/- രൂപ ട്രെയിനിംഗ് റൂമിന്റെ നിർമ്മാണത്തിനായി ഫിസിക്കൽ പ്ലാന്റ് ഡയറക്ടർക്ക് മുൻകൂർ നൽകിയതായി കാണുന്നു. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങൾ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-28) ഫ്ലോറിക്കൾച്ചർ ഇംപ്രൂവ്മെന്റ് പ്രോജക്ട്, വെള്ളാനിക്കര

3-28-1) അനിയന്ത്രിതമായി മുൻകൂർ പണം പിൻവലിയ്ക്കുന്നു

സംസ്ഥാനാവിഷ്കൃത പദ്ധതി – "Introduction, evaluation and large scale production of exotic cut flower and foliage."

2016-17 സാമ്പത്തിക വർഷം മേൽ സൂചിപ്പിച്ച പ്രൊജക്ടിന്റെ നടത്തിപ്പിനായി അഡ്വാൻസ് രജിസ്റ്റർ അനുസരിച്ച് 3,22,000/- രൂപ വിവിധ വൗച്ചറുകളിലായി മുൻകൂർ അനുവദിച്ചിട്ടുണ്ട്. ഈ മുൻകൂർ തുകകളെല്ലാം 2016-17 വർഷം തന്നെ ക്രമീകരിച്ചതായും കാണുന്നു. എന്നാൽ ഇത്രയും തുക മുൻകൂർ കൈപ്പറ്റി, ഗുണഭോക്താക്കൾക്ക് നേരിട്ട് പണമായി നൽകുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് പണമായി നൽകുന്നതിനു പകരം, ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന പണം നൽകിയാൽ അനിയന്ത്രിതമായി മുൻകൂർ കൈപ്പറ്റുന്നത് ഒഴിവാക്കാവുന്നതാണ്. പദ്ധതി പണം കാര്യക്ഷമമായി ചെലവഴിയ്ക്കുന്നതിന് മുൻകൂർ തുക കൈപ്പറ്റുന്നത് പരമാവധി ഒഴിവാക്കേണ്ടതും, ഗുണഭോക്താക്കൾക്ക് ഇ – ട്രാൻസ്ഫർ മുഖേന പണം നൽകേണ്ടതുമാണ്.

3-28-2) വാർഷിക കണക്ക് - അപാകത

2016-17 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം, വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്കിലെ (എസ്.ബി. അക്കൗണ്ട് നം. 1792) അക്കൗണ്ടിൽ 1,60,366/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു അക്കൗണ്ട് നിലവിലില്ല. 11.05.2015 ൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്യുകയും അക്കൗണ്ടിലുണ്ടായിരുന്ന 1,84,449/- രൂപ കെ.എ.യു. ക്യാമ്പസിലെ എസ്.ബി.ടി ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട് (അക്കൗണ്ട് നം. 67320980929). ആയതിനാൽ നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക കണക്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-28-3) യാത്രാബത്ത ബില്ലുകളിൽ വാഹന വാടക ഉൾപ്പെടുത്തുന്നു

ക്രമ നം.	വൗച്ചർ നമ്പർ, തീയതി	തുക	ചെക്ക് നമ്പർ/ തീയതി
1	സി.ബി.വി. നം. 48/ 9-16-17, 30/09/2016	7,425/-	580441/30.09.16
2	സി.ബി.വി. നം. 49/ 9-16-17, 30/09/2016	4,300/-	
3	സി.ബി.വി. നം. 50/ 09-16-17, 30/09/2016	4,375/-	

പദ്ധതി : GOK Plan Project – Introduction, evaluation and large scale production of exotic cut flower and foliage.

മേൽ സൂചിപ്പിച്ച യാത്രാബത്ത ബില്ലുകളിൽ, വിവിധ സ്ഥലങ്ങളിലേയ്ക്കായി നടത്തിയ യാത്രകൾക്കായി വാഹനം വാടകയ്ക്ക് വിളിച്ച തുകകൾ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. എന്നാൽ കേരളത്തിനു പുറത്ത് വൻനഗരങ്ങളിൽ മാത്രമാണ് ഗ്രേഡ് 1 ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് വിളിയ്ക്കാവുന്നത്. പദ്ധതികളുടെ ഭാഗമായി നടത്തുന്ന ഫീൽഡ് സന്ദർശനങ്ങൾക്കുള്ള വാഹന വാടക ഉൾപ്പെടുത്തുന്നതിനായി ഈ പ്രൊജക്ടിൽ 319-31-9313-330 എന്ന ശീർഷകം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ വാഹനവാടക ഉൾപ്പെടുത്താതെ, യാത്രാബത്തയ്ക്കുള്ള ശീർഷകമായ 319-31-9313-300 ൽ ആണ് ഉൾപ്പെടുത്തുന്നത്. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിന്റെ യഥാർത്ഥ ഇനം

തിരിച്ചുള്ള കണക്കുകളിൽ പൊരുത്തക്കേട് സംഭവിയ്ക്കുന്നു. ചെലവിനങ്ങളുടെ ഓരോ ശീർഷകത്തിലും ബജറ്റ് വിഹിതം ഉള്ളതിനാൽ ഓരോ ചെലവും അതത് ശീർഷകത്തിൽ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

3-29) പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം

3-29-1) വാർഷിക കണക്ക് – അപാകതകൾ

1) മുന്നിരിപ്പ് /നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം

കേന്ദ്രത്തിന്റെ 2016-17 വാർഷിക കണക്കിൽ 'cash' ഇനത്തിൽ 5,03,698/- രൂപ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനത്തിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ടി ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

2) പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2016-17 വർഷത്തെ ആകെ പിൻവലിച്ച തുക 44,03,287/- രൂപയാണ് എന്നാൽ Annual Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 57,09,488/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary പ്രകാരം	വ്യത്യാസം
44,03,287	57,09,488	13,06,201

UFAST പ്രകാരം തയ്യാറാക്കിയിട്ടുള്ള ടി സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന പിൻവലിച്ച തുകയിലുള്ള വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

3) ഡെപ്പോസിറ്റ്, പിൻവലിക്കൽ തുകകൾ - അപാകതകൾ

കേന്ദ്രത്തിന്റെ 2016-17 വാർഷിക കണക്കിൽ 'cash' ഇനത്തിൽ 11,40,637/- രൂപ deposit, withdrawals ഇനത്തിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ടി ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

3-30) സീഡ് ടെക്നോളജി യൂണിറ്റ്, സി. ഒ. എച്ച്, വെള്ളാനിക്കര

3-30-1) യഥാർത്ഥ നീക്കിയിരിപ്പു തുക, വാർഷികകണക്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

2016-17 വാർഷികകണക്ക് പ്രകാരമുള്ള ബാങ്കുകളിലെ നീക്കിയിരിപ്പ് തുകകൾ ബാങ്കിലെ യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	അക്കൗണ്ട് നം.	യഥാർത്ഥ നീക്കിയിരിപ്പ്	യു ഫാസ്റ്റ് വാർഷിക കണക്കിലെ നീക്കിയിരുപ്പ്
1	67218420331	3,04,913	12,60,361
2	67250895087	25,16,705	24,93,347

വാർഷിക കണക്കിലെ നീക്കിയിരുപ്പും യഥാർത്ഥ നീക്കിയിരുപ്പും തമ്മിലുള്ള ഈ വ്യത്യാസം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-31) ഇൻഫർമേഷൻ കം സെയിൽസ് സെന്റർ, കോഴിക്കോട്

3-31-1) ടിപ്പ് ഷീറ്റുകൾ ശേഖരിച്ച് സൂക്ഷിക്കുന്നില്ല

വിപണന കേന്ദ്രത്തിൽ വിൽപ്പനയ്ക്കായി നടീൽ വസ്തുക്കളും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും ശേഖരിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റിയുടെ വിവിധ സ്റ്റേഷനുകളിലേക്ക് യാത്രകൾ നടത്തിയിട്ടുണ്ട്. വാടകയ്ക്ക് എടുത്ത വാഹനങ്ങളിലാണ് പ്രസ്തുത യാത്രകൾ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം യാത്രകളുടെ തെളിവിനായി ടിപ്പ് ഷീറ്റുകൾ ശേഖരിച്ച് സൂക്ഷിച്ച് കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുപോലെതന്നെ ഓരോ യാത്രയിലും വിവിധ സ്റ്റേഷനുകളിൽ നിന്ന് വാങ്ങിയ വസ്തുക്കളുടെ ഒരു സംക്ഷിപ്തം തയ്യാറാക്കി യാത്രാ ചെലവ് സംബന്ധിച്ച ബില്ലിനൊപ്പം സൂക്ഷിക്കേണ്ടതാണ്. (നിലവിൽ, വിവിധ സ്റ്റേഷനുകളിലേക്കുള്ള ചെലവ്

ബില്ലുകൾക്കൊപ്പം സൂക്ഷിക്കുന്ന ഇൻവോയ്സുകളിൽ മാത്രമാണ് ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ യാത്രയുമായി ബന്ധപ്പെട്ട വരവും ചെലവും താരതമ്യം ചെയ്യുന്നതിന് മേൽ പറഞ്ഞവിധത്തിലുള്ള സംക്ഷിപ്തം സഹായകമാണ്.)

3-31-2) വാർഷിക കണക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

സ്ഥാപനത്തിന്റെ പ്രവർത്തനം റിവോൾവിംഗ് ഫണ്ട് രീതിയിലാണ് തുടർന്നുവരുന്നത്. സ്ഥാപനത്തിന്റെ യഥാർത്ഥ വരവുചെലവു കണക്കുകൾ താഴെപറയും പ്രകാരമാണ്.

മുൻബാക്കി	**2,27,787**
വരവ്	
പലിശ	27,974
ഫണ്ട് ട്രാൻസ്ഫർ	1,30,000
രസീറ്റ്	13,56,056
ആകെ	**17,41,817**
ചെലവ്	
ജനറൽ പെയ്മെന്റ്	1,37,513
ഇന്റേണൽ പെയ്മെന്റ്	13,02,640
ഫണ്ട് ട്രാൻസ്ഫർ	1,50,000
നീക്കിയിരുപ്പ്	**1,51,664**

2016-17 വർഷത്തെ വാർഷികകണക്ക് പ്രകാരം ആകെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് ജനറൽ പെയ്മെന്റ് ഇകയായ 1,37,513/- രൂപ മാത്രമാണ്. റിവോൾവിംഗ് ഫണ്ട് പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന ഉൽപന്നങ്ങൾക്കായി ചെലവഴിച്ച 13,02,640/- രൂപ (ഇന്റേണൽ

പെയ്മെന്റ്) സ്ഥാപനത്തിന്റെ മൊത്തം ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ, യഥാർത്ഥ വരവുചെലവുകൾ പ്രതിഫലിയ്ക്കും വിധം തയ്യാറാക്കേണ്ടതാണ്.

3-32) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി

3-32-1) വാർഷിക കണക്കിലെ ബാങ്ക് നീക്കിയിരിപ്പ്, യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പമുള്ള annual bank transaction summary യിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ വർഷാന്ത്യ നീക്കിയിരിപ്പ് യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട് നമ്പർ	annual bank transaction summary യിലെ ബാങ്ക് നീക്കിയിരിപ്പ്	യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പ്
1	57061805446, സ്റ്റേഷൻമെയിൻ	63,69,741	48,49,332
2	67170405981, Diploma RF	26,77,783	17,48,510
3	67218634569, EAP	65,06,558	31,47,825
4	67237673436, 100 crore grant	1,88,649	1,95,321

5	67338042021, RF-NSP BSP	6,74,324	1,000

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-32-2) നെൽ വിത്ത് ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് – ICAR സീഡ് പ്രോജക്ട് -സീഡ് പ്രൊഡക്ഷൻ ഇൻ അഗ്രികൾച്ചറൽ ക്രോപ്സ് & ഫിഷറീസ് ,
ശീർഷകം -[5006]-6521

മേൽ പ്രോജക്ടിൽ സി.ബി.വി.നം. 398-3/17/31.3.17 പ്രകാരം 15,232/- രൂപ (ചെക്ക് നം.562195/31.3.17) സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി എന്ന സ്ഥാപനത്തിന് നെൽ വിത്ത് വാങ്ങുന്നതിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി നെൽവിത്ത് ലഭ്യമായിട്ടില്ല. ആയതിനാൽ 15,232/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

3-32-3) ബാർകോഡ് ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് – ICAR Seed Project – Seed Production in Agricultural Crops & Fisheries

ശീർഷകം – 5006 / 6521

സി.ബി.വി.നം. 414-3/17 /31.3.17

മേൽ വൗച്ചർ പ്രകാരം, പ്രൊഫോർമ ഇൻവോയ്സ് നം .DSS/16-17 / 139/31.3.17 അനുസരിച്ച് 53,583 /-രൂപ (ചെക്ക് നം. 562206/31.3.17) M/S Dynamic Sales and Services Matrukrupa, Gat No.102/2A, Plot-21 ,Dangat Mala MIDC, Ahamednagar എന്ന സ്ഥാപനത്തിന് ബാർ കോഡ് പ്രിന്റർ, ബാർ കോഡ് ലേബൽ, ബാർ കോഡ് റിബ്ബൺ എന്നിവ വാങ്ങുന്നതിന് തുക നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സാധനങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ 53,583/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-33) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്

3-33-1) വാർഷിക കണക്കുകളിലെ അപാകതകൾ

2016-17 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമനം.	ഇനം	യഥാർത്ഥ നീക്കിയിരിപ്പ് (രൂപ)	UFAST Annual Bank & cash Account summary (രൂപ)
1	SB a/c - 101	ഇല്ല	5.95
2	Permanent Advance Register	2,000	ഇല്ല
3	Cash Book	ഇല്ല	5,81,312

3-34) നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്

3-34-1) റൈസ് ബോട്ട് അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

പ്രൊഫസർ & ഹെഡിന്റെ 11.05.2015 ലെ ബി/1713/2007 നമ്പർ ഉത്തരവ് പ്രകാരം സുഷമ എഞ്ചിനിയറിംഗ് വർക്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 12,49,200/- രൂപയ്ക്ക് വർക്ക് ഓർഡർ നൽകുകയുണ്ടായി. 1,45,700/- രൂപ പാർട്ട് ബിൽ ആയി അനുവദിക്കുകയും ചെയ്തു. റൈസ് ബോട്ടിന്റെ അറ്റകുറ്റപ്പണി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. എത്രയും വേഗം ബോട്ട് അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-35) എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളായണി

3-35-1) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് - ചട്ടങ്ങൾ പാലിക്കാതെ തുക അനുവദിച്ചു

15.02.2007 ലെ ജി.ഒ(പി)നം.60/2007/ഫിൻ ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് അറ്റൻഡൻസ് റൂൾസ്, യൂണിവേഴ്സിറ്റി ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. സി.ബി.വി.നം.11/5-16, 15/6-16 എന്നിവ പ്രകാരം യഥാക്രമം 58,528/-, 28,551/- രൂപ ശ്രീ.സലിം പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനിയർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ എന്ന സ്വകാര്യ ആശുപത്രിയിലാണ് ചികിത്സ നടത്തിയിട്ടുള്ളത്. കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ സർവ്വീസ് റൂൾസ് പ്രകാരം സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്യുകൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത് ആവശ്യമാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സക്കായി ഗവൺമെന്റ് ഡോക്ടറുടെ റഫറൻസ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 87,079/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-36) ക്രോപ്പിംഗ് സിസ്റ്റം റിസേർച്ച് സ്റ്റേഷൻ, കരമന

3-36-1) വിപണന കേന്ദ്രം/കുൺ ഉൽപ്പാദന കേന്ദ്രം - നിർമ്മാണം ഫലപ്രദമായി പൂർത്തീകരിച്ചിട്ടില്ല

2016-17 ൽ നൽകിയ 20,00,000/- രൂപ ഉൾപ്പടെ 40,00,000/- രൂപ വിപണന കേന്ദ്ര നിർമ്മാണത്തിനായി കുമരകം ഡിവിഷണൽ എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ട്. 2013 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിപണനകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള ഡീപ്പ് ഫ്രീസർ, റഫ്രിജറേറ്റർ എന്നിവയിൽ പരിമിത എണ്ണം നീര സിപ്പ് അപ്പ് മാത്രം സൂക്ഷിക്കുവാനാണ് ഉപയോഗിക്കുന്നത്. കുൺ നിർമ്മാണ യൂണിറ്റിനായി കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിർമ്മാണ പദ്ധതികൾ തയ്യാറാക്കുമ്പോൾ യഥാസമയം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകുന്നു എന്നും പ്രയോജനപ്രദമാണെന്നും ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3-36-2) ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി. ഈടാക്കിയ തുകകൾ തിരിച്ചു വാങ്ങിയിട്ടില്ല

എസ്.ബി.റ്റി. യുമായി 26.02.2015 ൽ ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം സർവ്വകലാശാലയ്ക്കും അതിന്റെ വിവിധ സ്ഥാപനങ്ങൾക്കും കൂടി നൽകുന്ന എല്ലാ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കുന്നതല്ല എന്ന് എസ്.ബി.റ്റി. സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി എസ്.ബി.റ്റി. (കരമന ബ്രാഞ്ച്) ബാങ്ക് ചാർജ്ജ് ഇനത്തിൽ ആകെ 1,076/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൗണ്ട് നമ്പർ	തുക (രൂപ)
1.	57000867742(CA)	972
2.	67365167026	104
	ആകെ	**1,076**

1,076/- രൂപ എസ്.ബി.ഐ. യിൽ നിന്നും റീഫണ്ട് ചെയ്ത് വാങ്ങേണ്ടതാണ്. (01.04.2017 മുതൽ എസ്.ബി.റ്റി. യെ എസ്.ബി.ഐ. യിൽ ലയിപ്പിച്ചിട്ടുണ്ട്)

3-36-3) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സ്പെഷ്യൽ അലവൻസുകൾ അനുവദിച്ചു

സ.ഉ.(അച്ചടിച്ചത്) നം.10/2016/ ധന തിയതി 21.01.2016 പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാല ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് (ഖണ്ഡിക 17) പ്രകാരം സർവ്വകലാശാലയിൽ നൽകിവരുന്ന വിവിധ അലവൻസുകൾ, സ.ഉ.(അച്ചടിച്ചത്) നം.7/2016/ധന തിയതി 20.01.2016 ന് അനുസൃതമായി (ഇതിൽ അർഹതയുളളവരുടെ തസ്തികകൾ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്) നൽകേണ്ടതാണെന്നും, അതിനായി സർവ്വകലാശാല പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാല തലത്തിൽ അപ്രകാരം പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മേൽ സർക്കാർ ഉത്തരവിൽ (സ.ഉ. (അച്ചടിച്ചത്) നം.7/2016/ധന തിയതി 20.01.2016) പ്രത്യേക അലവൻസിന് അർഹതയുളളതായി പ്രസ്താവിക്കപ്പെട്ട തസ്തികകളില്ലാതെ ജോലി ചെയ്യുന്നവർക്കും സ്പെഷ്യൽ അലവൻസ് എന്ന ഇനത്തിൽ 150/- രൂപ വീതം നൽകി വരുന്നു.

ഇപ്രകാരം പ്രത്യേക അലവൻസുകൾ നൽകുന്നത് മേൽ പ്രസ്താവിക്കപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാകയാൽ, ഈ നടപടി ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-37) ECF യൂണിറ്റ്, തിരുവല്ല

3-37-1) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ചതിലെ അപാകതകൾ

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.378/2012/H&FWD തിയതി 07.11.2012 പ്രകാരം 10,000/- രൂപ മുതൽ 1,00,000/- രൂപ വരെയുള്ള മെഡിക്കൽ ക്ലെയിമുകൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ആവശ്യമാണ്. എന്നാൽ താഴെ സൂചിപ്പിച്ചിട്ടുള്ള ക്ലെയിമുകൾക്ക് ഡി.എം.ഒ യുടെ പരിശോധന ഇല്ലാതെ തുക അനുവദിച്ചു നൽകിയതായി കാണുന്നു.

സി.ബി.വി.നം.	പേര്, ഉദ്യോഗപ്പേര്	ചികിൽസിച്ച ആശുപത്രി	തുക
18-1/16-17	ഡോ.തോമസ് മാത്യു പ്രൊഫസർ & ഹെഡ്	St.Gregorious Medical Mission	43,189
19-1/16-17	മാത്യു തോമസ്.സി, ഫാം മാനേജർ	Welfast Medical Centre	23,826
20-1/16-17	ഡോ.തോമസ് മാത്യു പ്രൊഫസർ & ഹെഡ്	ലഭ്യമല്ല	16,445

ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കേണ്ടതാണ്.

3-38) ഫാമിംഗ് സിസ്റ്റം റിസേർച്ച് സ്റ്റേഷൻ, സദാനന്ദപുരം

3-38-1) ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി. ഈടാക്കിയ തുകകൾ തിരികെ വാങ്ങിയിട്ടില്ല

കേരള കാർഷിക സർവ്വകലാശാല 26.02.2015 ൽ എസ്.ബി.റ്റി. യുമായി ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻന്റിംഗ് പ്രകാരം സർവ്വകലാശാലയ്ക്കും അതിന്റെ വിവിധ സ്ഥാപനങ്ങൾക്കും കൂടി നൽകുന്ന എല്ലാ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇതിന് വിരുദ്ധമായി ബാങ്ക് ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ഈടാക്കിയിരിക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൗണ്ട് നമ്പർ	തുക (രൂപ)
1.	57022876504	2,012.50
2.	570228	977.50
	ആകെ	**2,990.00**

01.04.2017 മുതൽ എസ്.ബി.റ്റി. യെ എസ്.ബി.ഐ. യിൽ ലയിപ്പിച്ചിട്ടുണ്ട്. ആയതിനാൽ എസ്.ബി.ഐ. യിൽ നിന്നും 2,990/- രൂപ റീഫണ്ട് ചെയ്യേണ്ടതാണ്.

3-38-2) റബ്ബർ ഷീറ്റുകൾ നിർമ്മിച്ച് യഥാവിധി പരിപാലിക്കാതെ വിൽപ്പന നടത്തി

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ റബ്ബർ തോട്ടത്തിൽ ആകെ 960 റബ്ബർ മരങ്ങൾ ഉണ്ട്. ഇവയിൽ നിന്നും തൻവർഷം ആകെ 2282 കി.ഗ്രാം റബ്ബർ ഷീറ്റുകൾ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം V ഗ്രേഡ് ഷീറ്റുകളായിട്ടാണ് നിർമ്മിച്ചിട്ടുള്ളത് 1321 കി.ഗ്രാം ഷീറ്റുകൾ ഗ്രേഡ് ഇല്ലാത്ത വിലയ്ക്ക് വിൽക്കേണ്ടി വന്നതിലൂടെ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിൽപ്പന നടത്തിയ ഷീറ്റുകളുടെ നിലവാരം	ആകെ തുക്കം (കി.ഗ്രാം)	വില (പ്രതി കി.ഗ്രാമിന്)	ലഭിച്ച വില (രൂപ)

1.	V ഗ്രേഡ്	961	136.50	1,31,176.50
2.	ലൂസ്	1321	129.50	1,71,069.50
	ആകെ			**3,02,246**

മേൽ പട്ടികയിലെ ക്രമ നം. 2 പ്രകാരം 1321 കി.ഗ്രാം റബ്ബർ ഷീറ്റിന് കി.ഗ്രാമിന് 7 രൂപ വീതം കുറച്ചാണ് വില ലഭിച്ചിരിക്കുന്നത്. (ആകെ 9247 – 1321 കി.ഗ്രാം x 7 രൂപ) ഷീറ്റുകൾ ഗ്രേഡ് V നിലവാരത്തിൽ തയ്യാറാക്കിയിരുന്നുവെങ്കിൽ കി.ഗ്രാമിന് 3 രൂപയോ അതിലധികമോ കൂടി വില ലഭിക്കുമായിരുന്നു. 2016-17 സാമ്പത്തിക വർഷം റബ്ബറിൽ നിന്നുള്ള അറ്റാദായം 1,07,328/- രൂപ മാത്രമായിരുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകുയറികൾക്ക് (നം.1/2016-17) മറുപടിയായി റബ്ബർ ഷീറ്റുകൾ സംഭരിച്ച് വയ്ക്കുവാനുള്ള ശേഷി സംഭരണ കേന്ദ്രത്തിൽ ഇല്ലായിരുന്നുവെന്നും ആയതിനാൽ വർഷത്തിലെ ആദ്യ മാസങ്ങളിൽ കുറെ ഷീറ്റുകൾ പൂപ്പൽ പിടിച്ച് ഗുണനിലവാരം കുറഞ്ഞു പോയി എന്നും ആകയാൽ വിൽപ്പന നടത്തുന്നത് ഒഴിവാക്കി 3-4 മാസത്തിലൊരിയ്ക്കൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചുവെന്നും മികച്ച നിലവാരത്തിലുള്ള ഷീറ്റുകൾ നിർമ്മിക്കുവാനാണ് ശ്രമിക്കുന്നതെന്നും, ലാറ്റക്സ് ഉത്പാദനം കുറവായതിനാലും 27 വർഷം പ്രായമായ മരങ്ങളായതിനാലും അവയെ കടുംവെട്ടിന് നൽകി മുറിച്ചു മാറ്റിയ ശേഷം ഫലവൃക്ഷതൈകളുടെ മാതൃ വൃക്ഷത്തോട്ടം നിർമ്മിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രൊഫസർ & ഹെഡ് മറുപടി നൽകി. അനാസ്ഥ/കാര്യക്ഷമതയില്ലായ്മ ഒഴിവാക്കി സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന ഇതുപോലുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

3-39) NARP(SR), വെള്ളായണി

3-39-1) ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം - മാലിന്യ സംസ്കരണം ശേഷിയേക്കാൾ വളരെ കുറവ്

ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി കെട്ടിട നിർമ്മാണത്തിനും മെഷിനറിക്കും ഉൾപ്പെടെ ആകെ 62.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ദിവസം 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കുന്നതിനുള്ള ശേഷി പ്ലാന്റിനുണ്ട്. 2017 ഫെബ്രുവരി മുതൽ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചെങ്കിലും 2017 നവംബർ വരെ ആകെ 2822 കിലോ ഗ്രാം മാലിന്യം മാത്രമാണ് സംസ്കരിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

കാലയളവ്	സംസ്കരിച്ച മാലിന്യത്തിന്റെ അളവ് (കിലോ ഗ്രാം)	ലഭിച്ച വളം (കിലോ ഗ്രാം)	പോട്ടിംഗ് മിക്സ്ചർ (കിലോ ഗ്രാം)
2017 ഫെബ്രുവരി മുതൽ 2017 നവംബർ വരെ	2822	639	580

ഒരു ദിവസം 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കാവുന്ന പ്ലാന്റിൽ 2017 ഫെബ്രുവരി മുതൽ നവംബർ വരെ ശരാശരി ഒരു ദിവസം 9.40 കിലോ ഗ്രാം മാലിന്യം മാത്രമാണ് സംസ്കരിച്ചിട്ടുളളത്. മാലിന്യം ക്യാമ്പസിൽ നിന്നും മാത്രമേ എടുക്കുന്നുളളു എന്നതുകൊണ്ടാണ് മാലിന്യത്തിന്റെ ലഭ്യതക്കനുസരിച്ച് പ്രവർത്തനം നിജപ്പെടുത്തേണ്ടി വന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിക്കുകയുണ്ടായി. ദിനം പ്രതി 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കുവാനുളള ഖരമാലിന്യ സംസ്കരണ പ്ലാന്റ് 62.69 ലക്ഷം രൂപ ചെലവാക്കി നിർമ്മിക്കുമ്പോൾ മാലിന്യത്തിന്റെ ലഭ്യത, പ്ലാന്റിന്റെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യ വിഭവശേഷി എന്നിവയെക്കുറിച്ച് വേണ്ടത്ര പഠനം നടത്താതെയാണ് പദ്ധതി നടപ്പാക്കിയത്. വൻതുക ചെലവഴിച്ച് പ്ലാന്റും കെട്ടിടവും നിർമ്മിച്ചിട്ടുളള സാഹചര്യത്തിൽ പ്ലാന്റ് ഉപയോഗ ശൂന്യമാകാതിരിക്കുവാൻ കൂടുതൽ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിക്കേണ്ടതാണ്.

3-39-2) കർഷക സാന്ത്വനം - ഒരു മാതൃകാ പ്രോജക്ട്

കാർഷിക രംഗത്തെ വിവിധ പ്രശ്നങ്ങളാൽ വലയുന്ന കർഷകർക്ക് പെട്ടെന്ന് ആശ്വാസമെത്തിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് 'കർഷക സാന്ത്വനം'. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയോജിത സാമ്പത്തിക സഹായം (ആർ.ജെ.വി.വൈ. & പ്ലാനിംഗ് ബോർഡ്) ടി പ്രോജക്ടിനായി ലഭ്യമാക്കിയിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട ഏതു പ്രശ്നത്തിനും പരിഹാരം നിർദ്ദേശിക്കുന്നതിന് 2008 -2009 മുതൽ 9 വർഷമായി നടത്തിവരുന്ന പദ്ധതിക്ക് കഴിയുന്നു എന്നുളളത് മാദ്ധ്യമ ശ്രദ്ധയും പിടിച്ചു പറ്റിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിനായി 2008-2009 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും 12.5 ലക്ഷം രൂപ ലഭിച്ചിരുന്നു. 2011-2012 വരെ ടി തുക പ്രോജക്ടിനായി വിനിയോഗിക്കപ്പെട്ടു . 2011-2012 ൽ ആർ.കെ.വി.വൈ. യിൽ നിന്നും

ലഭിച്ച 15 ലക്ഷം രൂപയിൽ 8 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതിയുടെ സുഗമമായ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഒരു വാഹനം വാങ്ങി. ശേഷിക്കുന്ന 7 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി ലഭിച്ച (പ്ലാനിംഗ് ബോർഡിൽ നിന്നും) 5 ലക്ഷം രൂപയും ഉൾപ്പെടെയുള്ള തുകയാണ് 2016-17 വരെ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് .

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളിലെ കർഷകരാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പരിധിയിൽ വരുന്നത്. ഈ ജില്ലകളിലെ കർഷകരുടെ കാർഷിക പ്രശ്നങ്ങൾക്ക് ഫോണിലൂടെ പ്രായോഗിക പരിഹാരം നിർദ്ദേശിക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനവും നടത്തുന്നു. കേന്ദ്രാവിഷ്കൃത ഫണ്ടിംഗ് ഏജൻസിയായ രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഫണ്ടുപയോഗിച്ച് ഒരു വാഹനവും കർഷക സാന്ത്വനം പ്രോജക്ടിനായി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുന്നുണ്ട്. ഇതിന് പുറത്തുള്ള ജില്ലകളിൽ പ്രത്യേക സാഹചര്യങ്ങളിൽ മേലധികാരികളുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ സന്ദർശനം നടത്താൻ അനുവാദമുള്ളൂ. എന്നാൽ മറ്റു ജില്ലകളിലെ കർഷകർക്ക് ടെലിഫോണിലൂടെ പരിഹാരം നിർദ്ദേശിക്കുന്നതിന് തടസ്സമില്ല. കഴിഞ്ഞ 9 വർഷമായി ഓരോ മാസങ്ങളിലും കുറഞ്ഞത് 200 കർഷകർക്കെങ്കിലും കർഷക സാന്ത്വനം പദ്ധതിയിലൂടെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം നിദ്ദേശിച്ചു വരുന്നു. കുരുമുളകിന്റെ പൊള്ളുരോഗം, പത്തനംതിട്ട ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഒച്ചുശല്യം എന്നിവ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ 90% നിർമ്മാർജ്ജനം ചെയ്യാൻ കർഷക സാന്ത്വനത്തിന് കഴിഞ്ഞിട്ടുണ്ട്.

3-40) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം

2) സ്റ്റോക്ക് രജിസ്റ്ററിൽ തേൻ ഇല്ലാതിരുന്ന ദിവസങ്ങളിലും 16 മുതൽ 22 കുപ്പി തേൻ വിൽപ്പന നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു

ക്രമ നം	തീയതി	രസീതി നം	സ്റ്റോക്ക്(കുപ്പി)	വിൽപ്പന(കുപ്പി)
1	28.10.15	34/60208	11	16
2	28.10.16	10/62268	ഇല്ല	22
3	23.06.17	61/63168	1	4

3) 28.06.2017 ന് ഭൗതീക പരിശോധന നടത്തിയപ്പോൾ 28 കുപ്പി തേനാണ് കാണാൻ സാധിച്ചത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടി ദിവസത്തെ സ്റ്റോക്ക് 35 കുപ്പിയാണ്.

4) തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് വാങ്ങിക്കുന്ന തേൻ ബോട്ടിലുകൾ, ക്യാപ്പുകൾ, സ്റ്റിക്കറുകൾ എന്നിവ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തേൻ കുപ്പികളിൽ പതിപ്പിക്കുന്ന ലേബലിൽ ബാച്ച് നമ്പർ, സീരിയൽ നമ്പർ, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5) തേനിന്റെ സ്റ്റോക്കിൽ നിന്ന് റിഫ്ലക്ടീവ് റിബൺ വിറ്റതിന്റെ എണ്ണവും കുറച്ച്

എഴുതിയിട്ടുണ്ട്.

2-4-2) രസീത് ബുക്ക് നഷ്ടപ്പെട്ടു – സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടില്ല

19.10.16 ൽ CCA4/8078/13 പ്രകാരം ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നൽകിയ 62667 നമ്പറിലുള്ള രസീത് ബുക്ക് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 4/30.06.17, 13/05.07.17 മറുപടി). ഇത് സംബന്ധിച്ചുള്ള അപാകതകൾ വിശദമായി ചൂണ്ടികാണിച്ചുകൊണ്ട് 27.09.17 ലെ കെ.എസ്.എ(എ.ജി.യു) ആർ1 – 940/17 നമ്പർ പ്രകാരം സർവ്വകലാശാല രജിസ്ട്രാർ, കംപ് ട്രോളർ എന്നിവർക്ക് പ്രത്യേക കത്ത് നൽകിയിട്ടുണ്ട്. ഗുരുതരമായ ഈ വിഷയത്തിൽ പരിശോധന നടത്തി അനന്തര നടപടികൾ സ്വീകരിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടും സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച മറ്റു അപാകതകൾ ചുവടെച്ചേർക്കുന്നു.

1) രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ടി കേന്ദ്രത്തിലേക്ക് കൈമാറിയ രസീത് ബുക്കുകളുടെ കൃത്യത അറിയാൻ സാധിക്കുന്നില്ല.

2) പ്രതിദിന വരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ (ആർ.ഡി.ആർ) ഓഫീസിൽ സൂക്ഷിക്കുന്നില്ല. ഓരോ ദിവസത്തെ വരവും, ആയതിന്റെ ഒടുക്കു വിശദാംശങ്ങളും എവിടെയും രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ ഓരോ ദിവസത്തെയും വരവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അത് പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

3) രസീത് ബുക്ക്, പണം എന്നിവ കൈകാര്യം ചെയ്യാൻ ഒരാളെ പ്രത്യേകമായി നിയോഗിച്ചിട്ടില്ല. ഒരു ദിവസം തന്നെ ഒന്നിലധികം വ്യക്തികൾ രസീത് ബുക്ക് കൈകാര്യം ചെയ്തതായി കാണുന്നു.

4) തേൻ വിൽപ്പനയിലൂടെ ലഭിച്ച തുക രണ്ടുമാസത്തിലധികം കൈവശം വച്ച ശേഷം ബാങ്കിൽ ഒടുക്കിയതായി കാണുന്നു. (ഉദാഹരണം 01.04.17, 06.04.17 എന്നീ തീയതികളിലെ വരവ് 1000/- രൂപ (രസീതി നമ്പർ 49/ 63168 – 750/- രൂപ, രസീതി നമ്പർ 50/ 63168 – 250/- രൂപ) ബാങ്കിൽ അടവാക്കിയിരിക്കുന്നത് 23.06.17 ലെ ചലാൻ നമ്പർ 2002412 പ്രകാരമാണ്.)

5) രസീതിലെ തിയ്യതി തിരുത്തുകയും തുക ബാങ്കിലടക്കാതെ കൈവശം വച്ചിരിക്കുന്നതായും കാണുന്നു (ഉദാഹരണം രസീതി ബുക്ക് നമ്പർ 63168 ലെ രസീതി നമ്പർ 50, 51, 52, 53 എന്നിവയിൽ തേൻ വിറ്റ തീയതികളായ 27.03.17, 06.04.17, 26.04.17, 26.04.17 എന്നിവ തിരുത്തി 23.06.17 എന്നാക്കി മാറ്റി, ഇവയിലെ തുകയായ 2,000/- രൂപയും 23.06.17 ൽ രസീത് ചെയ്യപ്പെട്ട 26,750/- രൂപയും (107 ബോട്ടിൽ തേൻ) ഉൾപ്പെടെ 23.06.17 ലാണ് അടവാക്കിയിരിക്കുന്നത്.). ഇത്തരത്തിൽ 28,750/-രൂപ രണ്ടുമാസത്തോളം കൈവശം വച്ചിട്ടുണ്ട്.

6) നമ്പർ 60209, 62268 എന്നീ രസീത് ബുക്കുകളിൽ തേനിന്റെ അളവ്, തുക എന്നിവ തിരുത്തി 3,150/- രൂപയുടെ പണാപഹരണം നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീതി			രസീതി പ്രകാരം തേൻ വിറ്റതിന്റെ വിശദാംശം		തുക ബാങ്കിൽ അടവാക്കിയത്തിന്റെ വിശദാംശം (രൂപയിൽ)		
	നം.	തീയതി	തുക	ബോട്ടിൽ (എണ്ണം)	ആകെ തുക (@250 രൂപ/ ബോട്ടിൽ)	അടവാക്കേണ്ടിയിരുന്നത്	അടവാക്കിയത്	വ്യത്യാസം*
1	90/ 60209	05.07.16	2000	8	2,000	2,000	750	1,250
2	46/ 62268	29.12.16	250	1	250	250	150	100
3	48/	29.12.16	1000	4	1,000	1,000	100	900

	62268							
4	51/ 62268	29.12.16	250	1	250	250	150	100
5	52/ 62268	29.12.16	500	2	500	500	150	350
6	57/ 62268	29.12.16	250	1	250	250	150	100
7	58/ 62268	29.12.16	500	2	500	500	150	350
ആകെ വ്യത്യാസം					4,750	4,750	1,600	3,150

* വ്യത്യാസത്തിനുള്ള കാരണം യഥാർത്ഥ തുക രസീതിയിൽ തിരുത്തി അടച്ച തുകയായി മാറ്റിയതിനാൽ.

7) രസീത് നൽകാതെ തേൻ വിൽപ്പന നടത്തുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്.വിൽപ്പന നടത്തുന്ന വിവരങ്ങൾ വെള്ള പേപ്പറിൽ എഴുതി ഒന്നോ രണ്ടോ മാസങ്ങൾക്ക് ശേഷമാണ് രസീത് ചെയ്യുന്നത്. [ഉദാ : 01.04.17, 06.04.17 എന്നീ തീയതികളിലെ വരവ് 1,000/- രൂപ (രസീതി നം 49/63168 750 രൂപ, 50/63168 – 250/- രൂപ) ബാങ്കിൽ അടവാക്കിയിരിക്കുന്നത് 23.06.17 ലെ ചലാൻ നം – 2002412 പ്രകാരമാണ്.]

8) രസീത് ബുക്ക് പരിശോധിച്ചതിൽ രണ്ടുമാസത്തിലധികം വിൽപ്പന കാണിക്കാതെ ഒറ്റ ദിവസം 107 കുപ്പി തേൻ വിറ്റതായി കാണുന്നു.

[ഉദാ: രസീതി ബുക്ക് നം – 63168 ലെ 50, 51, 52, 53 എന്നിവയിൽ തേൻ വിറ്റ തീയതികളായ 27.03.17, 06.04.17, 26.04.17, 26.04.17 എന്നിവ തിരുത്തി 23.06.17 എന്നാക്കി മാറ്റി, ഇവയിലെ തുകയായ 2,000/- രൂപയും 23.06.17 ൽ രസീത് ചെയ്യപ്പെട്ട 26,750/- രൂപയും (107 കുപ്പി തേൻ) ഉൾപ്പെടെ 23.06.17 ലാണ് അടവാക്കിയിരിക്കുന്നത്.]

ഇതു പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ക്രമപ്പെടുത്താൻ 5 തവണകളായി 125 കുപ്പി സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തേനിന്റെ സ്റ്റോക്ക് കൃത്യമായി പരിപാലിക്കാത്തതിനാൽ

രസീത് നൽകാതെ തേൻ വിൽപ്പന നടത്തിയതിന്റെ എണ്ണം/തുക പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2-4-3) തേൻ ഉൽപാദനം - അപാകതകൾ

1) സർവ്വകലാശാലാ ക്യാമ്പസിനുള്ളിലായി 5 കോളനികളും (തേനീച്ച കൂട്) ഇടുക്കിയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിലായി 19 കോളനികളുമാണ് തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. (ഓഡിറ്റ് അന്വേഷണം നമ്പർ 11/06-07-17 മറുപടി) ഇതിൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയിലുള്ള തേൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ടി വ്യക്തിയുമായി കരാർ വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ല.

2) മേൽ സൂചിപ്പിച്ച കോളനികളിൽ നിന്നും തേൻ ശേഖരിക്കുന്നതിന്റെ വിവരങ്ങൾ, പ്രസ്തുത കോളനികളിൽ നിന്നും ലഭ്യമായ തേനിന്റെ അളവ്, ഇതുമായി ബന്ധപ്പെട്ട ജോലിവിവരങ്ങൾ, ടി കേന്ദ്രത്തിലേക്ക് തേൻ എത്തിച്ചതിന്റെ വിശദാംശങ്ങൾ, കേന്ദ്രത്തിലേക്ക് എത്തിച്ച അസംസ്കൃത തേനിന്റെ അളവ്, അതിൽനിന്നും ലഭ്യമായ വിൽപ്പനയോഗ്യമായ തേനിന്റെ അളവ് തുടങ്ങിയ പ്രാഥമിക വിവരങ്ങൾ ലഭ്യമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടില്ല.

3) തേനിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ ടി കേന്ദ്രത്തിൽ നടത്തുന്നില്ല. (Moisture content Test മാത്രമാണ് നടത്തുന്നത്).

2-5) കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്ര

2-5-1) നാളികേര ലേലം – അപാകതകൾ

കശുമാവ് ഗവേഷണ കേന്ദ്രത്തിലെ തെങ്ങുകളിൽ നിന്നും 2015 ഡിസംബറിൽ വിളവെടുത്ത 8300 തേങ്ങകൾ 08.01.16-ന് ലേലം ചെയ്യുകയും 8/- രൂപ അടിസ്ഥാന വിലയിൽ ലേലം ആരംഭിക്കുകയും ചെയ്തു. 15 പേരാണ് ലേലത്തിൽ പങ്കെടുത്തിരുന്നത്. ലേലത്തിൽ പങ്കെടുത്തവർ വില ഉയർത്താൻ താൽപ്പര്യം കാണിച്ചില്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലേലം ഉപേക്ഷിക്കുകയും പിന്നീട് കെ.എ.യു. സെൻട്രൽ നഴ്സറിക്ക് വെട്ടിത്തുക്കം രീതിയിൽ (split & dewatered) 2650 കിലോ, കിലോക്ക് 16.45 രൂപ നിരക്കിൽ നൽകുകയും 13.04.16-ലെ 100159802 രസീതി പ്രകാരം 43,593/- രൂപ ലഭിക്കുകയും ചെയ്തു. ഒരു തേങ്ങക്ക് 5.25 രൂപ നിരക്കിലാണ് ലഭിച്ചിരിക്കുന്നത്. അടിസ്ഥാന വില 4/- രൂപയാക്കണമെന്ന് ലേലത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടതായി ഓഡിറ്റ് ഒബ്ജക്ഷനുള്ള മറുപടിയിൽ പറഞ്ഞെങ്കിലും ഇക്കാര്യം ഫയലിൽ

രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാനവിലയിൽ മാറ്റം വരുത്തി പുനർലേലം നടത്താൻ ശ്രമിച്ചിട്ടില്ല. തേങ്ങയ്ക്ക് മെച്ചപ്പെട്ട വില ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. (ഫയൽ നമ്പർ - CRM 762/2015).

2-6) ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊസസ്സിംഗ് ടെക്നോളജി, വെള്ളാനിക്കര

2-6-1) ക്വാളിറ്റി കൺട്രോൾ ലാബ് – പരിശോധന ഫീസുകൾ ഈടാക്കുന്നതിലെ അപാകതകൾ

സർവ്വകലാശാലയുടെ 26.04.14 ലെ ഉത്തരവ് നം.ആർ.8/63788/12 പ്രകാരം ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കരയിലും കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ & എഞ്ചിനിയറിംഗ് ടെക്നോളജി, തവനൂരിലും "Establishment of Centre of Excellence in Post Harvest Technology and Allied Scheme" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പഴങ്ങളുടെയും പ്രോസസ്സ് ചെയ്ത ഹോർട്ടികൾച്ചർ ഉൽപന്നങ്ങളുടെയും വിവിധ ക്വാളിറ്റി പരാമീറ്ററുകൾ അളക്കുന്നതിന് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഇനങ്ങൾക്കുള്ള ഫീസുകൾ പരിശോധനയ്ക്ക് ശേഷം ഇൻവോയ്സ് പ്രകാരമാണ് സ്വീകരിക്കുന്നത്. ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ, പരിശോധന കഴിഞ്ഞ ചില സാമ്പിളുകളുടെ തുക ഇനിയും ലഭിച്ചിട്ടില്ല. ആയതിനാൽ പരിശോധന ഫീസുകൾ രശീതി (ടി.ആർ.5) മുഖേന മുൻകൂറായി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

2-7-1) വരവ് ഒടുക്കിയിട്ടില്ല

(1) 29.01.17 തീയതിയിലെ താഴെ പറയുന്ന രശീതി പ്രകാരമുള്ള വരവ് ഒടുക്കിയിട്ടില്ല.

ക്രമ നം.	രശീതി		റിമാർക്ക്സ്
	നമ്പർ	തുക	
1	5/61825	1,000	EMD for Open Space poopoli 2017
2	6/61825	5,000	Rent for Open Space poopoli 2017

3	7/61825	1,000	EMD for Open Space poopoli 2017
4	8/61825	5,000	Rent for Open Space poopoli 2017
5	9/61825	4,000	Rent for Open Space poopoli 2017
6	10/61825	2,000	EMD for stall no.40 poopoli 2017
7	11/61825	2,500	Advance rent for stall no.40 poopoli 2017
8	12/61825	1,000	EMD for Open Space poopoli 2017
9	13/61825	5,000	Rent for Open Space poopoli 2017
ആകെ		**26,500/-**	

അക്കൗണ്ട് ചെയ്യാത്ത മേൽ തുകകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(2) USAIM day end report (ഒരു ദിവസത്തെ കമ്പ്യൂട്ടർ രസീതികളുടെ മൊത്തം തുക) ൽ നിന്നും മാന്വൽ രസീതിയിലേക്ക് ചേർക്കുകയും, ആയത് ആർ ഡി ആറിൽ ചേർത്ത് ബാങ്കിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. 3.3.17 ലെ USAIM day end report പ്രകാരം 67,935/- രൂപ വരവുണ്ട്. എന്നാൽ ഈ തുക രശീതിയിൽ (രശീതി നം.74/61824, തീയതി 3.3.17) വെട്ടിതിരുത്തി 43,432/- എന്നാക്കി ആർ.ഡി.ആറിൽ രേഖപ്പെടുത്തി അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നു. ഇതുമൂലം 24,503/- രൂപ വരവിൽ (അക്കൗണ്ടിൽ) കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം അക്കൗണ്ടിൽ കുറവ് വന്നിട്ടുള്ള 24,503/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2-7-2) രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഇതുമൂലം സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള രശീതി ബുക്കുകളുടെ ബുക്ക് നമ്പർ/എണ്ണം, ഉപയോഗിച്ച രശീതി ബുക്കുകളുടെ ബുക്ക് നമ്പർ/എണ്ണം, ബാക്കിയുള്ള രശീതി ബുക്കുകളുടെ

ബുക്ക് നമ്പർ/എണ്ണം എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

2-7-3) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്തിട്ടുള്ള രശീതികളുടെ ഒറിജിനലിലും കാർബൺ കോപ്പിയിലും (ഗുണഭോക്താക്കൾക്ക് നൽകുന്നത്) ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതുമൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുള്ള കാരണം എന്താണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷനും, ഓഡിറ്റ് നോട്ടിനും മറുപടി ലഭ്യമായിട്ടില്ല. ക്യാൻസൽ ചെയ്ത രസീതികൾ ഇപ്രകാരം സൂക്ഷിക്കാത്ത സംവിധാനത്തിൽ സാമ്പത്തിക ക്രമക്കേടുകൾക്കുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത് ഗുരുതരമായ വീഴ്ചയാണ്. വ്യാപകമായ രീതിയിൽ വിൽപ്പനകൾ നടക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ഇത് സർവ്വകലാശാല തലത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

2-7-4) പ്രോസ്സസ്സിങ്ങ് ലാബ്, സമൃദ്ധി വെജ് മാർക്കറ്റ് എന്നിവിടങ്ങളിലെ ഉൽപ്പന്നങ്ങളുടെ വിപണനം - ഗുണഭോക്താക്കൾക്ക് രശീതി നൽകുന്നില്ല.

പ്രോസ്സസ്സിങ്ങ് ലാബ്, സമൃദ്ധി വെജ് മാർക്കറ്റ് എന്നിവിടങ്ങളിലെ വിൽപ്പന കൗണ്ടറുകളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രശീത് നൽകാതെ ഒരു ദിവസത്തെ മൊത്തം ഉൽപ്പന്നങ്ങളുടെ വിറ്റ് വരവാണ് രശീതി ചെയ്യപ്പെടുന്നത്. ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രസീത് നൽകാത്തതു മൂലം ഓരോ ഗുണഭോക്താക്കൾക്കും നൽകുന്ന ഉൽപ്പന്നം, അളവ്, നിരക്ക് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഈ അപാകത 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും ഇപ്പോഴും ഈ അപാകത തുടരുന്നത് ശരിയായ നടപടിയല്ല. ഇത്തരം തെറ്റായ പ്രവണതകൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്കുള്ള സാധ്യത നിലനിർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ സർവ്വകലാശാല തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8) കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി, തവന്നൂർ

2-8-1) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - ഒറിജിനൽ, കാർബൺ കോപ്പി എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്തിട്ടുള്ള രശീതികളുടെ ഒറിജിനലിലും കാർബൺ കോപ്പിയിലും ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതുമൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുള്ള കാരണം എന്താണെന്ന് വ്യക്തമല്ല. ആയതിനാൽ ക്യാൻസൽ ചെയ്യുന്ന രശീതികളുടെ ഒറിജിനൽ, കാർബൺ കോപ്പി എന്നിവയിൽ ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി ആയത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2-9) കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ

2-9-1) കമ്പ്യൂട്ടർ രശീതികളുടെ ക്യാൻസലേഷൻ - ഡ്യൂപ്ലിക്കേറ്റ് രശീതി സൂക്ഷിക്കുന്നില്ല

2016-17 വർഷം ക്യാൻസൽ ചെയ്ത രശീതികളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ ഒറിജിനൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രശീതി (ഗ്രണഭോക്താക്കൾക്ക് നൽകുന്നത്) സൂക്ഷിക്കുന്നില്ല. ഗ്രണഭോക്താക്കൾക്ക് നൽകുന്ന ഡ്യൂപ്ലിക്കേറ്റ് രശീതി, ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി, സൂക്ഷിക്കാത്തതു മൂലം രശീതികൾ ക്യാൻസൽ ചെയ്യുവാനുണ്ടായ സാഹചര്യത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഭാവിയിൽ കമ്പ്യൂട്ടർ രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ, ആയതിന്റെ ഒറിജിനലിലും, ഡ്യൂപ്ലിക്കേറ്റിലും ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി, ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി, പ്രത്യേകം ഫയലായി സൂക്ഷിക്കേണ്ടതാണ്.

LEFT BLANK

ഭാഗം - 3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1) കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി

3-1-1) ഇലക്ട്രിസിറ്റി കണക്ഷൻ - പ്രവൃത്തി ആരംഭിച്ചിട്ടില്ല

കേന്ദ്രത്തിലെ തേക്കിൻകുണ്ട് പ്ലോട്ടിലേക്ക് പുതിയ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിലേക്ക് ബിൽനമ്പർ 11/2-17 (ചെക്ക്നമ്പർ 052114/03-02-17)പ്രകാരം അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മണ്ണുത്തിക്ക് 1,13,490/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയും വെറ്ററിനറി സർവ്വകലാശാലയും തമ്മിൽ അതിർത്തിതർക്കം നിലനിൽക്കുന്ന പ്രദേശത്തിലൂടെയാണ് ഇലക്ട്രിസിറ്റി ലൈൻ കടന്നുപോകേണ്ടത്. ആയതിനാൽ ഈ സ്ഥലത്ത് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിൽ തർക്കം നിലനിൽക്കുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാത്തതെന്ന് ഓഡിറ്റ് റിക്വിസിഷന് മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയം സർവ്വകലാശാല തലത്തിൽ പരിഹരിച്ച് മേൽ പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 1,13,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-1-2) ഒരു ലക്ഷം രൂപയിൽ കവിഞ്ഞുള്ള വാങ്ങലുകളിൽ / നിർമ്മാണ പ്രവൃത്തികളിൽ ടെണ്ടറിന് പകരം ക്വട്ടേഷൻ ക്ഷണിച്ചു

പൊതുമരാമത്ത് ചട്ടം 8 പ്രകാരം 1,00,000/- രൂപയിൽ കവിഞ്ഞുവരുന്ന നിർമ്മാണപ്രവൃത്തികളും, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 1,00,000/- രൂപയിൽ കവിഞ്ഞുവരുന്ന വാങ്ങലുകളും ടെണ്ടർ മുഖേനയാണ് ചെയ്യേണ്ടത്. എന്നാൽ താഴെ പറയുന്ന വാങ്ങലുകളിൽ/നിർമ്മാണ പ്രവൃത്തികളിൽ ടെൻഡറിന് പകരം ക്വട്ടേഷനാണ് ക്ഷണിച്ചിരിക്കുന്നത്.

ക്രമ നമ്പർ	ബിൽ നമ്പർ/ചെക്ക് നമ്പർ	ഇനം	തുക
1	40/6-16/760166/18.06.16	ചുറ്റുമതിൽ പുനരുദ്ധാരണം	1,37,487/-
2	60/10-16/640460/26.10.16	ചുറ്റുമതിൽ പുനരുദ്ധാരണം	1,03,615/-
3	32/11-16/640483/11.11.16	തൊഴിലാളികൾക്കുള്ള വെയ്റ്റിംഗ് ഷെഡ് നിർമ്മാണം	1,76,270/-
4	57/9-16/8625508/30.09.16	പി.വി.സി വാട്ടർ ടാങ്ക് വാങ്ങിയത്	1,16,000/-

ഇത്തരം വാങ്ങലുകളിൽ/നിർമ്മാണ പ്രവൃത്തികളിൽ നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

3-1-3) ഫണ്ട് വകമാറ്റി ചെലവഴിച്ചു

'2251' എന്ന ശീർഷകത്തിൽ പ്രവർത്തിക്കുന്ന സീഡ്&നേഴ്സറി പ്രോഗ്രാം എന്ന കേരള സർക്കാർ പദ്ധതി ധനസഹായത്തിൽ നിന്നും മറ്റ് പ്രോജക്ടുകളുടെ ആവശ്യത്തിലേക്ക് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ ,ചെക്ക് നമ്പർ	വിശദാംശങ്ങൾ	പ്രൊജക്ടിന്റെ പേര്	തുക
1	31-5/16, 760134/ 11-5-16	പോളിനേഷൻ ചെയ്യുന്നതിന് തെങ്ങുകയറ്റ തൊഴിലാളിക്ക് കൂലി നൽകിയത്	'ലാർജ് സ്കെയിൽ പ്രൊഡക്ഷൻ ഓഫ് ഹൈബ്രിഡ് കോക്കനട്ട് സീഡ് ലിംഗ്സ് '--9358	2,26,800/-

2	17-1/16, 962723/ 6-1-17	ടിഷ്യുകൾച്ചർ ലാബ് ടെയിനികൾക്ക് ഹോണറേറിയം നൽകിയത്.	ടിഷ്യുകൾച്ചർലാബ്--റിവോൾവിംഗ് ഫണ്ട്---6362	29,700/-
3	26-2/16, 052122/ 6-2-17	ടിഷ്യുകൾച്ചർ ലാബ് ടെയിനികൾക്ക് ഹോണറേറിയം നൽകിയത്.	ടിഷ്യുകൾച്ചർലാബ്--റിവോൾവിംഗ് ഫണ്ട്---6362	34,625/-
	ആകെ			**2,91,125/-**

വകമാറ്റി ചെലവഴിച്ചിട്ടുള്ള 2,91,125/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-1-4) വാർഷിക കണക്ക് - അപാകതകൾ

1) പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2016-17 വർഷത്തെ ആകെ പിൻവലിച്ച തുക 6,29,75,555/- രൂപയാണ്. എന്നാൽ UFAST ൽ തന്നെ തയ്യാറാക്കിയിട്ടുള്ള Annual Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 9,97,83,491.20/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary	വ്യത്യാസം
6,29,75,555	9,97,83,491.20	3,68,07,936.20

UFAST പ്രകാരം തയ്യാറാക്കിയിട്ടുള്ള ടി സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന പിൻവലിച്ച തുകയിലുള്ള വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

2) റീകൺസിലിയേഷൻ - ബാങ്ക് നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

2016-17 വർഷത്തെ UFAST വാർഷിക കണക്ക് പ്രകാരം ആർ.എഫ് അക്കൗണ്ടായ നമ്പർ 57036603256 ന്റെ ബാങ്ക് നീക്കിയിരിപ്പ് തുക 30,52,639.4

എന്നാണ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ അക്കൗണ്ട് പാസ്സ് ബുക്ക് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് തുക 42,61,695.45/- രൂപയാണ്. വ്യത്യാസം 12,09,056/- രൂപ. വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3-1-5) പൈപ്പ് ലൈൻ സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

31.03.2017 ലെ സി.ബി.വി. നം. 239/3-17 (ചെക്ക് നം. 366725/31.03.2017) പ്രകാരം കെ.എ.യു. പ്രസ്സിലെ കുഴൽ കിണറിൽ നിന്നും എ.ആർ.എസിലെ ജി.എൽ.ടാങ്കിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി 12,00,000/- രൂപ ഡി.പി.പി. യ്ക്ക് കൈമാറിയിട്ടുണ്ട് (ശീർഷകം 9550-921). എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-1-6) നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും വിവിധ പദ്ധതികളിലെ ജീവനക്കാർക്ക് വേതനം അനുവദിച്ചു

'0034-142 കാഷ്വൽ/താൽക്കാലിക തൊഴിലാളികൾക്കുള്ള വേതനം' എന്ന നോൺ - പ്ലാൻ ശീർഷകത്തിൽ നിന്നും വിവിധ പദ്ധതികളിലെ സ്കിൽഡ് അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ്, ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റിക്യൂട്ടീവ് എന്നിവർക്ക് വേതനം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	തസ്തിക	പേര്	സി.ബി.വി. നമ്പർ, തീയതി, തുക	വേതനത്തിന് അർഹമായ മാസം
1	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റിക്യൂട്ടീവ്	1. ധന്യ. പി.എസ്. 2. ഷിമി. ടി.കെ.	15/9-16, 5.9.16, 20400	8/2016
2	Plan Project	ടെക്നിക്കൽ സ്കിൽഡ്	ജെൻസി	16/9-16, 5.9.16,	8/2016

	On going research project " Breeding for rice varieties and standa rdization of manag ment practices under KAU"	അസിസ്റ്റന്റ്	ജോയ്	9000	
3	Plan 15-16 Kole Land Productivity research center at Muriyad (Centre of excelle nce on Rice)	റിസർച്ച് അസിസ്റ്റന്റ്	സുധീഷ് .വി.കെ.	17/9-16, 5.9.16, 12995	8/2016
4	Exaccum Project	ടെക്നിക്കൽ സ്കിൽഡ് അസിസ്റ്റന്റ്	ഡിൻസി. ടി.എ.	21/9-16, 6.9.16, 13000	8/2016
5	Annual Plan 2013-14 Project " Pest and disease surveilla nce and manag ment in Kole Lands"	Crop Security Intelligence Wing Officer	കോൺട്രാക്ട് സ്റ്റാഫ്	46/9-16, 9.9.16, 38932	6/2016
6	Plan Project	ടെക്നിക്കൽ	ജെൻസി	15/11-16,	10/2016

	On going research project " Breeding for rice varieties and standa rdization of managment practices under KAU"	സ്കിൽഡ് അസിസ്റ്റന്റ്	ജോയ്	3.11.16, 9000	
7	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1. ധന്യ.പി .എസ്. 2. ഷിമി .ടി.കെ.	17/11-16, 3.11.16, 18400	10/2016
8	KAU Project "Up gradation of tissue culture facilities for large scale production of quality planting materials"	സ്കിൽഡ് വർക്കർ	1.അഞ്ജു റോസ് സണ്ണി. 2.ഫൗസിയ .കെ.എ.	23/11-16, 5.11.16, 13050	10/2016
9	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	ഷിമി.ടി.കെ.	14/1-17, 6.1.17, 10,800	12/2016
10	Exaccum Project	സ്കിൽഡ് അസിസ്റ്റന്റ്	ഡിൻസി. ടി.എ.	15/3-17, 4.3.17, 11,500	1/2017
11	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.സ്മിത.	22/3-17, 7.3.17, 11,200	2/2017

			സി.എം.		
12	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.ധന്യ. പി.എസ്.	37/8-16, 16.8.16, 18,000	7/2016
13	MANASSM Project	ഫാം ടെക്നിക്കൽ സർവ്വീസ് എക്സ്റ്റൻഷൻ	1.ഷിമി. ടി.കെ. 2.ധന്യ. പി.എസ്.	16/10-16, 4.10.16, 15,200	9/2016
ആകെ				**2,01,477**	

ഇങ്ങനെ വിവിധ പദ്ധതികളിലുൾപ്പെട്ട ജീവനക്കാർക്ക് '0034-142' എന്ന നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും വേതനം അനുവദിച്ചത് ഫണ്ടിന്റെ വകമാറ്റിയുള്ള ചെലവാണ്. ആയതിന് കംപ്ട്രോളറുടെ അനുമതി ലഭിച്ചിട്ടില്ല. കംപ്ട്രോളറുടെ അനുമതിയില്ലാതെ '0034-142' എന്ന നോൺ – പ്ലാൻ ശീർഷകത്തിൽ നിന്നും മേൽ പദ്ധതികളിലുൾപ്പെട്ട ജീവനക്കാർക്ക് വേതനമായി അനുവദിച്ച 2,01,477/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2) കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം

3-2-1) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ തുക ചെലവഴിച്ചത്

ഹോർട്ടിക്കൾച്ചർ സമഗ്രവികസനം ലക്ഷ്യമിടുന്ന പദ്ധതിയിൽ 2016-17 വർഷത്തിലെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ 2,69,690/- രൂപ താഴെ പറയും വിധം ചെലവഴിച്ചിട്ടുണ്ട്.

1)

ഇനം	തുക
വിവിധ കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ്	90381
സ്കിൽഡ് അസിസ്റ്റന്റിന്റെ ശമ്പളം	117892
യാത്രാബത്ത	21563
ഓഫീസ് ടെലിഫോൺ ചാർജ്ജ്	3880
ഹാർഡ് ഡിസ്ക്, കാടിഡ്ജ്	3985
ഇന്ധന ചെലവ്	21656
ആകെ	**2,59,357**

2)

റോക്ക് ഫോസ്ഫേറ്റ്,കാർബിസീനിയം,രാജ്ഫോസ് തുടങ്ങിയവക്കും വീഡ് കട്ടിങ്ങ്,ട്രാക്ടർ ചാർജ്ജ് ഇനത്തിലും ചെലവായ തുക	10,333
ആകെ 1+2	**2,59,357+10,333=2,69,690**

എന്നാൽ പദ്ധതിയുടെ 2016-17 വാർഷിക പുരോഗതി റിപ്പോർട്ട് താഴെ പറയും വിധമാണ് തയ്യാറാക്കിയിരിക്കുന്നത്. (ഫയൽ നം. സി.എ./655/13 എൻ.എച്ച്.എം.)

3)

ഇനം	ഉൽപ്പാദനം		യൂണിറ്റ് കോസ്റ്റ്	വരുന്ന ചിലവ്
	ലക്ഷ്യം	പൂർത്തീകരിച്ചത്		
പന്നിയൂർ 1 കുരുമുളക് തൈകൾ (എണ്ണം)	25000	23690	6	1,42,140
ഇഞ്ചി വിത്ത് (ടൺ)	1	0.250	30,000	7,500

മഞ്ഞൾ വിത്ത് (ടൺ)	2	0.50	25000	12,500
മുളക് വിത്ത് (കിലോ)	10	-	-	-
ടമരിന്റ് ഗാർസീനിയ ഗ്രാഫ്റ്റ് (എണ്ണം)	3000	3000	20	60,000
കുറുവപ്പെട്ട,കറിവേപ്പില തൈകൾ (എണ്ണം)	10000	9510	5	47,550
ആകെ				**2,69,690**

വാർഷിക കണക്കിൽ ടി പ്രൊജക്ട് ശീർഷകത്തിൽ മേൽ സൂചിപ്പിച്ച തരത്തിലുള്ള ചെലവുകളല്ല ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ ക്രമ നമ്പർ 2 ൽ ഉൾപ്പെട്ട 10,333/- രൂപ മാത്രമാണ് കാർഷികോത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നിരിക്കെ വാർഷിക പുരോഗതി റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തമില്ലാത്തതാണ്.

3-2-2) പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സിബിവിനം - 33/01-17
ചെക്ക് നം. 964511 തിയതി 30.01.17
തുക – 3,00,000/- രൂപ

അഗ്രോ ടൂറിസം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള കുളങ്ങൾക്ക് ചുറ്റും നടപ്പാത ഒരുക്കുന്നതിനും വ്യൂ പോയിന്റിന്റെ നിർമ്മാണത്തിനുമായി കെ എ യു എഞ്ചിനീയറിംഗ് ഡിവിഷൻ തവനൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മുൻവർഷങ്ങളിൽ 11,78,900/- രൂപ നൽകിയിട്ടുണ്ട്. 2016-17 ൽ മേൽ പ്രകാരം 3,00,000/- രൂപ നൽകുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകകളുടെ വിനിയോഗ / പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-2-3) മൂല്യവർദ്ധിത നികുതി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

സ്റ്റേഷനിലെ വാറ്റ് അക്കൗണ്ട് (അക്കൗണ്ട് നം.67102733388, എസ്.ബി.ഐ., മഞ്ചേരി) പ്രകാരം 25.02.2010 മുതൽ 31.08.2017 വരെയുള്ള ആകെ നീക്കിയിരിപ്പ് 1,21,656/- രൂപയാണ്. മേൽ കാലയളവിൽ വിവിധ ഇനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള മൂല്യവർദ്ധിത നികുതികളുടെ തുകയാണ് വാറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത്. എന്നാൽ ഈടാക്കിയ മൂല്യവർദ്ധിത നികുതി ഇനത്തിലെ തുകകൾ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-2-4) സർവ്വീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ വന്ന് പ്രൊജക്ട് വർക്കുകൾ ചെയ്യുന്ന മറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും പ്രൊജക്ട് ഫീസ്, സർവ്വീസ് ടാക്സ് എന്നിവ ഈടാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രശീതി			ഈടാക്കിയ		വിദ്യാർത്ഥിയുടെ പേര്	റിമാർക്ക്സ്
	നമ്പർ	തീയതി	തുക	പ്രൊജക്ട് ഫീസ്	സർവ്വീസ് ടാക്സ് (14%)		
1	99/60090	26.4.16	6270	5500	770	കൈറുനീസ. പി.പി	ആദ്യ മാസം
2	20/61492	28.5.16	6270	5500	770	സൈനബ് സാലിഹ്. ടി.പി	ആദ്യ മാസം
3	31/61492	11.8.16	16530	5500	770	ഷറീഫ. ടി.കെ	ആദ്യ മാസം
				4500	630		രണ്ടാം മാസം

				4500	630		മൂന്നാം മാസം
	ആകെ സർവ്വീസ് ടാക്സ്				**3,570**		

മേൽ പ്രകാരം 2016-17 ൽ ഈടാക്കിയ സർവ്വീസ് ടാക്സ് പൊതു വരുമാന അക്കൗണ്ടിൽ (നം. 57069410223) നിക്ഷേപിക്കുകയും ആയത് ഓട്ടോമാസീപ്പ് വഴി കംപ്ട്രോളറുടെ അക്കൗണ്ടിലേക്ക് മാറുകയുമാണ് ചെയ്യുന്നത്. എന്നാൽ ഈടാക്കിയ സർവ്വീസ് ടാക്സ് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-3) പ്ലാന്റ് പ്രൊപ്പഗേഷൻ & നേഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര

3-3-1) റിവോൾവിംഗ് ഫണ്ട് - വെറ്ററിനറി യൂണിറ്റ് പ്രവർത്തനം - വരവിൽ കൂടുതൽ ചെലവ്

കേന്ദ്രത്തിലെ റിവോൾവിംഗ് ഫണ്ടിൽ പ്രവർത്തിക്കുന്ന വെറ്ററിനറി യൂണിറ്റിന്റെ 2016-17 വർഷത്തെ വരവ് ചെലവ് പരിശോധിച്ചപ്പോൾ വരവിൽ കൂടുതൽ ചെലവ് വരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വരവ്

ക്രമ നമ്പർ	ഇനം	വിൽപ്പന വരവ്
1	ആടുകളുടെ വിൽപ്പന ഇനത്തിൽ വരവ്	4,33,550
2	പാൽ വിൽപ്പന ഇനത്തിൽ വരവ്	1,81,807
3	മുയൽ വിൽപ്പന ഇനത്തിൽ വരവ്	18,200

4	കാലിവളം (ചാണകം, മറ്റുള്ളവ)	1,51,475
	ആകെ	**7,85,032**

ചെലവ്

ക്രമ നമ്പർ	ഇനം	ചെലവ്
1	ഉദയം സ്വയം സഹായസംഘം	3,90,272
2	ധനം സ്വയം സഹായസംഘം	3,94,267
3	ശ്രീ. രവീന്ദ്രന് നൽകിയ വേതനം	1,46,000
4	ശ്രീമതി ലളിതാമ്മക്ക് (ഫാം അസിസ്റ്റന്റ്) വെറ്റിനറി മരുന്നുകൾ, അനുബന്ധചെലവുകൾക്ക് മുൻകൂറായി നൽകിയത്	1,28,360
	ആകെ	**10,58,899**

വരവിൽ കൂടുതൽ ചെലവ് - 2,73,867/- രൂപ

വെറ്ററിനറി ഫാം അസിസ്റ്റന്റിന് ശമ്പളം ഇനത്തിൽ നൽകിയിരിക്കുന്ന ചെലവുകൾ, ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവക്ക് പുറമേയാണ് ഈ വ്യത്യാസം. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷന് മറുപടിയായി ഈ പ്രവർത്തനം സമ്മിശ്രകൃഷിയുടെ ഡെമോൺസ്ട്രേഷൻ യൂണിറ്റായാണ് പ്രവർത്തിക്കുന്നതെന്നും, വരും വർഷങ്ങളിൽ നഷ്ടം നികത്താമെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് ആവിഷ്കരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3-2) സേവനപുസ്തകം പരിശോധന

ശ്രീ. അനൂപ് കെ സി. യ്ക്ക് 01.06.2014 ൽ ഫാം മാനേജർ ഗ്രേഡ് II തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 01.06.2014 ൽ 18,740 – 33,680 രൂപ ശമ്പളനിരക്കിൽ 18,740/- രൂപ അടിസ്ഥാന ശമ്പളം നിർണ്ണയിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് 01.11.2014 ന് കെ.എസ്.ആർ. റൂൾ 28A(b) പ്രകാരം 19,740/- രൂപ ശമ്പളം നിർണ്ണയിച്ചു നൽകിയിരുന്നു. എന്നാൽ 01.07.2014 ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് 01.07.2014 ൽ 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 36,600/- രൂപയായി ശമ്പളം നിർണ്ണയിച്ചുനൽകിയതിനു ശേഷം ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 44 പ്രകാരം 01.11.2014 ന് 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 39,500/- രൂപയായി ശമ്പളം പുനർനിർണയിച്ച് നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ആദ്ദേഹത്തിന് ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 44 പ്രകാരം 01.11.2014 ന് 35,700 - 75,600 രൂപ ശമ്പളനിരക്കിൽ 38,500/- രൂപ ശമ്പളത്തിനുമാത്രമേ അർഹതയുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊമോഷൻ ലഭിച്ച ശമ്പളനിരക്കിൽ (35700 - 75600) വാങ്ങിക്കൊണ്ടിരുന്ന ശമ്പളം 36,600/- രൂപ.

കൂട്ടുക – ഒരു ഇൻക്രിമെന്റ് - 900/- രൂപ

37,500/- രൂപ

5700 - 75600 രൂപ ശമ്പളനിരക്കിൽ അടുത്ത സ്റ്റേജ് 38,500/- രൂപ

01.11.2014 ൽ 35700 - 75600 രൂപ ശമ്പളനിരക്കിൽ നിർണ്ണയിക്കാവുന്ന ശമ്പളം 38,500/- രൂപ

മേൽ സൂചിപ്പിച്ച രീതിയിൽ ശമ്പളം നിർണ്ണയിച്ച് തുടർന്നുള്ള ശമ്പളം പുനർക്രമീകരിക്കേണ്ടതും കൂടുതൽ നൽകിയ ശമ്പളാനുകൂല്യങ്ങൾ തിരികെ ഈടാക്കേണ്ടതുമാണ്.

3-4) എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ

3-4-1) വാർഷിക കണക്കിലെ അപാകതകൾ

18.04.17 മുതൽ 13.10.17 വരെയുള്ള തിയ്യതികളിലെ രശീതികൾ (രശീത് ബുക്ക് നം. 49678 ക്രമ നം.66 മുതൽ 74 വരെ) പരിശോധിച്ചതിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തതായി കാണുന്നു. മേൽ രശീതുകൾ പ്രകാരം 493/- രൂപ വരവുണ്ടെങ്കിലും

ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. രശീത് പ്രകാരമുള്ള തുക അടവാക്കുന്ന അക്കൗണ്ട് (നം.57052693309, എസ്.ബി.ഐ.,കൂറ്റിപ്പുറം) പ്രകാരമുള്ള നീക്കിയിരിപ്പ് 1000/- രൂപയും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-4-2) തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് – രശീതി ലഭ്യമായിട്ടില്ല

തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കി മുഴുവൻ തുകയും ഡിമാന്റ് ഡ്രാഫ്റ്റുകളായി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്, എങ്കിലും തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല. ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4-3) കരാറിൽ ഏർപ്പെടുന്നതിന് കാലതാമസം

താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ പെയ്മെന്റ് നടത്തിയ തിയതികളിൽ മാത്രമാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. അളവുപുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2015 ൽ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്, കമ്മീഷൻ തിയതി	എസ്റ്റിമേറ്റ് തുക	കരാർ നം, തിയതി	അളവു പുസ്തകം, മെഷർമെന്റ് തിയതി	പെയ്മെന്റ് തിയതി
1	Const ruction of drying yard for seed, RARS അമ്പലവയൽ, 26.03.15	1,70,000	30/16-17, 31.03.17	4427, 09.06.15	31.03.17
2	Const ruction of	80,000	29/16-17,	4984,	31.03.17

	cafeteria and sales counter, RARS അമ്പല വയൽ, 26.03.15		31.03.17	09.06.15	
3	Const ruction of pooppoli gate, RARS അമ്പല വയൽ, 26.03.15	2,50,000	31/16-17, 31.03.17	5347, 09.06.15	31.03.17

മറ്റു അപാകതകൾ:

1. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ നൽകിയതിനാൽ ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടമായി.
2. സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്ന ഫോമിൽ കരാറുകാരൻ ഒപ്പ് വെച്ച് സൈറ്റ് ഏറ്റെടുത്തതായി കാണുന്നില്ല.
3. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-4-4) പ്രവൃത്തി പൂർത്തിയാക്കിയിട്ടും തുക ലഭ്യമായില്ല

പ്രവൃത്തിയുടെ പേര് - Improvement to existing road and related works at COA, Padannakkad

T.S.No. - 2/2016-17 dt.06.04.16

Agt.No. -4/2016-17 dt.08.05.16

10,00,000/- രൂപ എസ്റ്റിമേറ്റുള്ള മേൽ പ്രവൃത്തിക്കു വേണ്ടി ആകെ ചെലവായ 9,32,306.00/- രൂപ (ആയതിൽ 9,04,490.00 രൂപ ചെക്ക് നം.324053/ 31.12.16 പ്രകാരം കരാറുകാരന് നല്കിയിട്ടുണ്ട്) പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജ് ഡീനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3-5) കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ

3-5-1) എഫ്.എൽ.ഡി. ഓൺ ഹൈഡ്രോപോണിക് ഫോഡർ ഫോർ ഡയറി കാറ്റിൽ - കാലിത്തീറ്റ വാങ്ങിയതിലെ അപാകതകൾ

സി.ബി.വി. നമ്പർ - 203/ 03/16-17

ചെക്ക് നമ്പർ - 664361 തീയതി. 31.03.07

തുക – 48,375/- രൂപ

മരിയ കാറ്റിൽ ഫീഡ് എന്ന സ്ഥാപനത്തിൽ നിന്നും കാലിത്തീറ്റ വാങ്ങാൻ മേൽപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെപറയുന്നു.

1. മരിയ കാറ്റിൽ ഫീഡ്സിന്റെ ബില്ലിൽ വാങ്ങിയ ഇനം "Maize bran" എന്നും തുക അനുവദിക്കുന്ന KVK/10/16 തീയതി 31.03.17 നടപടിക്രമത്തിൽ Maize seed എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
2. സ്റ്റോക്ക് എൻട്രി വരുത്തിയിരിക്കുന്ന OFT/ FLD സ്റ്റോക്ക് രജിസ്റ്റർ പേജ് 51 ൽ വാങ്ങിയ ഇനം രേഖപ്പെടുത്തിയിട്ടില്ല.
3. സ്റ്റോക്കിലെടുത്ത കാലിത്തീറ്റ ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3-6) ഡയറക്ടേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, വെള്ളാനിക്കര

3-6-1) ഡെപ്പോസിറ്റ് പ്രവൃത്തി - ഡെപ്പോസിറ്റ് തുകയേക്കാൾ അധികം തുക ചെലവഴിച്ചു.

പ്രവൃത്തിയുടെ പേര് :- Construction of Advanced Work for Horticultural Research with Lab facilities at RARS, Ambalavayal

ഫയൽ നം. – A4/2104/15

അളവു പുസ്തകം – 5165, 5919

എഗ്രിമെന്റ് നം. – 57/15-16 dt. 29.10.15

എസ്റ്റിമേറ്റ് തുക – 1,50,00,000/- രൂപ (ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ 15,00,000/- രൂപ ഉൾപ്പെടെ)

സാങ്കേതികാനുമതി നം.- 66/15-16

കരാറുകാരൻ – ശ്രീ.മനേഷ്.കെ.

2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം കരാറിലേർപ്പെട്ട പ്രവൃത്തിക്ക് നാല് പാർട്ട് ബില്ലുകളിലായി മൊത്തം 1,01,34,686/- രൂപ ചെലവഴിച്ചു. നാളിതു വരെ ഫൈനൽ ബിൽ തയ്യാറാക്കുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 15,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആർ.എ.ആർ.എസ്.അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും 95,50,000/- രൂപയാണ് ഡെപ്പോസിറ്റായി ലഭിച്ചിട്ടുളളത്. ഡെപ്പോസിറ്റ് ഹെഡ്ഡിൽ നിന്നും അധികമായി ചെലവഴിച്ച തുക അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 29.10.15 ന് കരാറിലേർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 15 മാസമാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

3-6-2) CPWD നിർവ്വഹണം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നൂറ് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തി 2012-13 മുതൽ 2017-18 വരെ ICAR ൽ നിന്നും 21,53,45,000/- രൂപ ലഭിക്കുകയും ടി തുക CPWD ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് . CPWD യെ ഏൽപ്പിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി	ബജറ്റ് പ്രകാരം വകയിരുത്തിയ തുക (ലക്ഷം)	ഫണ്ടിങ്ങ് ഏജൻസി	എസ്റ്റിമേറ്റ് തുക (ലക്ഷം)
1	Construction of Academic Block College of Forestry at KAU	550	ICAR	640.24
2	Research &Academic Mngt	1,500	,,	1274.75

3	Construction of students aminities, indoor stadium,pavilion, swimming pool,&placement cell at KAU	1,000	,,	917.12
4	Construction of a building for visiting scientist Home at KAU	200	,,	
5	Constructing PG &Research scholar Hostel at KAU	200	,,	
6	Construction of UG Hostel ay KAU	200	,,	ക്രമ നം. 4 മുതൽ 8 വരെയുള്ള പ്രോജക്ടുകളുടെ ആകെ എസ്റ്റിമേറ്റ് തുക 737.65
7	Construction of UG Mens Hostel at KAU	200	,,	

ഏഴ് പ്രവൃത്തികൾക്കായി ഐ.സി.എ.ആറിൽ നിന്ന് അനുവദിച്ച 21,53,45,000/- രൂപയും സ്റ്റേറ്റ് പ്ലാൻ ഫണ്ട് 1,52,00,000 രൂപയും സി.പി.ഡബ്ലിയു -വിന് കൈമാറിയിട്ടുണ്ട്. ഐ.സി.എ.ആറിൽ നിന്ന് രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പ്രൊപ്പോസൽ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തിട്ടില്ലെന്നും ക്രമ നം 3 പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നും ഓഡിറ്റ് എൻകയറി നം.11,13

എന്നിവക്ക് മറുപടി ലഭിച്ചിട്ടുണ്ട്. നാളിതു വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരങ്ങളും പൂർത്തീകരണ സാക്ഷ്യപത്രങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3-6-3) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

എ) കൺസ്ട്രക്ഷൻ ഓഫ് ടെയ്ലീസ് ഹോസ്റ്റൽ കം ഗസ്റ്റ് ഹൗസ് , കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി
ഫയൽ നം. – A4/2246/12
എം.ബുക്ക് നം. – 5364
കോൺട്രാക്ടർ –ശ്രീ കെ.വി. അബ്ദുള്ള

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് നം.38/13-14 തിയതി 03.08.13 പ്രകാരം 21 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് വേണ്ടി ഇലക്ട്രിഫിക്കേഷൻ ഒഴികെ 2,00,00,000/- രൂപ വകയിരുത്തിയിരുന്നു. നാളിതു വരെ 89,52,019/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. തേർഡ് & പാർട്ട് ബിൽ പ്രകാരം അതു വരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ അളവെടുത്തിട്ടുള്ളത് 16.03.2017 ൽ മാത്രമാണ്. എന്നാൽ എഗ്രിമെന്റ് പ്രകാരമുള്ള 21 മാസത്തെ കാലാവധി 06.02.2016 ൽ അവസാനിച്ചിട്ടുള്ളതാണ്. സമയപരിധി ദീർഘിപ്പിക്കുന്നതിന് കോൺട്രാക്ടർ ശ്രീ. കെ. വി. അബ്ദുള്ള അപേക്ഷിച്ചെങ്കിലും നാളിതു വരെ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ല. പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ തുകയും കുറവ് ചെയ്തതായി കാണുന്നില്ല. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പുനരാരംഭിക്കുന്നതിന് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കോൺട്രാക്ടർക്ക് കത്ത് നൽകിയെങ്കിലും പ്രവൃത്തി പുനരാരംഭിച്ചതിന്റെ വിവരം ലഭ്യമല്ല. കാരപറമ്പ് വിജയ ബാങ്കിന്റെ ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ആരംഭിച്ചതെങ്കിലും ബാങ്ക് ഗ്യാരന്റിയുടെ കാലാവധി 10.10.2017 ൽ അവസാനിക്കുന്നതാണ്. ബാങ്ക് ഗ്യാരന്റി കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഗ്യാരന്റി പിരീഡ് എക്സ്റ്റന്റ് ചെയ്യുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ദേശീയ തേൻ ഗുണ നിർണ്ണയ ലാബ്
ഫയൽ നം - A4/1190/15
എം.ബുക്ക് നം – 5383

കോൺട്രാക്ടർ – ശ്രീ കെ.വി. അബ്ദുള്ള
എഗ്രിമെന്റ് നം. 43/15-16 തീയതി 05.10.15

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം 05.01.17 ൽ (16 മാസത്തിനുള്ളിൽ) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ഇലക്ട്രിഫിക്കേഷൻ ഒഴികെ 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും First & part bill പ്രകാരം 12,19,943/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തിയ 5888, 5893 നമ്പർ എം.ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിക്കുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 19.07.17 ലെ A4/1190/15 നമ്പർ ഡിപിപിയുടെ കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിന് ലഭിച്ച 28.07.17 ലെ മറുപടിയിൽ 07.08.17 ന് മുൻപ് പ്രവൃത്തി പുനരാരംഭിക്കാമെന്നും ജൂൺ 2018 ന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കാമെന്നും പറഞ്ഞിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ മേൽ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. എന്നിട്ടും ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ലെ ഖണ്ഡിക 2112-1 പ്രകാരം കരാർ ഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക തിരികെ ഈടാക്കേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റീടെന്റർ ക്ഷണിക്കേണ്ടതുമാണ്.

3-6-4) കെട്ടിട നികുതി അടവാക്കലുമായി ബന്ധപ്പെട്ട് നിരീക്ഷിക്കപ്പെട്ട അപാകതകൾ

സർവ്വകലാശാലയിലെ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ എ 6- 265/17 നമ്പർ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ നിരീക്ഷിക്കപ്പെട്ടു.

(എ) 2015-16 സാമ്പത്തിക വർഷത്തെ നികുതി 68,165/- രൂപ 5.10.16 തീയതിയിലെ 325242 നമ്പർ ചെക്കു പ്രകാരം അടവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തുക കുറവ് ചെയ്ത ശേഷം 2015-16 വർഷത്തെ നികുതി കുടിശ്ശിക 1,89,411/- രൂപയും 2016-17 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2,37,247/- രൂപയും കൂടി മൊത്തം 4,26,658/- രൂപ അടവാക്കേണ്ടതാണെന്ന് മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെതായി 25.1.17 തീയതിയിലെ എ 4-8622/15 നമ്പർ കത്ത് ലഭിച്ചു കാണുന്നുണ്ട്.

(സി) 17.3.17 തിയതിയിലെ 766400 നമ്പർ ചെക്ക് മുഖേന 1,26,706/- രൂപ (431/16-17 നമ്പർ വൗച്ചർ), 2016-17 സാമ്പത്തിക വർഷത്തെ നികുതി ഒടുക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 11602500281 മുതൽ 11602500287 വരെയും 11602500290 മുതൽ 11602500391 വരെയും നമ്പർ രശീതികളുടെ ആകെ തുക 1,25,049/- രൂപ മാത്രമാണ്. അതായത് 1,657/- രൂപ (126706 – 125049) കുറവാണ് വരവുവെച്ചുകാണുന്നത്. രസീതികളിൽ പ്രസ്തുത തുക 2015-16 സാമ്പത്തിക വർഷത്തെ നികുതിയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക ആയി ഡിമാന്റ് ചെയ്ത തുക (1,89,417/- രൂപ) അടവാക്കിയിട്ടില്ല. 2016-17 ലെ ഡിമാന്റ് (2,37,247/- രൂപ) തുകയും അടവാക്കിയ തുക (1,26,706/- രൂപ)യും രസീതികൾ പ്രകാരം വരവുവെച്ച തുക (1,25,049/- രൂപ)യും വ്യത്യാസപ്പെട്ടിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തേക്കുവേണ്ടി അടവാക്കിയ പ്രസ്തുത തുക, ഗ്രാമപഞ്ചായത്തിന്റെ രസീതികൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കാണ് വരവുവെച്ചിരിക്കുന്നത്.

ഈ വിഷയത്തിൽ 19.8.17 തിയതിയിൽ ഡി.പി.പി ക്കു നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഫിനാൻഷ്യൽ അസിസ്റ്റന്റ് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ എ 6- 265/17 (ii) തിയതി 22.08.17) ഈ അപാകതകൾ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായിപ്പറയുന്നു. 22.08.17 തീയതിയിൽ എ 6- 265/17 (i) നമ്പറായി മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഡി.പി.പി അയച്ച കത്തിന്റെ പകർപ്പും ഫിനാൻഷ്യൽ അസിസ്റ്റന്റ് ലഭ്യമാക്കിയിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ചില കെട്ടിടങ്ങളെ ഒഴിവാക്കിയിരിക്കുന്നതെന്ന വിശദീകരണമാണ് പ്രസ്തുത കത്തിലുള്ളത്. പരാമർശിത വിധി ന്യായത്തെക്കുറിച്ചാരാഞ്ഞപ്പോൾ, ഡോക്ടർ ജസ്റ്റിസ് ടി. കൊച്ചുതൊമ്മൻ O P No: 1854/78-D നമ്പർ വ്യവഹാരത്തിൽ 1980 ഒക്കേടോബർ 30ാം തിയതി പുറപ്പെടുവിച്ച ഉത്തരവാണ് ലഭ്യമായത്. 1960 ലെ Kerala Panchayat Act ലെ സെക്ഷൻ 72 പ്രകാരം കെട്ടിടനികുതിയിൽ നിന്നും ചില കെട്ടിടങ്ങളെ ഒഴിവാക്കിയിരുന്നു. ഇത്തരം കെട്ടിടങ്ങളുടെ പട്ടികയിലെ (d) ഇനം ആയി " Buildings used for educational purposes including hostels" എന്ന് ചേർത്തിട്ടുള്ളതിന്റെയും 27.5.1977 തിയതിയിലെ 15469/C1/77/LA & SWD നമ്പർ സർക്കാർ സർക്കുലറിന്റെയും അടിസ്ഥാനത്തിലാണ് ബഹു. കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് അനുസരിക്കുവാൻ സർവ്വകലാശാലയും പഞ്ചായത്തും ബാധ്യസ്ഥരുമാണ്.

എന്നാൽ 1994 ൽ കേരള നിയമസഭ, കേരള പഞ്ചായത്ത് രാജ് നിയമം പാസാക്കിയപ്പോൾ 1960 ലെ നിയമം കാലഹരണപ്പെട്ടു. നിലവിലുള്ള നിയമങ്ങളെയും

ചട്ടങ്ങളെയും വ്യാഖ്യാനിക്കുകയെന്ന ദൗത്യമാണ് ബഹു. നീതിന്യായ കോടതികളിൽ നിക്ഷിപ്തമായിട്ടുള്ളത്. 1994 ൽ നിലവിൽ വന്ന നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കുമാണ് തുടർന്ന് പ്രാബല്യമുള്ളത്. 2011 ൽ വീണ്ടും കെട്ടിട നികുതി ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം നികുതി ഒടുക്കുവാൻ കെട്ടിട ഉടമകൾ ബാധ്യസ്ഥരാണ്.

ചില കെട്ടിടങ്ങളെ വസ്തു നികുതി കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കുവാൻ ഡി.പി.പി നൽകിയ അപേക്ഷ 7.10.2017 ൽ ചേർന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗം പരിശോധിക്കുകയും 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203, 207 വകുപ്പുകൾ പ്രകാരം ഡി.പി.പി യുടെ ആവശ്യങ്ങൾ നിരസിക്കുകയുമുണ്ടായി. കൂടിശ്ശിക അടവാക്കിയില്ലെങ്കിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് 3.11.2017 തിയതിയിലെ എ 4/7107/17 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(1) 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം നികുതി വിധേയമായ കെട്ടിടങ്ങളുടെ പട്ടിക.

(2) പ്രസ്തുത പട്ടികയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതി 2015-16 സാമ്പത്തിക വർഷത്തിൽ അടവാക്കി എന്നതിന്റെ വിശദാംശങ്ങൾ.

(3) പ്രസ്തുത പട്ടികയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതി 2016-17 സാമ്പത്തിക വർഷത്തിൽ അടവാക്കി എന്നതിന്റെ വിശദാംശങ്ങൾ.

(4) ചട്ടപ്രകാരം നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കാവുന്ന കെട്ടിടങ്ങളുടെ പട്ടിക.

(5) മേൽ ഖണ്ഡിക (d) യിൽ പരാമർശിച്ചതു പ്രകാരം നികുതി രസീതിയിൽ വർഷം, തുക എന്നിവ വ്യത്യാസപ്പെട്ടു കാണുന്നതിനുള്ള വിശദീകരണം.

(6) വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറിയ ഏതെങ്കിലും കെട്ടിടത്തിന്റെ നികുതി, കേരള കാർഷിക സർവ്വകലാശാലയുടെ മേൽ ചുമത്തിയിട്ടുണ്ടോയെന്ന വിവരം.

മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ 2011 ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നികുതി വിധേയമായ കെട്ടിടങ്ങളുടെ നികുതി യഥാക്രമം അടവാക്കിയില്ലെങ്കിൽ പിഴ പലിശ സഹിതം അടവാക്കേണ്ടതായി വരുന്നതും ആയത് സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. നികുതി അടവാക്കിയശേഷം അപ്പീൽ നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ

നിക്ഷേപത്തിൽ കിഴിവ് അനുവദിക്കുന്നുവെങ്കിൽ, കൂടുതലായി അടവാക്കിയ തുക തുടർവർഷങ്ങളിലേയ്ക്ക് ക്രമീകരിക്കാവുന്നതുമാണ്.

3-6-5) വാർഷിക കണക്കിലെ അപാകതകൾ

1) UFAST ൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്ക് (Annual Bank transaction summary, 2016-17), ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നം.	Closing balance as per bank book (UFAST)	Closing balance as per bank pass book	വ്യത്യാസം	റിമാർക്സ്
FD.No. 67127379065	1,03,14,941	0.00	-1,03,14,941	FD രജിസ്റ്റർ പ്രകാരം ഈ FD 21/03/2012 ൽ പിൻവലിച്ചിട്ടുള്ളതായി കാണുന്നു.
67224069880 (Sales Tax)	27,79,216	0.00	-27,79,216	അക്കൗണ്ടിൽ ഇത്രയും തുക അവശേഷിയ്ക്കുന്നില്ല.

2) Annual bank & cash account summary 2016-17 പ്രകാരം, ക്യാഷ് ഇനത്തിൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ.നം.	ഇനം	നീക്കിയിരുപ്പ്
1	Cash in Chest	4,339.91
2	Establishment	27,165

എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈ തുകകൾ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നില്ല.മേൽ സൂചിപ്പിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം പരിശോധിയ്ക്കേണ്ടതും വാർഷിക കണക്കിലെ ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

3-6-6) ലേല പരസ്യം -സ്ഥാപനത്തിന് ധനനഷ്ടം

വൗച്ചർ നം. സി.ബി.വി. 73/6-16

ചെക്ക് നം. 325199/ 28.6.16

ഫയൽ നം. എ 5/156/16

2016-17 സാമ്പത്തിക വർഷത്തിൽ, 5 വാഹനങ്ങളുടെ ലേല പരസ്യത്തിനായി 44,695/- രൂപ ടോംയാസ് അഡ്വർടൈസിങ്ങ് സർവ്വീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ വാഹനങ്ങളുടെ അസ്സസ്ഡ് വാല്യു കേവലം 45,250/- രൂപയാണെന്നിരിക്കെ 44,695/- രൂപ ചെലവഴിച്ച് പരസ്യം നല്കിയത് അനുചിതമാണ് . മാത്രമല്ല ടി വാഹനങ്ങൾ നാളിതുവരെ ആരും ലേലം കൊണ്ടിട്ടില്ല. ആയതിനാൽ പരസ്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച തുക സ്ഥാപനത്തിന് സംഭവിച്ച നഷ്ടമായി കണക്കാക്കുന്നു. സ്ഥാപനത്തിന് ധനനഷ്ടം സംഭവിക്കാതെ പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7) യൂണിവേഴ്സിറ്റി ലൈബ്രറി, വെള്ളാനിക്കര

3-7-1) വിവിധ വാങ്ങലുകൾ - സ്റ്റോർ പർച്ചേസ് മാന്വൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2016-17 വർഷം കമ്പ്യൂട്ടറുകൾ, സെർവർ, സ്കാനർ മുതലായ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. വാങ്ങിയ ഇനങ്ങൾ, വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

സി.ബി.വി. നമ്പർ, തിയതി	ചെക്ക് നംപർ	തുക	വാങ്ങിയ ഇനങ്ങൾ
38/3/16-17, 31.3.17	082591	7,65,000	സെർവർ - 1 സ്കാനർ - 1 ലാപ്ടോപ് -1 മോണിറ്റർ - 4 ഡെസ്ക്ടോപ് 12
18/3/16-17, 31.3.17	082606	2,25,932	LED TV, CCTV Camera

1) ടെണ്ടർ ക്ഷണിച്ചിട്ടില്ല – പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക്, ടെണ്ടർ നടപടികളും അഞ്ച് ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികളും പാലിക്കേണ്ടതാണ്. (സ.ഉ.(MS)13/2015/ITD, തിയതി.12.5.15) എന്നാൽ ഇപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടില്ല. 6,00,000/- രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയത്.

2) പത്രപരസ്യം നൽകിയിട്ടില്ല - കൂടുതൽ പ്രചാരമുള്ള ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പത്രപരസ്യം നിശ്ചിത ദിവസത്തിന് മുമ്പ് നൽകി മത്സരസ്വഭാവത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിനും പത്രപരസ്യം നൽകിയിട്ടില്ല.

3) ടെണ്ടർ ഫോറ വിലയിൽ സ്ഥാപനത്തിന് നഷ്ടം - ഒരു ലക്ഷമോ അതിൽ കൂടുതലോ തുകയ്ക്കുള്ള വാങ്ങലുകൾക്ക് നിശ്ചിത ഫോർമാറ്റിലുള്ള ടെണ്ടർ ഫോറങ്ങൾ സർക്കാർ നിർദ്ദേശിക്കുന്ന വിലയ്ക്ക് വിതരണം ചെയ്യണം. ഫോറത്തിന്റെ വിലയും നിശ്ചിതനിരക്കിലുള്ള മൂല്യവർദ്ധിതനികുതിയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടെണ്ടർ ക്ഷണിക്കാത്തതിനാൽ ഈയിനത്തിൽ ലഭ്യമാകുമായിരുന്ന തുക നഷ്ടമായതായി കാണുന്നു.

സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമായി നടത്തിയ വാങ്ങലുകൾ ക്രമവിരുദ്ധമാണ്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

3-7-2) വാർഷിക കണക്ക് - അപാകതകൾ

1) ക്ലോസിംഗ് ബാലൻസ് പൊരുത്തപ്പെടുന്നില്ല.

എ) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ, താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്കിലെയും UFAST ലെയും ക്ലോസിംഗ് ബാലൻസ് വ്യത്യസ്തമാണ്.

അക്കൗണ്ട് നമ്പർ	ക്ലോസിംഗ് ബാലൻസ്		വ്യത്യാസം
	ബാങ്ക്	യുഫാസ്റ്റ്	
57006542967	6034091.50	5947674	86417.50
57006550740	1000	223079	222079

ക്ലോസിംഗ് ബാലൻസുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

ബി) ആന്വൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറി പ്രകാരം നീക്കിയിരിപ്പ് 4,83,096/- രൂപയാണ്. എന്നാൽ ആന്വൽ റസീപ്റ്റ് & പെയ്മെന്റ് സമ്മറി പ്രകാരം നീക്കിയിരിപ്പ് 5,54,018/- രൂപയാണ്. വ്യത്യാസം 70,922/- രൂപ. ഓഫീസ് അക്കൗണ്ട് നീക്കിയിരിപ്പുകൾ തമ്മിലുള്ള ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2) 67225567502(ഇ എ പി), 67225567502(എൻ ഐ പി) എന്നീ അക്കൗണ്ടുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ പണമിടപാടുകൾ നടത്തിയതായി കാണുന്നില്ല. മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് UFAST ൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

3-8) കരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ

3-8-1) കുളത്തിന്റെ നവീകരണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല

കേന്ദ്രത്തിലെ ജല ദൗർലഭ്യത്തിന്റെ പരിഹാരത്തിനായി നിലവിലുള്ള കുളത്തിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതി ധനസഹായത്തിൽ നിന്നും 18,00,000/- രൂപയും, ICAR ധനസഹായത്തിൽ നിന്നും 5,00,000/- രുപയും ഡി.പി.പി യ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	നൽകിയ തുക
2009-10	5,00,000/-
2012-13	7,00,000/-
2013-14	6,00,000/-
2015-16	5,00,000/-
ആകെ	**23,00,000/**

ഇത്രയും തുക കൈമാറി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ആയത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8-2) വാർഷിക കണക്ക് - മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം

2016-17 വാർഷിക കണക്കിൽ ' cash 'ഇനത്തിൽ 42,309/- രൂപ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈ ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3-9) AICRP ഓൺ വീഡ് കൺട്രോൾ, സി ഒ എച്ച്, വെള്ളാനിക്കര

3-9-1) പ്രൊമോഷൻ - ശമ്പള പുനർ നിർണ്ണയത്തിലെ അപാകത

ശ്രീ.കെ.ഐ.നൗഷാദ് , സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ന് 01.12.2016-ന് അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായി പ്രൊമോഷൻ ലഭിച്ചതിന്റെ ശമ്പള നിർണ്ണയം നടത്തിയത് താഴെ പറയും പ്രകാരമാണ്.

കെ.എസ്.ആർ. പാർട്ട് 1 റൂൾ 37 (എ) പ്രകാരം,

പ്രൊമോഷൻ തീയതി - 01.12.2016

01.12.2016 ലെ ശമ്പളം - 33,900/- രൂപ

നോ. ഇൻക്രിമെന്റ് - 900/- രൂപ

34,800/- രൂപ

ഹയർ സ്റ്റേജിലെ അടുത്ത ഘട്ടം - 35,700/- രൂപ

അടുത്ത ഇൻക്രിമെന്റ് - 29.12.2016 ൽ 36,600/- രൂപ

(നോർമൽ ഇൻക്രിമെന്റ് തീയതിയിൽ)

ശമ്പള നിർണ്ണയത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1. ശമ്പള നിർണ്ണയം നടത്തിയിരിക്കുന്നത് കെ.എസ്.ആർ. റൂൾ 37 (എ) പ്രകാരമാണ്. ടിയാന് ഇത് അനുവദനീയമല്ല. റൂൾ 28 (എ) പ്രകാരമാണ് ഫിക്സേഷൻ നടത്തേണ്ടത്.

2. ശ്രീ.കെ.ഐ.നൗഷാദ് 10.10.2006 മുതൽ 06.11.2016 വരെ LWA (under appendix 12 A) ആയിരുന്നു. അവസാന ഇൻക്രിമെന്റ് തീയതി. 01.12.2005. 07.11.2016-ൽ തിരികെ ജോലിയിൽ പ്രവേശിച്ച ശേഷം 2009, 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള ഫിക്സേഷൻ നടത്തിയിട്ടുണ്ട്. 2014 ശമ്പള പരിഷ്കരണ ഉത്തരവ് അനക്സ്ചർ II 17 പ്രകാരം 01.07.2014-ൽ LWA-യിൽ തുടരുന്ന ഉദ്യോഗസ്ഥൻ തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ മാത്രമേ റിവൈസ്ഡ് സ്കെയിലിൽ ഫിക്സേഷന് അർഹതയുള്ളൂ. ഇതിൻ പ്രകാരം 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള ഫിക്സേഷൻ 07.11.2016-ന് നടത്തേണ്ടതാണ്.

3. 01.12.2016-ലെ ശമ്പളം പ്രൊമോഷന് ശേഷം 35,700/- ആയി പുനർ നിർണ്ണയിച്ചു. അടുത്ത ഇൻക്രിമെന്റ് 29.12.2016-ൽ നൽകി ശമ്പളം 36,600/- ആയി പുനർ നിർണ്ണയിച്ചു. കെ.എസ്.ആർ പാർട്ട് 1, റൂൾ 33(എ) അനുസരിച്ച് ടിയാന്റെ നോർമൽ ഇൻക്രിമെന്റ് തീയതി.01.11.2017 ൽ ആണ്.

പ്രൊമോഷൻ ഫിക്സേഷൻ 28 എ പ്രകാരം താഴെ കൊടുക്കുന്നു.

പ്രമോഷൻ തീയതി - 01.12.2016

01.12.2016 ലെ ശമ്പളം - 33,900/- രൂപ

നോ. ഇൻക്രിമെന്റ് - 900/- രൂപ

34,800/- രൂപ

ഹയർ സ്റ്റേജിലെ അടുത്ത ഘട്ടം - 35,700/- രൂപ

01.12.2016 ലെ ശമ്പളം - 35,700/- രൂപ
അടുത്ത ഇൻക്രിമെന്റ് - 01.11.2017 ൽ (ശൂന്യവേതനാവധിയെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം തികയുന്ന ദിവസം)

As per Rule 33(A) KSR PART I (റീ ഫിക്സേഷൻ അനുവദനീയമല്ല)
അടുത്ത ഇൻക്രിമെന്റ് തീയതി - 01.11.2017
01.11.2017 ൽ ശമ്പളം - 36,600/- രൂപ

ശരിയായ രീതിയിൽ ഫിക്സേഷൻ നടത്തി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി, 29.12.2016 മുതൽ അധികം വാങ്ങിയ തുക തിരികെ അടയ്ക്കേണ്ടതാണ്.

3-9-2) വാർഷിക കണക്ക് - നീക്കിയിരിപ്പ് തുക വ്യത്യാസം

2016-17 സാമ്പത്തികവർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, SB A/C – 57006543030 എന്ന അക്കൗണ്ടിന്റെ UFAST ലെയും (2,00,302/- രൂപ), ബാങ്ക് പാസ്ബുക്കിലെയും (5,07,900.94/- രൂപ) ക്ലോസിങ്ങ് ബാലൻസ് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

സി. ബി. വി. നം. 73/1/2016-17 പ്രകാരം 4 ലക്ഷം രൂപ (ചെക്ക് നം 942391 തീയതി 18/1/17) കെ എ യു പ്രധാന ക്യാമ്പസിലെ HT കണക്ഷന്റെ (കോഡ് 135675000364) ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ കംപ്ട്രോളർക്ക് നൽകിയിട്ടുണ്ട്. 17.4.15 ലെ രജിസ്ട്രാറുടെ GA/B2/25444/14 നമ്പർ നടപടിക്രമമനുസരിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ ഐ.ടി.ബി.ടി കോംപ്ലക്സ് 4 ലക്ഷം രൂപയും, സെന്റർ ഫോർ ഇ-ലേർണിംഗ് 1.5 ലക്ഷം രൂപയും കംപ്ട്രോളർക്ക് നൽകണമെന്നും, ബാക്കി തുക കംപ്ട്രോളർ അടവാക്കും എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 25.09.17 ലെ ഡി പി പി യുടെ നം എ 6/4637/17(iv) കത്ത് പ്രകാരം 15.09.17 വരെയുള്ള കുടിശ്ശിക 16,03,438/- രൂപ അടവാക്കണമെന്നാണ് അറിയിച്ചിരിക്കുന്നത്. കംപ്ട്രോളർക്കു കൈമാറിയ 4 ലക്ഷം രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കംപ്ട്രോളർക്കു കൈമാറിയ 4 ലക്ഷം രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യാത്തതിന് കാരണം വിശദമാക്കേണ്ടതും, ഉപഭോഗത്തിന് അനുസൃതമായ വൈദ്യുതി ചാർജ് മാത്രം അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-26-3) കുഴൽകിണർ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സി ബി വി നം 12/03/16-17 പ്രകാരം 1,00,000/- രൂപ സി പി ബി എം ബിയുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടിൽ കുഴൽ കിണർ കുഴിക്കുന്നതിനും, ടോയ്ലറ്റ് നിർമ്മിക്കുന്നതിനും ഡി പി പിയ്ക്ക് കൈമാറിയിട്ടുണ്ട് (9338 – സീഡ് & നഴ്സറി പ്രോഗ്രാം, ചെക്ക് നം - 131292 തിയതി 03.03.17). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-27) സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി & ഇൻസ്ട്രുമെന്റേഷൻ, വെള്ളാനിക്കര

3-27-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.സി.ബി.വി 34/16-17, തീയതി 31.3.17 പ്രകാരം 1,00,000/- രൂപ ട്രെയിനിംഗ് റൂമിന്റെ നിർമ്മാണത്തിനായി ഫിസിക്കൽ പ്ലാന്റ് ഡയറക്ടർക്ക് മുൻകൂർ നൽകിയതായി കാണുന്നു. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങൾ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-28) ഫ്ലോറിക്കൾച്ചർ ഇംപ്രൂവ്മെന്റ് പ്രോജക്ട്, വെള്ളാനിക്കര

3-28-1) അനിയന്ത്രിതമായി മുൻകൂർ പണം പിൻവലിയ്ക്കുന്നു

സംസ്ഥാനാവിഷ്കൃത പദ്ധതി – "Introduction, evaluation and large scale production of exotic cut flower and foliage."

2016-17 സാമ്പത്തിക വർഷം മേൽ സൂചിപ്പിച്ച പ്രൊജക്ടിന്റെ നടത്തിപ്പിനായി അഡ്വാൻസ് രജിസ്റ്റർ അനുസരിച്ച് 3,22,000/- രൂപ വിവിധ വൗച്ചറുകളിലായി മുൻകൂർ അനുവദിച്ചിട്ടുണ്ട്. ഈ മുൻകൂർ തുകകളെല്ലാം 2016-17 വർഷം തന്നെ ക്രമീകരിച്ചതായും കാണുന്നു. എന്നാൽ ഇത്രയും തുക മുൻകൂർ കൈപ്പറ്റി, ഗുണഭോക്താക്കൾക്ക് നേരിട്ട് പണമായി നൽകുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് പണമായി നൽകുന്നതിനു പകരം, ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന പണം നൽകിയാൽ അനിയന്ത്രിതമായി മുൻകൂർ കൈപ്പറ്റുന്നത് ഒഴിവാക്കാവുന്നതാണ്. പദ്ധതി പണം കാര്യക്ഷമമായി ചെലവഴിയ്ക്കുന്നതിന് മുൻകൂർ തുക കൈപ്പറ്റുന്നത് പരമാവധി ഒഴിവാക്കേണ്ടതും, ഗുണഭോക്താക്കൾക്ക് ഇ – ട്രാൻസ്ഫർ മുഖേന പണം നൽകേണ്ടതുമാണ്.

3-28-2) വാർഷിക കണക്ക് - അപാകത

2016-17 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം, വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്കിലെ (എസ്.ബി. അക്കൗണ്ട് നം. 1792) അക്കൗണ്ടിൽ 1,60,366/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു അക്കൗണ്ട് നിലവിലില്ല. 11.05.2015 ൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്യുകയും അക്കൗണ്ടിലുണ്ടായിരുന്ന 1,84,449/- രൂപ കെ.എ.യു. ക്യാമ്പസിലെ എസ്.ബി.ടി ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട് (അക്കൗണ്ട് നം. 67320980929). ആയതിനാൽ നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക കണക്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-28-3) യാത്രാബത്ത ബില്ലുകളിൽ വാഹന വാടക ഉൾപ്പെടുത്തുന്നു

ക്രമ നം.	വൗച്ചർ നമ്പർ, തീയതി	തുക	ചെക്ക് നമ്പർ/ തീയതി
1	സി.ബി.വി. നം. 48/ 9-16-17, 30/09/2016	7,425/-	580441/30.09.16
2	സി.ബി.വി. നം. 49/ 9-16-17, 30/09/2016	4,300/-	
3	സി.ബി.വി. നം. 50/ 09-16-17, 30/09/2016	4,375/-	

പദ്ധതി : GOK Plan Project – Introduction, evaluation and large scale production of exotic cut flower and foliage.

മേൽ സൂചിപ്പിച്ച യാത്രാബത്ത ബില്ലുകളിൽ, വിവിധ സ്ഥലങ്ങളിലേയ്ക്കായി നടത്തിയ യാത്രകൾക്കായി വാഹനം വാടകയ്ക്ക് വിളിച്ച തുകകൾ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. എന്നാൽ കേരളത്തിനു പുറത്ത് വൻനഗരങ്ങളിൽ മാത്രമാണ് ഗ്രേഡ് 1 ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് വിളിയ്ക്കാവുന്നത്. പദ്ധതികളുടെ ഭാഗമായി നടത്തുന്ന ഫീൽഡ് സന്ദർശനങ്ങൾക്കുള്ള വാഹന വാടക ഉൾപ്പെടുത്തുന്നതിനായി ഈ പ്രൊജക്ടിൽ 319-31-9313-330 എന്ന ശീർഷകം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ വാഹനവാടക ഉൾപ്പെടുത്താതെ, യാത്രാബത്തയ്ക്കുള്ള ശീർഷകമായ 319-31-9313-300 ൽ ആണ് ഉൾപ്പെടുത്തുന്നത്. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിന്റെ യഥാർത്ഥ ഇനം

തിരിച്ചുള്ള കണക്കുകളിൽ പൊരുത്തക്കേട് സംഭവിയ്ക്കുന്നു. ചെലവിനങ്ങളുടെ ഓരോ ശീർഷകത്തിലും ബജറ്റ് വിഹിതം ഉള്ളതിനാൽ ഓരോ ചെലവും അതത് ശീർഷകത്തിൽ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

3-29) പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം

3-29-1) വാർഷിക കണക്ക് – അപാകതകൾ

1) മുന്നിരിപ്പ് /നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം

കേന്ദ്രത്തിന്റെ 2016-17 വാർഷിക കണക്കിൽ 'cash' ഇനത്തിൽ 5,03,698/- രൂപ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനത്തിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ടി ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

2) പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2016-17 വർഷത്തെ ആകെ പിൻവലിച്ച തുക 44,03,287/- രൂപയാണ് എന്നാൽ Annual Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 57,09,488/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary പ്രകാരം	വ്യത്യാസം
44,03,287	57,09,488	13,06,201

UFAST പ്രകാരം തയ്യാറാക്കിയിട്ടുള്ള ടി സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന പിൻവലിച്ച തുകയിലുള്ള വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

3) ഡെപ്പോസിറ്റ്, പിൻവലിക്കൽ തുകകൾ - അപാകതകൾ

കേന്ദ്രത്തിന്റെ 2016-17 വാർഷിക കണക്കിൽ 'cash' ഇനത്തിൽ 11,40,637/- രൂപ deposit, withdrawals ഇനത്തിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ടി ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

3-30) സീഡ് ടെക്നോളജി യൂണിറ്റ്, സി. ഒ. എച്ച്, വെള്ളാനിക്കര

3-30-1) യഥാർത്ഥ നീക്കിയിരിപ്പു തുക, വാർഷികകണക്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

2016-17 വാർഷികകണക്ക് പ്രകാരമുള്ള ബാങ്കുകളിലെ നീക്കിയിരിപ്പ് തുകകൾ ബാങ്കിലെ യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	അക്കൗണ്ട് നം.	യഥാർത്ഥ നീക്കിയിരിപ്പ്	യു ഫാസ്റ്റ് വാർഷിക കണക്കിലെ നീക്കിയിരുപ്പ്
1	67218420331	3,04,913	12,60,361
2	67250895087	25,16,705	24,93,347

വാർഷിക കണക്കിലെ നീക്കിയിരുപ്പും യഥാർത്ഥ നീക്കിയിരുപ്പും തമ്മിലുള്ള ഈ വ്യത്യാസം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-31) ഇൻഫർമേഷൻ കം സെയിൽസ് സെന്റർ, കോഴിക്കോട്

3-31-1) ടിപ്പ് ഷീറ്റുകൾ ശേഖരിച്ച് സൂക്ഷിക്കുന്നില്ല

വിപണന കേന്ദ്രത്തിൽ വിൽപ്പനയ്ക്കായി നടീൽ വസ്തുക്കളും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും ശേഖരിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റിയുടെ വിവിധ സ്റ്റേഷനുകളിലേക്ക് യാത്രകൾ നടത്തിയിട്ടുണ്ട്. വാടകയ്ക്ക് എടുത്ത വാഹനങ്ങളിലാണ് പ്രസ്തുത യാത്രകൾ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം യാത്രകളുടെ തെളിവിനായി ടിപ്പ് ഷീറ്റുകൾ ശേഖരിച്ച് സൂക്ഷിച്ച് കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുപോലെതന്നെ ഓരോ യാത്രയിലും വിവിധ സ്റ്റേഷനുകളിൽ നിന്ന് വാങ്ങിയ വസ്തുക്കളുടെ ഒരു സംക്ഷിപ്തം തയ്യാറാക്കി യാത്രാ ചെലവ് സംബന്ധിച്ച ബില്ലിനൊപ്പം സൂക്ഷിക്കേണ്ടതാണ്. (നിലവിൽ, വിവിധ സ്റ്റേഷനുകളിലേക്കുള്ള ചെലവ്

ബില്ലുകൾക്കൊപ്പം സൂക്ഷിക്കുന്ന ഇൻവോയ്സുകളിൽ മാത്രമാണ് ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ യാത്രയുമായി ബന്ധപ്പെട്ട വരവും ചെലവും താരതമ്യം ചെയ്യുന്നതിന് മേൽ പറഞ്ഞവിധത്തിലുള്ള സംക്ഷിപ്തം സഹായകമാണ്.)

3-31-2) വാർഷിക കണക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

സ്ഥാപനത്തിന്റെ പ്രവർത്തനം റിവോൾവിംഗ് ഫണ്ട് രീതിയിലാണ് തുടർന്നുവരുന്നത്. സ്ഥാപനത്തിന്റെ യഥാർത്ഥ വരവുചെലവു കണക്കുകൾ താഴെപറയും പ്രകാരമാണ്.

മുൻബാക്കി	**2,27,787**
വരവ്	
പലിശ	27,974
ഫണ്ട് ട്രാൻസ്ഫർ	1,30,000
രസീറ്റ്	13,56,056
ആകെ	**17,41,817**
ചെലവ്	
ജനറൽ പെയ്മെന്റ്	1,37,513
ഇന്റേണൽ പെയ്മെന്റ്	13,02,640
ഫണ്ട് ട്രാൻസ്ഫർ	1,50,000
നീക്കിയിരുപ്പ്	**1,51,664**

2016-17 വർഷത്തെ വാർഷികകണക്ക് പ്രകാരം ആകെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് ജനറൽ പെയ്മെന്റ് ഇകയായ 1,37,513/- രൂപ മാത്രമാണ്. റിവോൾവിംഗ് ഫണ്ട് പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന ഉൽപന്നങ്ങൾക്കായി ചെലവഴിച്ച 13,02,640/- രൂപ (ഇന്റേണൽ

പെയ്മെന്റ്) സ്ഥാപനത്തിന്റെ മൊത്തം ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ, യഥാർത്ഥ വരവുചെലവുകൾ പ്രതിഫലിയ്ക്കും വിധം തയ്യാറാക്കേണ്ടതാണ്.

3-32) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി

3-32-1) വാർഷിക കണക്കിലെ ബാങ്ക് നീക്കിയിരിപ്പ്, യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പമുള്ള annual bank transaction summary യിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ വർഷാന്ത്യ നീക്കിയിരിപ്പ് യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട് നമ്പർ	annual bank transaction summary യിലെ ബാങ്ക് നീക്കിയിരിപ്പ്	യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പ്
1	57061805446, സ്റ്റേഷൻമെയിൻ	63,69,741	48,49,332
2	67170405981, Diploma RF	26,77,783	17,48,510
3	67218634569, EAP	65,06,558	31,47,825
4	67237673436, 100 crore grant	1,88,649	1,95,321

5	67338042021, RF-NSP BSP	6,74,324	1,000

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-32-2) നെൽ വിത്ത് ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് – ICAR സീഡ് പ്രോജക്ട് -സീഡ് പ്രൊഡക്ഷൻ ഇൻ അഗ്രികൾച്ചറൽ ക്രോപ്സ് & ഫിഷറീസ് ,
ശീർഷകം -[5006]-6521

മേൽ പ്രോജക്ടിൽ സി.ബി.വി.നം. 398-3/17/31.3.17 പ്രകാരം 15,232/- രൂപ (ചെക്ക് നം.562195/31.3.17) സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി എന്ന സ്ഥാപനത്തിന് നെൽ വിത്ത് വാങ്ങുന്നതിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി നെൽവിത്ത് ലഭ്യമായിട്ടില്ല. ആയതിനാൽ 15,232/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

3-32-3) ബാർകോഡ് ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് – ICAR Seed Project – Seed Production in Agricultural Crops & Fisheries

ശീർഷകം – 5006 / 6521

സി.ബി.വി.നം. 414-3/17 /31.3.17

മേൽ വൗച്ചർ പ്രകാരം, പ്രൊഫോർമ ഇൻവോയ്സ് നം .DSS/16-17 / 139/31.3.17 അനുസരിച്ച് 53,583 /-രൂപ (ചെക്ക് നം. 562206/31.3.17) M/S Dynamic Sales and Services Matrukrupa, Gat No.102/2A, Plot-21 ,Dangat Mala MIDC, Ahamednagar എന്ന സ്ഥാപനത്തിന് ബാർ കോഡ് പ്രിന്റർ, ബാർ കോഡ് ലേബൽ, ബാർ കോഡ് റിബ്ബൺ എന്നിവ വാങ്ങുന്നതിന് തുക നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സാധനങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ 53,583/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-33) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്

3-33-1) വാർഷിക കണക്കുകളിലെ അപാകതകൾ

2016-17 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമനം.	ഇനം	യഥാർത്ഥ നീക്കിയിരിപ്പ് (രൂപ)	UFAST Annual Bank & cash Account summary (രൂപ)
1	SB a/c - 101	ഇല്ല	5.95
2	Permanent Advance Register	2,000	ഇല്ല
3	Cash Book	ഇല്ല	5,81,312

3-34) നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്

3-34-1) റൈസ് ബോട്ട് അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

പ്രൊഫസർ & ഹെഡിന്റെ 11.05.2015 ലെ ബി/1713/2007 നമ്പർ ഉത്തരവ് പ്രകാരം സുഷമ എഞ്ചിനിയറിംഗ് വർക്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 12,49,200/- രൂപയ്ക്ക് വർക്ക് ഓർഡർ നൽകുകയുണ്ടായി. 1,45,700/- രൂപ പാർട്ട് ബിൽ ആയി അനുവദിക്കുകയും ചെയ്തു. റൈസ് ബോട്ടിന്റെ അറ്റകുറ്റപ്പണി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. എത്രയും വേഗം ബോട്ട് അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-35) എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളായണി

3-35-1) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് - ചട്ടങ്ങൾ പാലിക്കാതെ തുക അനുവദിച്ചു

15.02.2007 ലെ ജി.ഒ(പി)നം.60/2007/ഫിൻ ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് അറ്റൻഡൻസ് റൂൾസ്, യൂണിവേഴ്സിറ്റി ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. സി.ബി.വി.നം.11/5-16, 15/6-16 എന്നിവ പ്രകാരം യഥാക്രമം 58,528/-, 28,551/- രൂപ ശ്രീ.സലിം പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനിയർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ എന്ന സ്വകാര്യ ആശുപത്രിയിലാണ് ചികിത്സ നടത്തിയിട്ടുള്ളത്. കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ സർവ്വീസ് റൂൾസ് പ്രകാരം സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്യുകൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത് ആവശ്യമാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സക്കായി ഗവൺമെന്റ് ഡോക്ടറുടെ റഫറൻസ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 87,079/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-36) ക്രോപ്പിംഗ് സിസ്റ്റം റിസേർച്ച് സ്റ്റേഷൻ, കരമന

3-36-1) വിപണന കേന്ദ്രം/കുൺ ഉൽപ്പാദന കേന്ദ്രം - നിർമ്മാണം ഫലപ്രദമായി പൂർത്തീകരിച്ചിട്ടില്ല

2016-17 ൽ നൽകിയ 20,00,000/- രൂപ ഉൾപ്പടെ 40,00,000/- രൂപ വിപണന കേന്ദ്ര നിർമ്മാണത്തിനായി കുമരകം ഡിവിഷണൽ എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ട്. 2013 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിപണനകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള ഡീപ്പ് ഫ്രീസർ, റഫ്രിജറേറ്റർ എന്നിവയിൽ പരിമിത എണ്ണം നീര സിപ്പ് അപ്പ് മാത്രം സൂക്ഷിക്കുവാനാണ് ഉപയോഗിക്കുന്നത്. കുൺ നിർമ്മാണ യൂണിറ്റിനായി കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിർമ്മാണ പദ്ധതികൾ തയ്യാറാക്കുമ്പോൾ യഥാസമയം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകുന്നു എന്നും പ്രയോജനപ്രദമാണെന്നും ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3-36-2) ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി. ഈടാക്കിയ തുകകൾ തിരിച്ചു വാങ്ങിയിട്ടില്ല

എസ്.ബി.റ്റി. യുമായി 26.02.2015 ൽ ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം സർവ്വകലാശാലയ്ക്കും അതിന്റെ വിവിധ സ്ഥാപനങ്ങൾക്കും കൂടി നൽകുന്ന എല്ലാ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കുന്നതല്ല എന്ന് എസ്.ബി.റ്റി. സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി എസ്.ബി.റ്റി. (കരമന ബ്രാഞ്ച്) ബാങ്ക് ചാർജ്ജ് ഇനത്തിൽ ആകെ 1,076/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൗണ്ട് നമ്പർ	തുക (രൂപ)
1.	57000867742(CA)	972
2.	67365167026	104
	ആകെ	**1,076**

1,076/- രൂപ എസ്.ബി.ഐ. യിൽ നിന്നും റീഫണ്ട് ചെയ്ത് വാങ്ങേണ്ടതാണ്. (01.04.2017 മുതൽ എസ്.ബി.റ്റി. യെ എസ്.ബി.ഐ. യിൽ ലയിപ്പിച്ചിട്ടുണ്ട്)

3-36-3) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സ്പെഷ്യൽ അലവൻസുകൾ അനുവദിച്ചു

സ.ഉ.(അച്ചടിച്ചത്) നം.10/2016/ ധന തിയതി 21.01.2016 പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാല ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് (ഖണ്ഡിക 17) പ്രകാരം സർവ്വകലാശാലയിൽ നൽകിവരുന്ന വിവിധ അലവൻസുകൾ, സ.ഉ.(അച്ചടിച്ചത്) നം.7/2016/ധന തിയതി 20.01.2016 ന് അനുസൃതമായി (ഇതിൽ അർഹതയുളളവരുടെ തസ്തികകൾ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്) നൽകേണ്ടതാണെന്നും, അതിനായി സർവ്വകലാശാല പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാല തലത്തിൽ അപ്രകാരം പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മേൽ സർക്കാർ ഉത്തരവിൽ (സ.ഉ. (അച്ചടിച്ചത്) നം.7/2016/ധന തിയതി 20.01.2016) പ്രത്യേക അലവൻസിന് അർഹതയുളളതായി പ്രസ്താവിക്കപ്പെട്ട തസ്തികകളില്ലാതെ ജോലി ചെയ്യുന്നവർക്കും സ്പെഷ്യൽ അലവൻസ് എന്ന ഇനത്തിൽ 150/- രൂപ വീതം നൽകി വരുന്നു.

ഇപ്രകാരം പ്രത്യേക അലവൻസുകൾ നൽകുന്നത് മേൽ പ്രസ്താവിക്കപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാകയാൽ, ഈ നടപടി ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-37) ECF യൂണിറ്റ്, തിരുവല്ല

3-37-1) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ചതിലെ അപാകതകൾ

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.378/2012/H&FWD തിയതി 07.11.2012 പ്രകാരം 10,000/- രൂപ മുതൽ 1,00,000/- രൂപ വരെയുള്ള മെഡിക്കൽ ക്ലെയിമുകൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ആവശ്യമാണ്. എന്നാൽ താഴെ സൂചിപ്പിച്ചിട്ടുള്ള ക്ലെയിമുകൾക്ക് ഡി.എം.ഒ യുടെ പരിശോധന ഇല്ലാതെ തുക അനുവദിച്ചു നൽകിയതായി കാണുന്നു.

സി.ബി.വി.നം.	പേര്, ഉദ്യോഗപ്പേര്	ചികിൽസിച്ച ആശുപത്രി	തുക
18-1/16-17	ഡോ.തോമസ് മാത്യു പ്രൊഫസർ & ഹെഡ്	St.Gregorious Medical Mission	43,189
19-1/16-17	മാത്യു തോമസ്.സി, ഫാം മാനേജർ	Welfast Medical Centre	23,826
20-1/16-17	ഡോ.തോമസ് മാത്യു പ്രൊഫസർ & ഹെഡ്	ലഭ്യമല്ല	16,445

ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കേണ്ടതാണ്.

3-38) ഫാമിംഗ് സിസ്റ്റം റിസേർച്ച് സ്റ്റേഷൻ, സദാനന്ദപുരം

3-38-1) ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി. ഈടാക്കിയ തുകകൾ തിരികെ വാങ്ങിയിട്ടില്ല

കേരള കാർഷിക സർവ്വകലാശാല 26.02.2015 ൽ എസ്.ബി.റ്റി. യുമായി ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻന്റിംഗ് പ്രകാരം സർവ്വകലാശാലയ്ക്കും അതിന്റെ വിവിധ സ്ഥാപനങ്ങൾക്കും കൂടി നൽകുന്ന എല്ലാ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇതിന് വിരുദ്ധമായി ബാങ്ക് ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ഈടാക്കിയിരിക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൗണ്ട് നമ്പർ	തുക (രൂപ)
1.	57022876504	2,012.50
2.	570228	977.50
	ആകെ	**2,990.00**

01.04.2017 മുതൽ എസ്.ബി.റ്റി. യെ എസ്.ബി.ഐ. യിൽ ലയിപ്പിച്ചിട്ടുണ്ട്. ആയതിനാൽ എസ്.ബി.ഐ. യിൽ നിന്നും 2,990/- രൂപ റീഫണ്ട് ചെയ്യേണ്ടതാണ്.

3-38-2) റബ്ബർ ഷീറ്റുകൾ നിർമ്മിച്ച് യഥാവിധി പരിപാലിക്കാതെ വിൽപ്പന നടത്തി

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ റബ്ബർ തോട്ടത്തിൽ ആകെ 960 റബ്ബർ മരങ്ങൾ ഉണ്ട്. ഇവയിൽ നിന്നും തൻവർഷം ആകെ 2282 കി.ഗ്രാം റബ്ബർ ഷീറ്റുകൾ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം V ഗ്രേഡ് ഷീറ്റുകളായിട്ടാണ് നിർമ്മിച്ചിട്ടുള്ളത് 1321 കി.ഗ്രാം ഷീറ്റുകൾ ഗ്രേഡ് ഇല്ലാത്ത വിലയ്ക്ക് വിൽക്കേണ്ടി വന്നതിലൂടെ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിൽപ്പന നടത്തിയ ഷീറ്റുകളുടെ നിലവാരം	ആകെ തുക്കം (കി.ഗ്രാം)	വില (പ്രതി കി.ഗ്രാമിന്)	ലഭിച്ച വില (രൂപ)

1.	V ഗ്രേഡ്	961	136.50	1,31,176.50
2.	ലൂസ്	1321	129.50	1,71,069.50
	ആകെ			**3,02,246**

മേൽ പട്ടികയിലെ ക്രമ നം. 2 പ്രകാരം 1321 കി.ഗ്രാം റബ്ബർ ഷീറ്റിന് കി.ഗ്രാമിന് 7 രൂപ വീതം കുറച്ചാണ് വില ലഭിച്ചിരിക്കുന്നത്. (ആകെ 9247 – 1321 കി.ഗ്രാം x 7 രൂപ) ഷീറ്റുകൾ ഗ്രേഡ് V നിലവാരത്തിൽ തയ്യാറാക്കിയിരുന്നുവെങ്കിൽ കി.ഗ്രാമിന് 3 രൂപയോ അതിലധികമോ കൂടി വില ലഭിക്കുമായിരുന്നു. 2016-17 സാമ്പത്തിക വർഷം റബ്ബറിൽ നിന്നുള്ള അറ്റാദായം 1,07,328/- രൂപ മാത്രമായിരുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകുയറികൾക്ക് (നം.1/2016-17) മറുപടിയായി റബ്ബർ ഷീറ്റുകൾ സംഭരിച്ച് വയ്ക്കുവാനുള്ള ശേഷി സംഭരണ കേന്ദ്രത്തിൽ ഇല്ലായിരുന്നുവെന്നും ആയതിനാൽ വർഷത്തിലെ ആദ്യ മാസങ്ങളിൽ കുറെ ഷീറ്റുകൾ പൂപ്പൽ പിടിച്ച് ഗുണനിലവാരം കുറഞ്ഞു പോയി എന്നും ആകയാൽ വിൽപ്പന നടത്തുന്നത് ഒഴിവാക്കി 3-4 മാസത്തിലൊരിയ്ക്കൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചുവെന്നും മികച്ച നിലവാരത്തിലുള്ള ഷീറ്റുകൾ നിർമ്മിക്കുവാനാണ് ശ്രമിക്കുന്നതെന്നും, ലാറ്റക്സ് ഉത്പാദനം കുറവായതിനാലും 27 വർഷം പ്രായമായ മരങ്ങളായതിനാലും അവയെ കടുംവെട്ടിന് നൽകി മുറിച്ചു മാറ്റിയ ശേഷം ഫലവൃക്ഷതൈകളുടെ മാതൃ വൃക്ഷത്തോട്ടം നിർമ്മിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രൊഫസർ & ഹെഡ് മറുപടി നൽകി. അനാസ്ഥ/കാര്യക്ഷമതയില്ലായ്മ ഒഴിവാക്കി സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന ഇതുപോലുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

3-39) NARP(SR), വെള്ളായണി

3-39-1) ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം - മാലിന്യ സംസ്കരണം ശേഷിയേക്കാൾ വളരെ കുറവ്

ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി കെട്ടിട നിർമ്മാണത്തിനും മെഷിനറിക്കും ഉൾപ്പെടെ ആകെ 62.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ദിവസം 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കുന്നതിനുള്ള ശേഷി പ്ലാന്റിനുണ്ട്. 2017 ഫെബ്രുവരി മുതൽ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചെങ്കിലും 2017 നവംബർ വരെ ആകെ 2822 കിലോ ഗ്രാം മാലിന്യം മാത്രമാണ് സംസ്കരിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

കാലയളവ്	സംസ്കരിച്ച മാലിന്യത്തിന്റെ അളവ് (കിലോ ഗ്രാം)	ലഭിച്ച വളം (കിലോ ഗ്രാം)	പോട്ടിംഗ് മിക്സ്ചർ (കിലോ ഗ്രാം)
2017 ഫെബ്രുവരി മുതൽ 2017 നവംബർ വരെ	2822	639	580

ഒരു ദിവസം 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കാവുന്ന പ്ലാന്റിൽ 2017 ഫെബ്രുവരി മുതൽ നവംബർ വരെ ശരാശരി ഒരു ദിവസം 9.40 കിലോ ഗ്രാം മാലിന്യം മാത്രമാണ് സംസ്കരിച്ചിട്ടുളളത്. മാലിന്യം ക്യാമ്പസിൽ നിന്നും മാത്രമേ എടുക്കുന്നുളളു എന്നതുകൊണ്ടാണ് മാലിന്യത്തിന്റെ ലഭ്യതക്കനുസരിച്ച് പ്രവർത്തനം നിജപ്പെടുത്തേണ്ടി വന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിക്കുകയുണ്ടായി. ദിനം പ്രതി 1000 കിലോ ഗ്രാം മാലിന്യം സംസ്കരിക്കുവാനുളള ഖരമാലിന്യ സംസ്കരണ പ്ലാന്റ് 62.69 ലക്ഷം രൂപ ചെലവാക്കി നിർമ്മിക്കുമ്പോൾ മാലിന്യത്തിന്റെ ലഭ്യത, പ്ലാന്റിന്റെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യ വിഭവശേഷി എന്നിവയെക്കുറിച്ച് വേണ്ടത്ര പഠനം നടത്താതെയാണ് പദ്ധതി നടപ്പാക്കിയത്. വൻതുക ചെലവഴിച്ച് പ്ലാന്റും കെട്ടിടവും നിർമ്മിച്ചിട്ടുളള സാഹചര്യത്തിൽ പ്ലാന്റ് ഉപയോഗ ശൂന്യമാകാതിരിക്കുവാൻ കൂടുതൽ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിക്കേണ്ടതാണ്.

3-39-2) കർഷക സാന്ത്വനം - ഒരു മാതൃകാ പ്രോജക്ട്

കാർഷിക രംഗത്തെ വിവിധ പ്രശ്നങ്ങളാൽ വലയുന്ന കർഷകർക്ക് പെട്ടെന്ന് ആശ്വാസമെത്തിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് 'കർഷക സാന്ത്വനം'. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയോജിത സാമ്പത്തിക സഹായം (ആർ.ജെ.വി.വൈ. & പ്ലാനിംഗ് ബോർഡ്) ടി പ്രോജക്ടിനായി ലഭ്യമാക്കിയിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട ഏതു പ്രശ്നത്തിനും പരിഹാരം നിർദ്ദേശിക്കുന്നതിന് 2008 -2009 മുതൽ 9 വർഷമായി നടത്തിവരുന്ന പദ്ധതിക്ക് കഴിയുന്നു എന്നുളളത് മാദ്ധ്യമ ശ്രദ്ധയും പിടിച്ചു പറ്റിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിനായി 2008-2009 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും 12.5 ലക്ഷം രൂപ ലഭിച്ചിരുന്നു. 2011-2012 വരെ ടി തുക പ്രോജക്ടിനായി വിനിയോഗിക്കപ്പെട്ടു . 2011-2012 ൽ ആർ.കെ.വി.വൈ. യിൽ നിന്നും

ലഭിച്ച 15 ലക്ഷം രൂപയിൽ 8 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതിയുടെ സുഗമമായ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഒരു വാഹനം വാങ്ങി. ശേഷിക്കുന്ന 7 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി ലഭിച്ച (പ്ലാനിംഗ് ബോർഡിൽ നിന്നും) 5 ലക്ഷം രൂപയും ഉൾപ്പെടെയുള്ള തുകയാണ് 2016-17 വരെ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് .

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളിലെ കർഷകരാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പരിധിയിൽ വരുന്നത്. ഈ ജില്ലകളിലെ കർഷകരുടെ കാർഷിക പ്രശ്നങ്ങൾക്ക് ഫോണിലൂടെ പ്രായോഗിക പരിഹാരം നിർദ്ദേശിക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനവും നടത്തുന്നു. കേന്ദ്രാവിഷ്കൃത ഫണ്ടിംഗ് ഏജൻസിയായ രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഫണ്ടുപയോഗിച്ച് ഒരു വാഹനവും കർഷക സാന്ത്വനം പ്രോജക്ടിനായി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുന്നുണ്ട്. ഇതിന് പുറത്തുള്ള ജില്ലകളിൽ പ്രത്യേക സാഹചര്യങ്ങളിൽ മേലധികാരികളുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ സന്ദർശനം നടത്താൻ അനുവാദമുള്ളൂ. എന്നാൽ മറ്റു ജില്ലകളിലെ കർഷകർക്ക് ടെലിഫോണിലൂടെ പരിഹാരം നിർദ്ദേശിക്കുന്നതിന് തടസ്സമില്ല. കഴിഞ്ഞ 9 വർഷമായി ഓരോ മാസങ്ങളിലും കുറഞ്ഞത് 200 കർഷകർക്കെങ്കിലും കർഷക സാന്ത്വനം പദ്ധതിയിലൂടെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം നിദ്ദേശിച്ചു വരുന്നു. കുരുമുളകിന്റെ പൊള്ളുരോഗം, പത്തനംതിട്ട ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഒച്ചുശല്യം എന്നിവ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ 90% നിർമ്മാർജ്ജനം ചെയ്യാൻ കർഷക സാന്ത്വനത്തിന് കഴിഞ്ഞിട്ടുണ്ട്.

3-40) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം

3-40-1) ഡയറി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം

ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റത്തിന്റെ ഭാഗമായി സ്റ്റേഷനിൽ ഒരു ഡയറി ഫാം പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 34 പശുക്കൾ (കിടാവുകൾ ഉൾപ്പെടെ) ഫാമിലുണ്ട്. പശുക്കളെ പരിപാലിക്കുന്നതിനായി ഒരു വെറ്ററിനറി അസിസ്റ്റന്റിനെയും നാല് തൊഴിലാളികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം ഫാമിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

വരവ്	രൂപ
കൂപ്പൺ	2,39,100

മിൽമ	42,634
ക്യാഷ് സെയിൽ	4,49,310
കെ.റ്റി.ഡി.സി	5,05,793
കിടാവുകൾക്ക് നൽകുന്നത്	96,809
കളളിംഗ് വരവ്	20,350
ചാണക വില	1,76,000
കാലിചാക്ക് വില	1,956
ജൈവ ഇന്ധനം	3,600
ആകെ	**15,35,552**

ചെലവ്	**രൂപ**
കാലിത്തീറ്റ	6,33,900
കറവ് കൂലി	1,76,520
തൊഴിലാളി വേതനം	6,58,420
ഫാം അസിസ്റ്റന്റ്	5,43,497
ആകെ	**20,12,337**

ഫാമിലെ ചെലവ് വരവിനേക്കാൾ കൂടുതലാണ്. ആകെ 34 പശുക്കളിൽ 14 എണ്ണത്തിന് മാത്രമാണ് കറവയുള്ളത്. കറവയില്ലാത്ത പശുക്കളെ ലേലം ചെയ്യുന്നതിനും, കറവയുള്ള പശുക്കളെ വാങ്ങി ഫാം വിപുലീകരിക്കുന്നതിനും, ഫാമിൽ നിന്നുള്ള ജൈവ

അവശിഷ്ടങ്ങൾ മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

3-41) കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല

3-41-1) യന്ത്രങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല

സ്ഥാപനത്തിൽ ഉപയോഗത്തിലുള്ള യന്ത്രങ്ങളായ വീഡ്കട്ടർ, ട്രാക്ടർ, പവർ ടില്ലർ, പവർ വീഡർ, മാസ്റ്റർ വീഡർ എന്നിവയുടെ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല. ഇതുകൂടാതെ സ്ഥാപനത്തിലെ ബൊലേറോ കാറിന്റെ (KL 08 AT 7621) ഇന്ധനക്ഷമതാ പരിശോധനാ സാക്ഷ്യപത്രത്തിന്റെ കാലാവധി 07.01.2017 ൽ അവസാനിച്ചുവെങ്കിലും, അടുത്ത പരിശോധന നാളിതുവരെയും നടത്തിയിട്ടില്ല. ഇന്ധനക്ഷമതാ പരിശോധന യഥാസമയം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3-42) കൃഷി വിജ്ഞാന കേന്ദ്രം, വയനാട്

3-42-1) ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുള്ള വാങ്ങലുകൾ

റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട താഴെ സൂചിപ്പിച്ച വാങ്ങലുകൾക്ക് / പ്രവൃത്തികൾക്ക് ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ക്രമ നം.	ബിൽ നമ്പർ	തുക	റിമാർക്സ്
1	94/3-17 949382/ 28-3-17	58,996/-	Payment to Deepam steel, Sultanbatheri towards the cost of Gipipe Angler.
3	25/7-16 107951/ 12-7-16	25,934/-	Payment to Mr. Ms Praneesh towards the cost of Hiring Charge of JCB.

4	34/5-16 983303/ 20.5.16	45,666/-	Payment to Brothers Earthmovers towards the cost of Hiring Charges of Hitachi.
5	32/5-16 983301/ 20.5.16	45,307/-	Payment to Super star Marg towards the cost of Hiring charge of tipper
	ആകെ	**1,75,903/-**	

ക്വട്ടേഷൻ/ ടെണ്ടറുകൾ സ്വീകരിക്കാതെയുള്ള മേൽ സൂചിപ്പിച്ച വാങ്ങലുകൾ / പ്രവൃത്തികളുമായി ബന്ധപ്പെട്ട 1,75,903/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-43) കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

3-43-1) പിൻവലിച്ച തുകയ്ക്കുള്ള സാധനങ്ങൾ / സേവനങ്ങൾ ലഭ്യമായിട്ടില്ല

സേവനങ്ങളും സാധനങ്ങളും ലഭ്യമാക്കുന്നതിന് പണം പിൻവലിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സി.ബി.വി. നമ്പർ, തീയതി	നൽകിയ തുക	ആർക്ക് നൽകി	വിശദ വിവരം
1	99-3/17, 31.03.17	20,000/-	പ്രോഗ്രാം കോ-ഓർഡിനേറ്റർ	എക്സിബിറ്റ് പോസ്റ്റർ വാങ്ങുന്നതിന് കെ.എ.യു. പട്ടാമ്പിയുടെ ഇൻവോയ്സ് നം.64/16-17 തീ.30.03.17 പ്രകാരം
2	104/3-17,	1,85,000/-	പവർ ഓൺ	ഇൻവോയ്സ് നം.

	31.03.17		സോഫ്റ്റ് മീഡിയ, മുണ്ടൂർ	001/0317/ 29.03.17 പ്രകാരം പുതിയ സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിന്.

സേവനങ്ങളും സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-44) AINP ഓൺ അഗ്രിക്കൾച്ചറൽ ഓർണിത്തോളജി, സി ഒ എച്ച്, വെള്ളാനിക്കര

3-44-1) സർവ്വകലാശാലയുടെ അംഗീകാരം കൂടാതെ പ്രവർത്തിക്കുന്ന റിഫ്ലക്ടീവ് റിബൺ യൂണിറ്റ്

സർവ്വകലാശാലയുടെ അംഗീകാരം കൂടാതെ ഒരു റിഫ്ലക്ടീവ് റിബൺ യൂണിറ്റ് ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗവേഷണ വിഭാഗം മേധാവിയുടെ അംഗീകാരമോ, കംപ്ട്രോളറുടെ സാമ്പത്തിക അംഗീകാരമോ, ചെലവ് വരവ് ബുക്ക് ചെയ്യാനുള്ള പ്രത്യേക ശീർഷകമോ ഇല്ലാതെ നിയമ വിരുദ്ധമായാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഇതിന്റെ വരവുചെലവു കണക്കുകൾ പരിശോധിച്ചിട്ടില്ല.

3-45) കാർഷിക കോളേജ്, വെള്ളായണി

3-45-1) മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

04.10.2011 ലെ ജി.ഒ.(പി.) നം. 419/11 ഫിൻ പ്രകാരം (Article 99 of KFC Vol.1) 3 മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ആയതിനാൽ ക്രമീകരിക്കാത്ത മുൻകൂറുകൾ പിഴപ്പലിശ സഹിതം തിരികെ ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	സി.ബി.നം	അഡ്വാൻസ് തുക	അനുവദിച്ച തിയതി
1.	210/16-17	10,000	06.06.16

2.	270/16-17	4,000	08.06.16
3.	282/16-17	400	10.06.16
4.	310/16-17	8,450	17.06.16
5.	843/16-17	5,670	21.07.16
6.	877/16-17	10,000	26.10.16
7.	1015/16-17	5,000	03.11.16
8.	1068/16-17	5,635	05.11.16
9.	1670/16-17	1,700	05.11.16
10.	1121/16-17	4,267	15.11.16
11.	1122/16-17	4,267	15.11.16
12.	1212/16-17	5,483	01.12.16
13.	1397/16-17	7,743	11.01.17
14.	1468/16-17	4,000	20.01.17
15.	1487/16-17	3,500	21.01.17
16.	1518/16-17	5,000	30.01.17
17.	1546/16-17	25,000	03.02.17
18.	1558/16-17	1,00,000	09.02.17
19.	1599/16-17	8,108	13.02.17

20.	1603/16-17	6,092	14.02.17
21.	1608/16-17	24,000	14.02.17
22.	1621/16-17	6,532	16.02.17
23.	1661/16-17	1,000	23.02.17
24.	1693/16-17	4,719	31.03.17
25.	1761/16-17	11,172	13.03.17
26.	1775/16-17	1,51,200	16.03.17
27.	1795/16-17	50,000	18.03.17
28.	1829/16-17	1,50,000	24.03.17
29.	1838/16-17	10,000	27.03.17
30.	1839/16-17	10,000	27.03.17
31.	1840/16-17	15,000	27.03.17
32.	1885/16-17	1,00,000	30.03.17
33.	1886/16-17	50,000	30.03.17
34.	1907/16-17	20,000	31.03.17
35.	1917/16-17	5,385	31.03.17
36.	1936/16-17	4,780	31.03.17
37.	1937/16-17	2,876	31.03.17

38.	1930/16-17	98,650	31.03.17
39	2116/16-17	3,00,000	31.03.17

3-46) ഹെഡ് ക്വാർട്ടേഴ്സ്, വെള്ളാനിക്കര

3-46-1) കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിച്ചു

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മറ്റ് പദ്ധതികളുടെ ഭാഗമായുള്ള ചെലവുകൾക്ക് കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് പദ്ധതിയായ 'Strengthening of monitoring cell at Directorate of Research' ൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ പദ്ധതിയുമായി ബന്ധമില്ലാത്ത ചെലവുകൾക്കായി കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് പദ്ധതിയുടെ ചെലവ് ശീർഷകങ്ങളിൽ നിന്നും തുക അനുവദിച്ചത് ഫണ്ടിന്റെ വകമാറ്റിയുള്ള ചെലവാണ്. ആയതിനാൽ 78,060/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ക്രമ നം.	ബിൽ നം.	സി.ബി.വി.			ശീർഷകം	തുക അനുവദിച്ച ആവശ്യം	തുക കൈപ്പറ്റിയ ആൾ
		നം.	തീയതി	തുക			
1	2445/ 16-17	286/ 1-17	31.1.17	25,000	9336-561	Hospitality charges in connection with the National Group Meeting Rabi 2016 of AICRP on Forage Crops & utilization from 5.9.16 to 6.9.16 at COA, Vellayani.	Dr. Mareena Abraham, Professor
2	1931/ 16-17	156/	31.	25,000	9336-	TA in connection with Network	Dr.V.S. Devadas, ADR

	(TA Advance) 2632/ 16-17 (TA Advance adjustment)	11-16 215/ 2-17	10.16 10. 2.17	5,376	300	Centre for Planting Material Production 7th Indian Horticulture Congress 2016 from 15.11.16 to 18.11.16 at IARI, Pusa campus, New Delhi.	(seed)
3	3109/ 16-17	426/ 3-17	31. 3.17	22,684	9336-300	TA in connection with AICRP on Fruits permission to visit ICAR for discussion with Asst. Director General (Fruits), Asst. Director General (EP&H) from 18.8.16 to 20.8.16 at ICAR, Pusa, New Delhi.	Dr. Sajan Kurien, DR
ആകെ					**78,060**		

3-46-2) പ്ലമ്പിംങ് ജോലി - പൂർത്തിയായ ജോലിക്ക് വീണ്ടും തുക ചെലവഴിച്ചു

വെള്ളാനിക്കര മെയിൻ ക്യാമ്പസിലെ വോളിബോൾകോർട്ട്, ഫുട്ബോൾകോർട്ട്, ബാസ്ക്കറ്റ്ബോൾകോർട്ട് എന്നിവിടങ്ങളിൽ കൂടിവെള്ള സൗകര്യം ഒരുക്കുന്നതിനായുള്ള പ്ലമ്പിംങ് ജോലികൾ ശ്രീ വി.എൻ മുഹമ്മദ് വലിയകത്ത് ഹൗസിനെ ഏൽപ്പിച്ചു (proceedings of director students welfare no:DSW(1)/180518/2016 (i) &(ii) dated 13.3.17).

ഐ.സി.എ.ആർ ഡെവലപ്മെന്റ് ഗ്രാന്റിൽ നിന്നും സി.ബി.വി നം 276/3/16-17 പ്രകാരം 4,331/-രൂപയുടെ പ്ലമ്പിംങ് മെറ്റീരിയൽസ് (Shahil electricals &hardwares thottappady) വാങ്ങിക്കുകയും, സി.ബി.വി നം 286/3/16-17 പ്രകാരം 2,800/-രൂപ, മെയിൻ പമ്പിംഗ് ലൈനിൽ നിന്നും കണക്ഷൻ വലിച്ച് മൂന്ന് കോർട്ടുകളിൽ കുടിവെള്ള ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തതിന്റെ പണിക്കൂലി ഇനത്തിൽ നൽകുകയും ചെയ്തതിട്ടുണ്ട്.

എന്നാൽ 17.3.17 ൽ വെള്ളാനിക്കര മെയിൻ ക്യാമ്പസിലെ വോളിബോൾകോർട്ട്, ഫുട്ബോൾകോർട്ട്, ബാസ്ക്കറ്റ്ബോൾകോർട്ട് എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി 20,000/- രൂപ ഡി.പി.പി യ്ക്ക് കൈമാറിയിട്ടുണ്ട് (സി.ബി.വി നം.306/3/16-17 ചെക്ക് നം 346705/28.03.17).

താഴെപറയുന്ന അപാകതകൾ കാണുന്നു.

1) 07.03.17 ന് പൂർത്തിയായ ഒരു പ്ലമ്പിംങ് വർക്ക് വീണ്ടും ചെയ്യാൻ 17.03.17 ന് ഡി.പി.പി യ്ക്ക് തുക കൈമാറിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

2) ഡി.പി.പി യിൽ നിന്നും 20,000/- രൂപ യുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

3) ഈ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

3-46-3) ശീർഷകം മാറ്റി ചെലവ് രേഖപ്പെടുത്തി

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം നൽകിയ തുകകളുടെ ശീർഷകങ്ങൾ UFAST ൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ രജിസ്റ്റർ			ബിൽ രജിസ്റ്റർ / വൗച്ചർ പ്രകാരം ശീർഷകം	ചെലവ് പത്രിക (UFAST) പ്രകാരം ശീർഷകം
	നമ്പർ	തീയതി	തുക		
1	396/16-17	06.05.16	11,700	6521-214	6140-600
2	1763/16-17	22.10.16	4,876	9338-300	9336-300
3	3131/16-17	31.03.17	21,825	9338-300	9336-300

4	1678/16-17	14.10.16	430	9336-300	രേഖപ്പെടുത്തിയിട്ടില്ല.

ഇതുമൂലം ചെലവ് പത്രികയിൽ (UFAST) മേൽ ശീർഷകങ്ങളിലെ ആകെ ചെലവ് തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്. ആയത് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

3-46-4) Network project on seed & nursery programme (9338) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

G.O.(Rt) no.1677/15/AD dated 29.9.15 of Agri(F) department പ്രകാരം ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശമ്പളം, യാത്രാബത്ത എന്നിവയ്ക്കുള്ള ചെലവ് ഈ ഫണ്ടിൽ നിന്നും നൽകുവാൻ പാടുള്ളതല്ല എന്ന് നിബന്ധന വച്ചിട്ടുണ്ട്. എന്നാൽ ഡോ വി.എസ് ദേവദാസ്, പ്രൊഫസ്സർ & എ. ഡി. ആറിന് ടി. എ. ഇനത്തിൽ 14,085/- രൂപ നൽകിയിട്ടുണ്ട്. അതിൽതന്നെ 10,838/- രൂപ ICAR, NSP-BSP പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നൽകിയിട്ടുള്ളതാണ്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള 10,838/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പദ്ധതികൾക്കായി ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-47) എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളാനിക്കര

3-47-1) വാർഷിക കണക്ക് - അപാകതകൾ

1) മുന്നിരിപ്പ് /നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം

2016-17 വാർഷിക കണക്കിൽ ' cash 'ഇനത്തിൽ 94,778/- രൂപ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനത്തിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ടി ഇനങ്ങളിലായി മേൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

2) പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2016-17 വർഷത്തെ ആകെ പിൻവലിച്ച തുക 82,37,906/- ആണ്, എന്നാൽ Annual Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 96,22,567.50/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary പ്രകാരം	വ്യത്യാസം
82,37,906/-	96,22,567.50/-	13,84,661.50/-

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3-48) എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, മണ്ണത്തി

3-48-1) യാത്രാബത്ത – അധികം നൽകിയത് – മൈലേജ് അലവൻസിനുപുറമേ ഇൻസിഡന്റൽ ചാർജ് കൂടി അനുവദിച്ചു

മണ്ണത്തി എഞ്ചിനീയറിംഗ് സബ് ഡിവിഷനിലെ അസി. എഞ്ചിനീയർമാരായ ശ്രീ. ടി. എൻ. സുരേഷ് ബാബു (അടിസ്ഥാന ശമ്പളം 38,840/- രൂപ), ശ്രീമതി. സാലി. സി . ഐ. (അടിസ്ഥാന ശമ്പളം 38,840/- രൂപ) എന്നിവർക്ക് വിവിധ മാസങ്ങളിലായി ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് നടത്തിയ യാത്രകൾക്ക് താഴെപറയും വിധം തുക അനുവദിച്ചിട്ടുണ്ട്.

യാത്രാ വിവരം	ദൂരം	മൈലേജ് അലവൻസ്	ഇൻസിഡന്റൽ ചാർജ്	ഹാൾട്ട് ഡി.എ.	ആകെ
മണ്ണത്തി -ആനക്കയം ആനക്കയം-മണ്ണത്തി	194 കി.മീ. (97*2)	291 (1.50 /കി.മീ.)	125 (ഹാൾട്ട് ഡി.എ.)	125 (ഹാൾട്ട് ഡി.എ.)	541

എന്നാൽ കെ.എസ്.ആർ. പാർട്ട് II, റൂൾ 20(a), 110 എന്നിവ പ്രകാരം മൈലേജ് അലവൻസിൽ ഇൻസിഡന്റൽ ചാർജ് കൂടി ഉൾപ്പെട്ടതിനാൽ മൈലേജ് അലവൻസിന് പുറമേ ഇൻസിഡന്റൽ ചാർജ് അനുവദനീയമല്ല. ആയതിനാൽ ഓരോ യാത്രയിലും 125 രൂപ വീതം അധികം അനുവദിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ടി. എൻ. സുരേഷ് ബാബു (അടിസ്ഥാന ശമ്പളം 38,840/- രൂപ)

(ചെക്ക് നം.755596/14.07.2016)

ക്രമ. നം.	വൗച്ചർ നം., തിയതി	ബിൽ തുക	യാത്രാ തിയതി	നൽകിയ തുക	നൽകാവുന്ന തുക	അധികം നൽകിയത്
1	23-7/16-17, 14.07.2016	3,621	09.04.2015	541	416	125
			13.04.2015	541	416	125
			15.04.2015	541	416	125
			20.04.2015	541	416	125
			22.04.2015	541	416	125
			28.04.2015	541	416	125
2	24-7/16-17, 14.07.2016	3,787	05.05.2015	541	416	125
			11.05.2015	541	416	125
			18.05.2015	541	416	125
			19.05.2015	541	416	125
			22.05.2015	541	416	125
			25.05.2015	541	416	125
			28.05.2015	541	416	125
3	25-7/16-17,	2,164	04.06.2015	541	416	125

	14.07.2016		11.06.2015 16.06.2015 22.06.2015	541 541 541	416 416 416	125 125 125
4	26-7/16-17, 14.07.2016	3,246	01.07.2015 03.07.2015 08.07.2015 16.07.2015 21.07.2015 27.07.2015	541 541 541 541 541 541	416 416 416 416 416 416	125 125 125 125 125 125
5	27-7/16-17, 14.07.2016	3,496	01.08.2015 06.08.2015 12.08.2015 18.08.2015 24.08.2015 26.08.2015	541 541 541 541 541 541	416 416 416 416 416 416	125 125 125 125 125 125
6	28-7/16-17, 14.07.2016	2,955	04.09.2015 10.09.2015 15.09.2015 25.09.2015 30.09.2015	541 541 541 541 541	416 416 416 416 416	125 125 125 125 125

7	29-7/16-17, 14.07.2016	1,332	09.10.2015 12.10.2015	541 541	416 416	125 125
8	30-7/16-17, 14.07.2016	2,123	03.11.2015 19.11.2015 23.11.2015	541 541 541	416 416 416	125 125 125
9	31-7/16-17, 14.07.2016	3,539	01.12.2015 14.12.2015 17.12.2015 29.12.2015	541 541 541 541	416 416 416 416	125 125 125 125
10	32-7/16-17, 14.07.2016	3,164	04.01.2016 11.01.2016 19.01.2016 25.01.2016	541 541 541. 541	416 416 416 416	125 125 125 125
ആകെ						**5,875**

2. ശ്രീമതി. സാലി. സി . ഐ. (അടിസ്ഥാന ശമ്പളം 38,840/- രൂപ)

(ചെക്ക് നം.755596/14.07.2016)

ക്രമ. നം.	വൗച്ചർ നം./ തിയതി	ബിൽ തുക	യാത്രാ തിയതി	നൽകിയ തുക	നൽകാവുന്ന തുക	അധികം നൽകിയത്

1	33-7/16-17, 14.07.2016	3,498	25.04.2015 30.04.2015	541 541	416 416	125 125
2	37-7/16-17, 14.07.2016	3,238	05.08.2015 12.08.2015	541 541	416 416	125 125
3	40-7/16-17, 14.07.2016	3,248	03.11.2015 12.11.2015 19.11.2015	541 541 541	416 416 416	125 125 125
ആകെ						**875 രൂപ**

അധികം നൽകിയ 6,750/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-49) കൃഷി വിജ്ഞാന കേന്ദ്രം, കൊല്ലം

3-49-1) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഫെർമെന്റർ, സ്റ്റീം ജനറേറ്റർ, മിക്സിംഗ് മെഷീൻ എന്നിവ വാങ്ങി - ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ല.

കൊല്ലം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ഉപയോഗത്തിലേക്കായി 9,00,000/- രൂപ ചെലവ് ചെയ്ത് ഫെർമെന്റർ, സ്റ്റീം ജനറേറ്റർ, മിക്സിംഗ് മെഷീൻ എന്നിവ മോണാർക്ക് സയന്റിഫിക്ക് വർക്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും (വൗച്ചർ നം.237/03-17) വാങ്ങിയിട്ടുണ്ട്. 20.03.17 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്ത ഉപകരണങ്ങൾ ലഭ്യമായത് 16.05.17 നായിരുന്നു. എന്നാൽ പദ്ധതിപ്രകാരമുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതിപോലും നാളിതുവരെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങളുടെ വാറന്റി

കാലയളവ് ഒരു വർഷമാണ്. ഉപകരണങ്ങൾ സ്ഥാപിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ഒരുക്കാതെ വൻ തുക ചെലവ് ചെയ്ത് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് ക്രമരഹിതമാണ്.

3-50) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

3-50-1) ട്രാൻസ്ഫർ ടി. എ – റോഡ് വഴിയുള്ള യാത്രകൾക്ക് കയറ്റിറക്ക് കൂലി അനുവദിച്ചു

ട്രാൻസ്ഫർ ടി. എ അനുവദിയ്ക്കുമ്പോൾ, കെ.എസ്.ആർ. പാർട്ട് II റൂൾ 67(a)II(iii) പ്രകാരം റോഡ് വഴിയുള്ള യാത്രകൾക്ക് കയറ്റിറക്കുകൂലി അനുവദനീയമല്ല. എന്നാൽ താഴെ പറയുന്ന ട്രാൻസ്ഫർ ടി.എ ബില്ലുകളിൽ കയറ്റിറക്കുകൂലി അനുവദിച്ചിരിയ്ക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം.	സി.ബി.വി. നം.	ചെക്ക് നം /തിയ്യതി	ബിൽ തുക	ഉദ്യോഗസ്ഥന്റെ പേര്.	നടത്തിയ യാത്രയുടെ വിവരം.	കയറ്റിറക്കുകൂലി.
1	39/4-16	083789/ 22.4.16	16,499	ശ്രീ എ.വേണുഗോപാലൻ (ക്ളാസ്സ് IV)	സദാനന്ദപുരം - അമ്പലവയൽ	500
2	39/4-16	083789/ 22.4.16	16,499	ശ്രീ എം.എസ്. സുബ്രഹ്മണ്യൻ (ക്ളാസ്സ് IV)	കണ്ണാറ- അമ്പലവയൽ	500
3	39/4-16	083789/ 22.4.16	16,499	ശ്രീ ദിൽസാദ്.സി. (ലാബ്.അസി.)	വെള്ളാനിക്കര- അമ്പലവയൽ	500
4	39/4-16	083789/ 22.4.16	16,499	ശ്രീ	കണ്ണാറ- അമ്പലവയ	500

				എം.പി.ചന്ദ്രൻ (ക്ളാസ്സ് IV)	ൽ	
5	104/8-16	404895/ 31.8.16	5,300	ശ്രീ സി.ടി.ജേക്കബ്. (ഫാം സൂപ്രണ്ട്)	പാമ്പാടുംപാറ - അമ്പലവയ ൽ	1,600
6	86/11-16	456442/ 25-11-16	10,276	ശ്രീ ടി. പി .നാരായണൻ (ക്ളാസ്സ് IV)	കണ്ണൂർ- അമ്പലവയ ൽ	500
7	86/11-16	456442/ 25-11-16	10,276	ശ്രീ ടി.ടി.ജേക്കബ്. (ഫാം മാനേജർ)	മങ്കൊമ്പ്- അമ്പലവയ ൽ	1,600
ആകെ						**5,700**

മേൽ സൂചിപ്പിച്ച പ്രകാരം റോഡ് വഴിയുള്ള യാത്രകൾക്ക് നൽകിയ കയറ്റിറക്കുകൂലി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-50-2) സീഡ് & നേഴ്സറി പ്രോഗ്രാം (പ്ലാൻ-2251) ചെലവ് പരിശോധനയിൽ കണ്ട അപാകതകൾ

6 ബില്ലുകൾ/വൗച്ചറുകൾ പ്രകാരം കാഷ്വൽ തൊഴിലാളികളുടെ വിവിധ മാസങ്ങളിലെ വേതനം പൂർണ്ണമായോ ഭാഗികമായോ വിതരണം ചെയ്യുവാനാണ് ഈ ശീർഷകത്തിനു കീഴിലെ ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. പദ്ധതിയേതര ഫണ്ട് (033) ഉൾപ്പെടെ മറ്റ് ഫണ്ടുകളിൽ നിന്നും ഈ ഇനത്തിൽ പണം ചെലവഴിച്ചിട്ടുണ്ട്.

എ) ഈ സ്കീമിനു വേണ്ടി ലഭ്യമായ 94 ലക്ഷത്തോളം രൂപ കാഷ്വൽ തൊഴിലാളികളുടെ വേതനം നൽകുവാൻ മാത്രമായി വിനിയോഗിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ബി) ചില ബില്ലുകളിലെ തുകയും ബിൽ രജിസ്റ്ററിലെ തുകയും യുഫാസ്റ്റ് അക്കൗണ്ടിലെ തുകയും വ്യത്യസ്തമായി കാണപ്പെടുന്നു. ഉദാഹരണം ബി.ആർ.നം. 472, 484, 571. ഇതു പോലെ തന്നെ ചില മാസങ്ങളിൽ പി.എഫ്. വിഹിതം ഉൾപ്പെടെയുള്ള തുകയും മറ്റ് ചില മാസങ്ങളിൽ ആയത് ഒഴികെയുള്ള തുകയുമാണ് ചെലവ് രേഖപ്പെടുത്തി കാണുന്നത്. മറ്റ് ശീർഷകങ്ങളിൽ നിന്ന് ഈ ഇനത്തിനുവേണ്ടിയുള്ള ചെലവുകൾ കൂടിയാകുമ്പോൾ കാഷ്വൽ തൊഴിലാളികളുടെ വേതന വിതരണ ചെലവുകൾ സംബന്ധിച്ച് അവ്യക്തതകൾ നിലനിൽക്കുന്നു. ആയതിനാൽ, കാഷ്വൽ തൊഴിലാളികൾക്ക് 2016-17 വർഷത്തിൽ വേതന ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച ഒരു സംക്ഷിപ്തം തയ്യാറാക്കി നൽകേണ്ടതാണ്. ഒരു മാസത്തിൽ കാഷ്വൽ തൊഴിലാളികൾക്ക് വിതരണം ചെയ്ത ആകെ വേതനം, പി.എഫ്. വിഹിതം, സ്കീമിന്റെ ശീർഷകം, ബിൽ/വൗച്ചർ നം., ചെക്ക് നം., തീയതി, തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

സി) ബി.ആർ.നം. 484/16-17 പ്രകാരം ശ്രീ ഷാബിൻ പൗലോസ് എന്ന തൊഴിലാളിക്ക് 673/- രൂപ കുടിശ്ശിക നൽകി കാണുന്നു. ഇതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3-50-3) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന സ്കീമുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	ബി.ആർ.നം. തിയ്യതി	സ്കീമിന്റെ പേര്	തുക കൈമാറിയത്	തുക
1	1009/16-17 30.12.16	9253-ടെക്നോളജി ഇന്റർവെൻഷൻ ആന്റ് പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഇംപ്ലിമെന്റേഷൻ	എക്സിക്യൂട്ടിവ് എഞ്ചിനീയർ, തവന്നൂർ	5,00,000/-

2	1008/16-17 30.12.16	8287-NHM ഓൺ സ്പൈസസ് ആന്റ് അരോമാറ്റിക് പ്ലാന്റ്സ്	എക്സിക്യൂട്ടിവ് എഞ്ചിനീയർ, തവന്നൂർ	5,00,000/-
3	1534/16-17 29.03.17	2093-റിനവേഷൻ ആന്റ് ഇംപ്രൂവിങ് ഫെസിലിറ്റീസ് ഓഫ് ടെയിനീസ് ഹോസ്റ്റൽ	എക്സിക്യൂട്ടിവ് എഞ്ചിനീയർ, തവന്നൂർ	10,00,000/-
4	1690/16-17 31.03.17	9253-ടെക്നോളജി ഇന്റർവെൻഷൻ ആന്റ് പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഇംപ്ലിമെന്റേഷൻ	ഡി പി പി ,വെള്ളാനിക്കര	34,69,000/-
5	338/16-17 04.07.16	9253-ടെക്നോളജി ഇന്റർവെൻഷൻ ആന്റ് പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഇംപ്ലിമെന്റേഷൻ	ഡി പി പി, വെള്ളാനിക്കര	70,50,000/-
6	1010/16-17 30.12.16	9253-ടെക്നോളജി ഇന്റർവെൻഷൻ ആന്റ് പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഇംപ്ലിമെന്റേഷൻ	ഡി പി പി, വെള്ളാനിക്കര	35,00,000/-
7	905/16-17 01.12.16	9253-ടെക്നോളജി ഇന്റർവെൻഷൻ ആന്റ് പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഇംപ്ലിമെന്റേഷൻ	ഡി പി പി, വെള്ളാനിക്കര	29,81,000/-

3-50-4) കെട്ടിട നികുതി അടവാക്കിയതിലെ അപാകതകൾ

ബിൽ നം.1	
സി ബി.വി.നം., തിയതി	14/7-16, 05.07.16
തുക	92,073/- രൂപ

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം സ്റ്റേഷന്റെ കീഴിലുള്ള 56 കെട്ടിടങ്ങളുടെ 2013-14 മുതൽ 2015-16 വരെയുള്ള കെട്ടിടനികുതി അടയ്ക്കുന്നതിനായി 92,703/- രൂപ അടച്ചിട്ടുണ്ട്. ഇതുകൂടാതെ താഴെ കാണുന്ന ബിൽ പ്രകാരം ബാലൻസ് തുകയായി 30 കെട്ടിടങ്ങളുടെ 2013-14 മുതൽ 2016-17 വരെയുള്ള നികുതിയായി 46,832/- രൂപ അടവാക്കിയിട്ടുണ്ട്.

ബിൽ നം.2	
സി ബി.വി.നം., തിയതി	41/7-16, 13.07.16
തുക	46,832/- രൂപ

എന്നാൽ രണ്ടാമത്തെ ബിൽ പ്രകാരം അടച്ച 30 കെട്ടിടങ്ങളുടെ 2013-14 മുതൽ 2015-16 വരെയുള്ള നികുതി ആദ്യത്തെ ബിൽ പ്രകാരം അടച്ചിട്ടുള്ളതായി ബില്ലിനൊപ്പം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. ഇത് കൃത്യമായി പരിശോധിയ്ക്കേണ്ടതും കൂടുതൽ അടച്ച നികുതി ക്രമീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

3-50-5) ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2013-ലെ കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 7-7 പ്രകാരം 1,00,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ടെണ്ടർ ബാധകമാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനത്തിലെ ഭൂരിഭാഗം വാങ്ങലുകളും നടത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	സി..ബി..വി. നം. തിയതി	തുക	സ്ഥാപനം	ഉദ്ദേശ്യം
1	47/2-17 06.02.17	2,66,850	ഗ്രേയ്സ് ഓർക്കിഡ്സ്, തിരുവനന്തപുരം .	ഓർക്കിഡുകൾ വാങ്ങുന്നതിന്.
2	26/2-17 02.02.2017	1,99,745	ബ്രിഗേഡ് ഹോണ്ട മാനന്തവാടി.	ജനറേറ്റർ വാങ്ങുന്നതിന്.
3	67/03-17 10.03.2017	22,90,775	കെ.പി.ആർ.ലൈറ്റ് ആൻറ് സൌണ്ട് കൊയിലാണ്ടി.	പൂപ്പൊലി – 2016- ശബ്ദ വെളിച്ച സംവിധാനം
4	231/2-17 28.02.2017	2,98,920	മലബാർ മീഡിയ, കോഴിക്കോട്.	റേഡിയോ പരസ്യം- പൂപ്പൊലി- 2016

ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയത്, ഇപ്രകാരം വാങ്ങൽ നടത്തിയത് മൂലം ടെണ്ടർ ഫോമിന്റെ ഇനത്തിൽ ലഭിക്കേണ്ട തുകയും നികുതിയും നഷ്ടപ്പെടുത്തിയിട്ടുണ്ട്.

3-50-6) പൂപ്പൊലി 2017- വിനോദനികുതി - പഞ്ചായത്തിൽ അടച്ച ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചില്ല

സി.ബി.വി.നം., തിയതി	76/02-17, 09.02.2017
ചെക്ക് നം./തിയതി	645966/09.02.2017
തുക	1,00,000/-

സ.ഉ.(സാധാ) നം.204/2017/ത.സ്വ.ഭ.വ, തിയതി. 24/01/2017 പ്രകാരം പൂപ്പൊലി - 2017- നെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം 1,00,000/- രൂപ വിനോദനികുതി ഇനത്തിൽ ഡെപ്പോസിറ്റ് ഇകയായി അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിഇവരെയായിട്ടും ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുളള ഡെപ്പോസിറ്റ് ഇക തിരികെ ലഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് ഇക തിരികെ ലഭിക്കുന്നതിനുളള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-50-7) സിമന്റ് വാങ്ങൽ - സ്റ്റോർ പർച്ചേഴ്സ് മാനുലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

സ്റ്റേഷനിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് പല ശീർഷകങ്ങളിൽ നിന്നായി ശ്രീകൃഷ്ണ ഏജൻസീസ്, അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും സിമെന്റ് വാങ്ങിയത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ രജിസ്റ്റർ			സിമെന്റ് ചാക്കിന്റെ എണ്ണം (1 ചാക്ക് = 50 kg)	ശീർഷകം
	നമ്പർ	തീയതി	ഇക		
1	133/16-17	20.05.16	5,352	12	2071-214
2	134/16-17	20.05.16	4,460	10	2071-214
3	135/16-17	20.05.16	13,380	30	2071-214
4	136/16-17	20.05.16	15,610	35	8287-214
5	137/16-17	20.05.16	8,920	20	8287-214
6	138/16-17	20.05.16	13,380	30	6126-600
7	164/16-17	27.05.16	17,840	40	8287-214
8	172/16-17	30.05.16	15,610	35	9338-214
9	173/16-17	30.05.16	13,380	30	8010-921

10	174/16-17	30.05.16	17,840	40	6126-600
11	182/16-17	31.05.16	13,380	30	2071-214
12	219/16-17	04.06.16	26,760	60	8010-921
13	305/16-17	25.06.16	24,530	55	8010-921
14	351/16-17	05.07.16	13,706	31	6126-600
15	401/16-17	22.07.16	7,978	18	6126-600
16	464/16-17	04.08.16	16,993	38	6126-600
17	530/16-17	22.08.16	4,480	10	6126-600
18	531/16-17	22.08.16	4,480	10	6126-600
19	532/16-17	22.08.16	18,480	41	6126-600
20	557/16-17	03.09.16	6,720	15	6126-600
21	593/16-17	07.09.16	6,720	15	6126-600
22	660/16-17	23.09.16	6,668	15	8287-214
23	688/16-17	27.09.16	2,688	6	8010-921
24	689/16-17	27.09.16	13,474	30	8010-921
25	772/16-17	07.10.16	14,486	32	6126-600
26	827/16-17	03.11.16	5,376	12	6126-600

27	899/16-17	23.11.16	4,480	10	6126-600
28	901/16-17	01.12.16	6,720	15	6126-600
29	924/16-17	07.12.16	9,120	20	6126-600
30	1014/16-17	30.12.16	9,856	22	9338-214
31	1024/16-17	03.01.17	9,028	20	9332-921
32	1055/16-17	16.01.17	6,720	15	8287-214
33	1067/16-17	18.01.17	4,480	10	0033-840
34	1203/16-15	09.02.17	11,340	25	2146-214
35	1204/16-17	09.02.17	6,720	15	0033-840
36	1205/16-17	09.02.17	7,131	16	0033-410
37	1209/16-17	09.02.17	8,175	17	6126-600
38	1210/16-17	09.02.17	9,856	22	6126-600
39	1247/16-17	20.02.17	2,240	5	8287-214
40	1310/16-17	23.02.17	2,240	5	0033-840
41	1311/16-17	23.02.17	33,600	75	0033-840

42	1453/16-17	15.03.17	5,944	13	6126-600
43	1475/16-17	21.03.17	7,307	16	0033-410
44	1639/16-17	31.03.17	5,376	12	8287-214
ആകെ			**4,63,024**	**1033**	

വിവിധ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സിമെന്റിന്റെ ഒരു വർഷത്തെ ആകെ അളവ് മുൻകൂട്ടി നിശ്ചയിക്കാതെ ഒരേ മാസം തന്നെ വിവിധ ഇൻവോയ്സുകൾ പ്രകാരം സിമെന്റ് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ നിന്നായി ആകെ 1033 ചാക്ക് സിമെന്റ് (516.5 ടൺ) സിമെന്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേഴ്സ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ക്വട്ടേഷൻ / ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാങ്ങിയ സിമെന്റ് കൊണ്ട് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റുകൾ, ഉപയോഗിച്ച സിമെന്റിന്റെ അളവ്, ഏത് ആവശ്യത്തിനായാണ് പ്രവൃത്തി നടത്തിയതെന്നതിന്റെ വിവരം, നിർവ്വഹണം/മേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥൻ തുടങ്ങി പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വസിഷൻ, ഓഡിറ്റ് നോട്ട് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഇത്രയും അളവ് സിമന്റ് ഉപയോഗിച്ചതിന്റെ ആവശ്യകത വ്യക്തമാക്കാത്ത സാഹചര്യത്തിൽ, ഇതിനായി ചെലവഴിച്ച 4,63,024/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-50-8) 'പൂപ്പൊലി - 2017' സമഗ്രമായ വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയലിൽ നടന്നുവരുന്ന "പൂപ്പൊലി" യ്ക്കായി 2016-17 സാമ്പത്തിക വർഷം '0033-551 (എക്സിബിഷൻ/കിസാൻമേള)' എന്ന നോൺ- പ്ലാൻ ശീർഷകം അനുവദിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും പൂപ്പൊലിയുമായി

ബന്ധപ്പെട്ട വിവിധ ചെലവുകൾ സ്റ്റേഷനിലെ തന്നെ മറ്റ് ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നതിനാൽ പൂപ്പൊലിക്ക് മാത്രമായുള്ള ചെലവിന്റെ ആവശ്യകത, കൃത്യത, ആധികാരികത എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല, 2016-17 വർഷത്തെ 'പൂപ്പൊലി'യുടെ വരവ് ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വർഷത്തെ 'പൂപ്പൊലി'യുടെ കണക്കുകൾ പ്രത്യേകം പരിശോധിക്കുവാനോ സമഗ്രമായി വിലയിരുത്തുവാനോ സാധിച്ചിട്ടില്ല.

3-50-9) വാർഷിക കണക്കിലെ അപാകതകൾ

1) UFAST ൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്ക് (Annual Bank transaction summary 2016-17), ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നം.	Closing balance as per bank book (UFAST)	Closing balance as per Actual bank pass book	വ്യത്യാസം	റിമാർക്സ്
6564 (KAU-RF എക്കൗണ്ട്)	18,00,698	0.00	(-) 18,00,698	Account closed on 01.01.2016
67074341426 (NAIP)	87,254	--	---	പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) Annual bank & cash account summary 2016-17 പ്രകാരം, ക്യാഷ് ഇനത്തിൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ.നം.	ഇനം	നീക്കിയിരുപ്പ്.
1	Cash (Any other)	1,19,80,626
2	Station cash Book	49,13,058

എന്നാൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നില്ല. (ക്യാഷ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല)

മേൽ സൂചിപ്പിച്ച വ്യത്യാസത്തിന് കാരണം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3-50-10) നെറ്റ്വർക്ക് സെന്റർ ഫോർ പ്ലാന്റിങ്ങ് മെറ്റീരിയൽസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) വിവിധ ബ്ലോക്കുകളിലെ ഇറിഗേഷൻ പണികളുടെ ഭാഗമായി പ്ലബിംങ് മെറ്റീരിയലുകൾ വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ രജിസ്റ്റർ			ശീർഷകം	ഇൻവോയ്സ് നം., തീയതി.	സ്ഥാപനം.
	നമ്പർ	തീയതി	തുക			
1	1457/16-17	20.03.17	8,262	9338-214	1064, 07.01.17	M.A Hardwares, Ambalavayal.
2	1458/16-17	20.03.17	14,490	"	1066, 09.01.17	"
3	1459/16-17	20.03.17	8,411	"	1063, 06.01.17	"
4	1460/16-17	20.03.17	14,869	"	1072, 12.01.17	"
5	1461/16-17	20.03.17	5,116	"	1061, 05.01.17	"
6	1576/16-17	31.03.17	11,440	"	M8B2244, M8B2245, M8B2264, 23.01.17	T.P Plywoods, Ambalavayal.
ആകെ			62,588			

മേൽ ബില്ലുകൾ പ്രകാരം പ്ലബിംങ് മെറ്റീരിയലുകൾ വാങ്ങിയത് ഒരു മാസം തന്നെ പല ഇൻവോയ്സുകൾ പ്രകാരമാണ്. വിവിധ ബ്ലോക്കുകളിലെ ഇറിഗേഷൻ പണികളുടെ ഭാഗമായി വേണ്ടിവരുന്ന പ്ലബിംങ് മെറ്റീരിയലുകളുടെ അളവ് മുൻകൂട്ടി നിശ്ചയിക്കുകയോ, ആയതിനനുസരിച്ചുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ ക്വട്ടേഷൻ സ്വീകരിക്കാതെ ഒരേ മാസം തന്നെ വിവിധ ഇൻവോയ്സുകൾ പ്രകാരം പ്ലബിംങ് മെറ്റീരിയലുകൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ഈ പദ്ധതിയുടെ ഭാഗമല്ലാത്ത യാത്രകൾക്ക് ടി.എ. ശീർഷകത്തിൽ നിന്നും തുകകൾ അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു. ('9339 - 300 ടി.എ.' ശീർഷകത്തിൽ ബജറ്റ് വിഹിതമായി 33,800/- രൂപ വകയിരിത്തിയിട്ടുണ്ട്.)

ക്രമ നം.	ബിൽ രജിസ്റ്റർ			ശീർഷകം	ആവശ്യം	പണം കൈപറ്റിയ ഉദ്യോഗസ്ഥൻ
	നമ്പർ	തീയതി	തുക			
1	1494/16-17	22.3.17	1) 100 2) 100	9338-300 "	1) Attending Poopoli meeting at HQ. On 9.11.15 2) Attending Soil day meeting at HQ. On 12.11.15 3) Attending Entomos meet and one day work shop on nanotechnology on 13.11.15	Smt. Smitha Revi, Asst. Professor "

			3) 1,794	"		"
2	1495/16-17	22.3.17	1) 970 2) 200 3) 2,331	" " "	1) Attending AICRP work shop ai IISR, Calicut. 2) Attending Recording at AIR, Calicut. 3) Attending ATMA Researchable issues project presentation at SAMETI, Anayara, Tvpm.	" " "
ആകെ			**5,492**			

ഈ ഇനത്തിൽ വക മാറ്റി ചെലവഴിച്ച 5,492/- രൂപ തടസ്സപ്പെടുത്തുന്നു.

3) 31.03.17 ലെ ബിൽ നം.1608/16-17 (ചെക്ക് നം.077120/31.03.17) പ്രകാരം അലങ്കാര ചെടികളുടെ മൊത്തത്തിലുള്ള വാങ്ങലിനായി M/s Expettag Ecommerce LLP, Pune എന്ന സ്ഥാപനത്തിന് മുൻകൂറായി 3,984/- രൂപ '9338 - 214' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആയത് നാളിതുവരെ ക്രമീകരിച്ചതായോ മുൻകൂർ രജിസ്റ്ററിൽ ചേർത്തതായോ കാണുന്നില്ല. ജി.ഒ.(പി) നം.419/11/ധനം തീയതി 04.10.11 പ്രകാരം മുൻകൂറുകൾ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

4) താഴെ പറയുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

ക്രമ നം.	ബിൽ രജിസ്റ്റർ			
	നമ്പർ	തീയതി	തുക	
1	128/16-17	19.05.16	1,121	9338-214
2	129/16-17	19.05.16	1,903	"
3	130/16-17	19.05.16	5,160	"
4	741/16-17	04.10.16	4,582	"
5	1701/16-17	31.03.17	118	"
6	1703/16-17	31.03.17	27,992	9338-300
ആകെ			**40,876**	

മേൽ പ്രകാരമുള്ള ഒറിജിനൽ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 40,876/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5) ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ 31.03.17 ലെ ബിൽ നം.1627(എ)/16-17 പ്രകാരം 9338-214 ശീർഷകത്തിൽ നിന്നും 23,236/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ UFAST ചെലവ് പത്രികയിൽ 23,468/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

3-50-11) ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുള്ള വാങ്ങലുകൾ

സ്റ്റേഷനിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് പല ശീർഷകങ്ങളിൽ നിന്നായി ജി.ഐ. പൈപ്പ് ദീപം സ്റ്റീൽസ്, അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ രജിസ്റ്റർ			ശീർഷകം
	നമ്പർ	തീയതി	തുക	
1	356/16-17	07.07.16	42,600	8010-420
2	369/16-17	13.07.16	9,330	6126-300
3	465/16-17	04.08.16	24,830	6126-600
4	466/16-17	04.08.16	13,820	6126-600
5	1063/16-17	23.01.17	18,920	2146-214
6	1106/16-17	23.01.17	1,85,000	2146-214
7	1466/16-17	20.03.17	1,32,620	0033-551
8	1467/16-17	20.03.17	47,630	2178-214
9	1467A/16-17	20.03.16	89,920	2178-921
10	1504/16-17	23.03.17	1,22,300	8287-214
11	1572/16-17	31.03.17	17,250	2071-214
12	1571/16-17	31.03.17	99,050	2146-214

13	1575/16-17	31.03.17	55,330	9338-214
14	1635/16-17	31.03.17	1,22,300	8287-214
15	1676/16-17	31.03.17	1,31,780	2178-921
16	1677/16-17	31.03.17	78,300	2178-921
ആകെ			**11,90,980**	

വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ ജി.ഐ. പൈപ്പിന്റെ ഒരു വർഷത്തെ ആകെ അളവ് മുൻകൂട്ടി നിശ്ചയിക്കാതെ ഒരേ മാസം തന്നെ വിവിധ ഇൻവോയ്സുകൾ പ്രകാരം വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം വിവിധ ശീർഷകളിൽ നിന്നായി ആകെ 11,90,980/- രൂപയുടെ ജി.ഐ. പൈപ്പ് വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേഴ്സ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇതുമൂലം ടെണ്ടർ ഫോറങ്ങളുടെ വില്പന ഇനത്തിൽ ലഭിക്കുമായിരുന്ന തുക ലഭിച്ചിട്ടില്ല. വാങ്ങിയ ജി.ഐ. പൈപ്പ് കൊണ്ട് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റുകൾ, ഏത് ആവശ്യത്തിനായാണ് പ്രവൃത്തി നടത്തിയതെന്നതിന്റെ വിവരം, നിർവ്വഹണം/മേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥൻ തുടങ്ങി പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 11,90,980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-50-12) കാലഹരണപ്പെട്ട ചെക്കുകൾ മുതൽക്കൂട്ടിയിട്ടില്ല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നൽകിയ ചെക്കുകളിൽ പലതും പണമാക്കിയിട്ടില്ല. പല ചെക്കുകളും കാലഹരണപ്പെട്ടതായി കാണുന്നു. കാലഹരണപ്പെട്ട ചെക്കുകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-50-13) ഡ്രൈയിങ് യാഡ് ഇന്റർ ലോക്ക് ടൈൽസ് വിരിച്ചത് - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ കമ്പ്യൂഷൻ വഴി ഏൽപ്പിച്ചു

സ്ഥാപനത്തിലെ ബ്ലോക്ക് നം.8 ൽ ഡ്രൈയിങ് യാഡ് ഇന്റർ ലോക്ക് ടൈൽസ് വിരിക്കുന്നതിനുള്ള ചെലവ് പരിശോധിച്ചതിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഏല്പിച്ചു കൊടുത്തതായി കാണുന്നു. 2012-ലെ മരാമത്ത് മാന്വൽ പ്രകാരം വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂഷൻ/ടെണ്ടർ വിളിച്ച് പ്രവൃത്തി ഏല്പിച്ചു കൊടുക്കേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി ഏല്പിച്ചുകൊടുത്തിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണം, മോണിറ്ററിങ്ങ് എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വഴി നിരീക്ഷിക്കപ്പെടുന്നതായും കാണുന്നില്ല. ഡ്രൈയിങ് യാഡ് ഇന്റർ ലോക്ക് ടൈൽസ് വിരിക്കുന്നതിനുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ രജിസ്റ്റർ			ശീർഷകം
	നമ്പർ	തീയതി	തുക	
1	349/16-17	05.07.16	4,200	214
2	1193/16-17	08.02.17	1,46,270	910
3	1193/16-17	08.02.17	1,69,400	921
4	1194/16-17	08.02.17	23,130	921
5	1303/16-17	22.02.17	5,584	551
6	1511/16-17	24.03.17	1,32,797	214
7	1512/16-17	24.03.17	84,700	214
8	1559/16-17	31.03.17	28,737	214
9	1569/16-17	31.03.17	23,050	214
ആകെ			**6,17,868**	

മേൽ പ്രവൃത്തിക്കായി 2016-17 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ നിന്നായി ആകെ 6,17,868/- രൂപയുടെ ചെലവ് ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ കമ്പ്യൂട്ടേഷൻ വഴി പ്രവൃത്തി ഏൽപ്പിച്ചതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

3-50-14) കാരാപ്പുഴ ഡാമിലെ റോസ് പാർക്ക് നിർമ്മാണം - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

റോസ് പാർക്ക് നിർമ്മാണത്തിന് സാങ്കേതിക സഹായം നൽകുകയും ആയതിന്റെ പരിപാലനവും ഈ സ്ഥാപനത്തിന്റെ ചുമതലയാണ്. 2016-17 വർഷത്തിൽ ചെലവായ തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സി.ബി.വി. നം, തിയതി	തുക	തുക കൈപ്പറ്റിയത്
1	21/11-16, 02.11.16	3,06,900	സെക്രട്ടറി, ഹൈടെക്ക് കാർഷിക കർമ്മസേന
2	26/1-17, 07.01.17	2,79,000	എ.ഡി.ആർ, RARS, അമ്പലവയൽ
3	333/3-17, 31.03.17	15,00,000	RF അക്കൌണ്ടിലേക്ക് മാറ്റിയത്
ആകെ		**20,85,900**	

മേൽ സൂചിപ്പിച്ച പ്രോജക്ട് പൂർത്തിയായിട്ടുണ്ടോ, ടി പ്രോജക്ടുമായി ബന്ധപ്പെട്ട് ഈ സ്ഥാപനത്തിന് ആകെ ലഭിച്ച തുക, കരാർ പ്രകാരം ഈ സ്ഥാപനത്തിന് ലഭിക്കേണ്ടതുക, ടി പ്രോജക്ടുമായി ബന്ധപ്പെട്ട് ഈ സ്ഥാപനത്തിന് ആകെ ചെലവായ തുക, ഹൈടെക്ക് കാർഷിക കർമ്മസേനക്ക് ഇതുവരെ നൽകിയ തുക എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 20,85,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-50-15) രേഖകൾ ലഭ്യമാക്കിയിട്ടില്ല

Production and distribution of planting materials and value added products എന്ന റിവോൾവിംഗ് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന വാങ്ങലുകൾക്കായി തുക ചെലവഴിച്ചതായി കാണുന്നു.

ക്രമ നം.	സി.ബി.വി.നം., തിയതി	തുക	വാങ്ങിയത്
1	32/2-16, 03.02.17	2,27,000	Rose varieties for nursery purpose
2	70/1-17, 12.01.17	10,000	Cost of flower seeds
3	28/12-16, 08.12.16	15,640	Mary gold seed, aster seed, jowar seed etc
ആകെ		**2,52,640**	

ചെലവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ, വിൽപ്പന രജിസ്റ്ററുകൾ, ആയതിന്റെ ഫയലുകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ 2,52,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-50-16) മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയ തുക - കൈപ്പറ്റ് രശീത്,സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല

ബി.ആർ.നം.542/16-17, 65000/- രൂപ, ശീർഷകം 6126

മേൽ വൗച്ചർ പ്രകാരം ബയോകൺട്രോൾ ഏജന്റ്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡിന് 65,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖകളോ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുളള സർട്ടിഫിക്കറ്റോ ലഭിച്ചതായി കാണുന്നില്ല. ആയതിന്റെ കൈപ്പറ്റ് രശീത്, സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതുവരെ 65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-50-17) മുൻകൂർ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ക്രമ നം.	ബി.ആർ.നം., തിയതി	തുക	അഡ്വാൻസ് കൈപ്പറ്റിയ വ്യക്തി
1	95/16-17, 10.5.16	41,667	ശ്രീമതി സ്മിത രവി, അസി.പ്രൊഫസർ
2	493/16-17, 9.8.16	2,000	ശ്രീമതി സ്മിത രവി, അസി.പ്രൊഫസർ
3	1059/16-17, 17.1.17	3,000	ശ്രീമതി അമ്പിളി.പി.സി, റിസർച്ച് അസിസ്റ്റന്റ്
4	1533/16-17, 29.3.17	20,000	ശ്രീമതി ശകുന്തള, ഫാം സൂപ്രണ്ട്
5	880/16-17, 21.11.16	9,500	ശ്രീ റ്റി.റ്റി.ജേക്കബ്, ഫാം മാനേജർ
6	889/16-17, 25.11.16	5,000	ശ്രീ ജയേഷ് എൻ.ജെ, ലാബ് അസിസ്റ്റന്റ്
7	1049/16-17, 10.1.17	9,500	ശ്രീ റ്റി.റ്റി.ജേക്കബ്, ഫാം മാനേജർ
8	1104/16-17, 21.1.17	1,000	ശ്രീ രാഗേഷ്.പി.ആർ, സെക്ഷൻ ഓഫീസർ
9	1112/16-17, 25.1.17	3,000	ശ്രീ രാഗേഷ്.പി.ആർ, സെക്ഷൻ ഓഫീസർ
10	1125/16-17, 30.1.17	10,000	ശ്രീ രാജീസ്.പി.സി, ഫാം മാനേജർ
11	1358/16-17, 27.2.17	5,000	ശ്രീ രാജീസ്.പി.സി, ഫാം മാനേജർ
12	1445/16-17, 13.3.17	7,280	ശ്രീ രാജീസ്.പി.സി, ഫാം മാനേജർ
13	1533/16-17, 29.3.17	20,000	ശ്രീമതി ശകുന്തള, ഫാം സൂപ്രണ്ട്

ജി.ഒ.(പി) നമ്പർ 419/11 ധനം തീയതി 04.10.11 പ്രകാരം, മുൻകൂറുകൾ കൈപ്പറ്റി മൂന്നു മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക 18% പലിശ

സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3-50-18) 2014 ലെ ഇൻവോയ്സ് പ്രകാരമുള്ള ചെലവ് - വിശദീകരണം ലഭ്യമാക്കിയിട്ടില്ല

ബി.ആർ.നം.1447/16-17, തുക 2,71,413/- രൂപ, ശീർഷകം 6126

ഇൻസ്പെക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 29.12.14 ലെ ഇൻവോയ്സ് പ്രകാരം 9.12.14, 10.12.14 തിയതികളിൽ 217130 കിലോഗ്രാം ചാണകം വാങ്ങിയതായി കാണുന്നു. എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മൂന്നു വർഷം മുമ്പത്തെ ഇൻവോയ്സ് പ്രകാരമുള്ള ചെലവ് തൻവർഷം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

3-50-19) ഭരണ-സാങ്കേതികാനുമതി, ബജറ്റ് അലോക്കേഷൻ എന്നിവ ഇല്ലാതെ ചെലവ് നടത്തി

മെറ്റിയോറോളജി വകുപ്പിന്റെ (ഭാരത സർക്കാർ) അഗ്രോമെറ്റ് അഡ്വൈസറി സർവ്വീസ് (ശീർഷകം 340-31-9966) എന്ന പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2016-17 വർഷത്തിൽ 8,39,677/- രൂപ സ്റ്റേഷനിലെ നോൺ പ്ലാൻ ഫണ്ടിൽ (ശീർഷകം 340-31-0033) നിന്നും വകമാറ്റി ചെലവ് ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷത്തിലെ തുടർ പ്രവർത്തനത്തിനുള്ള ഭരണ-സാങ്കേതികാനുമതി, ബജറ്റ് അലോക്കേഷൻ എന്നിവ ലഭിച്ചിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ശീർഷകം	തുക (രൂപയിൽ)	റിമാർക്ക്സ്
1	340-31-0033-110	3,74,200	ടീച്ചിംഗ് അസിസ്റ്റന്റിന്റെ വേതനം
2	340-31-0033-120	4,65,477	ലാബ് അസിസ്റ്റന്റിന്റെ വേതനം
ആകെ		8,39,677*	

(*സ്റ്റേഷനിൽ നിന്നും 23.09.2017 ൽ ഡയറക്ടർ ഓഫ് റിസർച്ചിന് അയച്ച കത്ത് നം. ഡി/1084/96 പ്രകാരം)

ഡയറക്ടർ ഓഫ് റിസർച്ചിൽ നിന്നുള്ള ഭരണ-സാങ്കേതികാനുമതി, കംപ്ട്രോളറിൽ നിന്നുള്ള ബജറ്റ് അലോക്കേഷൻ എന്നിവ ഇല്ലാതെ സ്റ്റേഷനിലെ നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും ഈ പ്രൊജക്ടിന്റെ പ്രവർത്തനത്തിനായി ചെലവ് നടത്തിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ ഭരണ-സാങ്കേതിക-സാമ്പത്തിക അംഗീകാരമില്ലാതെയും, ഈ ഇനത്തിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ചതുമായ 8,39,677/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-51) കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ

3-51-1) കൃഷി വിജ്ഞാന കേന്ദ്രത്തിലെ താൽക്കാലിക അദ്ധ്യാപകർക്ക് (ടീച്ചിംഗ് അസിസ്റ്റന്റ്) സർവ്വകലാശാല ഫണ്ടിൽ നിന്നും വേതനം അനുവദിച്ചത്

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസേർച്ചിന്റെ 31.03.2017 ലെ ഫൈനൽ റിവൈസ്ഡ് എസ്റ്റിമേറ്റ് 2016-17 ലെ നിബന്ധനയനുസരിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ സ്ഥിരം അദ്ധ്യാപകർക്ക് മാത്രമാണ് ഐ.സി.എ.ആർ. ഗ്രാന്റിൽ നിന്നും ശമ്പളം അനുവദനീയമായിട്ടുള്ളത്. 2016-17 കാലയളവിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം 7 അദ്ധ്യാപകരുണ്ടെങ്കിലും 5 തസ്തികകൾ ഒഴിവുണ്ട്. ടി തസ്തികകളിലേക്ക് നം.GA/C3/9636/2016 തീയതി.08.11.2016 പ്രകാരം 5 താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇതുമൂലം സർവ്വകലാശാലയ്ക്ക് 13,01,500/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

വൗച്ചർ നമ്പർ	തുക
ബി.ആർ.നം.2/ 04.04.16	33,600/-
" 8/ 04.04.16	30,800/-
" 14/ 02.05.16	35,000/-
" 20/ 02.05.16	29,400/-

" 35/ 01.06.16	33,600/-
" 36/ 01.06.16	33,600/-
" 68/ 01.07.16	75,600/-
" 104/ 01.08.16	1,07,800/-
" 146/ 01.09.16	91,000/-
" 166/ 07.09.16	7,200/-
" 187/ 03.09.16	78,400/-
" 233/ 01.11.16	1,01,500/-
" 278/ 01.12.16	1,21,800/-
" 317/ 03.01.17	1,72,200/-
" 351/ 01.02.17	1,75,000/-
" 384/ 01.03.17	1,75,000/-
ആകെ	**13,01,500/-**

മേൽ വിഷയത്തിൽ സർവ്വകലാശാലയ്ക്ക് സംഭവിക്കുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനും അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-51-2) കാര്യക്ഷമമല്ലാത്ത പദ്ധതി നിർവ്വഹണം

പദ്ധതി :- കർഷക പങ്കാളിത്തത്തിലൂടെ തൃശ്ശൂർ ജില്ലയിൽ പച്ചക്കറി വിത്തുല്പാദനം ത്വരിതപ്പെടുത്തുക. (കേരള സംസ്ഥാന പദ്ധതി - 2014-15).

പദ്ധതി അടങ്കൽ :- 29.296 ലക്ഷം

ചെലവു തുക :- 9,86,420 (2015-16)

3,52,532 (2016-17)

ആകെ 13,38,952/-

ഗ്രണമേന്മയുള്ള പച്ചക്കറി വിത്തുകളുടെ ഉല്പാദനവും വിതരണവും ലക്ഷ്യമിട്ട്, 2014-15 വർഷത്തിൽ കേരള സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി വിഭാവനം ചെയ്ത ഈ പ്രൊജക്ട് 2015-16 വർഷത്തിലാണ് ആരംഭിച്ചത്. പദ്ധതി ആരംഭിച്ച് രണ്ടു വർഷം പൂർത്തിയായെങ്കിലും പദ്ധതിയുടെ ഉദ്ദേശ്യങ്ങളിലൊന്നായ വിത്തുല്പാദനം ഇതുവരെ ആരംഭിച്ചതായി കാണുന്നില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. 2015-16 വർഷത്തിൽ വിത്തുല്പാദന പ്രക്രിയയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ, കേരളാ അഗ്രോ ഇൻഡസ്ട്രീസിൽ നിന്ന് പർച്ചേസ് നടത്തിയെങ്കിലും, നാളിതുവരെയായി ഈ യന്ത്രങ്ങളൊന്നും തന്നെ ഉപയോഗിച്ചിട്ടില്ല.
2. 2015-16 വർഷം, സീഡ് പ്രോസസിങ്ങ് യൂണിറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഡി.പി.പി.യ്ക്ക് ഒരു ലക്ഷം രൂപ കൈമാറിയെങ്കിലും, നവീകരണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.
3. കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, അവർക്ക് പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നാളിതുവരെയായി ആരംഭിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഈ പദ്ധതി തുടരുന്നുവെങ്കിലും, പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്ന തലത്തിലേയ്ക്ക് പ്രവർത്തനങ്ങൾ പുരോഗമിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാനും, അതിലൂടെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

3-52) സബ് സെന്റർ ഓഫ് RARS(NR), മഞ്ചേശ്വരം

3-52-1) നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

കേന്ദ്രത്തിന്റെ 2016-17 വാർഷിക കണക്കിൽ ആഭ്യന്തര വരുമാനത്തിന്റെ അക്കൗണ്ടിൽ ആകെ വരവ് 4,928.52/-രൂപ, ചെലവ് (ഫണ്ട് ട്രാൻസ്ഫർ) 11,558/-രൂപ, നീക്കിയിരിപ്പ് -6,629.48/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരവിൽ കൂടുതൽ ചെലവ് രേഖപ്പെടുത്തിയതും, നീക്കിയിരിപ്പ് (-) balance ആയി നിൽക്കുന്നതും പരിശോധിച്ച്, അപാകത പരിഹരിക്കേണ്ടതാണ്.

3-53) കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി

3-53-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1. താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണം / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	ശീർഷകം	പ്രവൃത്തി	തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	സി.ബി.വി.നം., തീയതി	ചെക്ക് നം.	തുക
1	2115-Strengthening extension and outreach activities	മുറികളുടെ പുനർനിർമ്മാണവും, മറ്റ് സിവിൽ വർക്കുകളും	ഡി.പി.പി.	79/3/16-17, 21.03.17	131408	32,00,000

3-54) കെ.എ.യു. പ്രസ്സ്, മണ്ണുത്തി

3-54-1) ടൈപ്പിസ്റ്റ് തസ്തികയിൽ ഓഫീസ് സൂപ്രണ്ട് ജോലി ചെയ്യുന്നു

കെ എ യു പ്രസ്സ് മണ്ണുത്തിയിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ പ്രകാരം ഒരു ടൈപ്പിസ്റ്റ് തസ്തികയാണ് നിലവിലുള്ളത് (ഓഡിറ്റ് റിക്വസിഷൻ 2/25.02.17 നുള്ള മറുപടി പ്രകാരം). എന്നാൽ 2016-17 വർഷത്തെ ചെലവ് പരിശോധിച്ചപ്പോൾ, ഈ ടൈപ്പിസ്റ്റ് തസ്തികയിൽ ഓഫീസ് സൂപ്രണ്ടാണ് ജോലി ചെയ്യുന്നത്. 2016-17 വർഷത്തിൽ 11,44,148/- രൂപ ശമ്പളം ഇനത്തിൽ നൽകിട്ടുണ്ട്. തസ്തിക ഇല്ലാതെ പ്രസ്സിൽ ഓഫീസ് സൂപ്രണ്ടിനെ നിയമിച്ചത് ക്രമവിരുദ്ധമാണ്. ടൈപ്പിസ്റ്റിന് പകരം ഓഫീസ് സൂപ്രണ്ടിനെ നിയമിക്കുന്നതു പ്രസ്സിന് അധിക ബാധ്യത വരുത്തുന്നുണ്ട്. ശമ്പളം ഇനത്തിൽ നൽകിയ 11,44,148/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-54-2) പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് കൈമാറിയ താഴെപ്പറയുന്ന തുകകളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	സി.ബി.വി. നമ്പർ, ചെക്ക് നമ്പർ, തിയ്യതി	പ്രവൃത്തി	തുക
1	08/09/16-17,141107, 09.09.16	പ്രസ്സ് മാനേജരുടെ മുറിയുടെ നവീകരണം	2,00,000
2	35/03/16-17,722439, 30.03.17	പ്രസ് ബിൽഡിംഗ് നവീകരണം,പ്രസ് മാനേജരുടെ മുറിയുടെ നവീകരണം	3,00,000

3-54-3) നീക്കിയിരിപ്പിൽ വ്യത്യാസം

ആന്വൽ ബാങ്ക് ട്രാൻസാക്ഷൻ സമ്മറി പ്രകാരം നീക്കിയിരിപ്പ് 4,78,591.31/- രൂപയാണ്. എന്നാൽ ആന്വൽ റസീപ്റ്റ് & പെയ്മെന്റ് സമ്മറി പ്രകാരം നീക്കിയിരിപ്പ് 4,78,772.31/- രൂപയാണ്. നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യത്യാസം 181/- രൂപ പൊരുത്തപ്പെടുത്തേണ്ടതാണ്.

3-54-4) വർക്കുകൾ പൂർത്തീകരിക്കുന്നതിന് കാലതാമസം

2016 വർഷത്തെ ജോബ് രജിസ്റ്റർ പ്രകാരം 269 വർക്ക് ഓർഡറുകൾ എടുത്തതായി കാണുന്നു. എന്നാൽ പൂർണ്ണമായി വർക്ക് പൂർത്തിയാക്കി സെറ്റിൽ ചെയ്തിട്ടില്ല. 91 വർക്കുകൾക്കുള്ള തുക മുൻകൂറായി അടച്ച് ഇൻവോയ്സ് ക്രമീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടി. മുൻ വർഷങ്ങളിലും ഇപ്രകാരം സെറ്റിൽ ചെയ്യാത്തതായി കാണുന്നുണ്ട്. ഫോർമാൻ സൂക്ഷിക്കുന്ന 2016 വർഷത്തെ ജോബ് രജിസ്റ്റർ പ്രകാരവും വർക്ക് ഓർഡറുകൾ പൂർത്തികരിച്ചിട്ടില്ല.

യഥാസമയം വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുന്നതിന് കാരണം കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ബന്ധപ്പെട്ടവരെ അറിയിച്ച് വർക്ക് പൂർത്തീകരിക്കുന്നതിന് കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

3-55) ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, മണ്ണുത്തി

3-55-1) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

എ) ചെക്ക് നം. 004980/21.03.17 പ്രകാരം തൃശ്ശൂർ പൂരം എക്സിബിഷൻ 2017 ൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി, 6,00,000/- രൂപ കമ്മ്യൂണിക്കേഷൻ സെന്ററിലേക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ബി) 2016-17 സാമ്പത്തിക വർഷത്തിൽ, വിവിധ വർക്കുകൾക്കായി തുകകൾ ഡി.പി.പിയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു

ക്രമ നമ്പർ	സി ബി വി നം	തുക,ചെക്ക് നം, തീയതി	ഉദ്ദേശ്യം
1	11.3.17	14,50,000/-, 004979, 15.03.17	Renovation of two rooms as VIP room & PRO's office

2	12.03.17	2,75,000/-, 004979, 15.03.17	Construction of roofed service cum emergency ms staircase and balcony on the eastern end of DoE building.
3	13.03.17	13,00,000/-, 004979, 15.03.17	Electrical renovation /repair works at DoE
4	14.03.17	2,33,200/-, 004979, 15.03.17	Renovation VIP room, PRO's office, mini conference hall at ground floor of CC
5	2/11/16-17	1,00,000/-, 916039, 23.11.16	Renovation work of the toilet attached to the chamber of DoE

മേൽ പറഞ്ഞവയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

13-55-2) മുൻക്കൂർ ക്രമീകരിച്ചതിലെ അപാകത – സബ് വൗച്ചർ ലഭ്യമാക്കിയിട്ടില്ല

ഡോ.ഗീതക്കുട്ടി. പി.എസിന് (ഡയറക്ടർ സി ജി എസ് എ എഫ് ഇ ഡി, സി ഒ എച്ച്, വെള്ളാനിക്കര), ഇന്റർനാഷണൽ വർക്ക്ഷോപ്പ് & എക്സിബിഷൻ, വൈഗ 2016 (01.02.16 മുതൽ 05.12.16 വരെ) ൽ പങ്കെടുക്കുന്നതിനു വേണ്ടി 5,000/- രൂപ മുൻക്കൂർ നൽകിയിരുന്നു. (സി ബി വി നം - 15.11.16, ചെക്ക് നം - 916064, തീയതി 28.11.16). സി ബി വി നം 78/3/17, പ്രകാരം ഈ മുൻക്കൂർ തീർപ്പാക്കിയിട്ടുണ്ട്. (ചെലവ് 5,952/- രൂപ. അധികം ചെലവായ 952/- രൂപ ഡോ.പി.എസ് ഗീതക്കുട്ടിയ്ക്ക് നൽകിയിട്ടുമുണ്ട്.) എന്നാൽ ബില്ലിനൊപ്പം ചെലവിന്റെ വിശദാംശങ്ങൾ കാണിക്കുന്ന സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 5,952/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-56) കോക്കനട്ട് മിഷൻ, പടന്നക്കാട്

3-56-1) കേരാമൃതം, കേരചക്കര എന്നിവയുടെ പ്രൊസസ്സിംഗ് – പേറ്റന്റ് ലഭിച്ചിട്ടില്ല

കേരാമൃതം, കേരചക്കര എന്നിവയുടെ പ്രൊസസ്സിംഗിന് പേറ്റന്റ് ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിന് രജിസ്റ്റേർഡ് പേറ്റന്റ് അറ്റോർണിയായ M/S Krishna &Saurastri Assosiates, Bangalore ന് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്.

ബിൽ നമ്പർ, തിയതി	ചെക്ക് നമ്പർ	തുക
18/03-17, 31.03.17	527367	1,04,000

പേറ്റന്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-57) റേഡിയോ ട്രേസർ ലാബ്, വെള്ളാനിക്കര

3-57-1) പ്രവർത്തന രഹിതമായ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബ്

ഹോർട്ടിക്കൾച്ചർ കോളേജിന്റെ കീഴിലുള്ള റേഡിയോ ട്രേസർ ലബോറട്ടറിക്ക് മൊബൈൽ സോയിൽ ടെസ്റ്റിങ്ങ് ലാബ് (വാഹന നം. കെ.എൽ.-08 എ.എക്സ്.-9207 – ബസ്സ്) 2013-14 വർഷത്തിൽ നാഷണൽ പ്രൊജക്ട് ഓൺ മാനേജ്മെന്റ് ഓഫ് സോയിൽ ഹെൽത്ത് & ഫെർട്ടിലിറ്റി എന്ന പദ്ധതിയുടെ ഭാഗമായി അനുവദിച്ചു. (ഗവേഷണ മേധാവിയുടെ 11.02.2010 ലെ ഉത്തരവ് നം.ആർ7/66764/08). എന്നാൽ വാഹനത്തിന്റെ പരിപാലനത്തിനായി ആവശ്യമായ സ്ഥിരം തസ്തികയിലുള്ള ഡ്രൈവർ, അറ്റൻഡർ എന്നീ ജീവനക്കാരെ നിയമിച്ചിട്ടില്ല. കൂടാതെ മണ്ണ് പരിശോധനയുടെ മേൽ നോട്ടത്തിനായി ശാസ്ത്രജ്ഞരെയും നിയമിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച ജീവനക്കാരുടെ അഭാവത്തിൽ ഫീൽഡിൽ പോയി സോയിൽ ടെസ്റ്റ് നടത്തുവാൻ സാധ്യമല്ല. കഴിഞ്ഞ നാല് വർഷങ്ങളായി ലാബിന്റെ ദൈനംദിന ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്ക് സർവ്വകലാശാലയിൽ നിന്ന് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. സെമിനാറുകൾ, കാർഷിക മീറ്റിങ്ങുകൾ, പ്രദർശനങ്ങൾ എന്നിവയ്ക്ക് മാത്രമാണ് വാഹനം പുറത്തേയ്ക്കിറക്കുന്നത്.

ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് വൈസ് ചാൻസലർക്ക് കത്ത് അയച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം. ജി.എ./പി1/7130/2012, തീയതി 10.11.2014 പ്രകാരം അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് വാഹനം കൈമാറുവാൻ ഉത്തരവിട്ടു. എന്നാൽ നാളിതുവരെ വാഹനം അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോ. ഡയറക്ടർ ഓഫ് റിസർച്ചിന് കൈമാറിയിട്ടില്ല. ഓഡിറ്റ് വേളയിൽ റേഡിയോ ടേസർ ലാബോറട്ടറിയുടെ പരിസരത്ത് വാഹനം നാശോന്മുഖമായികൊണ്ടിരിക്കുന്ന അവസ്ഥയിൽ കാണപ്പെട്ടു.

സ്ഥിരം തസ്തികയിൽ ശാസ്ത്രജ്ഞർ, ഡ്രൈവർ, അറ്റൻഡർ തുടങ്ങിയ ജീവനക്കാരെ നിയമിച്ച് കർഷകർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ മണ്ണ് പരിശോധനയ്ക്കായി വാഹനം ഫീൽഡിൽ ഇറക്കുകയോ അല്ലാത്ത പക്ഷം ഏതെങ്കിലും സ്റ്റേഷനിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്.

3-58) അഗ്രിക്കൾച്ചറൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ്, സി ഒ എച്ച്, വെള്ളാനിക്കര

3-58-1) പ്രിന്റിംഗ് ജോലികൾ - സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

സി.ബി.വി.നം. 5/10/16-17

തുക 8,400/- രൂപ, ലൂമിയർ പ്രിന്റിംഗ് പ്രസ്സ്, റൗണ്ട് ഈസ്റ്റ്, തൃശ്ശൂർ.

ചെലവിനം - Booklet on activities of CEEE

മേൽ വൗച്ചർ പ്രകാരം ലൂമിയർ പ്രിന്റിംഗ് പ്രസ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന് പ്രിന്റിംഗ് ജോലികൾക്കായി 8,400/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 02.12.15 ലെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷന്റെ സർക്കുലർ നം. Extn(4) 87144/14 പ്രകാരം സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങൾ പ്രിന്റിംഗ് ജോലികൾ കേരള കാർഷിക സർവ്വകലാശാല പ്രസ്സിനെ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-59) ഇൻസ്പെക്ഷണൽ ഫാം, വെള്ളായണി

3-59-1) സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2013/സ്റ്റോ.പ.വ തിയതി 21.06.2013 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോ.പ.മാന്വൽ ഖണ്ഡിക 9.22 പ്രകാരം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ, ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് അഞ്ച് വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാമെന്നും വില നെഗോസിയേഷനിലൂടെ നിശ്ചയിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 9.25 പ്രകാരം ഉത്പാദനം ആരംഭിച്ച് 5 വർഷത്തിലധികമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കണമെന്നും 9.24 പ്രകാരം, വാങ്ങുന്ന സാധനങ്ങൾ ആ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേസ് ഓഫീസർ ഉറപ്പാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 55,200/- രൂപ ചെലവിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 500 കി.ഗ്രാം പ്ലാസ്റ്റിക്ക് കോട്ടഡ് ജി.ഐ വയർ നേരിട്ട് വാങ്ങിയിട്ടുണ്ട് (സി.ബി.വി.നം.46/11-16 ചെക്ക് നം. 269449 തിയതി 15.11.2016). ആയതിനാൽ 55,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-59-2) തൈകൾ വാങ്ങിയതിന്റെ ക്വട്ടേഷൻ/ കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.138/3-17 പ്രകാരം 5000 കറിവേപ്പില തൈകൾ ലഭ്യമാക്കിയതിന് 6/- രൂപ നിരക്കിൽ ശ്രീ.മാസില്ലാമണി, ആശാരിപളളം എന്ന വ്യക്തിക്ക് 30,000/-രൂപ നൽകിയിട്ടുണ്ട്. തൈകൾ സപ്ലൈ ചെയ്യാൻ കരാർ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തൈകൾ വാങ്ങിയതിന്റെ ക്വട്ടേഷൻ, കരാർ എന്നിവ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം 4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1) ഫണ്ടുകൾ - വരവ്, ചെലവ് കണക്കുകളുടെ സംക്ഷിപ്തം

ഇനം	വരവ്	ചെലവ്
പദ്ധതിയേതര ധനസഹായം (സ്റ്റാറ്റ്യൂട്ടറി - കേരള സർക്കാർ)	281,91,00,000	306,19,89,571
പദ്ധതി ധനസഹായം (സ്റ്റാറ്റ്യൂട്ടറി - കേരള സർക്കാർ)	42,24,50,000	20,77,35,224
ICAR പ്രൊജക്ട് - 100%	10,72,80,400	22,44,68,878
ICAR കോ - ഓർഡിനേറ്റഡ് പ്രൊജക്ട്	9,35,62,900	18,23,61,304
സ്റ്റാറ്റ്യൂട്ടറി ഗ്രാന്റിതര ധനസഹായം	15,82,41,300	13,32,41,017
ICAR റിവോൾവിംഗ് ഫണ്ട്	6,49,80,307	5,29,74,687
KAU റിവോൾവിംഗ് ഫണ്ട്	17,55,02,781	9,96,12,563
OEAP റിവോൾവിംഗ് ഫണ്ട്	5,75,45,762	4,54,55,848
GOK പ്രൊജക്ട് സ്പെസിഫിക്ക് അസിസ്റ്റൻസ് (പ്ലാൻ)	-	14,73,58,076
ആഭ്യന്തര വരുമാനം	25,56,79,373	-
ലോൺസ് & സബ്സിഡൻസ്	14,35,32,459	30,51,36,000
മറ്റ ചെലവുകൾ	-	1,90,40,256

ആകെ	**429,78,75,282**	**447,93,73,424**

ഓഡിറ്റ് വർഷത്തെ ആകെ വരവ്	429,78,75,282
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	447,93,73,424

4-2) ഓഡിറ്റ് പ്രത്യവലോകനം

4-2-1) സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	വരവ് നഷ്ടം	ചെലവ് നഷ്ടം	തടസ്സപ്പെടുത്തിയ തുക
2-4-2(6)	3,150		
2-7-1(1)	26,500		
2-7-1(2)	24,503		
3-1-1			1,13,490
3-1-3			2,91,125
3-1-6			2,01,477
3-13-2			71,250
3-13-3			47,500
3-13-5			2,10,000
3-15-1			44,24,063

3-17-3			1,86,462
3-23-5			4,100
3-32-2			15,232
3-32-3			53,583
3-42-1			1,75,903
3-46-1			78,060
3-46-4			10,838
3-48-1		6,750	
3-50-1		5,700	
3-50-6		1,00,000	
3-50-7			4,63,024
3-50-10(2)			5,492
3-50-10(4)			40,876
3-50-11			11,90,980
3-50-14			20,85,900
3-50-15			2,52,640
3-50-16			65,000
3-50-18			2,71,413
3-50-19			8,39,677
3-54-1			11,44,148
3-55-2			5,952

3-59-1			55,200
3-59-2			30,000
3-60-1			87,079
ആകെ	**54,153**	**1,12,450**	**1,24,20,464**

4-2-2) കേന്ദ്ര / സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇനം	ഖണ്ഡിക	തുക
സർവ്വീസ് ടാക്സ്	3-2-4	3,570
ആദായ നികുതി	3-24-1	2,440
ആകെ		**6,010**

4-3) ഓഡിറ്റ് ചാർജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 19(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ ചട്ടം 24 എന്നിവ പ്രകാരം സർവ്വകലാശാല ഓഡിറ്റ് ചാർജ് സർക്കാരിലേക്ക് ഒടുക്കേണ്ടതുണ്ട്. 2016-17 വർഷത്തെ ഓഡിറ്റ് ചാർജ്ജും മുന്നിരിപ്പ് ഉൾപ്പെടെ സർവ്വകലാശാല അടവാക്കുവാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

2016-17

ഇനം	വരവ്
റിവോൾവിംഗ് ഫണ്ട്	29,80,28,850
ഫീസ് വരുമാനം	5,04,02,123
കോളേജുകളിൽ നിന്നുള്ള വരുമാനം	1,27,13,120
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	5,83,86,662
മറ്റു ഏജൻസികളിൽ നിന്നുള്ള വരുമാനം	62,096
പലിശ	3,89,20,431
മിസലേനിയസ്	9,24,28,990
ആകെ	**55,09,42,272**

ഓഡിറ്റ് ചാർജ് - 55,09,42,272 x1% - 55,09,423/-

2015-16 വരെയുള്ള കുടിശ്ശിക - 1,83,43,863

2016-17 - 55,09,423

ആകെ - 2,38,53,286

അടച്ച തുക - ഇല്ല

ആകെ അടവാക്കാനുള്ള തുക - 2,38,53,286

ഈ തുക **"0070-Other Administrative Charges, 60-Other receipts, 110 - fee for government audit, 99-Audit charges"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതും ഒടുക്കു വിവരം അസ്സൽ ചലാൻ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ജോയിന്റ് ഡയറക്ടർ

അനുബന്ധം 1

വാർഷിക കണക്ക്

Kerala Agricultural University			
ANNUAL ACCOUNTS 2016-2017 RECEIPTS STATUS			
Head of Account	Actual Receipts	Revised BE	(+) Increase/ (-) Decrease
Non-Plan Schemes			
Statutory Grant from Govt. Non-Plan	2819100000	2919100000	-100000000
Total	2819100000	2919100000	-100000000
Plan Schemes			
Plan grant from Agricultural Department (General)	422450000	374800000	47650000
Plan grant from Agricultural Department (Project specific)	0	149200000	-149200000
Total	422450000	524000000	-101550000
EAP Projects			
ICAR Projects - 100 percent	107280400	269639700	-162359300
ICAR Co-ordinated Projects	93562900	217940300	-124377400
Other Externally Aided Projects	158241300	225102700	-66861400
Total	359084600	712682700	-353598100
Revolving Fund			
ICAR Revolving Fund	64980307	74660000	-9679693
KAU Revolving Fund	175502781	163325000	12177781
OEAP Revolving Fund	57545762	55905000	1640762
Total	298028850	293890000	4138850
Internal Receipt			
FEES	50402123	50924000	-521877
COLLEGE PROPERTIES	12713120	10635000	2078120
UNIVERSITY PROPERTIES	58386662	74121100	-15734438
RECEIPTS FROM SCHEMES SPONSORED BY ICAR & OTHER AGENCIES	62096	60000	2096
INTERESTS	38920431	24840000	14080431
MISCELLANEOUS	92428990	39486100	52942890
PENSION	2765951	2600000	165951
Total	255679373	202666200	53013173
SUMMARY			
Opening Balance	1499000139	1499000139	0
Non-Plan Schemes	2819100000	2919100000	-100000000
Plan Schemes	422450000	524000000	-101550000
EAP Projects	359084600	712682700	-353598100
Revolving Fund	298028850	293890000	4138850
Internal Receipt	255679373	202666200	53013173
Total	5653342962	6151339039	-497996077
TOTAL			
Grand Total	5653342962	6151339039	-497996077
Loans & Suspense	143532459	0	0

Kerala Agricultural University			
ANNUAL ACCOUNTS 2016-2017 EXPENDITURE STATUS			
Head of Account	Actual Expenditure	Revised BE	(+) Increase/ (-) Decrease
10 Management and Administration			
Non-Plan Schemes	189139528	224252100	35112572
Plan Schemes	1969493	4245100	2275607
Gok Project Specific Assistance(PLAN)	0	60000000	60000000
Total	191109021	288497200	97388179
20 Library (20 to 29) Education)			
Non-Plan Schemes	27031696	32241000	5209304
Plan Schemes	2953122	228698300	225745178
Total	29984818	260939300	230954482
21 Agricultural Education			
Non-Plan Schemes	545248832	620817500	75568668
Plan Schemes	38335872	67223700	28887828
ICAR Projects - 100 percent	62359559	80715800	18356241
Other Externally Aided Projects	4251849	5536300	1284451
Total	650196112	774293300	124097188
22 Co-operation & Banking Education			
Non-Plan Schemes	39555505	43930000	4374495
Plan Schemes	1324813	5547600	4222787
Total	40880318	49477600	8597282
23 Forestry Education			
Non-Plan Schemes	26012836	29348000	3335164
Plan Schemes	2287937	5715900	3427963
ICAR Projects - 100 percent	9349903	9350000	97
Gok Project Specific Assistance(PLAN)	4008725	4009600	875
Total	41659401	48423500	6764099
24 Agricultural Engineering Education			
Non-Plan Schemes	71854066	79301000	7446934
Plan Schemes	3060729	5572400	2511671
ICAR Projects - 100 percent	9345917	9350000	4083
Total	84260712	94223400	9962688
26 Veterinary Education			
ICAR Projects - 100 percent	4957459	4958000	541
Total	4957459	4958000	541

28 D.S.W.			
Non-Plan Schemes	2530500	3077500	547000
Plan Schemes	188029	542800	354771
Other Externally Aided Projects	0	19500	19500
Total	2718529	3639800	921271
30 D.O.R.(30 to 39 Research)			
Non-Plan Schemes	37510344	41869000	4358656
Plan Schemes	53306	691000	637694
ICAR Projects - 100 percent	45532	20000000	19954468
Other Externally Aided Projects	1395837	4000000	2604163
Total	39005019	66560000	27554981
31 Agricultural Research			
Non-Plan Schemes	485052875	584003400	98950525
Plan Schemes	46055208	65269200	19213992
ICAR Projects - 100 percent	49443655	62919700	13476045
ICAR Co-ordinated Projects	170818393	208572500	37754107
ICAR Revolving Fund	206219	290000	83781
Other Externally Aided Projects	108950573	201711300	92760727
KAU Revolving Fund	267308	500000	232692
Gok Project Specific Assistance(PLAN)	143349351	273642600	130293249
Total	1004143582	1396908700	392765118
33 Forestry Research			
ICAR Co-ordinated Projects	7279613	8813000	1533387
Total	7279613	8813000	1533387
34 Agricultural Engineering Research			
ICAR Co-ordinated Projects	4263298	4728400	465102
Other Externally Aided Projects	7634452	9549400	1914948
Total	11897750	14277800	2380050
40 Extension (40 to 49 Extension)			
Non-Plan Schemes	71507641	82130200	10622559
Plan Schemes	56933591	119957400	63023809
ICAR Projects - 100 percent	88966853	102352100	13385247
Other Externally Aided Projects	11008306	25647500	14639194
Total	228416391	330087200	101670809
50 Civil Works(50 to 59 Enginerring wings)			
Non-Plan Schemes	92589923	107487000	14897077
Plan Schemes	48930023	67939600	19009577
Other Externally Aided Projects	0	7048200	7048200
Total	141519946	182474800	40954854

60 Estate			
Non-Plan Schemes	2128424	2540500	412076
Total	2128424	2540500	412076
65 Revolving Fund			
ICAR Revolving Fund	52768468	69986000	17217532
KAU Revolving Fund	99345255	169729800	70384545
OEAP Revolving Fund	45455848	63076000	17620152
Total	197569571	302791800	105222229
70 E-Governance & ICT			
Plan Schemes	5643101	5660000	16899
Total	5643101	5660000	16899
92 Pension & Compensation			
Non-Plan Schemes	1471827401	1800000000	328172599
Total	1471827401	1800000000	328172599
99 Other Expense			
RELEASING OVER PAYMENT	20989	0	0
OVER PAYMENT	154405	0	0
E-GRANTZ ABLC ALLOWANCE	37486	0	0
REFUND OF FEES	829260	0	0
REFUND OF MESS FEES	178378	0	0
SERVICE CHARGES	10686026.5	0	0
STUDENT AMENITIES(INTERNAL)	3343560	0	0
BANK CHARGES	3790151.36	0	0
Total	19040255.86	0	0
SUMMARY			
Non-Plan Schemes	3061989571	3650997200	589007629
Plan Schemes	207735224	577063000	369327776
ICAR Projects - 100 percent	224468878	289645600	65176722
ICAR Co-ordinated Projects	182361304	222113900	39752596
ICAR Revolving Fund	52974687	70276000	17301313
Other Externally Aided Projects	133241017	253512200	120271183
KAU Revolving Fund	99612563	170229800	70617237
OEAP Revolving Fund	45455848	63076000	17620152
Gok Project Specific Assistance(PLAN)	147358076	337652200	190294124
Other Expense	19040255.86	0	0
Total	4174237423.86	5634565900	1479368732
TOTAL			
Grand Total	4174237423	4174237423	0
Loans & Suspense	305136000	342612000	0
ClosingBalance	1317501998	1280075893	0
Total	5796875421	5796925316	0

ജോയിന്റ് ഡയറക്ടർ

അനുബന്ധം 2

പദ്ധതിയിതര ധനസഹായം - വിശദാംശങ്ങൾ

2016-17 വർഷം പദ്ധതിയിതര ഇനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും 281,91,00,000/- രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സർക്കാർ ഉത്തരവ് നം./തീയതി	തുക	തീയതി
1	ജി ഒ(ആർ ടി)നം. 404/16 എ ഡി, 29.04.2016	23,49,25,000	02.05.16
2	ജി ഒ(ആർ ടി)നം. 476/16 എ ഡി, 30.05.2016	23,49,25,000	31.05.16
3	ജി ഒ(ആർ ടി)നം. 538/16 എ ഡി, 28.06.2016	23,49,25,000	29.06.16
4	ജി ഒ(ആർ ടി)നം. 632/16 എ ഡി, 28.07.2016	23,49,25,000	29.07.16
5	ജി ഒ(ആർ ടി)നം. 736/16 എ ഡി, 30.08.2016	23,49,25,000	01.09.16
6	ജി ഒ(ആർ ടി)നം. 841/16 എ ഡി, 30.09.2016	23,49,25,000	01.10.16
7	ജി ഒ(ആർ ടി)നം. 912/16 എ ഡി, 28.10.2016	23,49,25,000	01.11.16
8	ജി ഒ(ആർ ടി)നം. 994/16 എ ഡി,	23,49,25,000	29.11.16

	26.11.2016		
9	ജി ഒ(ആർ ടി)നം. 1073/16 എ ഡി, 22.12.2016	23,49,25,000	30.12.16
10	ജി ഒ(ആർ ടി)നം. 87/17 എ ഡി, 30.01.2017	23,49,25,000	31.01.17
11	ജി ഒ(ആർ ടി)നം. 206/17 എ ഡി, 27.02.2017	23,49,25,000	27.02.17
12	ജി ഒ(ആർ ടി)നം. 308/17 എ ഡി, 25.03.2017	23,49,25,000	27.03.17
	ആകെ	**281,91,00,000**	

ജോയിന്റ് ഡയറക്ടർ

അനുബന്ധം 3

പദ്ധതി ധനസഹായം - വിശദാംശങ്ങൾ

2016-17 വർഷം പദ്ധതി ഇനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും 42,24,50,000/- രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സർക്കാർ ഉത്തരവ് നം./തീയതി	തുക	തീയതി
1	ജി ഒ(ആർ ടി) നം. 709/16 എ ഡി, 20.08.2016	22,32,50,000	19.09.16
2	ജി ഒ(ആർ ടി) നം. 707/16 എ ഡി, 20.08.2016	13,31,00,000	19.09.16
3	ജി ഒ(ആർ ടി) നം. 318/17 എ ഡി, 28.03.2017	5,00,00,000	29.03.17
4	ജി ഒ(ആർ ടി) നം. 328/17 എ ഡി, 29.03.2017	1,61,00,000	29.03.17
	ആകെ	42,24,50,000	

ജോയിന്റ് ഡയറക്ടർ

അനുബന്ധം -4
ഐ.സി.എ.ആർ 100% ഫണ്ടുകൾ

ProjectCode	Project	Receipt
5006	6521-ICAR Seed Project-Seed Prodn. in Agri.crops and Fisheries...	610000
5102	CSS-Monitoring of Pesticide Residue at National Level	4070000
5107	Strengthening of Directorate of Extension	306500
5142	ICAR -- NICRA	933900
5153	Library strenthening in Agricultural Universities	6045000
5160	NTS-ICAR	1221000
5167	ICAR-Project -Demonstration of Ragi in Attappady for ensuring nutritional security of tribal farmers-KVK Pattambi	148000
5169	ICAR Network Project on market intelligence	256100
5174	KAU-FIN- ICAR Tribal Sub Plan at CRS Madakkathara	204000
5176	Network Project on Harvesting Processing and value addition of Natural Resins and Gums	1025000
5188	ICAR- Cosortium Research Project on Borers in Network mode	250000
5193	Tribal sub plan (AICRP on Cashew Pilicode)	330000
5196	ICAR Training Programme 'Pre - Rabi 2015'	560000
5197	ICAR-AICRP on Mullarp -Voluntary centre Pattambi	12500
5200	Strenmgthening and Development of state Agricultural Universities (Development Grant)	28363000
5202	AINP on Pesticide Residues Vellayani "Supervised Field trial on Residue and Resistance of Chlorpyrifos 20 EC in Paddy and Soil	150000
5203	AINP on Pesticide Residues Vellayani "Supervised Field trial on Residue / Resistance of Chlorpyrifos 20 EC on Brinjal Fruit and Soil	150000
5205	ICAR cluster frontline demonstration of pulses under NFSM for kvks	337500
5209	KAU - ICAR - Skill Develepment Training Programme	340400
5218	Training Programmes under PDDUUKSU scheme of Unnat Bharat Abhiyan	1000000
5220	ICAR" Setting up of mini soil testing lab"	602000
5504	Krishi Vigyan Kendra (ICAR 100%)	60365500
	TOTAL	107280400

ജോയിന്റ് ഡയറക്ടർ

ആനുബന്ധം -5

ഐ.സി.എ.ആർ കോ - ഓർഡിനേറ്റഡ് പ്രൊജക്ടുകൾ

ProjectC	Project	Receipt
6620	AICRP on Spices (ICAR 75%-25%)	5647000
6621	AICRP on Agro Forestry (ICAR 75-25)	700000
6622	All India Network Project on Agrl. Ornithology (75-25)	2703000
6623	AICRP on Water Management	4100000
6624	AICRP on Tropical Fruits (ICAR 75-25)	8264000
6627	AIC Rice Improvement Project (ICAR 75-25)	11980700
6631	AICRP on Cashew (ICAR 75-25)	3995000
6632	AICRP on Sugarcane (ICAR 75-25)	2895000
6634	AIC Vegetable Improvement Project (ICAR 75-25)	5336000
6635	AICRP on Biological control of crop pests (ICAR 75-25)	1774000
6636	AIC Floriculture Improvement Project (ICAR 75-25)	2529000
6637	AICRP on Medicinal Aromatic Plants (ICAR 75-25)	2400000
6638	AICRP on weed control in plantation crops (ICAR 75-25)	3650000
6639	AICRP on cropping pattern (ICAR 75-25)	4904000
6640	AIC Project on Guar (Arid Legumes)	2000000
6641	AICRIP on Nematode Pests & their control (ICAR 75-25)	1749900
6642	AICRP on Forage Crops	3449000
6643	AICRP on Oil Seed Res.on groundnut and sesamum (ICAR 75-25)	1325000
6644	AINP on Pesticide Residue (ICAR 75-25)	4300000

6645	AICRP on farm implements and machinery	2891300
6649	AICRP on Honey Bee (ICAR 75-25)	2550000
6651	5508-NSP Breeder seed production unit (ICAR 75 - 25)	3333000
6674	AICRP on Agrometeorology (75-25)	700000
6678	AICRP on Mashroom.	1850000
6680	AICRP on Post Harvest Technology (ICAR 75:25)	6140000
6684	AINP on Agriculture Acarology	1060000
6689	AICRP on Palms	225000
6690	AICRP on Management of Salt affected Soils & Use of Saline Water in Agriculture	585000
6691	AICRP on Spices -New Project mode centre at Thrissur	200000
6692	Project AINP on Vertebrate pest Management	127000
6694	AICRP on micro & secondary nutrients & pollutant elements	200000
	T0TAL	93562900

ജോയിന്റ് ഡയറക്ടർ

അനുബന്ധം - 6

OEAP പ്രൊജക്ടുകൾ

ProjectCo	Project	Receipt
8011	Kerala State Council for Science,Technology and Environment ; Process Optimization and Popularization of Fruit based products using fruit Pulp Concentrator funds for 2016-17	204000
8014	DCCD-MIDH-Distric level seminar on Cashew	100000
8015	DCCD-MIDH-Distric level seminar on Cashew	90000
8072	KSCSTE- Standardization and Documentation of Traditional Foods based on Indigenous Food Sources	50000
8102	Evalution of Rallis Insecticide RIL-163/F1(25%WG)	228000
8169	KSCSTE- Studies of standardization organic farming for soil health and sustainable crop production	152300
8231	KSCSTE - Value addition and product diversification of matured coconut waler	363600
8240	OEAP-SHM-Construction of a farm pond for augmenting irrigation potential at KCAET Thavanur	543500
8245	KSCSTE - Science Popularization Programme Creating Awareness and Popularization of soil health management among the school children in TVPM Dt	91000
8277	DBT-MSc-Plant Bio-Technology Teaching Programme	4111600
8287	National Horticultural Mission on Spices and Aromatic plants.	15610000
8712	KSCSTE - Process standardisation for developing noval product based on selected tropical fruits	139100
8811	Co-operative Cocoa Research Centre (OEAP)	2647400
8846	AMFU Centre, Vellanikkara (OEAP)	1348400
8888	Suspense fund	103524100

8904	KSCSTE -- Identification of micro satellite markers associated with drought tolerant traits in rice	56300
9095	Production &marketing of safe to eat(pesticide free) vegetables for sale through Government outlet	5000000
9125	KSCSTE-Fellowship to Ms MAriya Dainy M.S,CoA,Vellayani	257600
9140	Mgmt. of Sucking Pest complex in Vegetable Ecosystem	76900
9143	Estt. of Agro Service Centres - conduct of traning to facilitators	140000
9148	KSCSTE - Screening of rice varieties to develop a thermo tolerant variety using TIR technique	36100
9151	KAU-FIN-DBT Project on Development of rice varieties for kerala with pyramided genes for resistence to BLB by marker assisted selection	191200
9154	DST -- Propogation and ex-situ conservation of Conscinium fenestratum (Geartn) colebr - an endangered medicinal plant	500000
9157	KSCSTE- Project Accelarated breeding for anthraenese resistance to vegitable cowpea through molecular marker asiisted selection	493400
9173	Finance KSCSTE Project Productivity enhnement in rice through promoting nutrition using mycorrhizal symbiosis in kuttanad soils	496400
9181	Evaluation Study of MGNREGS Implementation in Thrissur and Malappuram District	360000
9183	KAU-Finance -KSCSTE Fellowship to Ms. Lakshmi. S. L ph.D student of Dept. of COA , Vellayani	325900
9184	KAU-Finance -KSCSTE Fellowship to Ms. Nishaa .M.A ph.D student of COA , Vellayani	325900
9193	KAU-Finance -KSCSTE Fellowship to Ms. Deepa. S ph.D student of Dept. of Plant Physiology, COA , Vellayani	291600
9195	KSCSTE- Fellowship to Vipitha. V.P Pg.D Student of Dept of Agronomy CoA, Vellayani	274900
9198	KSCSTE Project assisted introgression of thermosensitive genic male sterile gene to red rice backgrand for stable	618500
9213	KAU-Finance-KSESTE Project Baseline Studies on Vegetable crops under protected cultivation in kerala , CoH, Vellanikkara	215800
9240	KSCSTE Project Identification & Moliculars Charittrization of Spices & isolates the entomopathogenic funge	598900

9246	SHM-Project Beekeepers orientation Training course at CoA, Vellayani	74300
9254	WGDP - Project Impact assessment of existing nutrient management practices on soil helth and development.....	281600
9255	WGDP - Project on ecnomic importance of the bats hair role as seed disposess Polinations and in Controlling insects vectors	229900
9256	WGDP Project entitled " Drought mitigating Agro techniques for summer cultivation of oriental pickling melon in western ghat region..	246400
9257	WGDP - Project Assessment of insect biodiversity and habitat management in cowpea	240900
9258	WGDP- Project entitled 'Exploitation of Bionematicide from potential plants of western Ghats" Implementation..	246400
9259	WGDP - Project entitled "Evaluation of sustainable eco-friendly and cost effective pest management alternatives for the Western ghats Region of Kerala" Implementation..	295900
9261	WGDP - Project entitled "Income and livelihood improvement of banana farmers in southern western ghat tract through soil fertility intervention" Implementation	279400
9262	WGDP- Project on entitled " Exploitation of Bacterial endophytes of Piper Spp. from Western Ghats for the management of phytophathora capsici infecting black pepper...	214500
9264	NABARD Project on Evaluatic field study on women former participation in the farming sector of Kerala with focus onbired and farming	579800
9268	DST- Project entitled "Identification of local strains from Kuttanad for Mushroom production and agro-waste composting "	322800
9269	CeDS Project entitled ATHOAM assistive technology for hand operated Agromachinery for the Physically challenged	500000
9273	Evaluation of Herbicide XR-848 Benzyl Ester for Weed Control	400000
9280	NABARD -RIF Project-Development of Family Farming Tiller	570000
9281	NABARD Project under (RIF) -Scaling up and Establishment of five demonstration units of GIGGINS farm villa	227800

9282	SHM - NHM - Programme -Techno Empowerment of supervisors through skill training	800000
9297	SHM - Entrepreneurship development in value addition COA Vellayani	200000
9299	KSCSTE-WSD-One day awareness programme on Technological Advances in transforming women`s life, COA Padanakkad	29400
9803	KSCSTE:Synergism in defense and growth Exploration of a root endophytic fungus piriformospora indica for the managment ----	1605900
9805	UGC-Fellowship Grant in respect of Dr.Deepu Mathew	2513800
9809	DTPC project- agro tourism project for ARS Anakkayam	1997000
9811	KAU-DOE-KVK Kottayam -2nd leval training to members of Agro service centere	300000
9812	DCCD-MIDH-Farmers training programme on cocoa	90000
9813	DCCD-MIDH District level seminar on cocoa	100000
9814	DCCD-MIDH farmers training programme on cashew	90000
9815	SHM-MIDH FLD on integrated vertical farming system	962500
9816	KSCSTE-" National science day celebrations 2016	18000
9818	SHM -Small nursery of minor fruits at ARS mannuthy	500000
9819	DCCD- MIDH- Training on Cashew apple utilization Programme for unemployed women	50000
9821	NABARD-Establishment of Hi-tech nursery of fruit plants and vegetable at central prison at viyyur	200000
9823	AC&ABC Training for agricultural graduates and VHSE certificate holders	259200
9829	EID Parry India Ltd.Testing of Avana in paddy	600000
9830	DCCD-District level seminar on Cashew CRS Madakkathara	50000
